ജി. ചേടിയത്ത്

# ഒരിജന്റെ വീക്ഷണങ്ങൾ

കോട്ടയം
2016

# ഒരിജന്റെ
# വീക്ഷണങ്ങൾ

**(സംഖ്യാപുസ്തകം, ജറമിയായയുടെ പ്രവചനങ്ങൾ എന്നീ പഴയനിയമ ഗ്രന്ഥങ്ങളെ ആധാരമാക്കി ഒരിജൻ രചിച്ച ഹോമിലികളിലെ ചില വിചിന്തനങ്ങൾ)**


www.malankaralibrary.com

ജി. ചേടിയത്ത്

# ഒരിജന്റെ
# വീക്ഷണങ്ങൾ

OIRSI No. 414

**പൗരസ്ത്യവിദ്യാപീഠം**
**കോട്ടയം**
**2016**

**G.Chediath, Origente Veekshanangal**
(Articles based on the Homilies of Origen on the Book of Numbers and the Book of Jeremiah)

A Publication of the Oriental Institute of Religious Studies, India
Paurastya Vidyapitham, Vadavathoor, Kottayam-686010
Kerala, India.

© G.Chediath, 2016

ISBN : 978-93-82762-39-3

Printing : Bethany Offset Printers, Kottayam - 686010
Ph: 0481-2571355
e-mail: bethanyktm@ gmail.com

Price : Rs. 50/-

 www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | 07 |
| **സംഖ്യാപുസ്തകം** | | 09 |
| 1. | സെൻസസ് | 12 |
| 2. | മോശയ്ക്കെതിരെയുള്ള പിറുപിറുപ്പ് (സംഖ്യ,11,16-25;12,1-15) | 15 |
| 3. | സഭാപാരമ്പര്യങ്ങൾ (സംഖ്യ 4,1-15) | 18 |
| 4. | സാക്ഷ്യകൂടാരത്തിലെ വസ്തുക്കൾ | 21 |
| 5. | മരുഭൂമിയിലെ മന്നാ | 23 |
| 6. | വിശുദ്ധരുടെ പാപങ്ങൾ | 27 |
| 7. | അഹറോന്റെ തളിർത്തവടി | 30 |
| 8. | പഴയനിയമവും പുതിയനിയമവും | 34 |
| 9. | ആദ്യഫലസമർപ്പണം | 36 |
| 10. | ബേറിലെ നിറഞ്ഞുകവിയുന്ന കിണർ (സംഖ്യ 21,17) | 42 |
| 11. | അമോര്യരെ കീഴ്പ്പെടുത്തുന്നത് (സംഖ്യ 21,21-24) | 46 |
| 12. | ബാലാമിന്റെ പ്രവചനം (സംഖ്യ 22-24) | 50 |
| 13. | ബേൽഫെഗോറിലെ വിഗ്രഹാരാധന (സംഖ്യ 25,1-9) | 53 |
| 14. | മോശയുടെ മരണവും പിൻഗാമിയുടെ തെരഞ്ഞെടുപ്പും (സംഖ്യ 27,12-22; ആവ.31,1-8;34,1-12) | 60 |
| 15. | യഹൂദരുടെ ബലികളും ഉത്സവങ്ങളും (സംഖ്യ 28,1-29.39) | 63 |
| 16. | മിദിയാന്യരുടെ വധം | 70 |
| 17. | ഇസ്രായേൽക്കാരുടെ താവളങ്ങൾ | 73 |


www.malankaralibrary.com

**ജറമിയാ പ്രവാചകൻ** 79

1. പിഴുതെറിയാനും നട്ടുവളർത്താനും ഇടിച്ചുതകർക്കാനും പണിതുയർത്താനുമുള്ള ദൗത്യം (ജറ.1,10) 82
2. നിങ്ങളുടെ തരിശുഭൂമി ഉഴുതുമറിക്കുവിൻ; മുള്ളുകൾക്കിടയിൽ വിത്തുവിതയ്ക്കരുത് (ജറ.4,3) 88
3. പഴയ പാതകൾ തേടുവിൻ.നേരായമാർഗം തേടി അതിൽ സഞ്ചരിക്കുവിൻ (ജറ.6,14) 92
4. ദൈവത്തിന്റെ ശക്തിയും ജ്ഞാനവും വിവേകവും (ജറ.10,12) 96
5. കൊലയ്ക്കുള്ള കുഞ്ഞാട് (ജറ.11,19) 100
6. വഞ്ചിക്കപ്പെട്ട ജറമിയാ (20,7) 104
7. കർത്താവിന്റെ ഗർജനം (25,30) 108
8. സാമൂഹ്യതിന്മകളും ജറമിയായും 113
9. കിളിർക്കുന്ന മുള (33,15) 115
10. റാമായിൽ നിന്നുള്ള സ്വരം (31,15) 118
11. വർധിച്ചു പെരുകുവിൻ (29,6) 122
12. ദൈവത്തിന്റെ കാരുണ്യം 125

---

# Bibilography

T. P. Scheck, (tr.) Origen, Homilies on Numbers (Ancient Christian Texts), Illinois, 2009.

J.C. Smith, (tr.) Origen, Homilies on Jeremiah (The Fathers of the Church, Vol. 97) CUA-Washington D.C. 1998.



www.malankaralibrary.com

# ആമുഖം

പ്രശസ്തനായ ഒരിജന്റെ (+253) രണ്ടു കൃതികളെ ആധാരമാക്കിയുള്ള ലേഖനങ്ങളാണ് ഈ ഗ്രന്ഥത്തിൽ. തിരുലിഖിതത്തിലെ സംഖ്യ, ജറമിയാ എന്നീ ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി ഒരിജൻ ചെയ്ത ഹോമിലികളാണ് ഈ ഗ്രന്ഥത്തിലെ ലേഖനങ്ങളുടെ ആധാരം. തിരുലിഖിതത്തിലെ എല്ലാ ഗ്രന്ഥങ്ങളും ദൈവനിവേശിതങ്ങളാണ്. അവ എല്ലാക്കാലത്തും പ്രസക്തമാണ്. എന്നാൽ അവ മനുഷ്യന്റെ വാക്കുകളുമാണ്. അവയിൽ മാനുഷികശൈലികളും മാനുഷിക പരിമിതികളുമുണ്ട്. അതുകൊണ്ട് തിരുലിഖിതത്തിലെ എല്ലാ ഭാഗങ്ങളും വാച്യാർഥത്തിൽ മാത്രം എടുത്താൽ പരിശുദ്ധാത്മാവ് ഉദ്ദേശിച്ച അർഥം ഇന്നത്തെ മനുഷ്യർക്ക് ലഭിക്കയില്ല. അപ്പോൾ അവയുടെ ആന്തരികാർഥത്തിലേക്ക് കടക്കണമെന്നു സാരം. വാച്യാർഥത്തിൽ എടുത്താൽ ദൈവത്തിനു ചേരാത്ത പല പ്രസ്താവനകളും പഴയനിയമത്തിലുണ്ട്. ഇന്ന് പലതും അപ്രസക്തവും ഇന്നത്തെ മനുഷ്യന് പ്രയോജനരഹിതവുമാണ്.

യഹൂദ റബിമാർ തന്നെയും അത്തരം പ്രസ്താവനകൾക്ക് വ്യംഗ്യാർഥം നൽകാൻ ശ്രമിച്ചിട്ടുണ്ട്. അവരുടെ ചുവടു പിടിച്ചാണ് മഹാനായ ഒരിജൻ പഴയനിയമത്തിലെ പല ഭാഗങ്ങൾക്കും ആന്തരികാർഥം - നിഗൂഢാർഥം, വ്യംഗ്യാർഥം, അന്യോന്യാന്മുഖാർഥം, അല്ലെഗോറിക്കൽ അർഥം - നൽകാൻ പരിശ്രമിച്ചിട്ടുള്ളത്. വാച്യാർഥം പാടേ തള്ളിക്കളഞ്ഞുകൊണ്ടല്ല ഈ പരിശ്രമം, പിന്നെയോ വാച്യാർഥത്തിൽ പാദമൂന്നിക്കൊണ്ട് ആന്തരികാർഥത്തിലേക്ക് കടക്കുകയാണ് ഒരിജൻ ചെയ്യുന്നത്.

സംഖ്യാപുസ്തകത്തിലെ പല വിവരണങ്ങളും വാച്യാർഥത്തിൽ എടുത്താൽ ഇന്നത്തെ മനുഷ്യന് പ്രയോജനപ്രദമല്ല. യഹൂദറബിമാരെ

അനുകരിച്ചുകൊണ്ട്, വി. പൗലോസ് ശ്ലീഹായുടെ ചുവടുപിടിച്ച്, ശ്രോതാക്കളുടെ ആത്മീയാഭിവൃദ്ധിക്ക് ഉതകുന്ന തരത്തിലാണ് ഒരിജന്റെ സംഖ്യാഹോമിലികൾ.

ജറമിയായുടെ പ്രവചനം ക്രിസ്തോന്മുഖമായി വ്യാഖ്യാനിക്കാൻ ഒരിജൻ ശ്രമിച്ചിട്ടുണ്ട്. ജറമിയാ പ്രവാചകൻ തന്നെയും ക്രിസ്തുവിന്റെ മുൻകുറി ആയിരുന്നു. ജറമിയായുടെ ജീവിതത്തിൽ സംഭവിച്ചതിനേക്കാൾ ആഴമായി ക്രിസ്തുവിന്റെ ജീവിതത്തിൽ സംഭവിച്ചു. ജറമിയായുടെ ഗ്രന്ഥത്തിലെ അനേക സംഗതികൾ ചെന്നു നിൽക്കുന്നത് ക്രിസ്തുവിലാണ്. അതായത്, ഈ ഗ്രന്ഥത്തിന് അന്ത്യോന്മുഖാർഥമുണ്ടെന്നു സാരം. ക്രിസ്തോന്മുഖമായി വ്യാഖ്യാനിച്ചാണ് ലേഖനങ്ങൾ തയാറാക്കിയിരിക്കുന്നത്.

ജറമിയാ ഇന്നും പ്രസക്തനാണ്. ജറമിയായുടെ കാലത്തുണ്ടായിരുന്ന ദൈവനിഷേധവും സാമൂഹ്യതിന്മകളും പതിന്മടങ്ങ് പടർന്നു പന്തലിച്ചിരിക്കയാണ് ഇന്നത്തെ ലോകത്തിൽ. "മടങ്ങിവരുവിൻ" എന്ന് ദൈവം നിരന്തരമായി ലോകത്തോട് ആഹ്വാനം ചെയ്യുന്നു. കരുണ നിറഞ്ഞ തൃക്കരം നീട്ടി ദൈവം അവസാനനിമിഷം വരെ കാത്തിരിക്കുന്നു.

ഈ ഗ്രന്ഥം പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്താൻ സൗമനസ്യം കാണിച്ച പ്രസിദ്ധീകരണം പ്രസിഡന്റ് പോളി മണിയാട്ടച്ചന് ഹൃദയം നിറഞ്ഞ നന്ദി. ഇതിന്റെ മുദ്രണം ഭംഗിയായി നടത്തിയ ബഥനിപ്രസിലെ അധികാരികൾക്കും സഹപ്രവർത്തകർക്കും കൂപ്പുകൈ. ഈ ഗ്രന്ഥം സഹൃദയസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

ചേടിയത്ത് ഗീവർഗീസ് മൽപ്പാൻ,

കാതലിക് ബിഷപ്സ് ഹൗസ്,
പത്തനംതിട്ട.689645.
30-03-2016.


www.malankaralibrary.com

# സംഖ്യാപുസ്തകം

ഇസ്രായേൽക്കാരുടെ, മരുഭൂമിയിലൂടെയുള്ള യാത്രാചരിത്രം സംക്ഷിപ്തമായി സംഖ്യാപുസ്തകത്തിൽ നൽകിയിരിക്കുന്നു (1-36). ഈ ഗ്രന്ഥത്തിന്റെ ആരംഭത്തിലും അവസാനത്തിലും ജനസംഖ്യാ കണക്കെടുപ്പ് നടക്കുന്നതിൽ നിന്നാണ് ഈ ഗ്രന്ഥത്തിന് സംഖ്യാപുസ്തകം എന്നു പേരായത്. ദൈവികപരിപാലനയും ദൈവികശിക്ഷണവും ദൈവികപരിശീലനവും ഇതിൽ ദൃശ്യമാണ്. പിറുപിറുക്കുന്ന ജനവും വിശ്വസ്തനും സർവശക്തനുമായ ദൈവവും തമ്മിലുള്ള സംഗമചരിത്രമാണിത്.

വാച്യാർഥത്തിൽ ഈ ഗ്രന്ഥം ഇസ്രായേൽക്കാരുടെ മരുഭൂമിയിലൂടെയുള്ള യാത്രയുടെ ചരിത്രസംഗ്രഹമാണ്. അക്കൂട്ടത്തിൽ പലതരം നിയമങ്ങളും ചട്ടങ്ങളും അനുഷ്ഠാനവിധികളും ഒക്കെ അവർക്കു ലഭിക്കുന്നതായി കാണാം. ഈ മരുഭൂപ്രദേശത്തെ നിവാസികളുമായുള്ള ഏറ്റുമുട്ടലുകളുടെ വിവരണവും കാണാം. "യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും" എന്ന ബാലാമിന്റെ പ്രവചനം ഈ ഗ്രന്ഥത്തിലാണ് (23-24). "മോശ എന്നെപ്പറ്റി എഴുതിയിരിക്കുന്നു" എന്ന് നമ്മുടെ കർത്താവ് പറഞ്ഞത് ഈ ഭാഗത്തേ പറ്റി കൂടിയാണ് (യോഹ. 5,46).

സംഖ്യാപുസ്തകവും ദൈവവചനമാകയാൽ, അത് എക്കാലവും പ്രസക്തമായിരിക്കണം. എന്നാൽ വാച്യാർഥത്തിൽ മാത്രമെടുത്താൽ, സംഖ്യാപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പലതും ഇന്ന് അപ്രസക്തവും അർഥശൂന്യവും ദൈവത്തിന് ചേരാത്തതുമാണ്. മോശയുടെ മറ്റു ഗ്രന്ഥങ്ങളെപ്പോലെ ഈ ഗ്രന്ഥത്തിനും ആന്തരികാർഥം നൽകാൻ

പണ്ഡിതനായ ഒരിജൻ ശ്രമിക്കുന്നു. ഒരിജനു മുമ്പു തന്നെ യഹൂദ റബിമാരും വി.പൗലോസ് ശ്ലീഹായും ഈ രീതി സ്വീകരിച്ചിരുന്നു.

വി.പൗലോസ് ശ്ലീഹാ മോശയുടെ ഗ്രന്ഥത്തിന് ആന്തരികാർഥം നൽകുന്നു:

ഹാഗാറും സാറായും പഴയ ഇസ്രായേലിനെയും പുതിയ ഇസ്രായേലായ സഭയെയും സൂചിപ്പിക്കുന്നതായി വി. പൗലോസ് ശ്ലീഹാ വ്യാഖ്യാനിക്കുന്നു (ഗലാ.4,24-31). നിയമം ആത്മീയമായി കാണണമെന്നും പറയുന്നു (റോമ.7,14). നിയമം എന്നാൽ മോശയുടെ ഗ്രന്ഥം എന്നർഥം. ചെങ്കടൽ കടന്നതിനും, മേഘത്തൂൺ വഴി നടത്തിയതിനും, മന്നാ ഭക്ഷിച്ചതിനും, പാറയിൽ നിന്ന് പാനം ചെയ്തതിനുമൊക്കെ വി. പൗലോസ് ശ്ലീഹാ ആത്മീയാർഥം നൽകുന്നു. ആ പാറ ക്രിസ്തുവാണെന്നും പറയുന്നു (1കൊറി.10,1-4). സമാഗമകൂടാരത്തിനും സാക്ഷ്യപേടകത്തിനും അവയിലെ സംവിധാനങ്ങൾക്കുമെല്ലാം ശ്ലീഹാ വ്യംഗ്യാർഥം നൽകുന്നു (എബ്രാ.9-10).

“മുമ്പ് എഴുതപ്പെട്ടവയെല്ലാം സ്ഥൈര്യത്താലും വിശുദ്ധ ലിഖിതങ്ങളിൽ നിന്നു ലഭിക്കുന്ന സമാശ്വാസത്താലും നമുക്ക് പ്രത്യാശ ഉണ്ടാകുവാൻ വേണ്ടി നമ്മുടെ പ്രബോധനത്തിനു വേണ്ടിയാണ് എഴുതപ്പെട്ടിരിക്കുന്നത്” (റോമ.15,4).

“നിയമം വരാനിരിക്കുന്ന നന്മകളുടെ നിഴൽ മാത്രമാണ്. അവയുടെ തനിരൂപമല്ല”(എബ്രാ. 10,1).

“ഇതെല്ലാം അവർക്കൊരു താക്കീതായിട്ടാണ് സംഭവിച്ചത്. നമുക്കൊരു പാഠമാകേണ്ടതിന് എഴുതപ്പെട്ടിരിക്കുന്നു” (1 കൊരി.10,11).

“വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു” (2 തിമോ. 3,16).

യഹൂദറബിമാരെ അനുകരിച്ചുകൊണ്ട്, വി. പൗലോസ് ശ്ലീഹായുടെ ചുവടുപിടിച്ച്, ശ്രോതാക്കളുടെ ആത്മീയാഭിവൃദ്ധിക്ക് ഉതകുന്ന തരത്തിലാണ് ഒരിജന്റെ സംഖ്യാഹോമിലികൾ. സംഖ്യാപുസ്തകത്തിലെ ചില ഭാഗങ്ങൾ വാച്യാർഥത്തിൽ എടുക്കുന്നത് വിശ്വാസികളെ പ്രബുദ്ധരാക്കാൻ സഹായകമാണ്. മിദിയാന്യസ്ത്രീയുമായി ഒരു ഇസ്രായേൽക്കാരൻ വേഴ്ച നടത്തിയതും അനന്തരസംഭവങ്ങളും ലൈംഗിക

 www.malankaralibrary.com

ധാർമികതയ്ക്ക് പ്രേരണ നൽകാൻ യഹൂദരും ക്രിസ്ത്യാനികളും ഉപയോഗിച്ചിരുന്നു. മോശയുടെ നിയമം വാച്യാർഥത്തിൽ ഭാഗികമായി ലോകത്തിന് പ്രയോജനകരമാണ്. എന്നാൽ വാച്യാർഥത്തിന് ഉപരിയായ ആന്തരികാർഥം കണ്ടെത്തുന്നതാണ് ഉചിതമായ നടപടി. ചില ഭാഗങ്ങൾക്ക് വാച്യാർഥം ചേരുകയില്ല. ഇന്നത്തെ മനുഷ്യർക്ക് പ്രയോജനകരവുമല്ല.

എന്തു നിഴലും താക്കീതും പാഠവും പ്രബോധനവും സ്ഥൈര്യവും സമാശ്വാസവും ശാസനവും തെറ്റുതിരുത്തലും പരിശീലനവുമാണ് സംഖ്യാപുസ്തകം ഇന്നത്തെ മനുഷ്യർക്ക് നൽകുന്നത്? സംഖ്യാപുസ്തകത്തിലെ സെൻസസുകൾ വാച്യാർഥത്തിൽ എന്ത് പ്രബോധനമാണ് ഇന്നത്തെ വായനക്കാരന് നൽകുക! അത്തരം സന്ദർഭങ്ങളിൽ ആത്മീയാർഥം തേടിയിറങ്ങാൻ വായനക്കാരന് ചുമതലയുണ്ട്.

പഴയനിയമസംഭവങ്ങളും വ്യക്തികളും പുതിയനിയമ സംഗതികളുടെയും വ്യക്തികളുടെയും മുൻകുറികളും പ്രതീകങ്ങളും നിഴലുകളുമായി കണ്ട വിശുദ്ധ പൗലോസ് ശ്ലീഹായെയാണ് ഒരിജൻ പിൻതുടരുന്നത്. അതായത്, പഴയനിയമം ക്രിസ്തോന്മുഖമായി വ്യാഖ്യാനിക്കണം എന്നു സാരം. ആ രീതിയിലേ പഴയനിയമത്തിന് അർഥമുള്ളു. ചരിത്രസംഗതികൾ തള്ളിക്കളഞ്ഞുകൊണ്ടല്ല ഇതിനു മുതിരുന്നത്. ചരിത്രത്തിൽ പാദമൂന്നിക്കൊണ്ട് ആന്തരികവും ആത്മീയവുമായ അർഥം നൽകി അനുവാചകരെ പ്രബുദ്ധരാക്കുമ്പോൾ, അവർക്ക് പഴയനിയമം അർഥസംപുഷ്ടമായി തീരുന്നു. നമ്മുടെ കർത്താവും പഴയനിയമത്തിൽ തന്നെപ്പറ്റി പ്രവചിച്ചിരുന്നവ ചൂണ്ടിക്കാണിച്ചുകൊണ്ടാണല്ലോ എമ്മാവോസിലേക്കു പോയവരെ ബോധവൽക്കരിച്ചത്.

www.malankaralibrary.com 

# 1
# സെൻസസ്

ഇരുപതും അതിനു മുകളിലും വയസ്സും യുദ്ധശേഷിയുമുള്ളവരുടെ കണക്കെടുക്കാൻ ദൈവം ആവശ്യപ്പെടുന്നു. ഇസ്രായേൽക്കാരുടെ കണക്കെടുപ്പ് നടത്തിയത് ഈജിപ്തിൽ നിന്ന് പുറപ്പെട്ട് രണ്ടാം വർഷമാണ്. പല പല പരീക്ഷണങ്ങൾക്ക് ശേഷമാണത്. ചെങ്കടലിലൂടെ മരുഭൂമിയിലേക്ക് കടക്കുകയും അമാലേക്യരെ തോൽപ്പിക്കുകയും മന്നാ ഭക്ഷിക്കുകയും പാറയിൽ നിന്നുള്ള ജലം കുടിക്കുകയും സാക്ഷ്യ കൂടാരം നിർമിക്കുകയും മോശവഴി നിയമം സ്വീകരിക്കുകയും ബലി സംവിധാനങ്ങളെ പറ്റിയുള്ള അറിവ് ലഭിക്കുകയും ശുദ്ധീകരണ കർമങ്ങളെ പറ്റി ഗ്രഹിക്കുകയും വിശുദ്ധീകരണാനുഷ്ഠാനങ്ങളും ചട്ടങ്ങളും നടപ്പാക്കുകയും ചെയ്ത ശേഷമാണ് സെൻസസ് എടുത്തത്.

നാമും ദൈവിക കണക്കെടുപ്പിൽ ഉൾപ്പെടണമെങ്കിൽ, നിരവധി കാര്യങ്ങളിലൂടെ കടന്നുപോകണം, നിരവധി ക്ലേശങ്ങൾ സഹിക്കണം, പോരാട്ടങ്ങളിൽ വിജയിക്കണം, നിരവധി കാര്യങ്ങളിൽ പുരോഗമിക്കണം. ദൈവത്തിന്റെ പരിഗണനയിൽ പെടാൻ, വിശുദ്ധ ഗോത്രങ്ങളോടൊപ്പം ഗണിക്കപ്പെടാൻ, ദൈവത്തിന്റെ പുരോഹിതരായ മോശയും അഹറോനും സന്ദർശിച്ച് സെൻസസ് ബുക്കിൽ പേര് റജിസ്റ്റർ ചെയ്യാൻ, നിരവധി കാര്യങ്ങൾ ചെയ്യണം. അതിന് ദൈവത്തിന്റെ നിയമം, പരിശുദ്ധാത്മാവിന്റെ നിയമം, സ്വീകരിക്കണം. പരിശുദ്ധാത്മാവിന്റെ നിയമം അനുശാസിക്കുന്നവയെല്ലാം പൂർത്തിയാക്കിയാലേ നീ എണ്ണപ്പെടുകയുള്ളു. ഓരോരുത്തരും ചെയ്തിട്ടുള്ള സത്പ്രവൃത്തികൾക്കനുസൃതം ഉത്ഥാനത്തിൽ അവർ ഓരോരോ ഗോത്രങ്ങളിൽ ചേർക്കപ്പെടും. പിതൃഭവനത്തിൽ സ്ഥാനം ലഭിക്കും. ഇതാണ് സെൻസസ് നമുക്ക് നൽകുന്ന ഒരു പാഠം.

 www.malankaralibrary.com

ഇസ്രായേൽക്കാർ ഓരോരുത്തരും തങ്ങളുടെ ക്രമമനുസരിച്ച് തങ്ങളുടെ കൊടിയടയാളങ്ങളോടു കൂടെ സമാഗമകൂടാരത്തിന് അഭിമുഖമായി ചുറ്റും താവളമുറപ്പിക്കണമെന്നും മോശ കൽപ്പിച്ചു (സംഖ്യ 2). എന്താണിതിന്റെ അർഥം?

ഈ ലോകമാകുന്ന ഈജിപ്തിൽ നിന്ന് സുകൃതസരണിയിലേക്ക്, അഥവാ, സ്വർഗരാജ്യത്തിന്റെ മഹത്വത്തിലേക്ക് നാം എപ്രകാരം കടന്നുവരണമെന്ന് വ്യംഗ്യഭാഷയിൽ ഇവിടെ വരച്ചുകാണിച്ചിരിക്കുന്നു. പ്രവർത്തനങ്ങളിലും വസ്ത്രധാരണത്തിലും ക്രിസ്ത്യാനികൾ ക്രമവും ചിട്ടയും പാലിക്കണമെന്ന് ഇത് പഠിപ്പിക്കുന്നു (2 തിമോ.2,4). ബാഹ്യമായവയിൽ മാത്രമല്ല, ആത്മാവിലും ക്രമവും ചിട്ടയും അവശ്യാവശ്യമാണ്. ഈ ക്രമം പ്രധാനമായും ചിത്തവൃത്തിയിലൂടെയും പ്രവൃത്തികളിലൂടെയും വെളിപ്പെടും. രാജകീയ പൗരോഹിത്യമുള്ള വിശ്വാസികളും പൗരോഹിത്യശുശ്രൂഷ ചെയ്യുന്നവരും അതിൽ അഭിമാനിക്കുന്നവരും പൗരോഹിത്യപദവിയിൽ ക്രമമായി വ്യാപരിച്ച് സ്തുത്യർഹമായി ദൗത്യനിർവഹണം നടത്തേണ്ടതുണ്ട്. എപ്പോഴും എല്ലായിടത്തും ഇപ്രകാരം കാണുന്നുണ്ടോ എന്ന് ഒരിജൻ ചോദിക്കുന്നു. അപ്പോഴൊക്കെ "ഓരോരുത്തരും ക്രമമനുസരിച്ച് മുന്നേറട്ടെ" എന്ന് മോശ അവരെ കുറ്റപ്പെടുത്തും (സംഖ്യ 2,2-4). അതുകൊണ്ട് രാജകീയ പൗരോഹിത്യമുള്ളവരായാലും ശുശ്രൂഷാപൗരോഹിത്യത്തിന് വിളിക്കപ്പെട്ടവരായാലും, തങ്ങളുടെ നിലയും വിലയും അനുസരിച്ച് പെരുമാറുകയും തങ്ങളുടെ വാക്കുകൾ തൂക്കി നോക്കുകയും തങ്ങളുടെ പ്രവൃത്തികൾ കരുതലോടെ അവലോകനം ചെയ്യുകയും ചെയ്യട്ടെ.

"തങ്ങളുടെ കൊടിയടയാളങ്ങൾ" എന്നത് മുഖമുദ്രയെ കുറിക്കുന്നു. ഹൃദയത്തിന്റെ കണ്ണാടിയാണല്ലോ മുഖം. ഹൃദയത്തിലെന്തോ അത് മുഖം പ്രസ്പഷ്ടമാക്കുന്നു. പലതരം പ്രകൃതിക്കാരുണ്ടല്ലോ. ഓരോരുത്തരും താന്താങ്ങളുടെ പ്രകൃതിയോടു കൂടെ വ്യാപരിക്കട്ടെ. മോശമാണെങ്കിൽ മെച്ചപ്പെടുത്തണം. മെച്ചമാണെങ്കിൽ കൂടുതൽ മെച്ചപ്പെടുത്തണം.

ലേവ്യരുടെ കണക്കെടുപ്പും അവരുടെ ശുശ്രൂഷകളും തുടർന്ന് സംഖ്യാപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവരെ ആദ്യജാതർക്കു പകരമായി ദൈവം തെരഞ്ഞെടുത്തു. ശാരീരിക ജനനത്തിലൂടെയല്ല, പിന്നെയോ, ദൈവിക തെരഞ്ഞെടുപ്പാലത്രേ അവർ അപ്രകാരം ആയിത്തീർന്നത്.

എബ്രായർക്കുള്ള ലേഖനം 12,18.22–23 ഉദ്ധരിച്ചുകൊണ്ട് ആദ്യജാതന്മാരുടെ സഭയെപ്പറ്റി ഒരിജൻ സംസാരിക്കുന്നു: “എരിയുന്നതും സ്പർശനവിധേയമായതുമായ അഗ്നിയെ അല്ല നിങ്ങൾ സമീപിക്കുന്നത്. പിന്നെയോ സീയോൻ മലയിലേക്കും സജീവദൈവത്തിന്റെ നഗരമായ സ്വർഗീയ ജറുസലേമിലേക്കും വാഴ്ത്തി സ്തുതിക്കുന്ന മാലാഖമാരുടെ സമൂഹത്തിലേക്കും സ്വർഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരുടെ സഭയിലേക്കുമാണ് നിങ്ങൾ വന്നിരിക്കുന്നത്.” നാം ആദ്യജാതന്മാരുടെ സഭയിൽ എത്തിച്ചേരണമെങ്കിൽ, കഠിനാധ്വാനം ചെയ്ത് ഓരോ പടിയും കയറണം. അപ്രകാരം കയറാൻ ഒരിജൻ ആഹ്വാനം ചെയ്യുന്നു. ധരയിൽ തന്നെ നിലകൊള്ളാതെ, താഴ്വാരം വിട്ട് ഉന്നതത്തിലേക്ക് കയറാൻ ശ്രമിക്കണം എന്നാണ് ഇതിന്റെ അർഥം.

ഈജിപ്തുകാരുടെ ആദ്യജാതന്മാരെ നിഗ്രഹിച്ചശേഷം മാത്രമേ ഇസ്രായേലിന്റെ വിശുദ്ധീകരണം നടന്നുള്ളു; ലേവ്യർക്ക് ആദ്യജാതസ്ഥാനം ലഭിച്ചുള്ളു. അതായത് പൈശാചികശക്തികളുടെ “ആധിപത്യങ്ങളും അധികാരങ്ങളും” ആണ് ഈജിപ്തിലെ ആദ്യജാതന്മാർ (കൊളോ.2,15). സമസ്തസൃഷ്ടികളുടെയും ആദ്യജാതനായ നമ്മുടെ കർത്താവ് തന്റെ കുരിശിൽ അവയുടെമേൽ വിജയം ആഘോഷിച്ചുകൊണ്ട് അവയെ പരസ്യമായി അവഹേളിച്ചു (കൊളോ. 2,15). നമുക്ക് ആദ്യജാതസ്ഥാനം നൽകാൻ “അവൻ എല്ലാറ്റിന്റെയും ആരംഭവും മരിച്ചവരിൽ നിന്നുള്ള ആദ്യജാതനും എല്ലാ കാര്യങ്ങളിലും പ്രഥമസ്ഥാനീയനുമായി” (കൊളോ.1,18). തന്റെ ഉത്ഥാനത്തിൽ വിശ്വസിക്കുന്ന നമ്മെ അവിടുന്ന് സ്വീകരിച്ച്, ആദ്യജാതരുടെ ഗണത്തിൽ ഉൾപ്പെടുത്തി. കർത്താവിന്റെ കൃപ സ്വീകരിച്ചുകൊണ്ട്, അന്ത്യംവരെ ഈ കൃപയിൽ നിലനിന്നാലേ നമ്മെ ആദ്യജാതർ എന്നു വിളിക്കാൻ സാധിക്കുകയുള്ളു.

# 2

## മോശയ്ക്കെതിരെയുള്ള പിറുപിറുപ്പ്

### (സംഖ്യ 11,16-25; 12,1-15)

മോശ എത്യോപ്യൻ സ്ത്രീയെ ഭാര്യയായി സ്വീകരിച്ചതിൽ അഹറോനും മിറിയവും പിറുപിറുത്തു. ഇത് ദൈവത്തിന് ഇഷ്ടപ്പെട്ടില്ല. മിറിയം കുറേക്കാലത്തേക്ക് കുഷ്ഠരോഗിയായി. മോശ അവൾക്കുവേണ്ടി ദൈവത്തോട് പ്രാർഥിക്കുകയും പിന്നീട് അവൾ സുഖം പ്രാപിക്കുകയും ചെയ്തു.

മിറിയം പഴയ ഇസ്രായേലിന്റെ പ്രതീകമാണ്. മോശ, അതായത്, ദൈവികനിയമം, വിജാതിയരിൽ നിന്നുള്ളവരെ സ്വന്തമാക്കി. ആത്മീയനിയമം പുറജാതികളിലേക്ക് എത്തിച്ചേർന്നതിൽ മിറിയം, സിനഗോഗ്, രോഷാകുലയായി. അതോടൊപ്പം, അഹറോൻ, അതായത്, പുരോഹിതരും ഫരിസേയരും, കൂട്ടുചേർന്നു. മോശ നമ്മുടെ കൂടെ ആയതിനാൽ ഇപ്പോഴും അവർ നമ്മെ കുറ്റപ്പെടുത്തുന്നു. നമുക്കെതിരെ ദുരാരോപണം നടത്തുന്നു. നമ്മുടെ ഇടയിൽ ജഡഛേദനം ഇല്ലാത്തതിനാലും, നാം സാബതും അമാവാസിയും അനുഷ്ഠിക്കാത്തതിനാലും, രക്തബലി അർപ്പിക്കാത്തതിനാലും അവർ രോഷാകുലരാകുന്നു. ഹൃദയത്തിന്റെ പരിച്ഛേദനവും പാപത്തിൽ നിന്നുള്ള വിശ്രമവും സത്യത്തിന്റെയും ആത്മാർഥതയുടെയുമായ പുളിപ്പില്ലാത്ത അപ്പവും സ്തുതിയുടെ ബലിയും തിന്മകളുടെ വധവും മോശ നമ്മെ പഠിപ്പിക്കുന്നു. ഇത് ദൈവം അംഗീകരിക്കുന്നു. ഏഴുദിവസം കഴിഞ്ഞപ്പോൾ മിറിയം ശുദ്ധീകരിക്കപ്പെട്ടതു പോലെ, "പുറജാതികളുടെ പൂർണത പ്രവേശിച്ചുകഴിയുമ്പോൾ, ഇസ്രായേൽ പോലും രക്ഷ പ്രാപിക്കും" (റോമ.11,25). മിറിയത്തിന്, പഴയ ഇസ്രായേലിന്, വിശ്വാസത്തിന്റെ സൗന്ദര്യം തിരികെ കിട്ടും, അവർ ക്രിസ്തുവിനെ പറ്റിയുള്ള അറിവിന്റെ ശോഭ ധരിക്കും,

ഇരുകൂട്ടരും ഒരു ജനമായി തീരുമ്പോൾ, അവളുടെ മുഖം പ്രശോഭിതമാകുകയും ചെയ്യും.

മറ്റുള്ളവർക്കെതിരെ പിറുപിറുക്കുന്നതിനെ ഈ വേദഭാഗം വിലക്കുന്നു. എന്റെ സഹോദരനെതിരെ, എന്റെ അയൽക്കാരനെതിരെ, തിന്മ നിരൂപിക്കുന്നതും സംസാരിക്കുന്നതും ഇത് വിലക്കുന്നു. അതുപോലെ ദൈവം തെരഞ്ഞെടുത്തവർക്കെതിരെ ആരോപണങ്ങൾ ഉന്നയിക്കുന്നതും തടയുന്നു. മോശയ്ക്കെതിരെ പിറുപിറുത്ത അഹറോനും മിറിയാമിനും എതിരെ ദൈവം രോഷാകുലനായതും അതുവഴി മിറിയാമിനു സംഭവിച്ചതും കാണുമ്പോൾ, ഈ രീതിയിൽ ഞാൻ എന്റെ വായ് തുറക്കാൻ പാടില്ല (സങ്കീ.50,19;101,5). ദുഷിച്ച സംസാരത്തിനും ഏഷണിക്കും എതിരെ കുഷ്ഠം കടന്നുകൂടും. തിരുലിഖിതത്തെ വാച്യാർഥത്തിൽ എടുക്കുന്നവരെല്ലാം ആത്മാവിൽ രോഗബാധിതരാണ്. നിയമം ആത്മീയമാണെന്നും അത് ക്രിസ്തോന്മുഖമായി മനസ്സിലാക്കണമെന്നും, അത് വ്യക്തമാകുന്നത് പുതിയ നിയമത്തിന്റെ വെളിച്ചത്തിലാണെന്നും ഗ്രഹിക്കാത്തവർ മോശയെ പഴിക്കുന്നു, മോശയെ തെറ്റിദ്ധരിക്കുന്നു, മൂടുപടമിട്ട് മോശയെ കാണുന്നു, അങ്ങനെ വഴി തെറ്റിപ്പോകുന്നു.

ആന്തരിക മനുഷ്യനിൽ രോഗമുള്ളതിനാൽ, അത്തരക്കാർ ദൈവത്തിന്റെ സഭയുടെ പാളയത്തിനു പുറത്താണ്. പരദൂഷണമെന്ന തിന്മ പരത്തുന്നവരെല്ലാം മിറിയാമിനെപ്പോലെയാണ്. എന്നാൽ അനുതാപത്തിലൂടെയും മാനസ്സാന്തരത്തിലൂടെയും മോശയുടെ മാധ്യസ്ഥ്യത്തിലൂടെയും ഇതിൽ നിന്ന് ശുദ്ധീകരണം പ്രാപിക്കാനാകും. പരിശുദ്ധാത്മാവിനാൽ ലിഖിതമായവ ആത്മീയമായി മനസ്സിലാക്കണം, ജഡികമായി-വാചികമായി-മാത്രം മനസ്സിലാക്കുകയും ജനത്തെ പഠിപ്പിക്കുകയും ചെയ്യാൻ പാടില്ല. മോശയെ ദുഷിച്ചവർക്ക് കുഷ്ഠവും മോശയ്ക്ക് പ്രകീർത്തിയും ലഭിച്ചു (സംഖ്യ 12,5-10). ദൈവകൃപ നമ്മെ കൈവിടുമ്പോൾ, ഈ പാപത്തിന്റെ കുഷ്ഠം നമ്മെ കടന്നുപിടിക്കും. അതു സംഭവിക്കാതിരിക്കാൻ സർവശ്രദ്ധയും കാട്ടണമെന്നു സാരം.

മോശ മിറിയാമിനു വേണ്ടി മാധ്യസ്ഥ്യം വഹിച്ചു (സംഖ്യ 12,13). "പുറജാതികളുടെ പൂർണത പ്രവേശിച്ചു കഴിയുമ്പോൾ, ഇസ്രായേൽക്കാർ മുഴുവനെയും രക്ഷിക്കണമെ" എന്നായിരിക്കും താബോർ മലയിൽവച്ച് കർത്താവിനോട് മോശ സംസാരിച്ചത് (മത്താ. 17,3). ദൈവം

കോപിച്ചാലും, പ്രാർഥനയിലൂടെ ദൈവത്തോട് നിരപ്പാകാമെന്ന് മോശ യുടെ മാധ്യസ്ഥ്യം ചൂണ്ടിക്കാട്ടുന്നു. മോശയ്ക്ക് ജനത്തോടുള്ള സ്നേഹവും ദൈവത്തിന് മനുഷ്യരോടുള്ള പരിഗണനയും കരുതലും ഇത് വ്യക്തമാക്കുന്നു. അതുകൊണ്ട് കരുണാനിധിയായ ദൈവത്തിൻ പക്കലേക്ക് തിരിയുക, കഴിഞ്ഞ കാലത്തെ തെറ്റിനെ പറ്റി ദുഃഖിച്ച് മാപ്പപേക്ഷിക്കുക, ഭാവിയിൽ കരുതലുള്ളവർ ആയിരിക്കുക, നിരന്തരം ദൈവസഹായം തേടുക. ഇപ്രകാരം ചെയ്യുമ്പോൾ, ഉടനടി നാം രക്ഷി ക്കപ്പെടും. നമ്മുടെ സ്വർഗീയ മധ്യസ്ഥനായ കർത്താവ് പിതാവിൽ നിന്ന് നമുക്ക് മോചനം നേടിത്തരും (1 യോഹ.2,1-2).

സംഖ്യാപുസ്തകത്തിലെ തുടർന്നുള്ള ഭാഗങ്ങളും ഇതുപോലെ ആത്മീയാർഥത്തിൽ മനസ്സിലാക്കാം. വായനക്കാർ ആ രീതിയിൽ മന സ്സിലാക്കാൻ ശ്രമിക്കുന്നതാണ് ഉത്തമം. വെറുതെ വായിച്ചു വിടാതെ, പരിശുദ്ധാത്മശക്തിയാൽ നവംനവങ്ങളായ അർഥം കണ്ടുപിടിക്കാ നും അത് ആത്മീയാഭിവൃദ്ധിക്ക് ഉതകത്തക്കവിധം വിനിയോഗിക്കാനും അഭ്യസിക്കണം. ധരയയിൽ നിന്നുയർന്ന് ഉന്നതത്തിലേക്ക് കയറിയെ ങ്കിൽ മാത്രമേ മോശയെ മനസ്സിലാക്കാൻ കഴിയൂ. അതായത്, അക്ഷ രത്തിൽ കടിച്ചു തൂങ്ങിക്കിടക്കാതെ, ആ അക്ഷരത്തിലൂടെ പരിശുദ്ധാ ത്മാവ് ഓരോരുത്തർക്കും സഭയ്ക്കും മനുഷ്യകുലത്തിനും നൽകുന്ന സന്ദേശത്തിൽ എത്തിച്ചേരാൻ കഴിയണം. അപ്പോൾ, "നിയമം ആത്മീ യമാണ് "എന്ന് കണ്ടെത്താൻ കഴിയും. അത് ദൈവത്തിന് ചേർന്ന തായി മനസ്സിലാക്കാൻ കഴിയും, അത്തരം വിചിന്തനം ധാരാളം ഫലം പുറപ്പെടുവിക്കുകയും ചെയ്യും.

# 3

## സഭാപാരമ്പര്യങ്ങൾ (സംഖ്യ 4, 1-15)

തിരുസഭയിൽ നിരവധി അലിഖിത പാരമ്പര്യങ്ങളുണ്ട്. തിരുലിഖിതം പോലും ഈ പാരമ്പര്യത്തിൽ രൂപപ്പെട്ടതാണ്. സഭാപാരമ്പര്യങ്ങൾ മാറ്റിമറിക്കാതെ പാലിക്കാൻ സഭാമക്കൾക്ക് കടമയുണ്ട്. ശ്ലീഹന്മാരിൽ നിന്ന് കൈമാറിക്കിട്ടിയ ദൈവികപാരമ്പര്യങ്ങളെ സംബന്ധിച്ചാണ് വിവക്ഷ. ഒരു പക്ഷേ എല്ലാറ്റിന്റെയും അർഥം എല്ലാവർക്കും അറിവില്ലായിരിക്കാം. എങ്കിലും അവ പാലിക്കാൻ കടമയുണ്ട്. അതോടൊപ്പം അർഥം അറിയാൻ പരിശ്രമിക്കുകയും വേണം. ഉദാ. പ്രാർഥനയ്ക്കായി നാം മുട്ടുകുത്തുന്നു, നോമ്പുകാലത്ത് നാം കുമ്പിടുന്നു, കിഴക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ട് നാം പ്രാർഥിക്കുന്നു, കുർബാനയിൽ നിരവധി അനുഷ്ഠാനങ്ങൾ നാം പാലിക്കുന്നു, മാമോദീസായിലെ വിവിധ ചടങ്ങുകൾ, അവയിലെ വാക്കുകൾ, കർമങ്ങൾ ആദിയായവ നാം മാറ്റം കൂടാതെ നടത്തുന്നു.

മരുഭൂയാത്രയിൽ ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്ക് ഇസ്രായേൽക്കാർ യാത്ര പുറപ്പെടുമ്പോൾ സമാഗമ കൂടാരത്തിലെ വസ്തുക്കൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് മോശ വിവരിക്കുന്നു (സംഖ്യ 4,1-15). "എല്ലാ വസ്തുക്കളും ചെമന്നതോ, നീലയോ ആയ തുണിയിൽ വച്ചിട്ട് ആട്ടിൻതോൽ കൊണ്ട് പൊതിയണം. അത് കൊഹാത്യർ വഹിക്കണം". അവയുടെ മേൽനോട്ടം അഹറോന്റെ പുത്രനായ എലെയാസറിനാണ്. ഇതാണ് വിവരണത്തിന്റെ ചുരുക്കം.

 www.malankaralibrary.com

ഇത് ദൃഷ്ടാന്തപരവും ഉപമാമയവുമാണ്. നാം പുതിയനിയമത്തിൽ അനുഷ്ഠിക്കുന്ന നിരവധി സംഗതികൾ ഇവയാൽ സൂചിതമാണ്. ഓരോ ഭാണ്ഡക്കെട്ടിലും എന്താണെന്നറിയാതെ കൊഹാത്യർ വഹിക്കുന്നതു പോലെ, നമ്മുടെ മഹാപുരോഹിതൻ തന്റെ ശിഷ്യന്മാരിലൂടെ കൈമാറിത്തന്നവ-പൊതിയപ്പെട്ടും മൂടപ്പെട്ടും ഇരിക്കുന്ന നിഗൂഢസംഗതികൾ-നാം നമ്മുടെ തോളുകളിൽ വഹിക്കുന്നു. കാരണങ്ങൾ ആരായാതെ കൃത്യമായി ഇവ അനുഷ്ഠിക്കുമ്പോൾ, നാം ദിവ്യരഹസ്യങ്ങൾ നമ്മുടെ തോളിലേറ്റുന്നു. ഇവ അഴിക്കാനും തുറക്കാനും വെളിപ്പെടുത്താനും ഏതെങ്കിലും അഹറോനോ മക്കളോ നമ്മുടെ ഇടയിൽ ഉണ്ടെങ്കിൽ, അവർക്ക് ഇവ ദർശിക്കാനും ഗ്രഹിക്കാനുമുള്ള കൃപ ലഭിക്കുന്നു. ഇവ നിഗൂഢമായി കാത്തുസൂക്ഷിക്കേണ്ടവ ആണെന്ന് അവർക്കറിയാം.

അതുകൊണ്ട്, എല്ലാ കാര്യങ്ങളും നമുക്ക് പൂർണമായി സുഗ്രാഹ്യമല്ലെങ്കിലും, നാം അവ ദൈവികമായി കൈകാര്യം ചെയ്യണം. പൂർണമായി മനസ്സിലായില്ല എന്ന കാരണത്താൽ അവ മാറ്റിമറിക്കാൻ നമുക്ക് അവകാശമില്ല. നൂറ്റാണ്ടുകളായി തിരുസഭ 73 ഗ്രന്ഥങ്ങൾ (46+27) ദൈവനിവേശിതങ്ങളായി അംഗീകരിച്ചിരുന്നു. പതിനാറാം നൂറ്റാണ്ടിൽ മാർട്ടിൻ ലൂഥർ അവയിൽ നിന്ന് 66 പുസ്തകങ്ങൾ മാത്രം എടുത്ത് പ്രോട്ടസ്റ്റന്റ് സഭ സ്ഥാപിച്ചു. മാർത്തോമാ സഭാനേതാക്കന്മാർ 1889-നുശേഷം സഭാരൂപീകരണം നടത്തിയപ്പോൾ, അന്ത്യോക്യൻ കുർബാനയിലും മറ്റു കൂദാശക്രമങ്ങളിലും നിന്ന് തങ്ങൾക്ക് പൂർണമായി മനസ്സിലാകാഞ്ഞവ നീക്കിക്കളഞ്ഞു. ഇപ്രകാരം കാലാകാലങ്ങളിൽ പല ദൈവിക പാരമ്പര്യങ്ങളും പല സഭാസമൂഹങ്ങളും നീക്കി, രഹസ്യാത്മകത തട്ടിക്കളഞ്ഞു.

ദൈവികപാരമ്പര്യങ്ങളെ പറ്റി രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ദൈവാവിഷ്കരണത്തെ കുറിച്ചുള്ള പ്രമാണരേഖയിൽ (ദെയിവേർബും) ഇപ്രകാരം പറയുന്നു: “കർത്താവ് പഠിപ്പിച്ചവയോ, പരിശുദ്ധാത്മ പ്രചോദനത്താൽ ശ്ലീഹന്മാർ പഠിപ്പിച്ചവയോ ആയ സർവ സംഗതികളും, പ്രഘോഷണത്തിലൂടെയും മാതൃകയിലൂടെയും ലിഖി

തരൂപത്തിലും കൈമാറ്റപ്പെട്ട പാരമ്പര്യങ്ങൾ മാറ്റം കൂടാതെ നില നിർത്തുകയും കൈമാറുകയും ചെയ്യാൻ ശ്ലീഹന്മാർ കൽപ്പന നൽകി" (നമ്പർ 8). തിരുലിഖിതങ്ങൾ പരിശുദ്ധാത്മ നിവേശനത്താൽ എഴുത പ്പെട്ടവയാണ്. പാരമ്പര്യമാകട്ടെ, ശ്ലീഹന്മാർക്ക് സർവപ്രധാനമായി ലഭി ച്ചതും സഭയിൽ തുടരാനായി അവർ അഭംഗുരം കൈമാറിയിട്ടുള്ളതു മാണ്. രണ്ടും ദൈവവചനം തന്നെ. ദൈവിക ഇടപെടലുകളും സാക്ഷ്യ ങ്ങളും രണ്ടിലും ദൃശ്യമാണ് (നമ്പർ 9).

ദൈവവചനത്തിന്റെ ആന്തരികാർഥം മനസ്സിലാക്കാൻ ശ്രമിക്കാ തെ, വെറും ഉപരിപ്ലവമായി കാണുകയും തിരസ്കരിക്കുകയും ചെയ്യു ന്നവരുണ്ട്. പരിശുദ്ധാത്മ നിവേശനത്താൽ രേഖപ്പെടുത്തപ്പെട്ടവയോ, പ്രഘോഷിക്കപ്പെട്ടവയോ ആയ സംഗതികൾ ആത്മീയമായി മനസ്സി ലാക്കണം. ഉത്സാഹികളായ കർഷകർ അതിനായി പ്രാർഥനാപൂർവം അധ്വാനിക്കണം. പരിശുദ്ധാത്മ നിവേശനത്താൽ രൂപീകരിക്കപ്പെടുകയും സ്ഥിരീകരിക്കപ്പെടുകയും ചെയ്തവ അതേ ആത്മാവിന്റെ ശക്തിയാൽ ഗ്രഹിക്കാൻ ശ്രമിക്കണം. "മനസ്സിലായില്ല, അതുകൊണ്ട് അർഥമില്ല" എന്നു പറഞ്ഞ് നീക്കിക്കളയാനോ, തള്ളിക്കളയാനോ സഭാമനുഷ്യർക്ക് അവകാശമില്ല. അർഥം മനസ്സിലാക്കാൻ പരിശുദ്ധാത്മാവിലേക്കു തന്നെ യാണ് തിരിയേണ്ടത്. അവിടുന്ന് നിശ്ചയമായും ബുദ്ധിയെ പ്രകാശി പ്പിക്കും.

 www.malankaralibrary.com

# 4

# സാക്ഷ്യകൂടാരത്തിലെ വസ്തുക്കൾ

സാക്ഷ്യകൂടാരത്തിലെ വസ്തുക്കളുടെ വിശദാംശങ്ങൾ വരെ മോശ തന്റെ ഗ്രന്ഥങ്ങളിൽ നൽകുന്നു. മോശയുടെ ഗ്രന്ഥം വായിച്ചറിഞ്ഞ എബ്രായ ലേഖനകർത്താവ് ഇവയ്ക്കെല്ലാം ആന്തരികാർഥം നൽകാൻ ശ്രമിക്കുന്നു: "വിശുദ്ധ സ്ഥലമായ പുറത്തെ കൂടാരത്തിൽ ദീപപീഠവും കാഴ്ചയപ്പവും മേശയും ഉണ്ടായിരുന്നു. അതിനുള്ളിലെ അതിവിശുദ്ധ സ്ഥലത്ത് ധൂപപീഠവും വാഗ്ദാനപേടകവും കൃപാസനവും സ്വർണകലശവും അഹറോന്റെ തളിർത്തവടിയും ഉടമ്പടിയുടെ ഫലകങ്ങളും കെരൂബുകളും ഉണ്ടായിരുന്നു"(എബ്രാ.9.1ff.).

ഇവയെല്ലാം വരാനിരുന്ന നന്മകളുടെ നിഴലുകൾ മാത്രമായിരുന്നു എന്നാണ് ലേഖനകർത്താവിന്റെ വീക്ഷണം. ഭക്ഷണപാനീയങ്ങൾ, ക്ഷാളനങ്ങൾ, ബലികൾ, തളിക്കലുകൾ തുടങ്ങിയവ ശാരീരിക നിയമങ്ങളോട് ബന്ധപ്പെടുത്തിയുള്ളവ ആയിരുന്നു (എബ്രാ.9,19). മനുഷ്യനിർമിതവും പ്രതീകാത്മകവുമായ വിശുദ്ധ സ്ഥലവും വിശുദ്ധ വസ്തുക്കളുമാണ് മോശ നൽകിയത് (9,23-24). അവ സ്വർഗീയ യാഥാർഥ്യങ്ങളുടെ പ്രതീകങ്ങളും നിഴലുകളും മാത്രമായിരുന്നു (10,1). എന്നാൽ നിത്യപുരോഹിതനായ ക്രിസ്തു വന്ന് നിഴലുകളുടെ യാഥാർഥ്യം അവതരിപ്പിച്ചു.

സാക്ഷ്യകൂടാരത്തിനും അതിലെ വസ്തുക്കൾക്കും മഹാനായ ഒരിജൻ ആന്തരികാർഥം നൽകാൻ ശ്രമിക്കുന്നു. *കൂടാരം* സഭയെ കുറിക്കുന്നു. ഈ കൂടാരത്തിലെ *വസ്തുക്കൾ* വിശുദ്ധരെ കുറിക്കുന്നു. ഈ കൂടാരത്തിൽ ചിലർ *ദീപപീഠം* പോലെ കൃപയിൽ ഉന്നതരും നേട്ടങ്ങളിൽ മഹനീയരുമാണ്. ദൈവസമക്ഷം അണയുന്നവരെ പ്രകാശിപ്പി

ക്കുന്ന ശ്ലീഹന്മാരാകാം ഈ ദീപപീഠം. അതുപോലെ ജ്ഞാനപ്രകാശം പരത്തുകയും കടന്നു വരുന്നവരെ പഠിപ്പിക്കുകയും ചെയ്യുന്നവരെയും ദീപപീഠമെന്നു വിളിക്കാം:

"ജ്ഞാനികൾ ആകാശവിതാനത്തിന്റെ പ്രഭ പോലെ തിളങ്ങും. അനേകരെ നീതിയിലേക്കു നയിക്കുന്നവൻ നക്ഷത്രങ്ങളെ പോലെ എന്നുമെന്നും പ്രകാശിക്കും"(ദാനി.12,3).

നീതിക്കായി വിശപ്പും ദാഹവും സഹിക്കുന്നവരെ തൃപ്തിപ്പെടുത്തി സന്തുഷ്ടരാക്കാൻ കഴിയുന്ന ദൈവികമായ അപ്പം കൈവശമുള്ളവരെ *വിശുദ്ധ മേശ* എന്നു വിളിക്കാം.

ദൈവാലയം വിട്ടുപോകാതെ രാപകൽ ഉപവാസത്തിലും പ്രാർഥനയിലും കഴിയുകയും തങ്ങൾക്കും മറ്റുള്ളവർക്കും വേണ്ടി അപേക്ഷകളും യാചനകളും മധ്യസ്ഥപ്രാർഥനകളും നടത്തുകയും ചെയ്യുന്നവരെ *ധൂപപീഠം* എന്നു വിളിക്കാം. ദിവ്യരഹസ്യങ്ങളും ദൈവികപരിപാലനയുടെ നിഗൂഢവിധികളും ഭരമേൽപ്പിക്കപ്പെട്ടവരെ *സാക്ഷ്യപേടകം* അഥവാ വാഗ്ദാനപേടകം എന്നു വിളിക്കാം. പ്രാർഥനകളും യാചനകളും ദണ്ഡനമസ്കാരങ്ങളും കൊണ്ട് ജനങ്ങളുടെ തെറ്റുകുറ്റങ്ങൾക്ക് മാപ്പപേക്ഷിക്കുകയും ജനത്തെ ദൈവത്തോട് രമ്യതപ്പെടുത്തുകയും ചെയ്യുന്നവരാണ് *കൃപാസനം*. ജ്ഞാനത്താൽ നിറഞ്ഞ് ദൈവികമായ അറിവിൽ പൂരിതരായവരെ *ക്രോബകൾ* എന്നു വിളിക്കാം. ജ്ഞാനസമൃദ്ധി എന്നാണല്ലോ വാക്കിനർഥം.

"ഇവയെപ്പറ്റിയൊക്കെ ഇപ്പോൾ വിവരിച്ചു പറയാനാവില്ല" എന്നാണ് എബ്രായലേഖന കർത്താവിന്റെ കമന്റ് (9,5). ഇവയുടെ അർഥം ഗ്രഹിക്കണമെങ്കിൽ നാം ധരയിൽ നിന്നുയരണം."മലയിൽ വച്ച് നിന്നെ കാണിച്ച മാതൃകയിൽ എല്ലാം നിർമിക്കണം"എന്നാണ് മോശയ്ക്ക് നിർദേശം ലഭിച്ചത് (8,5). പദാർഥപരമല്ല, ആത്മീയകാര്യങ്ങളാണ് ഇവിടെ വിവക്ഷ. ചുരുക്കത്തിൽ, ഇവയെല്ലാം ആത്മീയ വ്യാഖ്യാനങ്ങൾക്ക് വിധേയമാക്കണമെന്നർഥം. എന്നാൽ ഓരോന്നിനെപ്പറ്റിയും പറയാൻ താൻ അശക്തനാണെന്ന് ഒരിജനും പറയുന്നു.

# 5
# മരുഭൂമിയിലെ മന്നാ

ഈജിപ്തിൽ നിന്ന് കനാൻ നാട്ടിലേക്കുള്ള യാത്രയ്ക്കിടയിൽ മരുഭൂമിയിൽവച്ച് ഇസ്രായേൽക്കാർക്ക് ദൈവം സ്വർഗത്തിൽ നിന്ന് മന്നാ വർഷിച്ചു:"പ്രഭാതത്തിൽ നിങ്ങൾ തൃപ്തിയാവോളം അപ്പം ഭക്ഷിക്കും". "രാവിലെ പാളയത്തിനു ചുറ്റും മഞ്ഞു വീണു കിടന്നിരുന്നു. മഞ്ഞുരുകിയപ്പോൾ വെളുത്തുരുണ്ട ലോലമായ വസ്തു കാണപ്പെട്ടു. ഇതെന്താണെന്ന് ഇസ്രായേൽക്കാർ ചോദിച്ചു". മന്നാ എന്ന് അവരുടെ ഭാഷയിൽ! (പുറ.16,12-14). താഴെ പറയുന്ന നിർദേശവും മോശ അവർക്കു നൽകി: "ആളൊന്നിന് ഒരു ഓമർ വീതം ശേഖരിക്കട്ടെ. പിറ്റേദിവസത്തേക്ക് മാറ്റി വയ്ക്കരുത്. ആറാംദിവസം ഇരട്ടി ശേഖരിക്കാം." എന്നാൽ ചിലർ കൂടുതൽ ശേഖരിച്ചു. അളന്നപ്പോൾ എല്ലാവർക്കും തുല്യമായിരുന്നു. ചിലർ പിറ്റേദിവസത്തേക്ക് ബാക്കിവച്ചു. അത് പുഴുവായിപ്പോയി. ചിലർ സാബതിലും മന്നാ ശേഖരിക്കാൻ ഇറങ്ങി. എന്നാൽ മന്നാ ലഭിച്ചില്ല. മരുഭൂവാസ കാലമത്രയും ജനം മന്നാ ഭക്ഷിച്ചു. ഇതാണ് മരുഭൂമിയിലെ മന്നായെ പറ്റിയുള്ള വിവരണത്തിന്റെ ചുരുക്കം.

ദൈവനിർദേശാനുസൃതം പ്രവർത്തിച്ചവർക്ക് മന്നാ ശരീരപോഷണത്തിന് ഉതകുന്നതായിരുന്നു. അത് ധിക്കരിച്ചവർക്ക് മന്നായിൽ നിന്ന് പുഴുക്കൾ ഉണ്ടായി. ഒരേ ആഹാരസാധനം ഒരു കൂട്ടർക്ക് ജീവൻ നിലനിർത്താൻ ഉതകി. മറ്റേ കൂട്ടർക്ക് അത് കൃമിയെ ഉൽപ്പാദിപ്പിക്കുകയും ദുർഗന്ധം പുറപ്പെടുവിക്കുകയും ചെയ്തു.

പരദേശികളും തീർഥകരുമായ നമ്മുടെ വഴിയാത്രയിൽ നമ്മുടെ മന്നാ എന്താണ്? നമ്മുടെ മന്നാ ദൈവവചനമാണ്. ചിലർക്ക് അത്

രക്ഷാകരമാണ്. മറ്റുചിലർക്കാകട്ടെ അത് ശിക്ഷാവിധിക്ക് ഹേതുവാകുന്നു. നമ്മുടെ രക്ഷകൻ തന്നെയാണ് ദൈവത്തിന്റെ സജീവവചനം (1 പത്രോ. 1,23; എബ്രാ.4,12).

“ന്യായവിധിക്കായി ഞാൻ ലോകത്തിലേക്ക് വന്നിരിക്കുന്നു” (യോഹ.9,39). നല്ല നിലത്തിലെന്നപോലെ സമൃദ്ധമായി ഫലം പുറപ്പെടുവിക്കാൻ, താൽപര്യത്തോടും സ്നേഹത്തോടും ഋജുമാനസ്സത്തോടും നന്മ നിറഞ്ഞ ഹൃദയത്തോടും വിശ്വസ്തതയോടും കൂടെ വചനം ശ്രവിക്കണം. അപ്രകാരമുള്ളവരിൽ സ്നാനസ്വീകരണത്തിനു മുമ്പുതന്നെ പരിശുദ്ധാത്മാവിന്റെ ആവാസമുണ്ടാകും എന്നതിന് കൊർണേലിയുസ് ദൃഷ്ടാന്തമാണ് (നടപടി 10,47). ക്ഷുദ്രക്കാരൻ ശീമോൻ സ്നാനം സ്വീകരിച്ചെങ്കിലും, പരിശുദ്ധാത്മദാനത്തിൽ നിന്ന് തിരസ്കൃതനായി (നട. 8,13). “നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. ക്രൂശിക്കപ്പെട്ട ക്രിസ്തു യഹൂദർക്ക് ഇടർച്ചയും പുറജാതികൾക്ക് ഭോഷത്തവുമാണ്. എന്നാൽ രക്ഷയിലൂടെ ചരിക്കുന്നവർക്ക് വചനം ദൈവത്തിന്റെ ശക്തിയത്രേ. ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമാണ്. അവൻ തന്നിൽ വിശ്വസിക്കുന്നവർക്ക് ജ്ഞാനവും നീതിയും വിശുദ്ധീകരണവും പരിത്രാണവുമാണ്” (1 കൊറി. 1,18.23.24.30). “യേശു കർത്താവാണെന്നു പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ല” (1 കൊറി.12,3). എന്നാൽ “ഈ ലോകത്തിന്റെ ദേവൻ അവിശ്വാസികളുടെ മനസ്സിനെ അന്ധമാക്കിയിരിക്കുന്നു. ദൈവത്തിന്റെ പ്രതിരൂപമായ ക്രിസ്തുവിന്റെ മഹത്വമേറിയ സുവിശേഷത്തിന്റെ പ്രകാശം അവർക്ക് ദൃശ്യമല്ല”. (2കൊരി.4,4).

നമ്മുടെ കർത്താവ് ജീവമന്നായാണ്. യോഹന്നാൻ എഴുതിയ സുവിശേഷം ആറാം അധ്യായം മുഴുവൻ താൻ നൽകുന്ന തന്റെ ശരീരമായ അപ്പത്തെപ്പറ്റിയാണ്. അപ്പം വർധിപ്പിച്ച പശ്ചാത്തലം സ്വീകരിച്ചുകൊണ്ടാണ് ഇതേപ്പറ്റി യോഹന്നാൻ കർതൃവചനമായി ആവിഷ്കരിക്കുന്നത്: “മനുഷ്യപുത്രൻ നൽകുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിൻ. ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല, എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല. സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്ന് ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ

നൽകുന്ന അപ്പം എന്റെ ശരീരമാണ്. നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കയില്ല. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയർപ്പിക്കും. എന്റെ ശരീരം യഥാർഥ ഭക്ഷണമാണ്, എന്റെ രക്തം യഥാർഥ പാനീയവുമാണ്. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും. ഇത് സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പ മാണ്. ഇത് ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും. മന്നാ ഭക്ഷിച്ച പിതാക്കന്മാർ മരിച്ചതു പോലെയല്ല ഈ അപ്പം" (യോഹ.6).

നമ്മുടെ കർത്താവ് തന്റെ പീഡാനുഭവത്തിനു മുമ്പ് യഹൂദരുടെ പെസഹാ പെരുന്നാളിൽ അപ്പമെടുത്ത് അരുളിച്ചെയ്തു: "ഇത് നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എന്റെ ശരീരമാണ്. പാനപാത്രമെ ടുത്ത് അരുളിച്ചെയ്തു: ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെ ടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാകുന്നു. എന്റെ ഓർമ യ്ക്കായി ഇത് ചെയ്യുവിൻ" (ലൂ.22,14; മത്താ.26,26-30; മർക്കോ.14,22-26).

ജീവദായകമായ ഈ അപ്പം യൂദായിൽ നാശഹേതുവായി മാറി. യേശു അപ്പക്കഷണം മുക്കി യൂദായ്ക്ക് നൽകി. അതേത്തുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു. ഉടനേ അവൻ പുറത്തുപോയി. അപ്പോൾ രാത്രി ആയിരുന്നു (യോഹ. 13,26-30).

പഴയനിയമ മന്നായെ സംബന്ധിച്ച്, ദൈവികനിർദേശത്തിന് അനു സൃതമായി പ്രവർത്തിക്കാതിരുന്നവർക്ക് അത് നിഷ്പ്രയോജനവും പുഴു വരിക്കുന്നതും ആയതിനേക്കാൾ നാശഹേതുവായി യൂദായെ സംബ ന്ധിച്ച് ജീവദായകമായ ഈ അപ്പം.

ഈ ജീവന്റെ അപ്പം അയോഗ്യർക്ക് മരണഹേതുവാകുമെന്ന് വി. പൗലോസ് ശ്ലീഹാ മുന്നറിയിപ്പു നൽകുന്നു: "നാം ആശീർവദിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം ക്രിസ്തുവിന്റെ രക്തത്തിലുള്ള ഭാഗ ഭാഗിത്വമല്ലേ? നാം മുറിക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ?" (1 കൊറി.10,16) "അയോഗ്യതയോടെ ഇതു ഭക്ഷി ക്കുന്നവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരെ

തെറ്റുചെയ്യുന്നു. വിവേചിക്കാത്തവൻ തന്റെ തന്നെ ശിക്ഷാവിധിയാണ് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നത്"(1 കൊറി. 11,23-32).

അതുകൊണ്ട് ദൈവത്തോട് രമ്യതപ്പെടാൻ വിശുദ്ധ ശ്ലീഹാ ആഹ്വാനം ചെയ്യുന്നു: " ദൈവം രമ്യതയുടെ ശുശ്രൂഷ ഞങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്നു. ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്. നിങ്ങൾ ദൈവത്തോട് രമ്യതപ്പെടുവിൻ. ക്രിസ്തുവിൽ ആയിരിക്കുന്നവൻ നവസൃഷ്ടിയാണ്"(2കൊറി.5,11-21). ദൈവത്തോട് രമ്യപ്പെട്ടു കഴിയുമ്പോൾ സഹജീവികളോട് രമ്യപ്പെടാൻ എളുപ്പമായിരിക്കും.

അങ്ങനെ രമ്യപ്പെട്ടവർക്കുള്ളതാണിത്. പാപികളെ പവിത്രീകരിക്കാനുള്ളതാണിത്. കർതൃവചനം കേട്ട് ഭയചകിതരായി അനേകർ കർത്താവിനെ വിട്ടുപോയി. പിന്നൊരിക്കലും അവർ അവന്റെ കൂടെ നടന്നില്ല. നിത്യജീവന്റെ വചനമാണ് ക്രിസ്തുനാഥനെന്ന് ഗ്രഹിച്ച ശിഷ്യന്മാർ അവന്റെ കൂടെ ഉറച്ചുനിന്നു.

 www.malankaralibrary.com

# 6
# വിശുദ്ധരുടെ പാപങ്ങൾ (സംഖ്യ 18,1)

സംഖ്യാപുസ്തകത്തിൽ വിശുദ്ധരുടെ പാപങ്ങളെപ്പറ്റി, അഥവാ വിശുദ്ധ സ്ഥലത്തെ അകൃത്യങ്ങളെപ്പറ്റി, പരാമർശിക്കുന്നു: "കർത്താവ് അഹറോനോട് പറഞ്ഞു: വിശുദ്ധരുടെ പാപങ്ങൾക്ക് നീയും നിന്റെ പുത്രന്മാരും നിന്റെ പിതൃഭവനവും ഉത്തരവാദികളായിരിക്കും". ഒരു ഇസ്രായേൽക്കാരൻ തെറ്റുചെയ്താൽ, പാപമോചനത്തിന് ഒരു ലേവ്യനോ, ഒരു പുരോഹിതനോ, ഒരു മഹാപുരോഹിതനോ ആവശ്യമാണ്. ദൈവത്തിനെതിരെയല്ല തെറ്റെങ്കിൽ, പുരോഹിതനും മഹാപുരോഹിതനും തങ്ങളുടെ തെറ്റുകുറ്റങ്ങളിൽ നിന്ന് തങ്ങളെത്തന്നെ വെടിപ്പാക്കാം. ദൈവത്തിനെതിരെ ആണെങ്കിൽ അത്ര എളുപ്പമല്ല എന്നു തിരുലിഖിതത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (1 സാമു.2,25). മഹാപുരോഹിതൻ ഓരോരുത്തരുടെയും പാപങ്ങളെപ്രതി അർപ്പിക്കുന്ന അർപ്പിതവസ്തുക്കളിലൂടെ അവരുടെ പാപങ്ങൾ ഏറ്റെടുത്ത് പരിഹരിക്കുന്നു എന്നാണ് *പാപം നീക്കണം* എന്ന് പറഞ്ഞിരിക്കുന്നതിന്റെ അർഥം (18,1).എന്നാൽ "വിശുദ്ധരുടെ പാപങ്ങൾ" എന്നു പറഞ്ഞിരിക്കുന്നതിന്റെ അർഥമെന്ത്?

വിശുദ്ധർ എന്നു പൗലോസ് ശ്ലീഹാ വിളിച്ച കൊറിന്തോസുകാരുടെ ഇടയിലെ തിന്മകളെപ്പറ്റി അതേ ലേഖനത്തിൽ അവരെ കുറ്റപ്പെടുത്തുന്നു. അസൂയയും തർക്കവും അധികാരികളെ ധിക്കരിക്കലും അഹങ്കാരവും വ്യഭിചാരവും കോടതികയറ്റവും വിഗ്രഹാർപ്പിതഭക്ഷണം കഴി

ക്കലും സഹോദരന് ഇടർച്ച വരുത്തലും കർതൃമേശയിലും പൈശാചി കമേശയിലും പങ്കെടുക്കലും കലഹവും പടലപിരിയലും മറ്റുള്ളവരെ പരിഗണിക്കാതിരിക്കലും ഉത്ഥാനം നിഷേധിക്കലും അവരുടെ ഇട യിൽ ഉണ്ടായിരുന്നു (1 കൊറി.3,3; 4,8.18 ;5,1.2; 6,7; 8,7.12; 10.21; 11,18 .21 ;15,12). വിശുദ്ധർ എന്നു വിളിക്കപ്പെട്ടവർ തീർത്തും പാപരഹിതരാണെന്ന് മനസ്സിലാക്കേണ്ടതില്ല. "നീതിമാനില്ല, ഒരുവൻ പോലുമില്ല" എന്ന് തിരു ലിഖിതവും സാക്ഷിക്കുന്നു.

ദൈവത്തിനു തങ്ങളെത്തന്നെ സമർപ്പിക്കുകയും ദൈവസേവന ത്തിനായി ലൗകികമായവയിൽ നിന്ന് വ്യത്യസ്തമായ ജീവിതക്രമം അനുവർത്തിക്കുകയും ചെയ്തവരെ വിശുദ്ധരെന്നും പാപികളെന്നും വിളിക്കാം. തന്റെ പെരുമാറ്റരീതികളിൽ വ്യത്യാസം വരുത്തി, കർത്താ വിന് തന്നെത്തന്നെ വിൽക്കുന്നവനെ വിശുദ്ധനെന്നു വിളിക്കാം. എന്നാൽ അയാളുടെ കർതൃശുശ്രൂഷയിൽ, അയാൾ ചെയ്യേണ്ടത് പൂർണമായും ഉചിതമായും ചെയ്യാതിരിക്കുന്ന അവസ്ഥ സംജാതമാ കാം. ചിലതിൽ അവൻ തെറ്റുചെയ്ത് പാപിയാകുന്നു. നന്മയ്ക്കായി മനസ്സിലുറയ്ക്കുമ്പോൾ അവൻ വിശുദ്ധൻ എന്നു വിളിക്കപ്പെടുന്നു. എന്നാൽ അനേക കാര്യങ്ങളിൽ തെറ്റുചെയ്യുമ്പോൾ, പാപത്തഴക്ക ങ്ങളിൽ നിന്ന് ശ്രദ്ധാപൂർവം പിന്മാറി മാനസ്സാന്തരപ്പെടുന്നതുവരെ പാപി എന്നും വിളിക്കപ്പെടുന്നു.

ശുദ്ധനിയോഗവും സമർപ്പണവും ഇല്ലാത്തവരും വിശുദ്ധിയി ലേക്ക് താൽപര്യമില്ലാത്തവരും പാപം ചെയ്യുമ്പോൾ, അതിനു പ്രത്യൗ ഷധം തേടാൻ അവർക്കു കഴിയാതെ വരുന്നു. ഇപ്രകാരം വിശുദ്ധരല്ലാ ത്തവർ തങ്ങളുടെ പാപങ്ങളിൽ മരിക്കുന്നു. വിശുദ്ധർ തങ്ങളുടെ പാപ ങ്ങൾക്ക് പ്രായശ്ചിത്തം അനുഷ്ഠിക്കുന്നു. തങ്ങളുടെ മുറിവുകളെപ്പറ്റി അവർക്ക് അവബോധമുണ്ട്. തങ്ങളുടെ പരാജയം മനസ്സിലാക്കി, വൈദി കനെ തേടുകയും സൗഖ്യത്തിന് ശ്രമിക്കുകയും പുരോഗതിയിലൂടെ ശുദ്ധീകരണം നേടുകയും ചെയ്യുന്നു. ഇങ്ങനെ പുരോഹിതൻ വിശു ദ്ധരുടെ പാപങ്ങൾ നീക്കുന്നെന്ന് നിയമം സ്പഷ്ടമായി പറയുന്നു. അതായത്, വൈദികന്റെ ആശീർവാദത്തിലൂടെ പാപമോചനം ലഭി

ക്കുന്നെന്ന് സ്പഷ്ടമായി ഒരിജൻ പഠിപ്പിക്കുന്നു. വൈദികനിലൂടെ സൗഖ്യം ലഭിക്കുന്ന പാപി വിശുദ്ധനാണ്.

നമ്മുടെ കർത്താവായ യേശുമിശിഹാ ലോകപാപം നീക്കാനാണ് വന്നത് (യോഹ.1,29). തന്റെ മരണത്തിലൂടെ അവിടുന്ന് നമ്മുടെ പാപങ്ങൾ മായിച്ചുകളഞ്ഞു. കർത്താവിന്റെ ശിഷ്യരായ ശ്ലീഹന്മാരും രക്തസാക്ഷികളും വിശുദ്ധരുടെ പാപങ്ങൾ നീക്കുന്നു. പാപമോചനത്തിന് സഭയിൽ സപ്തമാർഗങ്ങൾ ഒരിജൻ നിർദേശിക്കുന്നു: മാമോദീസാ, രക്തസാക്ഷിത്വം, ദാനധർമം, സഹോദരങ്ങളോടു പൊറുക്കൽ, അനുതാപത്തിലേക്ക് മറ്റുള്ളവരെ ആനയിക്കൽ, പരസ്നേഹം, വൈദികന്റെ പക്കലുള്ള പാപം ഏറ്റുപറച്ചിൽ (ലേവ്യഹോമിലി, 2,4). പാപരഹിതരാണെന്ന് മനസ്സിലാക്കേണ്ടതില്ല. “നീതിമാനില്ല, ഒരുവൻ പോലുമില്ല” എന്ന് തിരുലിഖിതവും സാക്ഷിക്കുന്നു.

www.malankaralibrary.com 

# 7

# അഹറോന്റെ തളിർത്ത വടി

മരുഭൂയാത്രയ്ക്കിടയിൽ മോശയ്ക്കും അഹറോനുമെതിരെ കോറഹ്, ദാത്താൻ, അബീറാം എന്നിവർ എഴുന്നേറ്റ് ജനമുന്നേറ്റം സംഘടിപ്പിച്ചു. "സമൂഹം ഒന്നൊഴിയാതെ വിശുദ്ധരാണ്. കർത്താവ് അവരുടെ മധ്യേയുണ്ട്" (സംഖ്യ 16,3) എന്നൊക്കെ പറഞ്ഞ് ജനനേതാക്കന്മാരായ 250 പേരെ തങ്ങളുടെ കൂടെക്കൂട്ടി ധൂപാർച്ചന നടത്താൻ മുതിർന്നു. "ഇവർ കർത്താവിനെ നിന്ദിച്ചിരിക്കുന്നു" എന്നു തുടങ്ങി മോശയും അഹറോനും ദൈവനിയോഗം ജനത്തെ അറിയിച്ചു. ഉടനടി ഭൂമി പിളർന്ന് മത്സരക്കാരെ മൊത്തത്തിൽ വിഴുങ്ങിക്കളഞ്ഞു. അതിന്റെ തുടർച്ചയായി പൊട്ടിപ്പുറപ്പെട്ട മഹാമാരി അഹറോന്റെ ധൂപാർപ്പണത്താൽ ശമിച്ചു (സംഖ്യ 16,48).

കർത്താവ് അഹറോനെയാണ് തെരഞ്ഞെടുത്തതെന്ന് തെളിയിക്കാൻ ഓരോ ഗോത്രത്തിൽ നിന്നും ഓരോ വടി കൊണ്ടുവന്ന് സാക്ഷ്യപേടകത്തിന്റെ മുമ്പിൽ വയ്ക്കാൻ മോശ നിർദേശിച്ചു.ലേവിഗോത്രത്തിൽ നിന്നുള്ള വടിയിൽ അഹറോന്റെ പേരെഴുതിവച്ചു. "ഞാൻ തെരഞ്ഞെടുക്കുന്നവന്റെ വടി തളിർക്കും" എന്ന് ദൈവം മോശയോടു പറഞ്ഞു. പിറ്റേദിവസം വടികൾ പരിശോധിച്ചപ്പോൾ അഹറോന്റെ വടി തളിർത്തതായി കണ്ടു. "അഹറോന്റെ വടി മുളപൊട്ടി പൂത്തുതളിർത്ത് ബദാംപഴങ്ങൾ കായിച്ചുനിന്നു" (സംഖ്യ 17,8).

ഇതിന് ഒരിജൻ നൽകുന്ന വ്യാഖ്യാനം ഇപ്രകാരമാണ്: യഥാർഥ മഹാപുരോഹിതൻ ക്രിസ്തു മാത്രമാണ്. കുരിശാകുന്ന അവന്റെ വടി

 www.malankaralibrary.com

മാത്രമാണ് മുള പൊട്ടിയതും പൂത്തു തളിർത്തതും വിശ്വാസികളുടെ രൂപത്തിൽ ഫലസമൃദ്ധമായതും.

അഹറോന്റെ വടി ഉൽപ്പാദിപ്പിച്ചത് എന്തു ഫലമാണ്? ബദാംപഴം. എന്താണ് അതിന്റെ പ്രത്യേകത? അതിന്റെ പുറംതോട് കമർപ്പുള്ള താണ്. അതിനകത്ത് കട്ടിയുള്ള തോടാണ്. അതിനുള്ളിലാണ് ഭക്ഷ്യ യോഗ്യമായ ബദാം പരിപ്പുള്ളത്. ക്രിസ്തുവിന്റെ കലാലയത്തിൽ, നിയ മത്തിന്റെയും പ്രവാചകന്മാരുടെയും പ്രബോധനങ്ങൾ ഇതുപോലെ യാണ്. ആദ്യകാഴ്ചയിൽ, വാചികമായി എടുക്കുമ്പോൾ, എഴുതപ്പെ ട്ടവ കമർപ്പുള്ളതോ, കയ്പ്പുള്ളതോ ആയി കാണപ്പെടും. ജഡത്തിന്റെ പരിച്ഛേദനം, മൃഗബലിയർപ്പണം, അതുപോലെയുള്ള മറ്റു സംഗതി കൾ. ഈ ലിഖിതനിയമം കൊല്ലുന്നു (2കൊറി.3,6). ബദാംപഴത്തിന്റെ കമർപ്പുള്ള പുറംതൊലി ദൂരെക്കളയുന്നതുപോലെ ഇവയെല്ലാം ദൂരെ ക്കളയുക. രണ്ടാമത്തെ കട്ടിയുള്ള പുറംതോട് ധാർമികപ്രബോധന ങ്ങളെയും സ്വയംനിഗ്രഹത്തെയും സൂചിപ്പിക്കുന്നു. നമ്മെ സംരക്ഷി ക്കുന്ന പൊതിച്ചിലുകളാണവ. അകത്തുള്ളതിനെ സംരക്ഷിക്കാൻ ഇതാ വശ്യമാണ്. എന്നാൽ അവയും പൊട്ടിച്ചു മാറ്റേണ്ടവ തന്നെയാണ്. ഉദാഹരണത്തിന്, ജീർണതയ്ക്ക് വിധേയമായതും വികാരങ്ങൾക്ക് അടി മപ്പെടാൻ സാധ്യതയുള്ളതുമായ ഈ ശരീരത്തിൽ നാം ആയിരിക്കു ന്നിടത്തോളം കാലം, ആഹാരനിയന്ത്രണവും വർജനയും നോമ്പും ഉപവാസവും തപസ്സും ആവശ്യമാണ്. എന്നാൽ ഉത്ഥാനാവസരം ഈ തോടു പൊട്ടിക്കഴിയുമ്പോൾ, നാം മർത്യതയിൽ നിന്ന് അമർത്യതയി ലേക്കും ജീർണതയിൽ നിന്ന് നാശമില്ലായ്മയിലേക്കും ജഡികതയിൽ നിന്ന് ആത്മീയതയിലേക്കും കടക്കുമ്പോൾ, നമുക്ക് വർജനയുടെയോ, തപസ്സിന്റെയോ ആവശ്യമില്ല. നാം നമ്മുടെ ശരിയായ രൂപം സ്വീകരി ക്കും. ഇതാണ് തപസ്സിനുള്ള കാരണം. അത് പിന്നീട് നമുക്ക് ആവശ്യ മില്ല.

ദൈവിക വിജ്ഞാനരഹസ്യത്തിന്റെ അർഥം നിയമത്തിലും പ്രവാ ചകരിലും നിഗൂഢമായിരിക്കുന്നത് മൂന്നാമത്തേതിൽ കാണാൻ കഴി യും. വിശുദ്ധരുടെ ആത്മാക്കൾ ഇഹത്തിലും പരത്തിലും അവയാൽ പരിപോഷിപ്പിക്കപ്പെടുന്നു. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കു

കയും ചെയ്യുന്നവർ തൃപ്തരാകും എന്ന് ഈ പൗരോഹിത്യഫലത്തെ പറ്റിയാണ് വാഗ്ദാനം ലഭിച്ചത്.

ദൈവം വാഗ്ദാനം ചെയ്യുന്നതിലും വളരെ കൂടുതലായിട്ടാണ് നൽകുന്നത്. "ഞാൻ തെരഞ്ഞെടുക്കുന്നവന്റെ വടി തളിർക്കും" എന്നു പറഞ്ഞിട്ട്, എടുത്തപ്പോൾ, "മുളപൊട്ടി പൂത്തു തളിർത്ത് ബദാംപഴങ്ങൾ കായിച്ചുനിന്നു" എന്താണിതിന്റെ അർഥം?

ഒന്നാമത്, മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തിന്റെ രഹസ്യം. ഒരു മൃതശരീരം വീണ്ടും ജീവനിലേക്കു വരാൻ തുടങ്ങിയപ്പോൾ, ഒരുണങ്ങിയ ദണ്ഡ് തളിർത്തു. ഉത്ഥാനത്തിൽ ശരീരത്തിനു ലഭിക്കുന്ന നാലു കാര്യങ്ങൾ ഏവയാണ്? "നശ്വരതയിൽ വിതയ്ക്കപ്പെടുന്നത് അനശ്വരതയിൽ ഉയിർപ്പിക്കപ്പെടുന്നു. അവമാനത്തിൽ വിതയ്ക്കപ്പെടുന്നത് മഹിമയിൽ ഉയിർപ്പിക്കപ്പെടുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നത് ശക്തിയിൽ ഉയിർപ്പിക്കപ്പെടുന്നു. ഭൗമികശരീരത്തിൽ വിതയ്ക്കപ്പെടുന്നത് ആത്മീയശരീരമായി ഉയിർപ്പിക്കപ്പെടുന്നു" (1 കൊറി.15,42-44). നമ്മുടെ ഉണങ്ങി വരണ്ട അസ്ഥികൾക്ക് ഉത്ഥാനത്തിൽ സംഭവിക്കുന്നത് ഈ നാലു കാര്യങ്ങളാണ്.

രണ്ടാമത്, ദൈവം വാഗ്ദാനം ചെയ്യുന്നതിനേക്കാൾ അനേകം മടങ്ങ് കൂടുതലായി അനുഗ്രഹം വർഷിക്കുമെന്ന് തിരുലിഖിതത്തിൽ നിന്ന് നമുക്ക് ഉറപ്പായി കരുതാം. എന്നാൽ നാം വാഗ്ദാനത്തിന് യോഗ്യരാണെങ്കിൽ മാത്രമേ നമുക്ക് ലഭിക്കുകയുള്ളു. "ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണു കണ്ടിട്ടില്ല, കാതു കേട്ടിട്ടില്ല, മനുഷ്യമനസ്സിൽ തോന്നിയിട്ടുമില്ല" (1 കൊറി.2,9). അവ ദൈവത്തിന്റെ വിജ്ഞാനത്തിൽ മാത്രം മറഞ്ഞിരിക്കുന്നു.

അഹറോന്റെ വടിയിൽ നിന്നു കിളിർത്തു വന്നവ മറ്റൊരു രീതിയിലും നമുക്ക് മനസ്സിലാക്കാം. ക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാം ആദ്യം മരിക്കുന്നു. അതിനുശേഷം വീണ്ടും ജനിക്കുന്നു. ഇതിന്റെ മുൻകുറിയും ദൃഷ്ടാന്തവുമാണ് ഉണങ്ങിയ കമ്പ്. ക്രിസ്തുവിനെ ആദ്യം ഏറ്റുപറയുന്നതാണ് തളിർപ്പ്. വീണ്ടുംജനനം വഴി പരിശുദ്ധാത്മാവിന്റെ ആവാസത്താൽ ലഭിക്കുന്ന കൃപാദാനമാണ് മുളപൊട്ടൽ, അവൻ കൃപയിൽ വളരുമ്പോൾ പൂക്കുന്നെന്നു പറയാം, കാരുണ്യത്തിന്റെയും

ദയയുടെയും സൗരഭ്യം പരത്തിക്കൊണ്ട് ആകർഷണീയമായ വ്യക്തിത്വത്തിൽ അവൻ വളരുന്നു. അവസാനമായി അവൻ നീതിയുടെ ഫലങ്ങൾ വഹിക്കുന്നു. അതിലൂടെ അവൻ ജീവിക്കുന്നു. മറ്റുള്ളവർക്ക് ജീവൻ പ്രദാനം ചെയ്യുകയും ചെയ്യുന്നു. അവൻ പരിപൂർണനായി തീരുമ്പോൾ, തന്നിൽ നിന്ന് വിശ്വാസവചനം പുറപ്പെടുന്നു. അതായത്, ദൈവികവിജ്ഞാനവചനം. അതിലൂടെ അവൻ മറ്റുള്ളവരെ നേടുന്നു. ഇതാണ് ഫലം വഹിക്കുന്നു എന്നതിനർഥം.

എല്ലാ വിശ്വാസികളും ക്രിസ്തുവാകുന്ന അഹറോന്റെ വടിയിൽനിന്ന് തളിർക്കുന്നു. ആ തളിർപ്പ് നാലു തരത്തിലുള്ളതാണെന്ന് നാം കണ്ടു. മുളപൊട്ടി, പൂത്തു, തളിർത്ത്, പഴം വഹിക്കുന്നു. വിശുദ്ധ യോഹന്നാൻ തന്റെ ലേഖനത്തിൽ ജീവിതത്തിന്റെ നാലു ഘട്ടങ്ങളെ കുറിക്കുന്നതായി ഇത് മനസ്സിലാക്കുന്നു. "കുഞ്ഞുമക്കളേ, ഞാൻ നിങ്ങൾക്കെഴുതുന്നു. ബാലന്മാരേ ഞാൻ നിങ്ങൾക്കെഴുതുന്നു, യുവാക്കളേ, ഞാൻ നിങ്ങൾക്കെഴുതുന്നു, പിതാക്കന്മാരേ, ഞാൻ നിങ്ങൾക്കെഴുതുന്നു" (1യോഹ.2,12-14). ശാരീരികാവസ്ഥയല്ല ഇവിടെ സൂചിതം, പിന്നെയോ, പുരോഹിത ദണ്ഡിന്റെ തളിർപ്പിന്റെ മാതൃകയിൽ ആത്മാവിന്റെ പുരോഗതിയുടെ ലവലിലുള്ള വ്യത്യാസമാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഈ പറഞ്ഞതൊക്കെ അഹറോന്റെ വടിയേ കുറിച്ചല്ല, പിന്നെയോ, ഈശായിയുടെ കുറ്റിയിൽ നിന്ന് കിളിർത്തു വന്ന മുളയെ പറ്റിയും അവന്റെ വേരിൽ നിന്ന് പൊട്ടിക്കിളിർത്ത ശാഖയെ പറ്റിയുമാണ്. അതിന്മേൽ കർത്താവിന്റെ ആത്മാവ് ആവസിച്ചു (ഏശാ.11,1).

# 8

# പഴയനിയമവും പുതിയ നിയമവും

തിരുലിഖിതത്തെ പഴയനിയമമെന്നും പുതിയ നിയമമെന്നും തിരിക്കാറുണ്ടല്ലോ. അതിനു ന്യായീകരണവുമുണ്ട്. എന്നാൽ ദൈവവചനം എന്നും നവീനമാണ്, നിത്യനൂതനമാണ്, പഴയതായി പോകുന്നില്ല, മാറ്റപ്പെടുന്നുമില്ല. എങ്ങനെ മനസ്സിലാക്കുന്നു എന്നതിനെ ആശ്രയിച്ചാണ് അത് പഴയതായിരിക്കുന്നത്.


ജഡികമായി മാത്രം, അതായത് വാച്യാർഥത്തിൽ മാത്രം, ഗ്രഹിക്കാൻ ആഗ്രഹിക്കുന്നവർക്കു മാത്രമാണ് നിയമം പഴയ ഉടമ്പടി ആകുന്നത്. അതിന് അതിന്റെ ശക്തി നിലനിർത്താൻ കഴിവില്ലാത്തതിനാൽ, അവർക്കത് അവശ്യാവശ്യം പഴയതും പഴഞ്ചനുമായി തീരുന്നു. എന്നാൽ ആത്മീയമായും സുവിശേഷാനുസൃതമായും ഗ്രഹിക്കയും വിശദീകരിക്കുകയും ചെയ്യുന്ന നമുക്ക് അത് നിത്യനൂതനമാണ്. യഥാർഥത്തിൽ രണ്ട് ഉടമ്പടികളും “പുതിയത്” തന്നെയാണ്. കാലപ്പഴക്കം കൊണ്ടല്ല, മനസ്സിലാക്കുന്നതിലെ നവീനത്വം നിമിത്തം.

“കുഞ്ഞുങ്ങളേ, നിങ്ങൾക്ക് ഞാനൊരു പുതിയ കൽപ്പന തരുന്നു: നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ” എന്ന് യോഹന്നാൻ പറയുമ്പോൾ (1യോഹ.2,8;3,23), നിയമത്തിൽ പണ്ടുതന്നെ അത് പറഞ്ഞിട്ടുണ്ടെന്നുള്ളത് (ലേവ്യ. 19,18) യോഹന്നാന് അജ്ഞാതമല്ലായിരുന്നു. “സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല”(1കൊറി.13,8). അതുകൊണ്ട്, സ്നേഹിക്കാനുള്ള കൽപ്പന പഴയതായി പോകുന്നില്ല. ഒരിക്കലും പഴയതാകാത്തത് സദാ പുതിയതാണെന്ന് യോഹന്നാൻ പറയുകയാണ്

 www.malankaralibrary.com

ചെയ്യുന്നത്. സ്നേഹിക്കാനുള്ള കൽപ്പന, സ്നേഹിക്കുന്നവരെ നിത്യവും നവീകരിക്കുന്നതാണ്. എന്നാൽ സ്നേഹിക്കാത്തവർക്ക്, സുവിശേഷം പോലും പഴയതായിത്തീരും."പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞ് ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കാത്തവർക്ക് (എഫേ. 4,22.24) ഇത് പുതിയ ഉടമ്പടി ആയിരിക്കുകയില്ല.

പഴയ നിയമത്തിലെ യുദ്ധങ്ങൾ, അക്രമങ്ങൾ നാടു പിടിച്ചടക്കൽ തുടങ്ങി, ദൈവത്തിന്റെ മഹനീയതയ്ക്കും സ്നേഹത്തിനും പരിപാലനയ്ക്കും ചേരാത്ത പരാമർശങ്ങൾ വാച്യാർഥത്തിൽ എടുക്കേണ്ടവയല്ല. അപ്രകാരം എടുക്കുന്നവർക്ക് പഴയ ഉടമ്പടി "പഴയതു" തന്നെ. ദൈവവചനം എക്കാലത്തും പ്രസക്തമാണ്, ഒന്നുപോലെയാണ്. "യേശുക്രിസ്തു ഇന്നലെയു ഇന്നും ഒരാൾ തന്നെ" (എബ്രാ.13,8). "നിയമത്തിൽ"നിന്ന് യാതൊന്നും മാറ്റാനല്ല നമ്മുടെ കർത്താവ് വന്നത്. പിന്നെയോ, നിയമത്തിന്റെ ശരിയായ അർഥം നൽകാനാണ് വന്നത്. "ദൈവം ആത്മാവാകയാൽ" ആത്മാവായി, ആത്മീയമായി, ദൈവവചനം വ്യാഖ്യാനിക്കണം എന്നു സാരം. സാബത്, പരിച്ഛേദനം തുടങ്ങിയവയ്ക്കെല്ലാം കർത്താവും പരിശുദ്ധാത്മപ്രേരിതരായ ശ്ലീഹന്മാരും ആത്മീയാർഥം നൽകി, നിത്യനൂതനത്വം നിലനിർത്തി.



# 9
# ആദ്യഫലസമർപ്പണം

ആദ്യഫലം പുരോഹിതന്മാർക്ക് സമർപ്പിക്കണമെന്ന് നിയമം അനുശാസിക്കുന്നു (സംഖ്യ 18,8-19). വയലിലെ കൃഷിയിൽ നിന്നും കന്നുകാലികളിൽ നിന്നുമുള്ള ആദ്യഫലങ്ങൾ ദൈവത്തിനു സമർപ്പിക്കണം. അതായത്, അവ പുരോഹിതന്റെ പക്കൽ എത്തിക്കണം. കാരണം, പുരോഹിതർക്ക് നൽകുന്നത് ദൈവത്തിനു നൽകുന്നതാണ്. ദൈവത്തിന്, അതായത് വൈദികർക്ക് ആദ്യഫലം നൽകാതെ വയലിലെ വസ്തുവകകളോ, തൊഴുത്തിലെ ഫലങ്ങളോ ഉപയോഗിക്കാൻ പാടില്ലെന്ന് നിയമം നിർദേശിക്കുന്നു. ഈ നിയമം അക്ഷരശ്ശഃ പാലിക്കണമെന്ന് ഒരിജൻ അഭിപ്രായപ്പെടുന്നു. പുതിയനിയമത്തിലെ ശിഷ്യരും പാലിക്കേണ്ട ചില നിയമങ്ങൾ പഴയ നിയമത്തിലുണ്ട്. അത്തരത്തിൽ പെട്ടതാണിത്.

പഴയനിയമത്തിലെ നിയമസംഹിതകളിൽ പലതരം നിയമങ്ങൾ ഉൾക്കൊള്ളുന്നതായി നാം വായിക്കുന്നു. 19-ാം സങ്കീർത്തനത്തിൽ അത്തരമൊന്നു നാം കാണുന്നു:

‘‘കർത്താവിന്റെ *നിയമം* അവികലമാണ്, അത് ആത്മാവിനു ജീവൻ നൽകുന്നു.

കർത്താവിന്റെ *സാക്ഷ്യം* വിശ്വാസയോഗ്യമാണ്, അത് ശിശുക്കൾക്ക് വിജ്ഞാനം നൽകുന്നു.

കർത്താവിന്റെ *ചട്ടങ്ങൾ* സുവ്യക്തമാണ്, അത് കണ്ണുകളെ പ്രകാശിപ്പിക്കുന്നു.

കർത്താവിനെ കുറിച്ചുള്ള *ഭയം* വെടിപ്പുള്ളതാണ്, അത് എന്നേക്കും നിലനിൽക്കുന്നു.

 www.malankaralibrary.com

കർത്താവിന്റെ *നീതി* ശരിയായിട്ടുള്ളതാണ്, അത് ഹൃദയത്തെ സന്തോഷിപ്പിക്കുന്നു.

കർത്താവിന്റെ *ന്യായവിധികൾ* സത്യമായിട്ടുള്ളതാണ്, അത് തികച്ചും നീതിപൂർണമാണ്"(19,7-10).

നിയമത്തിലുള്ളവയാണ് മേൽപ്പറഞ്ഞവയെല്ലാം. അവ ഒരേ അർഥമല്ല നൽകുന്നത്. പിന്നെയോ, വ്യത്യസ്തങ്ങളാണ്: "ഇവയാണ് കർത്താവ് മോശയ്ക്കു നൽകിയ നിയമങ്ങളും കൽപ്പനകളും നീതീകരണങ്ങളും ചട്ടങ്ങളും സാക്ഷ്യങ്ങളും ന്യായവിധികളും" എന്ന് സംഖ്യാപുസ്തകത്തിൽ പറയുന്നതിൽ നിന്ന് (36,13) ഇവയോരോന്നും വ്യത്യസ്തങ്ങളാണെന്ന് വ്യക്തമാകുന്നു. "ഇതൊരു കൽപ്പനയാണ്"എന്ന് തിരുലിഖിതത്തിൽ നിന്ന് കേൾക്കുമ്പോൾ, അത് "നിയമം" ആയി സ്വീകരിക്കേണ്ടതില്ല. അതുപോലെ മറ്റുള്ളവയും. ഓരോന്നിനും വ്യത്യസ്തമായ അർഥമുണ്ട്. "നിയമം വരാനിരുന്ന നന്മകളുടെ നിഴലായിരുന്നു" എന്നു വായിക്കുമ്പോൾ, അതിൽ കൽപ്പനകളും മറ്റും ഉൾപ്പെടുന്നു എന്നു കരുതേണ്ടതില്ല. "പെസഹാ സംബന്ധിച്ച കൽപ്പന" എന്നല്ല, "പെസഹാ സംബന്ധിച്ച ചട്ടം" എന്നാണ് എഴുതപ്പെട്ടിരിക്കുന്നത് (പുറ.12,43).

അപ്പോൾ പെസഹായുടെ നിയമം വരാനിരുന്ന നന്മകളുടെ നിഴലാണ്. പെസഹാകുഞ്ഞാടിനെ സംബന്ധിച്ച നിയമം ക്രിസ്തുവാകുന്ന സത്യകുഞ്ഞാടിനെ സൂചിപ്പിക്കുന്നു. "നമ്മുടെ പെസഹായാകുന്ന ക്രിസ്തു ബലിയർപ്പിക്കപ്പെട്ടിരിക്കുന്നു"(1കൊറി.5,7). പുളിപ്പില്ലാത്ത അപ്പത്തെ സംബന്ധിച്ച നിയമവും മറ്റ് അനുഷ്ഠാനങ്ങളുമെല്ലാം ഇതുപോലെയാണ്. "ആത്മാർഥതയും സത്യവുമാകുന്ന പുളിപ്പില്ലാത്ത അപ്പംകൊണ്ട് നമുക്ക് പെരുന്നാൾ ആഘോഷിക്കാം" (1 കൊറി.5,8). പരിച്ഛേദനം സംബന്ധിച്ച നിയമവും ഇതുപോലെയാണ് (ഉൽപ്പ.17,9-14). "ഹൃദയത്തിന്റെ പരിച്ഛേദനമാണ് യഥാർഥ പരിച്ഛേദനം. അത് ആത്മീയമാണ്. അതിനുള്ള പ്രശംസ ദൈവത്തിൽ നിന്നാണ്"(റോമ.2,28-29). ഇത്തരത്തിലുള്ളവയെല്ലാം നിയമത്തിൻ കീഴിൽ വരുന്നവയാണ്. എന്നാൽ ഇവയൊന്നും അക്ഷരാർഥത്തിൽ അനുഷ്ഠിക്കേണ്ടവയല്ല.

എന്നാൽ കൊല്ലരുത്, വ്യഭിചരിക്കരുത്, മോഷ്ടിക്കരുത് തുടങ്ങിയവ മേൽപ്പറഞ്ഞ തരത്തിലുള്ളവയല്ല, കൽപ്പനകളാണ്. അക്ഷരാർഥത്തിൽ എടുക്കേണ്ടതാണ്. പുതിയ നിയമത്തിന്റെ ശിഷ്യരും സ്വീകരി

ക്കേണ്ടതാണ്. വേറേ ചില സംഗതികൾ അക്ഷരാർഥത്തിലും ആത്മീയാർഥത്തിലും എടുക്കണം."ഇക്കാരണത്താൽ പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോട് ചേർന്നിരിക്കും. അവരിരുവരും ഒരു ശരീരമായിത്തീരും"(ഉൽപ.5,32). ഇത് അക്ഷരാർഥത്തിൽ എടുക്കണമെന്ന് നമ്മുടെ കർത്താവ് സാക്ഷ്യപ്പെടുത്തുന്നു (മത്താ.19,5-6). പൗലോസ് ശ്ലീഹാ ഇതിന് മിസ്റ്റിക്കൽ അർഥം കൂടി നൽകുന്നു: "ഇത് ക്രിസ്തുവിനെയും സഭയെയും കുറിച്ചുള്ള അല്ലെഗറിയാണ്"(എഫേ. 5,32). അതുപോലെയുള്ളതാണ് അബ്രഹാമിന്റെ രണ്ട് പുത്രന്മാരെ പറ്റിയുള്ള പരാമർശം: "അബ്രഹാമിന് രണ്ട് പുത്രന്മാരുണ്ടായിരുന്നു. ഒരാൾ സ്വതന്ത്രയിൽ നിന്നും മറ്റെയാൾ ദാസിയിൽ നിന്നും" (ഉൽപ.21,3;16,15). ഇത് അക്ഷരാർഥത്തിൽ ശരിയാണ്. എന്നാൽ പൗലോസ് ശ്ലീഹാ ഇതിന് മിസ്റ്റിക്കൽ അർഥം നൽകുന്നു. ഇത് രണ്ട് ഉടമ്പടികളെ കുറിക്കുന്നു. പുതിയ നിയമത്തിന്റെ അവകാശികൾ സാറായുടെ മക്കളും പഴയനിയമം മാത്രം പാലിക്കുന്നവർ ദാസിയുടെ മക്കളും എന്നാണ് വ്യാഖ്യാനം (ഗലാ.4,24).

ഇക്കാര്യങ്ങളൊക്കെ വിവേചിച്ചറിഞ്ഞ് വ്യാഖ്യാനിക്കുക എന്നത് ബുദ്ധിമാനായ ക്രിസ്തുശിഷ്യന്റെ ദൗത്യമാണ്. ചില കാര്യങ്ങൾ അക്ഷരാർഥത്തിൽ എടുക്കണം, ചിലത് ആന്തരികാർഥത്തിലും, മറ്റു ചിലത് രണ്ടുരീതികളിലും എടുക്കണം. ആദ്യഫലസമർപ്പണം വാച്യാർഥത്തിൽ എടുക്കേണ്ടതാണ്. പഴയ ഉടമ്പടിയിലെ പുരോഹിതർക്ക് നൽകിയതുപോലെ പുതിയനിയമ പുരോഹിതർക്കും ആദ്യഫലം നൽകേണ്ടതാണ്. ദൈവം നമുക്കു നൽകിയവ ദൈവശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന വൈദികർക്കും നൽകി ദൈവത്തിന് നന്ദി പറയുക എന്നത് ഉചിതമാണ്, ന്യായയുക്തമാണ് (1കൊറി. 9,5-14;തിമോ.5,17;ലൂ.9,3-6).

നമ്മുടെ കർത്താവ് നമ്മെ നിയമത്തിന്റെ ശാപത്തിൽ നിന്ന് രക്ഷിച്ചു (ഗലാ.3,13). കൽപ്പനകളുടെയോ, സാക്ഷ്യങ്ങളുടെയോ ശാപത്തിൽ നിന്നല്ല. ഛേദനാചാരം, സാബത് തുടങ്ങിയ അനുഷ്ഠാനങ്ങളിൽ നിന്നും ചട്ടങ്ങളിൽ നിന്നും ക്രിസ്തു നമ്മെ വിടുവിച്ചു എന്നാണതിനർഥം. അവയൊക്കെ നിയമത്തിൻ കീഴിൽ വരുന്നവയാണ്, കൽപ്പനകളുടെ കീഴിൽ വരുന്നവയല്ല.

"നിയമം" എന്ന പദം രണ്ടു തരത്തിൽ പ്രയോഗിച്ചിട്ടുണ്ട്. പൊതുവായും പ്രത്യേകമായും. മോശയുടെ പേരിൽ അറിയപ്പെടുന്നവയെല്ലാം

 www.malankaralibrary.com

മൊത്തത്തിൽ "നിയമം" എന്നറിയപ്പെടുന്നു. അതിൽ കൽപ്പനകളും നിയമങ്ങളും അനുഷ്ഠാനങ്ങളും സാക്ഷ്യങ്ങളും ഉടമ്പടികളുമെല്ലാം ഉൾപ്പെടുന്നു. എന്നാൽ മുകളിൽ വിവരിച്ച തരത്തിലുള്ളവ പ്രത്യേക മായി "നിയമം" എന്ന് വിളിക്കപ്പെടുന്നു. നമ്മുടെ കർത്താവ് വന്നത് "നിയമം നീക്കിക്കളയാനല്ല, നിവർത്തിയാക്കാനാണ്"; "നിയമത്തിന്റെ പൂർത്തീകരണം സ്നേഹമാണ്" എന്നു തുടങ്ങിയവ ഒന്നാമത്തെ അർഥ ത്തിലാണ് ഗ്രഹിക്കേണ്ടത് (മത്താ. 5,17; റോമ. 13,10).

നമ്മുടെ കർത്താവു തന്നെ "മരിച്ചവരിൽ നിന്നുള്ള ആദ്യഫല മാണ്"(കൊളോ..1,18;1 കൊറി.15,20). "ആസിയായിലെ ആദ്യഫലങ്ങൾ", "അക്കായിയായിലെ ആദ്യഫലങ്ങൾ" എന്നൊക്കെ ചിലരെ പൗലോസ് ശ്ലീഹാ വിളിക്കുന്നു (റോമ.16,5;1കൊറി. 16,15). "സമസ്ത വിജാതിയരു ടെയും ആദ്യഫലം" എന്ന് കൊർണേലിയോസിനെ വിളിക്കാം (നടപടി,10,1-48). മാലാഖമാർ തങ്ങൾക്ക് ഭരമേൽപ്പിക്കപ്പെട്ട ആദ്യ ഫലങ്ങൾ ദൈവത്തിന് സമർപ്പിക്കുന്നു.

ജനങ്ങളുടെ നേർച്ചകാഴ്ചകൾ സ്വീകരിക്കുന്ന അഹറോനും മക്കളും അത് കാത്തുസൂക്ഷിക്കണം, അത് അവരുടെ ഓഹരിയാണ് (സംഖ്യ 18,8). ഭൗമികഭക്ഷണത്തെ പറ്റിയാണിത്. നമുക്കു ലഭിച്ചിരി ക്കുന്ന "ആദ്യഫലമായ" ക്രിസ്തുവിനെ നാം നമ്മുടെ ഹൃദയത്തിൽ സ്വീകരിക്കണം, നാം എത്ര കൂടുതലായി ക്രിസ്തുവിനോട്, ദൈവവ ചനത്തോട്, ആത്മീയഭക്ഷണത്തോട് അടുക്കുന്നുവോ, സ്വീകരിക്കു ന്നുവോ, അത്രയധികമായി നാം കൃപയിൽ വളരും. ഇതു കുറഞ്ഞു പോകുന്ന ഭക്ഷണമല്ല, പ്രത്യുത, വർധിച്ചു വരുന്നതത്രേ. ഇതാണ് ഇതിന്റെ ആത്മീയാർഥം.

"ഇസ്രായേൽക്കാർ" അർപ്പിക്കുന്നതാണ് സ്വീകരിക്കേണ്ടത്, വിജാ തിയരുടേതല്ല. അതായത്, ബലിക്കായി അർപ്പിക്കുന്ന വസ്തുക്കൾ "അതിവിശുദ്ധമാണ്". അവ ഇസ്രായേൽക്കാരിൽ നിന്നു മാത്രമേ സ്വീക രിക്കുന്നുള്ളു. അതായത്, സഭാമക്കൾ സമർപ്പിക്കുന്ന നേർച്ചകാഴ്ച കൾ എന്ന് ആന്തരികാർഥം.

"അതിവിശുദ്ധം" എന്നു പറയുന്നത് എന്തുകൊണ്ട്? "വിശുദ്ധരാ കുവിൻ, എന്തുകൊണ്ടെന്നാൽ, ഞാൻ വിശുദ്ധനാണ് എന്ന് ദൈവ മായ കർത്താവ് അരുളിച്ചെയ്യുന്നു" (ലേവ്യ.20,7). ദൈവം വിശുദ്ധി തന്നെയാണ്, മനുഷ്യർ എപ്പോഴും വിശുദ്ധരല്ല. അവർ വിശുദ്ധിയി

ലേക്ക് വിളിക്കപ്പെട്ടവരാണ്. ദൈവത്തിന്റെ വിശുദ്ധിയിൽ ഭാഗഭാക്കാകാൻ ഉള്ളവരാണ്. അവർ വിശുദ്ധീകരിക്കപ്പെട്ട വിശുദ്ധരാണ്. ദൈവത്തിന് പൂർണമായി സമർപ്പിച്ച് സുകൃതപാതയിൽ ചരിക്കാൻ തുടങ്ങുമ്പോൾ അവർ വിശുദ്ധരാകാൻ തുടങ്ങുന്നു. എന്നാൽ ദൈവം മാത്രം സത്യമായും സദാനേരവും വിശുദ്ധി തന്നെയാണ്. ക്രിസ്തു വിശുദ്ധീകരിക്കുന്നവനും വിശ്വാസികൾ വിശുദ്ധീകരിക്കപ്പെടുന്നവരുമാണ് (എബ്രാ. 2,11). "ദൈവം വിശുദ്ധീകരിച്ച് ലോകത്തിലേക്ക് അയച്ചവൻ"എന്ന് പറയുന്നത് ക്രിസ്തുവിന്റെ മനുഷ്യത്വത്തെ പറ്റിയാണ് (യോഹ. 10,36). അതുപോലെയാണ്, "ഞാൻ അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" എന്നതും (യോഹ.17,19). അപ്പോൾ, "വിശുദ്ധീകരിക്കുന്നവൻ" എന്നത് ക്രിസ്തുവിന്റെ ദൈവത്വത്തെയും "വിശുദ്ധീകരിക്കപ്പെടുന്നത് " എന്നത് മനുഷ്യത്വത്തെയും സൂചിപ്പിക്കുന്നു. എന്നാൽ ക്രിസ്തു രണ്ടിലും ഏകനാണ്.


വിശുദ്ധീകരിക്കപ്പെട്ട വിശുദ്ധരായ നാം ആത്മാവിന്റെ ഫലങ്ങളാണ് ആധ്യാത്മിക മഹാപുരോഹിതന് അർപ്പിക്കുന്നത്. ആത്മാവിന്റെ ഫലങ്ങൾ: സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ തുടങ്ങിയവയാണ് (ഗലാ. 5,22). സ്നേഹം സംബന്ധിച്ച് എന്ത് ആദ്യഫലങ്ങളാണ് നാം സമർപ്പിക്കുന്നത്? എന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും സർവശക്തിയോടും കൂടെ സ്നേഹിക്കുന്നതാണ് സ്നേഹം സംബന്ധിച്ചുള്ള ആദ്യഫലം (മത്താ. 22,37). അതോടൊപ്പം, എന്നെപ്പോലെ എന്റെ അയൽക്കാരനെ ഞാൻ സ്നേഹിക്കണം (മത്താ. 19,19). മൂന്നാമത് ഒന്നുകൂടി ചേർക്കേണ്ടതുണ്ട്: "ഞാൻ എന്റെ ശത്രുക്കളെ പോലും സ്നേഹിക്കണം" (മത്താ.5,44). ഇവയാണ് സ്നേഹം സംബന്ധിച്ച് ഞാൻ അർപ്പിക്കേണ്ട ആദ്യഫലങ്ങൾ.

സന്തോഷം സംബന്ധിച്ചുള്ള ആദ്യഫലങ്ങൾ ഏവ? കർത്താവിൽ ഞാൻ സന്തോഷിക്കുമ്പോൾ (ഫിലി.4,4), പ്രത്യാശയിൽ ഞാൻ സന്തോഷിക്കുമ്പോൾ (റോമ.15,13), കർതൃനാമത്തെപ്രതി നിന്ദിക്കപ്പെടുന്നതിൽ ഞാൻ സന്തോഷിക്കുമ്പോൾ (മത്താ.5,12), മഹാപുരോഹിതനിലൂടെ ഞാൻ ദൈവത്തിന് സന്തോഷത്തിന്റെ ആദ്യഫലങ്ങൾ സമർപ്പിക്കുകയാണ്. എന്റെ വസ്തുക്കൾ കൊള്ളയടിക്കപ്പെടുന്നത് സന്തോഷത്തോടെ സഹിക്കുമ്പോൾ (എബ്രാ.10,34), ദാരിദ്ര്യം, നിന്ദനങ്ങൾ, പരീക്ഷണങ്ങൾ ആദിയായവ സഹിക്കുമ്പോൾ അവയും സന്തോഷത്തിന്റെ

ആദ്യഫലങ്ങളാണ്. ദൈവവചനത്തിൽ ഞാൻ സന്തോഷിച്ചാൽ, ദൈവികരഹസ്യങ്ങളുടെ അറിവിൽ സന്തോഷിച്ചാൽ, ദൈവികവിജ്ഞാനത്തിന്റെ നിഗൂഢരഹസ്യങ്ങൾ തിരിച്ചറിയാനുള്ള അനുഗ്രഹം എനിക്ക് ലഭിക്കുന്നതിൽ ഞാൻ സന്തോഷിച്ചാൽ, ഉപയോഗശൂന്യമായവ മാത്രമല്ല, ഉപയോഗയോഗ്യമായവയും ഉപേക്ഷിക്കുന്നതിൽ ഞാൻ സന്തോഷിച്ചാൽ, ദൈവവചനത്തിനും ദൈവികവിജ്ഞാനത്തിനും ഞാൻ സമർപ്പിച്ചാൽ, സന്തോഷത്തിന്റെ ആദ്യഫലങ്ങളായിരിക്കും ഞാൻ ദൈവത്തിന് സമർപ്പിക്കുക. ഇതുപോലെ ആത്മാവിന്റെ മറ്റു ഫലങ്ങളെ കുറിച്ചും പറയാം. അത് വായനക്കാരൻ കണ്ടുപിടിക്കട്ടെ.

തനിക്കുള്ളവയുടെയെല്ലാം ആദ്യഫലം സമർപ്പിക്കണമെന്നാണ് നിർദേശം (സംഖ്യ 18,9). ഒരാൾ ഒരു സത്കർമം ചെയ്യുമ്പോൾ, ആവശ്യക്കാരെ സഹായിക്കുമ്പോൾ, കൽപ്പനാനുസൃതം അയാൾ ദൈവത്തിന് സമർപ്പിക്കയാണ് ചെയ്യുക. അനുകമ്പയോടും കാരുണ്യത്തോടും കൂടെ അത് ചെയ്യുമ്പോൾ അവൻ ദൈവത്തിന് ആദ്യഫലം സമർപ്പിക്കുന്നു. കാരണം, ദൈവം കരുണയും ദയയും മനുഷ്യരിൽ നിന്ന് ആവശ്യപ്പെടുന്നു.

ദൈവത്തെ സ്തുതിക്കുന്നതും പ്രകീർത്തിക്കുന്നതും പാടിപ്പുകഴ്ത്തുന്നതും നേർച്ചകൾ നിറവേറ്റുന്നതും ദൈവത്തിന് നടത്തുന്ന അർപ്പണമാണ്. നാം ഉച്ചത്തിലുള്ള വാചികപ്രാർഥനകൾ നടത്തുമ്പോൾ മാത്രമല്ല, മനസ്സുകൊണ്ടും ഹൃദയം കൊണ്ടും നിശ്ശബ്ദമായി പ്രാർഥിക്കുമ്പോഴും അത് അർപ്പണമാണ്(1കൊറി.14,15). ബാഹ്യമായവയിൽ മനസ്സു പതറാതെ ദൈവോന്മുഖമായി ചെയ്യുന്ന പ്രാർഥനകൾ കൂടുതൽ സ്വീകാര്യമായ അർപ്പണമാണ്. അത് സ്തുതിയുടെ ഫലങ്ങളാൽ സമൃദ്ധമായിരിക്കും.



# 10

# ബേറിലെ നിറഞ്ഞുകവിയുന്ന കിണർ (സംഖ്യ 21,17)

സംഖ്യാപുസ്തകത്തിൽ ഒരു കിണറിനെപ്പറ്റി ഒരു ഗാനമുണ്ട്: ബേർ എന്ന സ്ഥലത്തുവച്ച് കർത്താവ് മോശയോടു പറഞ്ഞു: "ജനത്തെ ഒന്നിച്ചു കൂട്ടുക, ഞാൻ അവർക്ക് ജലം നൽകും". കിണർ കണ്ടപ്പോൾ ഇസ്രായേൽക്കാർ സന്തോഷത്താൽ ഗാനമാലപിച്ചു: "കിണറേ, നിറഞ്ഞു കവിയുക. അതിനെ പ്രകീർത്തിച്ചു പാടുവിൻ. പ്രഭുക്കന്മാരും ജനനേതാക്കന്മാരും കുഴിച്ച കിണർ." മറ്റവസരങ്ങളിൽ ജലം ലഭിച്ചപ്പോൾ ജനം ഗാനം ആലപിച്ചില്ല. പിന്നെന്തുകൊണ്ടാണ് ഇവിടെ ഗാനം ആലപിച്ചത്? സംഖ്യാപുസ്തകം അടുത്ത അധ്യായത്തിൽ ബാലാമിന്റെ പ്രവചനമാണ്. ഈ കിണറിനെ പറ്റിയുള്ള ഗാനവും ഒരു പ്രവചനമായി കണക്കാക്കാവുന്നതാണ്. അതായത്, ഈ ഭാഗം വാച്യാർഥത്തിൽ എടുക്കേണ്ടതല്ല, ഇതിന് ആന്തരികാർഥമാണുള്ളത്.

ദാഹമുള്ളപ്പോൾ ജനം ജലപാനത്തിന് വെള്ളമുള്ളിടത്തേക്ക് എല്ലായ്പ്പോഴും ഓടിക്കൂടാറുണ്ട്. പ്രത്യേകിച്ച്, മരുഭൂയാത്രയിൽ. വെള്ളം കുടിക്കാൻ ജനത്തെ ഒന്നിച്ചുകൂട്ടാൻ മോശയ്ക്ക് ദൈവം പ്രത്യേകമായി എന്തിനു നിർദേശം നൽകണം? ആ കിണറിന് എന്തു പ്രത്യേകതയാണുള്ളത്? ആ കിണർ എന്താണ് സൂചിപ്പിക്കുന്നത്? ഈ തിരുലിഖിതഭാഗം എനിക്കു നൽകുന്ന സന്ദേശം എന്താണ്?

അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും കിണറുകളെപ്പറ്റി തിരുലിഖിതത്തിൽ പരാമർശമുണ്ട് (ഉൽപ.16,13-14;21,25;24,13-15.42-46;26,17-22). നമ്മുടെ കർത്താവ് സമറിയായിലെ കിണറിനരികിൽ ഇരുന്നതിനെപ്പറ്റി വി. യോഹന്നാൻ ശ്ലീഹാ സാക്ഷിക്കുന്നു (4,6-26). കിണറ്റിൻ കരയിലാണ് അബ്രഹാമിന്റെ ദാസൻ ഇസഹാക്കിന് ഭാര്യയായി റിബേക്കായെ കണ്ടുമുട്ടുന്നത് (ഉൽപ.24,10-16).

 www.malankaralibrary.com

യാക്കോബ് റാഹേലിനെ കണ്ടുമുട്ടുന്നതും മോശ സിപ്പോറായെ കണ്ടുമുട്ടുന്നതും നമ്മുടെ കർത്താവ് സമറിയാക്കാരിയെ കണ്ടുമുട്ടുന്നതും കിണറ്റിൻ കരയിൽ വച്ചാണ് (ഉൽപ.24,10-16;29,3-12;പുറ.2,15-21;യോഹ.4,7).

സുഭാഷിതങ്ങളിൽ കിണറുകളെപ്പറ്റിയും ഉറവയെപ്പറ്റിയും ഉപമാമയമായി പരാമർശിക്കുന്നു: "നിന്റെ സ്വന്തം പാത്രങ്ങളിൽ നിന്നും നിന്റെ സ്വന്തം കിണറുകളിലെ ഉറവയിൽ നിന്നും വെള്ളം കുടിക്കുക. നിന്റെ ഉറവയ്ക്ക് പുറത്തേക്ക് നിന്റെ ജലം ചിതറപ്പെടാതിരിക്കട്ടെ. നിന്റെ ജലം അന്യർക്ക് പങ്കില്ലാതെ നിനക്ക് മാത്രമുള്ളതായിരിക്കട്ടെ" (5,15-16). ഇത് വാച്യാർത്ഥത്തിലല്ല എടുക്കേണ്ടത്, ഇത് ആത്മീയാർഥത്തിലേക്ക് വിരൽ ചൂണ്ടുന്നു.

ഈ വിവരണം അനസരിച്ച് നമുക്കോരോരുത്തർക്കും നമ്മുടെ ഉള്ളിൽ കിണറുകളും ഉറവകളും പാത്രങ്ങളുമുണ്ട്. നമ്മുടെ കർത്താവ് സമറിയാക്കാരിയോടു പറഞ്ഞു: "ഭൗമിക കിണറിൽ നിന്നു ലഭിക്കുന്ന ഈ വെള്ളം കുടിക്കുന്നവന് വീണ്ടും ദാഹിക്കും. എന്നാൽ ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീടൊരിക്കലും ദാഹിക്കയില്ല. അത് അവനിൽ നിത്യജീവനിലേക്ക് നിർഗളിക്കുന്ന ജലത്തിന്റെ ഉറവയാകും" (യോഹ.4,13-14). വീണ്ടും ദൈവാലയത്തിൽവച്ച് യേശു എഴുന്നേറ്റുനിന്ന് സ്വരമുയർത്തി പറഞ്ഞു: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ, അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, തിരുലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ.7,37-38).

നമ്മുടെ കർത്താവിൽ വിശ്വസിക്കുന്നവരുടെ ഉള്ളിൽ ഒരു കിണറും ഒരു ഉറവയുമല്ല, പിന്നെയോ, കിണറുകളും ഉറവകളും അരുവികളും നദികളുമുണ്ട്. അവ ഈ ഭൗമികജീവിതത്തെ സന്തുഷ്ടമാക്കുകയും നിത്യജീവൻ പ്രദാനം ചെയ്യുകയും ചെയ്യുമെന്നാണ് നമ്മുടെ കർത്താവ് പറഞ്ഞതിന്റെ അർഥം. കിണറുകളെന്നും ഉറവകളെന്നുമുള്ള പരാമർശം ദൈവവചനത്തെ ഉദ്ദേശിച്ചാണെന്നു നാം മനസ്സിലാക്കണം"നിന്റെ സ്വന്തം കിണറുകളിലെ ഉറവയിൽനിന്ന് വെള്ളം കുടിക്കുക" എന്നു പറയുമ്പോൾ, എന്താണ് അർഥമാക്കുന്നത്? പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും പറ്റിയുള്ള അറിവ് മൂന്നു കിണറുകളായി മനസ്സിലാക്കാം. എന്നാൽ ഏക ഉറവ എന്നു പറയുന്നത് ഏക ദൈവത്വത്തെ കുറിക്കുന്നു. കാരണം, ത്രിത്വത്തിന്റെ സത്തയും സ്വഭാവവും ഏകമാകുന്നു.

വിജ്ഞാനഗ്രന്ഥത്തിൽ നിരവധി അറിവുകളെപ്പറ്റി സൂചിപ്പിക്കുന്നു. ഓരോ വിജ്ഞാനശാഖയും ഓരോ കിണറായി കണക്കാക്കാം (വിജ്ഞാ.7,17–20). ആലങ്കാരികാർഥത്തിലാണ് ഇവയെ കിണറുകൾ എന്നു വിളിക്കുന്നത്. "യുഗങ്ങളുടെയും തലമുറകളുടെയും ആരംഭം മുതൽ മറച്ചുവയ്ക്കപ്പെട്ടിരുന്ന" ക്രിസ്തുരഹസ്യത്തെപ്പറ്റിയുള്ള അറിവ് കിണറുകൾ എന്നു പറയാം (കൊളോ. 1,26). ദൈവം തന്റെ ആത്മാവിലൂടെ അവ വിശ്വാസികൾക്ക് വെളിപ്പെടുത്തിയതിനാൽ, (1 കൊറി.2,10), ഇവയെല്ലാം ഉറവകളും അരുവികളും നദികളും ആയിത്തീരുന്നു. ഈ അറിവുകൾ ഇപ്പോൾ നിഗൂഢമല്ല, അവ വിശ്വാസികൾക്ക് പാനീയമാണ്. അതുകൊണ്ടാണ്, തന്നിൽ വിശ്വസിക്കുകയും തന്റെ പ്രബോധനജലം പാനം ചെയ്യുകയും ചെയ്യുന്നവനിൽ നിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകുമെന്ന് നമ്മുടെ കർത്താവ് പറഞ്ഞത്. ദൈവവചനമാകുന്ന ഒരു കിണറ്റിൽ നിന്ന് കിണറുകളും ഉറവകളും അസംഖ്യം അരുവികളും രൂപപ്പെടുന്നു. അതുപോലെ, ദൈവത്തിന്റെ ച്ഛായയായ മനുഷ്യാത്മാവിൽ കിണറുകളും ഉറവകളും അരുവികളുമുണ്ട്. ആത്മാവിൽ നിന്ന് ഇവ ഉൽപ്പാദിപ്പിക്കാൻ ആത്മാവിന് കഴിവുണ്ട്.

നമ്മുടെ ആത്മാവിലെ കിണറുകൾ ആരെങ്കിലും കുഴിച്ച് മണ്ണുമാറ്റി വൃത്തിയാക്കുകയും ഉറവകൾ തെളിക്കുകയും ചെയ്യേണ്ടതുണ്ട്. അങ്ങനെ, ദൈവം ആത്മാവിൽ നിക്ഷേപിച്ചിരിക്കുന്ന ബൗദ്ധികശക്തികൾ സംശുദ്ധവും നിർമലവും അവികലവുമായ അരുവികൾ പുറപ്പെടുവിക്കാൻ ഇടയാകും. അബ്രഹാമിന്റെ ദാസന്മാർ കുഴിച്ച കിണറുകളിൽ ഫിലിസ്ത്യർ മണ്ണിട്ടുമൂടി. ആ കിണറുകളിലെ മണ്ണ് ഇസഹാക്ക് നീക്കി ഉറവ തെളിച്ചു (ഉൽപ. 26,15). "കിണറ്റിൻ കരയിൽ വച്ച് ഭാര്യയെ സ്വീകരിച്ചു" എന്നു പറഞ്ഞാൽ, "സജീവജലത്താൽ"അതായത്, "സജീവവചനത്താൽ" ആത്മാവ് പൂരിതമായി എന്നാണർഥം. "എന്റെ ഭാര്യയാകാൻ അവളെ ഞാൻ തേടി "എന്നു വിജ്ഞാനം പറയുന്നത് ഇതേപ്പറ്റിയാണ് (8,2).

നിരവധി കിണറുകളെപ്പറ്റി തിരുലിഖിതത്തിൽ പരാമർശം ഉണ്ടെങ്കിലും, ഈ കിണറിന് പ്രത്യേകതയുണ്ട്. ഇത് പ്രഭുക്കന്മാരും ജനനേതാക്കന്മാരും കുഴിച്ച കിണറാണ്. അക്കാരണത്താൽ ഈ കിണറ്റിൻ കരയിൽ വച്ച് ഗാനം ആലപിക്കുന്നു. അവിടേക്ക് ചെല്ലാൻ ജനത്തെ ആഹ്വാനം ചെയ്യുന്നു. ജനം പാനം ചെയ്യാൻ പ്രത്യേകതയുള്ള ഈ കിണറിനരികത്തേക്ക് ജനത്തെ കൊണ്ടുവരാൻ മോശയ്ക്ക്–നിയമത്തിന് –നിർദേശം ലഭിക്കുന്നു (സംഖ്യ 20,16). ഏതാണ് ആ കിണർ? "വന്നു കുടിക്കുവിൻ" എന്ന് ആഹ്വാനം ചെയ്യുന്ന ദൈവപുത്രനായ യേശുക്രിസ്തുവാണ് ആ കിണർ. അതായത്, ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് നിയമം നമ്മെ ക്ഷണിക്കുന്നു. "മോശ എന്നെപ്പറ്റി എഴുതിയിരിക്കുന്നു" എന്നു പറഞ്ഞതിന്റെ അർഥം ഇതാണ് (യോഹ.5,46).

 www.malankaralibrary.com

നാം ജീവജലം പാനം ചെയ്തിട്ട് ദൈവത്തെ പ്രകീർത്തിക്കാനാണിത്. നാം ഹൃദയം കൊണ്ട് വിശ്വസിക്കുന്നതിനും അധരം കൊണ്ട് ഏറ്റുപറഞ്ഞ് രക്ഷപ്രാപിക്കുന്നതിനും വേണ്ടിയാണിത് (റോമ.10,10). മോശ – നിയമം – ആണ് ജനത്തെ വിളിച്ചുകൂട്ടുന്നത്. പഴയ നിയമം തള്ളിക്കളഞ്ഞിട്ട്, അത് ക്രിസ്തോന്മുഖമായി ഗ്രഹിക്കാതെ, പുതിയ നിയമത്തിന്റെ തലവനായ ക്രിസ്തുവിനെ – ജീവജലത്തെ – സമീപിക്കാനാവില്ല. "പ്രഭുക്കന്മാരും ജനനേതാക്കന്മാരും" ആരാണ്? പ്രവാചകന്മാരും ശ്ലീഹന്മാരും. അവരാണ് കിണർ കുഴിച്ച് ചെത്തിമിനുക്കി, ഉറവ തെളിച്ചത്. അതുകൊണ്ടാണ് ഈ കിണറിന് ഇത്ര പ്രാധാന്യം. അതിനരികിലേക്കാണ് മോശ – നിയമം – ജനത്തെ ക്ഷണിക്കുന്നത്. ഈ കിണർ ജീവജലം നൽകുന്നതാണ്.

കുടിച്ചു തൃപ്തരായി ഈ കിണറിനെ പ്രകീർത്തിക്കുക. ഇതു നിറഞ്ഞു കവിയട്ടെ. കർത്താവിന്റെ മഹത്വം കൊണ്ട് പ്രപഞ്ചം നിറയട്ടെ. ‘‘നദിയിൽ നിന്നുള്ള തോടുപോലെയും ഉദ്യാനത്തിലേക്കുള്ള നീർച്ചാലു പോലെയും ഞാൻ ഒഴുകി. ഞാൻ എന്റെ ഉപവനം നനയ്ക്കുകയും തോട്ടം കുതിർക്കുകയും ചെയ്യുമെന്ന് ഞാൻ പറഞ്ഞു. ഇതാ എന്റെ തോട് നദിയായി, എന്റെ നദി സമുദ്രമായി"(പ്രഭാ.25,30–31).

ഇസ്രായേൽക്കാർക്ക് ദൈവം പാറയിൽ നിന്ന് വെള്ളം നൽകി. "ആ പാറ ക്രിസ്തുവാണ്. അവരെ അനുഗമിച്ച ആത്മീയ പാറയിൽ നിന്നാണ് അവർ കുടിച്ചത്" എന്ന് വി. പൗലോസ് ശ്ലീഹാ വ്യാഖ്യാനിക്കുന്നു, വെള്ളം പുറപ്പെടുവിച്ച ആ പാറ ക്രിസ്തുവാണെങ്കിൽ, പ്രഭുക്കന്മാരും ജനനേതാക്കന്മാരും–നിബിയന്മാരും ശ്ലീഹന്മാരും–അധികാരപൂർവം കുഴിച്ച ബേറിലെ നിറഞ്ഞുകവിയുന്ന കിണർ ക്രിസ്തുവിനെ കുറിക്കുന്നു. അവിടേയ്ക്ക് ജനത്തെ ആനയിക്കാനാണ് മോശയ്ക്ക് നിർദേശം ലഭിച്ചത്. അതായിരുന്നു മോശയുടെ ദൗത്യവും: "ദാഹിക്കുന്നവൻ എന്റെ പക്കൽ വന്നു കുടിക്കട്ടെ" എന്നു പറഞ്ഞ നാഥനെ പറ്റിയുള്ള പ്രവചനമാണ്, ‘‘ഞാൻ അവർക്ക് ജലം നൽകും"എന്നത്. ആ കിണർ നിറഞ്ഞു കവിയുന്നു. ലോകാതിർത്തികൾ വരെ വ്യാപിക്കുന്നു. അടുത്തു വരുന്നവരെല്ലാം അതിൽ നിന്നു കുടിച്ച് തൃപ്തരായി സ്തോത്രഗീതം ആലപിക്കുകയും ദൈവത്തിന് നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ മഹത്വം പ്രകീർത്തിക്കാനുള്ള ആഹ്വാനമാണ് നാമിവിടെ കാണുക. തികച്ചും നിഗൂഢതകൾ നിറഞ്ഞ ഒരു പ്രവചനമാണിത്. ഇതിന്റെ ചുരുളഴിക്കാൻ പ്രശസ്തനായ ഒരിജൻ പരിശുദ്ധാത്മശക്തിയാൽ പരിശ്രമിക്കുന്നു. നമുക്കും പാടാം:"കിണറേ, നിറഞ്ഞു കവിയുക" കർതൃമഹത്വത്താൽ പ്രപഞ്ചം നിറയട്ടെ. കർതൃകൃപയാൽ നാമെല്ലാം പൂരിതരാകട്ടെ.

# 11

## അമോര്യരെ കീഴ്പ്പെടുത്തുന്നത്

### (സംഖ്യ 21,21-24)

സംഖ്യാപുസ്തകത്തിന്റെ ഈ ഭാഗത്ത് അമോര്യരാജാവായ സീഹോനെ പരാജയപ്പെടുത്തിയ സംഭവം വിവരിക്കുന്നു. സീഹോന്റെ നാട്ടിൽ കൂടി കടന്നുപോകാൻ ഇസ്രായേൽക്കാർ അനുവാദം ചോദിച്ചു. എന്നാൽ സീഹോൻ അതനുവദിക്കാതെ ഇസ്രായേലിനെതിരെ യുദ്ധത്തിനു ചെന്നു. ഇസ്രായേൽക്കാർ അവനെ പരാജയപ്പെടുത്തി, അവന്റെ നാട് സ്വന്തമാക്കി. ഇതാണ് ചരിത്രപരമായ വിവരണത്തിന്റെ ചുരുക്കം. വാചികമായി മാത്രം മനസ്സിലാക്കിയാൽ, ഇത് എനിക്ക് എന്തു സന്ദേശമാണ് നൽകുക! ഇതിന്റെ ആന്തരികാർഥത്തിലേക്ക് ഒരിജൻ വിരൽ ചൂണ്ടുന്നു.

"ഫലശൂന്യമായ മരം", "വീമ്പടിക്കുന്നവൻ" എന്നൊക്കെ സീഹോൻ എന്ന വാക്കിന് അർഥമുണ്ട്. അമോര്യർ എന്നാൽ "കയ്പിലേക്ക് നയിക്കുന്നത്" എന്നർഥം. സീഹോൻ പിശാചിന്റെ സൂചന നൽകുന്നു. അവൻ ഫലശൂന്യനും അഹങ്കാരിയുമാണ്. അവൻ ഈ ലോകത്തിന്റെ അധികാരിയാണ്: "ഇതാ, ഈ ലോകത്തിന്റെ അധികാരി വരുന്നു. എങ്കിലും അവന് എന്റെമേൽ അധികാരമില്ല"എന്നും "ഇപ്പോൾ ഈ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും" എന്നും നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു (യോഹ.14,30; 12,31).

പിശാച് ഈ ലോകത്തിന്റെ അധികാരി ആയിരിക്കുന്നത് ലോകസ്രഷ്ടാവായതിനാലല്ല, പിന്നെയോ, ലോകത്തിലെ പാപികളുടെമേൽ അവന് ആധിപത്യം ഉള്ളതിനാലത്രേ. "ലോകം മുഴുവൻ ദുഷ്ടന്റെ ശക്തിവലയത്തിലാണ്" എന്ന് യോഹന്നാൻ പറയുന്നു (1യോഹ.5,19). പിശാച് തിന്മയുടെയും എല്ലാവിധ ദുഷ്ടതയുടെയും അധിപനാണ്. ഈ അർഥത്തിലാണ് അവൻ ലോകത്തിന്റെ അധിപനായിരിക്കുന്നത്.

 www.malankaralibrary.com

അവന്റെ ധിക്കാരവും വീമ്പുപറച്ചിലും അഹങ്കാരവും അസ്സീറിയാ രാജാവിലൂടെയും ബാബിലോണിയൻ രാജാവിലൂടെയും പുറത്തുവരുന്നു (ഏശാ. 10,13-14;14,13-14). അവനെപ്പറ്റിയാണ് തെസ്സലോനിക്യക്കാർക്കുള്ള രണ്ടാം ലേഖനത്തിൽ വിശുദ്ധ പൗലോസ് ശ്ലീഹാ സ്പഷ്ടമായി പ്രഖ്യാപിക്കുന്നത് (2,3-4). "ഈ ലോകം നിങ്ങളെ വെറുക്കും" എന്നു നമ്മുടെ കർത്താവ് പറഞ്ഞത് ഇവനെ പറ്റിയാണ്. ഇവനെപ്പോലെ വമ്പു പറയുകയും വീമ്പടിക്കുകയും അഹങ്കരിക്കുകയും ചെയ്യുന്നവർ അവന്റെ മക്കളോ, ശിഷ്യരോ, അവനെ അനുകരിക്കുന്നവരോ ആണ്. അവർക്കും പിശാചിനുള്ള ശിക്ഷാവിധി ലഭിക്കുമെന്ന് പൗലോസ് ശ്ലീഹാ മുന്നറിയിപ്പു നൽകുന്നു (1 തിമോ.3,6). "അരാജകത്വത്തിന്റെ അന്ധകാരശക്തി ഇപ്പോഴേ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു" (2 തെസ്സ.2,7). "ആധിപത്യങ്ങളെയു അധികാരികളെയും നമ്മുടെ കർത്താവ് നിരായുധരാക്കി. കുരിശിൽ അവയുടെമേൽ വിജയം ആഘോഷിച്ചു " (കൊളോ. 2,15). "സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തുനിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" എന്നും പൗലോസ് ശ്ലീഹാ പറയുന്നു (എഫേ.6,11.13). "നമ്മുടെ പോരാട്ടം മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിന്റെ അധിപന്മാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കും എതിരായിട്ടാണ് " (എഫേ.2,12).

എന്നാൽ നാം നമ്മുടെ മാമോദീസായുടെ അവസരം ചെയ്ത പ്രതിജ്ഞയിലൂടെ സാത്താനെ തള്ളിപ്പറഞ്ഞതാണ്: "സാത്താനേ, നിന്നെയും നിന്റെ സകല സൈന്യങ്ങളെയും നിന്റെ സകല ദൂതന്മാരെയും നിന്റെ എല്ലാ വഞ്ചനയെയും നിന്നെക്കുറിച്ചുള്ള എല്ലാ ഭയത്തെയും ഞാൻ ഉപേക്ഷിക്കുന്നു". ഇസ്രായേൽക്കാർ സീഹോനോട് പറഞ്ഞവ ഇതിന്റെ മുൻകുറിയാണ്: "രാജവീഥിയിലൂടെ മാത്രമേ നടക്കുകയുള്ളു. ഇടത്തോട്ടോ വലത്തോട്ടോ തിരിയുകയില്ല. വയലുകളിൽ നിന്ന് ഒന്നും എടുക്കുകയില്ല, നിന്റെ നാട്ടിലെ വെള്ളം കുടിക്കയില്ല". എന്താണ് ഇതിന്റെ അർഥം? ദൈവഭക്തിക്ക് ചേരാത്ത മന്ത്രവാദം, ക്ഷുദ്രം, ജാതകം, ലക്ഷണം നോട്ടം, മഷിയിടീൽ തുടങ്ങിയവയൊന്നും വിശ്വാസി സ്വീകരിക്കുകയില്ല. രക്ഷയുടെ ഉറവയിൽ നിന്ന്, ഇസ്രായേലിന്റെ ഉറവയിൽനിന്നു മാത്രമേ ദൈവജനം കുടിക്കുകയുള്ളു. അബദ്ധോപദേശകരുടെ ഭക്ഷണപാനീയങ്ങൾ സ്വീകരിക്കയില്ല. "ഞാനാണ്

വഴിയും സത്യവും ജീവനും" എന്നു പറഞ്ഞവനാണ് രാജപാത (യോഹ.14,6). പിശാചിന്റെ അധീനതയിൽ കഴിയുന്ന അവിശ്വാസികൾ സംസാരിക്കും, പക്ഷേ അവർ പുലമ്പുന്നത് അർഥശൂന്യമായവ ആയിരിക്കും. ദൈവമക്കളെ സംബന്ധിച്ച് "ദൈവരാജ്യം വാക്കുകളിലല്ല, പ്രവൃത്തിയിലത്രേ" (1കൊരി.4,20).

സമാധാനപരമായി തീർഥകരെപ്പോലെ ഈ ലോകത്തിലൂടെ കടന്നുപോകാൻ നാം ആഗ്രഹിക്കുന്നു. ക്രിസ്തുവിന്റെ കൊടിക്കീഴിൽ കടന്നുപോകാൻ സാത്താൻ അനുവദിക്കുന്നില്ല. അവനിൽ നിന്ന് നാം യാതൊന്നും സ്വീകരിക്കാത്തതിനാൽ, അവൻ കൂടുതൽ ക്രുദ്ധനാകുകയും പീഡനങ്ങൾ ഇളക്കിവിടുകയും ചെയ്യുന്നു. "സീഹോൻ ഇസ്രായേലിനെതിരെ യുദ്ധത്തിനു വന്നു" എന്നു പറയുന്നതിന്റെ അർഥമിതാണ്. ദുഷ്ടതയുടെ നായകന്മാരാണ് സീഹോന്റെ സൈന്യം.

എന്നാൽ നാം കൽപ്പനകൾ പാലിച്ചാൽ (ഇസ്സാറിൽ എത്തിയാൽ) നാം ദുഷ്ടനെ പരാജയപ്പെടുത്തും (സംഖ്യ 21,23). നമ്മുടെ ദൈവം നമുക്കുവേണ്ടി പൊരുതി, പിശാചിനെ നമ്മുടെ കാൽക്കീഴിലാക്കി തകർത്തുകളയും (റോമ.1 6,20). ശത്രുവിന്റെ എല്ലാ ശക്തികളുടെയും മീതേ ചവിട്ടി നടക്കാൻ അവിടുന്ന് നമുക്ക് അധികാരം തന്നിരിക്കുന്നു (ലൂ.10,19). അവ നമ്മെ ഉപദ്രവിക്കയില്ല.

സീഹോനെ പരാജയപ്പെടുത്തി ഇസ്രായേൽക്കാർ ആ നാട് കൈവശപ്പെടുത്തി. സാത്താനെ പരാജയപ്പെടുത്തി, ക്രിസ്തുവിന്റെ സഭ ലോകം മുഴുവൻ വ്യാപിക്കുന്നതിനെ ഇത് സൂചിപ്പിക്കുന്നു. സീഹോന്റെ നഗരങ്ങളെല്ലാം സഭയുടെ നഗരങ്ങളായി. ചിന്താലോകത്തെ പിശാച് കീഴ്പ്പെടുത്തി വച്ചിരുന്നു. ഹെഷ്ബോണെ (ചിന്തകളെ) കീഴടക്കിയപ്പോൾ, പിശാചിന്റെ ഏറ്റവും ശക്തിമത്തായ പ്രവർത്തനമേഖല സഭാമക്കൾ കീഴടക്കി എന്നർഥം. ഈ നഗരത്തെ ചുട്ടു ചാമ്പലാക്കി. "ഞാൻ ലോകത്തിൽ തീയിടാൻ വന്നിരിക്കുന്നു" എന്നു പറഞ്ഞ അഗ്നികൊണ്ട് ചുട്ടുനശിപ്പിച്ചു (ലൂ. 12,49). പിന്നീട് ഇസ്രായേൽ ആ നഗരം പുതുക്കി പണിതു. ദുഷ്ടത നീക്കിയശേഷം സദ്വിചാരങ്ങളാലും സദുപദേശങ്ങളാലും സുകൃതചിന്തകളാലും സത്യപ്രബോധനത്താലും മനസ്സ് നിറച്ച് സഭാമക്കൾ നഗരം പണിയുന്നു. മതസംബന്ധമായ സംഗതികൾ പഠിപ്പിക്കുന്നു, ജീവിതമാതൃക വരച്ചു കാട്ടുന്നു. ധാർമികചിന്തകൾ വളർത്തുന്നു, സഭയിലെ നടപടിക്രമങ്ങൾ പരിശീലിപ്പിക്കുന്നു.

 www.malankaralibrary.com

ജറമിയായോട് കർത്താവ് പറഞ്ഞത് ഇതേപ്പറ്റിയാണ്: "പിഴുതെറിയാനും ഇടിച്ചു തകർക്കാനും നശിപ്പിക്കാനും തകിടം മറിക്കാനും നട്ടു വളർത്താനും വേണ്ടി ജനതകളുടെയും രാജ്യങ്ങളുടെയും മേൽ നിന്നെ ഞാൻ അവരോധിച്ചിരിക്കുന്നു"(1,10). അഭക്തവും അശുദ്ധവുമായ ചിന്തകളും വ്യാപാരങ്ങളും ജീവിതരീതികളും പിഴുതെറിഞ്ഞിട്ട്, ഭക്തിനിർഭരവും സംശുദ്ധവുമായ ചിന്തകളും ജീവിതരീതികളും ജനഹൃദയങ്ങളിൽ നട്ടുവളർത്താൻ സഭാമക്കൾ വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ ഹെഷ്ബോണിൽ ഒരു നവനഗരം പണിതുയർത്തപ്പെടുന്നു. സീഹോന്റെ രാജ്യം പിടിച്ചെടുത്തതിനെപ്പറ്റി ദാർശനികർ പാടി എന്നാണ് പറയുന്നത്. നിയമവും പ്രവാചകന്മാരുമാണ് ഈ ദാർശനികർ. അവർ നിഗൂഢമായും ഉപമാമയമായും സൂചനാപരമായും അവ്യക്തമായും ഈ കാര്യങ്ങൾ സംസാരിച്ചിരിക്കുന്നു (സങ്കീ.78,2; മത്താ.13,35; ഏശാ.29,11-12).

തുടർന്നു വരുന്നത് ബാഷാൻ രാജാവായ ഓഗിനെ കീഴ്പ്പെടുത്തിയ കാര്യമാണ്. അതുപോലെ കനാന്യരായ വിവിധ രാജാക്കന്മാരെ കീഴ്പ്പെടുത്തി, ആട്ടിയോടിച്ച് അവിടെയെല്ലാം ഇസ്രായേൽക്കാർ വാസമുറപ്പിച്ചു. ഇവയെല്ലാം മേൽപ്പറഞ്ഞ രീതിയിൽ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ആത്മീയപുരോഗതി തടസ്സപ്പെടുത്തുന്ന ജഡികവും ഭൗമികവുമായ പദാർഥങ്ങളെ ഓഗ് സൂചിപ്പിക്കുന്നു. ബാഷാൻ എന്നാൽ ധാർമികമായി മന്ദോഷ്ണമുള്ള അവസ്ഥ എന്നർഥം. ദൈവത്തിൽ നിന്ന് മനുഷ്യനെ അകറ്റുന്നവയെ ഇവ സൂചിപ്പിക്കുന്നു. അവയെ സമ്പൂർണമായി നശിപ്പിക്കാനാണ് കൽപ്പന. സീഹോനെയും ഓഗിനെയും കീഴ്പ്പെടുത്തിയ കാര്യം ഇസ്രായേലിൽ സജീവമായി നിലനിന്നു. സങ്കീർത്തകൻ ഇക്കാര്യം രണ്ടിടത്ത് അനുസ്മരിക്കുന്നു (135,11-12;136,17-22). അക്കാരണത്താൽ തന്നെ ഇത് പ്രവൃത്തികളിൽ കൂടിയുള്ള പ്രവചനമായി മനസ്സിലാക്കാം. പുതിയ നിയമത്തിലെ ദൈവദാസന്മാർ ധരയിൽനിന്ന് ദുഷ്ടത നീക്കി സത്യം നട്ടുപിടിപ്പിക്കുന്നതിന്റെ ഒരു സൂചനയും നിഴലും ഇതിൽ ദൃശ്യമാണ്.

# 12

## ബാലാമിന്റെ പ്രവചനം (സംഖ്യ 22,-24)

മോവാബ് രാജാവായ ബാലാക് ഇസ്രായേൽക്കാരുടെ വരവിനെ പറ്റി കേട്ടു ഭയപ്പെട്ട്, പൗരസ്ത്യദേശത്തുനിന്ന് സിപ്പോറിന്റെ മകൻ ബാലാമിനെ തന്റെ നാട്ടിലേക്ക് വരുത്തി, ഇസ്രായേൽക്കാരെ ശപി ക്കാൻ അപേക്ഷിച്ചു. എന്നാൽ കർതൃനിർദേശാനുസൃതം, ശപിക്കുന്ന തിനു പകരം ബാലാം അവരെ അനുഗ്രഹിച്ചു. ഈ ഭാഗത്താണ്, "യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും, ഇസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും" എന്ന സുപ്രസിദ്ധമായ പ്രവചനമുള്ളത് (സംഖ്യ 24,17).

ബലാമുമായി ബന്ധപ്പെട്ട സംഗതികൾ നിഗൂഢതകൾ നിറഞ്ഞവ യാണ്. അത് മൊത്തത്തിൽ പ്രവചനമാണ്. എല്ലാം വിശദീകരിക്കാനും പ്രയാസമാണ്. ഇസ്രായേൽക്കാർ സൈന്യബലത്തേക്കാൾ പ്രാർഥന കൊണ്ടാണ് തങ്ങളുടെ ശത്രുക്കളെ കീഴ്പ്പെടുത്തുന്നതെന്ന് മനസ്സി ലാക്കിയ ബാലാക് പ്രശസ്ത മാന്ത്രികനായ ബാലാമിനെ പൗരസ്ത്യ ദേശത്തുനിന്ന് വരുത്തി.

ആദ്യം തടഞ്ഞെങ്കിലും, "ദൈവപ്രചോദിതമായവ മാത്രമേ പറയൂ" എന്ന ഉറപ്പിൽ ബാലാക്കിന്റെ അടുത്തേക്ക് പോകാൻ ദൈവം ബാലാ മിനെ അനുവദിച്ചു. എന്നിട്ടും ദൈവദൂതൻ മാർഗമധ്യേ അവനെ തട ഞ്ഞുനിർത്തി. ബാലാം ഇസ്രായേലിനെ അനുഗ്രഹിക്കയല്ലാതെ ശപി ച്ചില്ല. മീക്കാ പ്രവാചകനിലൂടെ ഈ കാര്യം ദൈവം ഇസ്രായേലിനെ അനുസ്മരിപ്പിക്കുന്നു ( 6,3-5). ദൈവം ബാലാമിനു പ്രത്യക്ഷനായി, തന്റെ വചനം അവന്റെ നാവിൽ നിക്ഷേപിച്ചു, ദൈവാത്മാവ് അവന്റെ മേൽ ആവസിച്ചു. അവന് ദൈവദർശനമുണ്ടായി, അതും ഒന്നിലേറെ

 www.malankaralibrary.com

പ്രാവശ്യം. അവൻ ദൈവഹിതാനുസൃതം പ്രവർത്തിക്കുകയും ചെയ്തു (സംഖ്യ, 23,4-5.24,2).

"ദൈവം ശപിക്കാത്തവനെ ഞാനെങ്ങനെ ശപിക്കും? കർത്താവ് ഭത്സിക്കാത്തവനെ ഞാനെങ്ങനെ ഭത്സിക്കും? (സംഖ്യ, 23,8). സംഖ്യ 23,10 പുതിയ ഇസ്രായേലിനെ പറ്റിയാണ്. ഈ പുതിയ ഇസ്രായേൽ ക്രിസ്തുവാണ്.

" യാക്കോബിൽ അവിടുന്ന് തിന്മ കണ്ടില്ല.

ഇസ്രായേലിൽ ദുഷ്ടത ദർശിച്ചതുമില്ല.

...രാജാവിന്റെ അട്ടഹാസം അവരുടെ ഇടയിൽ മുഴങ്ങുന്നു...

ഇതാ ഒരു ജനം! സിംഹിയെപ്പോലെ അതുണരുന്നു.

സിംഹത്തെപ്പോലെ അതെഴുന്നേൽക്കുന്നു" (23,21-24).

ഇത് ക്രിസ്തുവിനെ പറ്റിയാണ്. കുരിശിൽ കിടന്നുകൊണ്ട് "ഇതാ, എല്ലാം പൂർത്തിയായിരിക്കുന്നു" എന്ന അവന്റെ അട്ടഹാസം ദിഗന്ത ങ്ങളിൽ മുഴങ്ങുന്നു. അവൻ കല്ലറയിൽ നിന്ന് ഉയിർത്തെഴുന്നേറ്റതും ബാലാം ദർശിച്ചു:

"അവന്റെ രാജ്യം മഹത്വമണിയും".(24,7).

"ഞാൻ അവനെ കാണുന്നു. എന്നാൽ ഇപ്പോഴല്ല.

ഞാൻ അവനെ ദർശിക്കുന്നു. എന്നാൽ അടുത്തല്ല.

യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും. ഇസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും.

ഭരണം നടത്താനുള്ളവൻ യാക്കോബിൽ നിന്നു വരും"(24,17-19).

''നിന്നെ അനുഗ്രഹിക്കുന്നവൻ അനുഗൃഹീതൻ. നിന്നെ ശപിക്കു ന്നവൻ ശാപഗ്രസ്തൻ" (24,9). ഇതും ക്രിസ്തുവിനെ പറ്റിയാണ്. ക്രിസ്തുവിന്റെ പീഡാസഹനവും മഹത്വീകരണവും ദൈവരാജ്യവു മൊക്കെ നിഗൂഢശൈലിയിൽ ബാലാം അവതരിപ്പിക്കാൻ ശ്രമിക്കുന്നു.

യാക്കോബിൽ നിന്നുള്ള നക്ഷത്രത്തെപ്പറ്റി ബാലാമിൽ നിന്ന് പൗരസ്ത്യ ദേശത്തുള്ള വിദ്വാന്മാർക്ക്-ബാലാമിന്റെ കുടുംബത്തിലു ള്ളവർക്കോ, ശിഷ്യഗണത്തിനോ-അറിവുണ്ടായിരുന്നു. അതിന്റെ വെളി

ച്ചത്തിലത്രേ ക്രിസ്തുവിന്റെ ജനനസമയത്ത് വഴികാട്ടിയ നക്ഷത്ര ത്തിന്റെ പിന്നാലെ പൗരസ്ത്യവിദ്വാന്മാർ ശിശുവിനെ തേടി ഇറങ്ങി ത്തിരിച്ചത്. ഈ നക്ഷത്രം ശിശുവിന്റെ ദൈവത്വത്തെ സൂചിപ്പിക്കുന്നു.

ഈ ചെങ്കോൽ ദുഷ്ടശക്തികളായ മോവാബ്യരെ തകർക്കും (എഫേ. 6,12). അവരെ തന്റെ കുരിശിൻ കീഴിലമർത്തും (കൊളോ.2,15). വിരുദ്ധശക്തികളെ നിരായുധരാക്കിയശേഷം കൊള്ളമുതലായ ശേത്തിന്റെ സന്തതികളുമായി അവൻ മഹത്വമണിയും (എഫേ. 4,8). നാശത്തിനായി പിടിച്ചുവച്ചിരുന്ന മനുഷ്യകുലത്തെ അവൻ പിടിച്ചെ ടുത്ത് തടവറയിൽ നിന്നു വിടുവിക്കുമെന്നർഥം.

വിവിധജനപദങ്ങളെ തകർക്കുന്ന കാര്യവും വിവരിക്കുന്നു (സംഖ്യ 24,18-22). അവയെല്ലാം ആത്മീയ പോരാട്ടത്തെ കുറിക്കുന്നതായി മന സ്സിലാക്കണം. സംഖ്യാപുസ്തകത്തിലെ ഈ പ്രവചനം വളരെ പ്രധാ നപ്പെട്ടതാണ്. ഇത് പൂർണമായും ക്രിസ്തുവിനെ ദർശിച്ചുകൊണ്ടു ള്ളതാണ്. ഇസ്രായേൽക്കാർ മൂന്നധ്യായങ്ങൾ ഇതിനായി മാറ്റിവച്ച തിൽ നിന്നുതന്നെ ഇതിന്റെ പ്രാധാന്യം മനസ്സിലാക്കാം. എന്നാൽ ഇതിലെ സമസ്തവിശദാംശങ്ങളും വിശദീകരിക്കുക വിഷമകരമായ സംഗതിയാണ്.


www.malankaralibrary.com

# 13
# ബേൽഫെഗോറിലെ വിഗ്രഹാരാധന
## (സംഖ്യ 25,1-9)

ഇസ്രായേൽക്കാർ ഷിത്തീമിൽ എത്തിയപ്പോൾ, മോവാബ്യസ്ത്രീകളുമായി വേഴ്ച നടത്തി. അവരുടെ പ്രേരണയാൽ മോവാബ്യദേവന്മാരെ ആരാധിക്കുകയും ബലികളിൽ പങ്കെടുക്കുകയും അവരോടു ചേർന്നു ഭക്ഷിക്കുകയും പേയോറിലെ ബാലിനു സേവ ചെയ്യുകയും ചെയ്തു. അവർക്കെതിരെ കർത്താവിന്റെ കോപം ഉജ്ജ്വലിച്ചു.

ദൈവിക ഇടപെടൽ ബാലാം ഇസ്രായേൽക്കാരെ ശപിക്കാതെ അനുഗ്രഹിച്ചു. എന്നാൽ പിന്നീട്, ബാലാക്കിനെ പ്രസാദിപ്പിക്കാനായി ഒരു സൂത്രം പറഞ്ഞുകൊടുത്തു. ഇസ്രായേൽക്കാർ യുദ്ധങ്ങൾ ജയിക്കുന്നതും ശത്രുക്കളെ കീഴ്പ്പെടുത്തുന്നതും തങ്ങളുടെ കഴിവുകൊണ്ടല്ല, പിന്നെയോ, തങ്ങൾ ആശ്രയിക്കുന്ന ദൈവത്തിന്റെ ശക്തികൊണ്ടാണ്. അവരെ കീഴ്പ്പെടുത്താൻ സൈന്യശക്തി ആവശ്യമില്ല, അവരുടെ ദൈവത്തിൽ നിന്ന് അകറ്റുക എന്ന ഒറ്റ സംഗതി മതി. അതിന് സുന്ദിരികളായ യുവതികളെ ഇറക്കിവിടുക, അവരുടെ സൗന്ദര്യത്തിൽ ഇസ്രായേൽ പുരുഷന്മാർ വീഴും. വേഴ്ച നടത്തുന്നതിനു മുമ്പ് ബലികളിൽ പങ്കെടുക്കുമെന്നും ബാലിന് സമർപ്പിക്കുമെന്നും പ്രതിജ്ഞ ചെയ്യിക്കണം, അതിനു ശേഷമേ അടുപ്പിക്കാവൂ. അതോടുകൂടി അവരുടെ ദൈവം രോഷാകുലനായി അവരെ തള്ളും, അപ്പോൾ അവർ പരാജിതരാകും.

ബാലാം ഇപ്രകാരം ഉപദേശിച്ചെന്ന് സംഖ്യ 31,16-ലും വെളിപാട് 2,14-ലും സൂചനയുണ്ട്. അയാളുടെ ദുരുപദേശമാണ് ഇസ്രായേലിനെ വ്യഭിചാരത്തിനും വിഗ്രഹാരാധനയ്ക്കും പ്രേരിപ്പിച്ചത്. സംഗതി ബാലാം പറഞ്ഞതുപോലെ നടന്നു. മിദിയാന്യസ്ത്രീകളുടെ സൗന്ദ

ര്യത്തിൽ ആകൃഷ്ടരായി ഇസ്രായേൽക്കാർ പാപം ചെയ്ത് ദൈവത്തെ മറന്നുകളഞ്ഞു. അപ്പോൾ കർതൃകോപം ജ്വലിച്ചു. ജനത്തിന്റെ തലവന്മാരെ പരസ്യമായി തൂക്കിലേറ്റാൻ മോശയ്ക്കു നിർദേശം ലഭിച്ചു.

തുടർന്ന്, ഒരു ഇസ്രായേൽക്കാരൻ ഒരു മിദിയാന്യസ്ത്രീയെ പരസ്യമായി തന്റെ കൂടാരത്തിനുള്ളിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നതും പിറകേ കയറിയ ഫിനഹാസ് കുന്തത്താൽ ഇരുവരെയും കൊന്നതും അവരുടെ ഇടയിൽ പൊട്ടിപ്പുറപ്പെട്ടിരുന്ന മഹാമാരി അതോടുകൂടി നിലച്ചതും വിവരിക്കുന്നു.

വ്യഭിചാരപ്പിശാച് മനുഷ്യരെ കടന്നാക്രമിക്കാൻ പരിശ്രമിക്കും. എന്നാൽ നാം ദൈവത്തിന്റെ ആയുധം ധരിച്ചാൽ, അവന് നമ്മെ കീഴ്പ്പെടുത്താനാവില്ല. എഫേസോസുകാർക്കുള്ള ലേഖനത്തിൽ(6,10-17) നാം ധരിക്കേണ്ട ആയുധങ്ങളെപ്പറ്റി പൗലോസ് ശ്ലീഹാ പറയുന്നു. പാപത്തിന്റെ അധിപന്മാരായ ദുരാത്മാക്കൾക്കെതിരായിട്ടാണ് നമ്മുടെ പോരാട്ടം."സത്യം കൊണ്ട് അര കെട്ടുവിൻ, നീതിയുടെ കവചം ധരിച്ച് ഉറച്ചു നിൽക്കുവിൻ, സമാധാന സുവിശേഷത്തിനുള്ള ഒരുക്കമാകുന്ന പാദരക്ഷ ധരിക്കുവിൻ, വിശ്വാസത്തിന്റെ പരിച എടുക്കുവിൻ, രക്ഷയുടെ പടത്തൊപ്പി അണിയുവിൻ, ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുവിൻ". തിന്മയുടെ ദുരാത്മാക്കൾ ആരെ വിഴുങ്ങേണ്ടു എന്നന്വേഷിച്ച് അലറിപ്പായുന്ന സിഹത്തെപ്പോലെ ചുറ്റിനടക്കുന്നു. ഒന്നിനെ പുറത്താക്കി ഭവനം അടിച്ചുവാരി സംശുദ്ധമാക്കുമ്പോൾ, ഏഴെണ്ണത്തേയും കൊണ്ട് തിരികെ വരാൻ അവൻ ശ്രമിക്കും. ഉപവാസവും പ്രാർഥനയും കൊണ്ടുമാത്രമേ ഇവ എന്നേക്കുമായി വിട്ടുപോകുകയുള്ളു. നാം മേൽപ്പറഞ്ഞ ആയുധങ്ങൾ ധരിക്കാതിരുന്നാൽ, അവ ദൂരെയെറിഞ്ഞാൽ, ദുഷ്ടൻ നമ്മെ മുറിവേൽപ്പിക്കുകയും ദുഷ്ടക്കൂട്ടങ്ങൾ നമ്മെ വരിഞ്ഞു മുറുക്കി അടിമകളാക്കുകയും ചെയ്യും. അപ്പോൾ ദൈവകോപം നമ്മെ ഇവിടെയും അവിടെയും ശിക്ഷിക്കും.

ഏതെല്ലാം തരത്തിലാണ് പിശാച് നമ്മെ പ്രലോഭിപ്പിക്കുന്നത്? ഇസ്രായേൽക്കാർക്ക് സുന്ദരികളായ യുവതികളുടെ രൂപത്തിൽ അവൻ കാണപ്പെട്ടു. അവർ പിശാചിന്റെ കെണിയിൽ വീഴുകയും ചെയ്തു. ഇത് ഒരു കെണി മാത്രം. ഇതുപോലെ നിരവധി കെണികളും തന്ത്രങ്ങളും കൂരമ്പുകളും അവന്റെ പക്കലുണ്ട്. നീതി, ഭക്തി, വിവേകം തുടങ്ങിയവയ്ക്കെല്ലാം എതിരെ അവൻ കെണികൾ നിരത്തും.

ആഡംബരഭ്രമം, വിഷയാസക്തി, അത്യാഗ്രഹം, അഭക്തി തുടങ്ങി എല്ലാ തിന്മകളും നമ്മെ പരാജയക്കുഴിയിൽ നിപതിപ്പിക്കും. നമ്മുടെ മുമ്പിൽ ഇടർച്ചക്കല്ല് നിരത്തുകയാണ് ദുഷ്ടന്റെ പദ്ധതി. അപ്രകാരം ഇടർച്ച ക്കല്ല് നിരത്തുന്നവരൊക്കെ ബാലാമിന്റെ പ്രബോധനം മുറുകെ പിടി ക്കുന്നവരാണ്. തെറ്റായ ഉപദേശം നൽകൽ, വ്യഭിചാരത്തിലേക്കും അധാർമികപ്രവൃത്തികളിലേക്കും നയിക്കാൻ പ്രേരിപ്പിക്കൽ ആദിയാ യവയെല്ലാം ഇതിൽ പെടും. വ്യഭിചാരവും വേശ്യാവൃത്തിയും "ദൈവ ത്തിന്റെ ആലയത്തെ" അശുദ്ധമാക്കുന്ന തിന്മകളാണ്. വചനമായ ദൈവ വുമായി ഏകാത്മാവായി തീർന്ന മനുഷ്യത്മാവ് വഴിപിഴച്ച് തിന്മയ്ക്ക് അടിമപ്പെടുന്നത് പൊതുവായി വ്യഭിചാരം എന്നു പറയാം. തിരുലി ഖിതത്തിൽ വിഗ്രഹാരാധനയെ കുറിക്കാൻ "വ്യഭിചാരം" എന്ന പദം പരക്കെ ഉപയോഗിച്ചിട്ടുണ്ട്. ദൈവവചനത്തോട് ഒട്ടിച്ചേർന്നു നിന്ന്, അവിടുത്തെ സ്വരം ശ്രവിക്കയും സ്വീകരിക്കുകയും ചെയ്യുന്ന ആത്മാ വിന് വചനത്തിന്റെ സംരക്ഷണം സുനിശ്ചിതമാണ്. ഇപ്രകാരം ജീവി ക്കുന്ന ആത്മാവ് ഉൽപ്പാദിപ്പിക്കുന്നത് അനുഗൃഹീത സന്താനങ്ങളെ ആയിരിക്കും. നീതി, ക്ഷമ, ശാന്തത, സ്നേഹം തുടങ്ങിയ സുകൃതങ്ങ ളെല്ലാമാണ് ആ സന്താനങ്ങൾ. എന്നാൽ പിശാചിനാൽ വഞ്ചിതമായി, ദൈവവചനത്തെ വിട്ട് പിശാചിന്റെ കെണിയിൽ പെട്ട് വ്യഭിചരിച്ചാൽ – മാർഗഭ്രംശം സംഭവിച്ചാൽ – ആ ആത്മാവ് ജനിപ്പിക്കുന്നത് ദുഷ്ട സന്തതികളെ ആയിരിക്കും.

നമ്മുടെ വാക്കുകളിലൂടെയും ചെയ്തികളിലൂടെയും നാം സന്താ നങ്ങളെ ജനിപ്പിക്കുന്നു. നിയമവും ദൈവവചനവും അനുസരിച്ച് ജനി പ്പിക്കുന്ന സന്തതികൾ രക്ഷാകരമായ ഫലങ്ങളായിരിക്കും. ആ ഫല ങ്ങളിലൂടെ ആ ആത്മാവ് രക്ഷിക്കപ്പെടും (1തിമോ.2,15). അവരാണ് മേശയ്ക്കു ചുറ്റുമുള്ള ഒലിവുതൈകൾ (സങ്കീ.128,3). എന്നാൽ ദുഷ്ടാ ത്മാവിനാൽ ഗർഭം ധരിച്ച് പ്രസവിക്കുന്ന ഫലങ്ങൾ ദുഷ്ടസന്തതിക ളായിരിക്കും. അത് പാപത്തിന്റെ സന്തതികളെയായിരിക്കും പുറപ്പെടു വിക്കുക. അതുകൊണ്ട് ശാപാർഹമായ ഒന്നും ജനിപ്പിക്കാതിരിക്കാൻ നാം സർവാത്മനാ ശ്രദ്ധിക്കണം. പ്രവർത്തിച്ചില്ലെങ്കിലും പ്രവർത്തി ക്കാൻ ആഗ്രഹിച്ച് തീരുമാനിക്കുന്നതും ശാപാർഹമാണ്.

അത്തരം ശാപാർഹരായ സന്തതികളെ പിടിച്ച് പാറമേൽ അടി ക്കണം എന്ന് സങ്കീർത്തനം ഉപദേശിക്കുന്നു (137,8-9). നിന്ദ്യമായവ വച്ചുപുലർത്തരുത്. ആ ശിശു വളർന്ന് വലുതാകും. അതിനെ പാറ

യിൽ അടിച്ച് ഉടനെ നശിപ്പിക്കണം. ആ പാറ ക്രിസ്തുവാകുന്നു (1 കൊറി.10,4). ദുഷ്ടന്റെ പ്രേരണയാൽ ഉയർന്നുവരുന്ന ഉപദ്രവകരമായ ദുരാശകളെ ഉടനെതന്നെ പിടിച്ച്, പാറമേൽ അടിക്കണം. അതായത്, ക്രിസ്തുവിന്റെ പക്കൽ എത്തിക്കണം. ഭീതികരമായ ന്യായാസനത്തിൻ മുമ്പിലെത്തുമ്പോൾ, അവ മങ്ങിമറഞ്ഞ് നശിച്ചുപോകും.

കർത്താവുമായി സംയോജിക്കുന്നവൻ അവനുമായി ഏകാത്മായി തീരുന്നു. വേശ്യയുമായി വേഴ്ച നടത്തുന്നവൻ അവളുമായി ഏകശരീരമായി തീരുന്നു (1കൊറി,6,16-17). അതായത്, വചനം, വിജ്ഞാനം, സത്യം, നീതി എന്നീ സുകൃതങ്ങളുമായി ചേരുന്നവൻ ക്രിസ്തുവുമായി ഏകാത്മാവായി തീരുന്നു. ഈ സുകൃതങ്ങളെ ക്രിസ്തു എന്നു വിളിക്കുന്നു. ഇവയ്ക്കെതിരെയുള്ള എല്ലാ തിന്മകളെയും വേശ്യയെന്നു വിളിക്കുന്നു. കർത്താവുമായി ചേരുന്നവൻ വിജ്ഞാനത്തോടും നീതിയോടും ഭക്തിയോടും സത്യത്തോടും ചേർന്ന് അവയുമായി ഏകാത്മാവായി തീരുന്നു. എന്നാൽ വേശ്യയോട് ചേരുന്നവൻ അഭക്തി, ദുഷ്ടത, നുണ, കാപട്യം എന്നിവയുമായി ചേർന്ന് ഏകശരീരമായി തീരുന്നു.

വിഗ്രഹങ്ങൾക്ക് അർപ്പിച്ചവയിൽ ആഹാരം മാത്രമല്ല, വാക്കുകളും ഉൾക്കൊള്ളുന്നു. താത്വികരുടെ പ്രബോധനങ്ങളിൽ ചിലത് വിഗ്രഹാർപ്പിതമാണ്. ഭക്തിയും നീതിയും സത്യവും പഠിപ്പിക്കുന്നവ ദൈവസമർപ്പിതമാണ്. എന്നാൽ അശുദ്ധി, അനീതി, അഭക്തി ആദിയായവ പ്രചരിപ്പിക്കുന്നവ വിഗ്രഹാർപ്പിതമാണ്. അറിവിൽ തികഞ്ഞവർക്ക് അത്തരം കൃതികൾ നാശഹേതുക്കൾ അല്ലായിരിക്കാം. എന്നാൽ ബലഹീനരുടെ മനസസാക്ഷിയെ പരിഗണിച്ച് അവയിൽ നിന്ന് അകന്നിരിക്കുന്നതാണ് ഉചിതം. നാം നമ്മുടെ കാര്യം മാത്രം പരിഗണിച്ചാൽ പോരാ, മറ്റുള്ളവരെയും പരിഗണിക്കണം.

സോളമൻ അനേകം ഭാര്യമാർക്ക് തന്നെത്തന്നെ സമർപ്പിച്ചു (പ്രഭാ.47,19). അനേകം "ഭാര്യമാർ" എന്നാൽ വിവിധ പ്രബോധനങ്ങളും തത്വശാസ്ത്രങ്ങളും എന്നർഥം. മഹാജ്ഞാനി ആയിരുന്നെങ്കിലും, ദൈവിക നിയമത്തിനുള്ളിൽ നിലനിൽക്കാൻ സോളമനു കഴിഞ്ഞില്ല. ആ സ്ത്രീകൾ അവനെ വഴിതെറ്റിച്ചു. മോവാബ്യരുടെയും അമോന്യരുടെയും മറ്റു പലരുടെയും വിഗ്രഹങ്ങൾക്ക് അവൻ ബലിയർപ്പിച്ചു. അവരുടെ തത്വശാസ്ത്രങ്ങൾ അവനെ വഴിതെറ്റിച്ചു (1 രാജാ.11,7-8).

 www.malankaralibrary.com

നിരവധി പ്രബോധനങ്ങൾ പരിചയപ്പെടുന്നതും ഇടപഴകുന്നതും നല്ല കാര്യമാണ്. എന്നാൽ സത്യത്തിന്റെ നിയമത്തിൽ നിന്നു വഴുതി മാറാതിരിക്കുക മഹനീയ സംഗതിയത്രേ. "അറുപതു രാജ്ഞിമാരും എൺപതു വെപ്പാട്ടികളും എണ്ണമറ്റ കന്യകമാരുമുണ്ട്. എന്നാൽ എന്റെ മാടപ്രാവ്, എന്റെ പൂർണവതി, ഒരുവൾ മാത്രം. അവൾ അവളുടെ അമ്മയുടെ ഏകമകളാണ്. അവളെ വഹിച്ചവൾക്ക് അവൾ ഒരേയൊരു മകളാണ്"(ഉത്തമ.6,8-9).

മിദിയാൻകാർ, പ്രത്യേകിച്ച് സ്ത്രീകൾ ആരാധിച്ചിരുന്ന ഒരു മ്ലേച്ഛ വിഗ്രഹമാണ് ബേൽഫെഗോർ. എല്ലാത്തരം നിന്ദ്യമ്ലേച്ഛവിഗ്രഹങ്ങളെയും ഈ പേരുകൊണ്ട് വിളിക്കാം. ആരെങ്കിലും മ്ലേച്ഛമായവയിലേക്ക് തിരിഞ്ഞാൽ, അയാൾ ഈ വിഗ്രഹത്തിന് തന്നെത്തന്നെ സമർപ്പിക്കുക ആയിരിക്കും ചെയ്യുക. മിദിയാൻകാരുടെ പൈശാചിക വിഗ്രഹത്തിന് ബലിയർപ്പിക്കുന്നവരായിരിക്കും. നാം ചെയ്യുന്ന പാപങ്ങളിലൂടെ നമ്മെ പാപത്തിനു പ്രേരിപ്പിക്കുന്ന പിശാചിനു നാം നമ്മെത്തന്നെ സമർപ്പിക്കുകയാണ്. നാം പല പാപങ്ങൾ ചെയ്യുമ്പോൾ, പലതരം പിശാചുക്കൾക്ക് നാം നമ്മെത്തന്നെ സമർപ്പിക്കുക ആയിരിക്കും. "അരാജകത്വത്തിന്റെ അജ്ഞാതശക്തി ഇപ്പോഴേ പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്" (2തെസ്സ.2,7). പാപത്തിനുള്ള പ്രേരണ നൽകിക്കൊണ്ട് ഓരോരുത്തരെയും എങ്ങനെ വഞ്ചിക്കാമെന്ന് അന്വേഷിച്ച് ദുഷ്ടാരൂപികൾ ചുറ്റിക്കറങ്ങി നടക്കുന്നു. നാം അറിയാതെ നമ്മെ പാപത്തിന് പ്രേരിപ്പിക്കുന്നു. ദുഷ്ടാരൂപികൾ വഴി പാപകർമങ്ങളിലേക്ക് നാം വലിച്ചിഴയ്ക്കപ്പെടുന്നു. പാപത്തിനുള്ള പ്രേരണ മനസ്സിൽ ഉദിക്കുമ്പോൾ, പിശാചിനു നമ്മെ സമർപ്പിക്കാൻ വേണ്ടി പാപത്തിൽ വീഴിക്കാൻ ദുഷ്ടൻ പരിശ്രമിക്കുന്നു എന്നു ഗ്രഹിക്കുക.

എന്നാൽ ദൈവത്തിന്റെ സഭയിലുള്ള ഓരോരുത്തർക്കും ഓരോ മാലാഖ കാവലിനുണ്ട്. അവർ നമ്മെ നിയന്ത്രിക്കുന്നു, നയിക്കുന്നു, നമ്മെപ്രതി പിതൃതിരുമുഖം ദർശിക്കുന്നു, നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു (മത്താ. 18,10). അതുകൊണ്ട് ദൈവം നമ്മെ ദുഷ്ടന്റെ ആക്രമണത്തിന് തനിച്ചു വിടുകയില്ല. "ഞാനോ, ഇതാ, ലോകാവസാനം വരെ എല്ലാ നാളുകളും നിങ്ങളോടൊത്തുണ്ട്" എന്നു പറഞ്ഞ നമ്മുടെ രക്ഷകൻ നമ്മെ കൈവിടുകയില്ല (മത്താ. 28,20). അതുപോലെ, അവിടുന്ന് തന്നിലേക്ക് നമ്മെ വലിച്ചടുപ്പിക്കുന്നു. സ്വർഗീയപിതാവും നമ്മെ വലിച്ചടുപ്പിക്കുന്നു (യോഹ.12,32; 6,44). വിവാഹവിരുന്നിനു കട

ന്നുവരാൻ നിർബന്ധിക്കുക കൂടി ചെയ്യുന്ന പിതാവാണ് നമുക്കുള്ളത് (ലൂ.14,21-23)."നിങ്ങളോടൊത്ത് എന്നും ഇരിക്കാൻ ആശ്വാസപ്രദനെ ഞാനയയ്ക്കും" എന്നും നമ്മുടെ കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്.

അതുകൊണ്ട്, നാം തനിച്ചല്ല, ദൈവത്തിന്റെ ദൂതനും, ദൂതന്മാരുടെ കർത്താവായ ദൈവവും നമ്മോടു കൂടെയുണ്ട്. ത്രിയേകദൈവം നമ്മിൽ വസിക്കുന്നു. നാം ദൈവത്തിന്റെ ആലയമാണ്. ഒന്നിനും നമ്മെ കീഴ്പ്പെടുത്താനാവില്ല. നാം ദൈവത്തിന്റെ സ്വന്തമാണ്, നാം വിലയ്ക്ക് വാങ്ങപ്പെട്ടവരാണ്.

ജനങ്ങൾ ചെയ്ത തെറ്റിന് ജനനേതാക്കന്മാരെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്തതായി പ്രസ്തുത ഭാഗത്ത് തുടർന്നു വായിക്കുന്നു (സംഖ്യ 25,4). ഒരുപക്ഷേ ഈ നേതാക്കന്മാരായിരിക്കാം ആദ്യം തെറ്റു ചെയ്തുകൊണ്ട് ദുർമാതൃക കാട്ടിയത്. അവരുടെ നിഷ്ക്രിയത്വം നിമിത്തമാകാം ജനം തെറ്റു ചെയ്യാൻ ഇടയായത്. അവർ ഒരു പക്ഷേ അവരെ പഠിപ്പിച്ചില്ലായിരിക്കാം. അവർക്ക് മുന്നറിയിപ്പ് നൽകിയില്ലായിരിക്കാം. കുറ്റപ്പെടുത്തിയില്ലായിരിക്കാം, പിൻതിരിപ്പിച്ചില്ലായിരിക്കാം. അവർ അവരുടെ കർത്തവ്യം നിറവേറ്റിയില്ലായിരിക്കാം. അവരെ തെറ്റിൽ വീഴാതെ സംരക്ഷിക്കാൻ വേണ്ടത്ര ശ്രദ്ധ കാണിച്ചില്ലായിരിക്കാം. അക്കാരണത്താൽ മോശ-ദൈവത്തിന്റെ നിയമം- അവരെ കുറ്റപ്പെടുത്തി ശിക്ഷിച്ചു. ദൈവകോപം അവർക്കെതിരെ തിരിഞ്ഞു. അവരെ ശിക്ഷിച്ചു കഴിഞ്ഞപ്പോൾ രോഷം ശമിച്ചു.

ഇക്കാര്യം ഗൗരവപൂർവം പരിഗണിച്ചാൽ, ജനനേതാക്കന്മാരാകാൻ ആഗ്രഹിക്കുകയോ കൗശലപൂർവം ഉപജാപങ്ങൾ നടത്തുകയോ ചെയ്യാൻ ആരും ഒരിക്കലും മുതിരുകയില്ല. അപൂർവമായിട്ടെങ്കിലും, നേതൃസ്ഥാനത്തു കയറിപ്പറ്റാൻ മനുഷ്യർ കാട്ടിക്കൂട്ടുന്ന തന്ത്രങ്ങൾ കാണുമ്പോൾ മോശ മൂക്കത്ത് വിരൽ വയ്ക്കാതിരിക്കുമോ? പണം നൽകി അധികാരസ്ഥാനങ്ങൾ കരസ്ഥമാക്കുന്നവരില്ലേ? വാഗ്ദാനങ്ങൾ നൽകി സ്ഥാനം നേടാൻ ശ്രമിക്കുന്നവരില്ലേ? ഓരോരുത്തരും താന്താങ്ങളുടെ കണക്ക് ദൈവമുമ്പാകെ കൊടുത്താൽ പോരേ? സഭയിൽ ആര് നേതൃസ്ഥാനത്ത് വരണമെന്ന് നിശ്ചയിക്കുന്നത് ദൈവമാണ്. മോശയെപ്പോലെ ദൈവികപദ്ധതി നടപ്പാക്കാൻ ദൈവം ചിലരെ വിളിച്ചു വേർതിരിക്കുന്നു. അവർ എതിർത്താലും, തെറ്റുകുറ്റങ്ങൾ ഉള്ളവരായാലും, ദൈവം അവരിലൂടെ തന്റെ പദ്ധതികൾ നടപ്പാക്കുന്നു. അവർക്ക്

 www.malankaralibrary.com

ദൈവകൃപ ലഭിക്കുകയും ചെയ്യുന്നു. എന്നാൽ എല്ലാ ജനനേതാക്കന്മാരും ഇത്തരക്കാരാണോ? പ്രത്യേകിച്ച്, രാഷ്ട്രീയത്തിലും പൊതുജനങ്ങൾക്കിടയിലും! സഭയിലും ചിലപ്പോഴൊക്കെ ഇത് അന്യമല്ലല്ലോ!

എന്നാൽ ഈ കുറ്റപ്പെടുത്തൽ നമ്മുടെ സംരക്ഷണത്തിനായി നിയോഗിക്കപ്പെട്ട ദൂതന്മാർക്കും ലഭിക്കാനിടയുണ്ടെന്ന് വെളിപാടുപുസ്തകം സാക്ഷിക്കുന്നു (2,4.14;3,5). ഞാൻ ചെയ്യാൻ ദൈവം നിശ്ചയിച്ചവ ഞാൻ നന്നായി ചെയ്തില്ലെങ്കിൽ, അതിന് ദൂതനും ഒരു പങ്കുണ്ട്. ഞാൻ നന്നായി ചെയ്താൽ അതിന്റെ സ്തുതിപ്പിൽ അവനും ഒരു പങ്കു കിട്ടും. ദൂതൻ എന്നിൽ മന്ത്രിച്ചിട്ടും ഞാൻ പാപം ചെയ്ത് ബേൽഫെഗോറിന് എന്നെത്തന്നെ സമർപ്പിച്ചാൽ, അവൻ കുറ്റമറ്റവനായിരിക്കും, എനിക്ക് ഇരട്ടി ശിക്ഷയും ലഭിക്കും.

ഫിനെഹാസിന്റെ പ്രവൃത്തി പഴയ ഇസ്രായേലിന് പാഠമാണ്. എന്നാൽ ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ട പുതിയ ഇസ്രായേലായ നമ്മിൽ നിന്ന് മൂർച്ചയുള്ള വാൾ നീക്കപ്പെട്ടിരിക്കുന്നു. തൽസ്ഥാനത്ത് "ആത്മാവിന്റെ വാൾ" നമുക്കുണ്ട് (എഫേ.6,17). അതാണ് നാം ഉപയോഗിക്കേണ്ട ആയുധം! ദുഷ്ചിന്തകളാകുന്ന മിദിയാന്യസ്ത്രീകൾ അടുത്തുവരുമ്പോൾ, ആത്മാവിന്റെ വാൾകൊണ്ട് അവയെ അപ്പോഴേ കൊന്നുകളയണം, ഉടൻതന്നെ പൂർണമായി നശിപ്പിക്കണം. അവയുടെ ഉത്ഭവത്തിൽ തന്നെ അവയെ ഇല്ലായ്മ ചെയ്യണം. അല്ലെങ്കിൽ അവ വളർന്ന് ഇസ്രായേലിന്റെ പാളയത്തെ മലിനമാക്കും. നിന്നിൽ നിന്ന് പാപത്തിന്റെ ഇരിപ്പിടം നിശ്ശേഷം നശിപ്പിച്ചാൽ, മിദിയാന്യസ്ത്രീയുടെ ഉദരം പിളർന്നാൽ, ന്യായവിധിദിവസം നീ സുരക്ഷിതനായിരിക്കും. അതുകൊണ്ട് ആത്മാവിന്റെ വാൾ എപ്പോഴും നമ്മോടൊത്ത് സുസജ്ജമായിരിക്കാൻ നമുക്ക് തമ്പുരാനോട് തീക്ഷ്ണമായും താഴ്മയായും പ്രാർഥിക്കാം. അവിടുത്തേക്ക് എന്നുമെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ.

# 14

## മോശയുടെ മരണവും പിൻഗാമിയുടെ തെരഞ്ഞെടുപ്പും (സംഖ്യ27,12-22;ആവ.31,1-8;34,1-12)

തന്റെ അന്ത്യമടുത്തപ്പോൾ, ജനത്തെ നയിക്കാൻ ഒരാളെ തരണമെന്ന് മോശ കർത്താവിനോട് അപേക്ഷിച്ചു. മോശയ്ക്ക് മക്കളുണ്ടായിരുന്നിട്ടും, അവരെ നിയമിക്കണമെന്ന് കർത്താവിനോട് അപേക്ഷിച്ചില്ല. അല്ലെങ്കിൽ അഹറോന്റെ മക്കളെ പിൻഗാമികൾ ആക്കാനും ദൈവത്തോട് പറഞ്ഞില്ല. ജനപ്രമാണികളായി എഴുപതു പേരെ മോശയാണല്ലോ തെരഞ്ഞെടുത്തത്. അപ്പോൾ തന്റെ പിൻഗാമിയെ തെരഞ്ഞെടുക്കാൻ അവന് കഴിവുണ്ടായിരുന്നു. എങ്കിലും അവൻ ആ സംഗതി ദൈവതിരുമനസ്സിന് സമർപ്പിച്ചു (സംഖ്യ 27, 15-22).

കർതൃനിർദേശപ്രകാരം മോശ, നൂന്റെ മകനായ ജോഷ്വായെ നിയമിച്ചു: "കർത്താവ് കൽപ്പിച്ചതുപോലെ മോശ പ്രവർത്തിച്ചു...ജോഷ്വായുടെ മേൽ കൈവച്ച്, കർത്താവ് കൽപ്പിച്ചതുപോലെ അവനെ പിൻഗാമിയായി നിയമിച്ചു" (27,22). മോശ സ്വന്തം തീരുമാനപ്രകാരം ഇക്കാര്യം നിർവഹിച്ചില്ല. അങ്ങനെയെങ്കിൽ, സഭാനേതാക്കന്മാർ പിൻഗാമികളെ നിയമിക്കുന്നതിൽ ദൈവതിരുമനസ്സ് അനുസരിച്ച് പ്രവർത്തിക്കണമെന്ന് മോശ ഒരു വലിയ ദൃഷ്ടാന്തം നൽകിയിരിക്കുന്നു. ധനം മോഹിച്ചോ, രക്തബന്ധം മൂലമോ, പ്രത്യേക താൽപ്പര്യം തോന്നിയതു മൂലമോ ഒരു സഭാനേതാവും ദൈവത്തിന്റെ സഭയിൽ തന്റെ പിൻഗാമിയെ നിയമിച്ചുകൂടാ. പ്രാർഥിച്ച് ദൈവതിരുമനസ്സ് വെളിപ്പെട്ടു കിട്ടിയാലല്ലാതെ, ലൗകിക നേത്രങ്ങളോടെ പിൻഗാമിയെ തേടാൻ പാടില്ലെന്ന് മോശ പഠിപ്പിക്കുന്നു. സഭയിൽ കുടുംബവാഴ്ച നിലനിർത്താൻ ഒരു സഭാനേതാവും മുതിരരുതെന്ന് മോശ ശക്തിമത്തായ താക്കീത് നൽകുന്നു. ദൈവത്തിന്റെ സഭ ഈ പ്രബോധനം ശിരസ്സാ വഹിച്ച്, ദൈവം തെരഞ്ഞെടുക്കുന്നവരെ കണ്ടെത്താൻ പരിശ്രമിക്കുന്നു. എന്നാൽ വളരെ

 www.malankaralibrary.com

അപൂർവമായിട്ടെങ്കിലും മോശയെ മറികടന്ന് പ്രവർത്തിക്കുന്നവരെ അങ്ങിങ്ങായി കാണാനിടയുണ്ട്. പണക്കൊഴുപ്പിൽ മതിമറന്ന് തെര ഞ്ഞെടുപ്പ് നടത്തുന്നവരും ബന്ധുത്വം പരിഗണിക്കുന്നവരും അധികാ രസ്ഥാനങ്ങൾ പിടിച്ചെടുക്കാൻ ശ്രമിക്കുന്നവരും മോശയെ വെല്ലുവി ളിക്കുന്നവരാണ്.

മധ്യകാലഘട്ടങ്ങളിൽ ഇപ്രകാരമുള്ള വ്യതിയാനങ്ങൾ സർവസാ ധാരണമായിരുന്നു. സൈന്യബലമുള്ളവർ, പ്രഭുകുടുംബങ്ങളിൽ പെട്ട വർ, മറ്റു സ്വാധീനമുള്ളവർ, കായബലമുള്ളവർ ഒക്കെ അക്കാലത്തെ ഫ്യൂഡൽ വ്യവസ്ഥിതിയിൽ സഭാനേതൃസ്ഥാനങ്ങളിൽ കയറിപ്പറ്റിയി ട്ടുണ്ട്. സഭയുടെ മാനുഷികവശത്തിന്റെ പരാജയമായി ഇത് കണക്കാ ക്കാം. മധ്യകാലഘട്ടത്തിൽ ജനത്തെ ആക്രമണകാരികളിൽ നിന്നു രക്ഷിക്കാൻ, ശക്തരായ ഭരണാധികാരികളുടെ അഭാവത്തിൽ, ഇത്തരം നേതൃത്വം ആവശ്യമായിരുന്നിരിക്കാം. എന്നാൽ ചില സഭകളിലെ ചില വ്യക്തികളുടെ വോട്ടു തേടിയുള്ള പരക്കം പാച്ചിൽ കാണുമ്പോൾ മോശയിൽ നിന്ന് അവർ എത്ര വിദൂരത്തിലാണെന്ന് ചിന്തിക്കുക സ്വാഭാവികമാണ്. റഷ്യയിലെ കമ്യൂണിസ്റ്റു ഭരണകാലത്ത് പല സഭാ നേതാക്കന്മാരും സർക്കാരിന്റെ നോമിനികളായിരുന്നു എന്നു കേട്ടി ട്ടുണ്ട്. അസ്സീറിയൻ സഭയിൽ നൂറ്റാണ്ടുകളായി സഭാധ്യക്ഷസ്ഥാനം കുടുംബവഴിക്കായിരുന്നു. പശ്ചിമേഷ്യയിലെ ആക്രമണകാരികളുടെ തള്ളിക്കയറ്റത്തിൽ സഭാദൗത്യം മുറുകെ പിടിക്കാൻ ചില കുടുംബ ങ്ങൾ നിർബന്ധിതരായി. കോൺസ്റ്റാന്റിനോപ്പിളിലും രാജകുമാരന്മാ രെയും പ്രഭുകുമാരന്മാരെയും നേതൃസ്ഥാനത്ത് നിയമിക്കാൻ വളരെ അപൂർവമായി രാജാക്കന്മാരും പ്രഭുക്കന്മാരും ശ്രമിച്ചിരുന്നു. റോമിലും വളരെ അപൂർവമായി ഇത്തരം സംഭവങ്ങൾ മധ്യകാലഘട്ടത്തിൽ ഉണ്ടാ യിട്ടുണ്ട്. എന്നാൽ നാം ജീവിക്കുന്ന കാലഘട്ടത്തിൽ കത്തോലിക്കാ സഭാനേതൃസ്ഥാനത്തു വരുന്ന മിക്കവരും ദൈവിക തെരഞ്ഞെടുപ്പി ലൂടെ എത്തുന്നവരാണ്.

ജോഷ്വായെ മോശ എങ്ങനെ പിൻഗാമിയായി വാഴിച്ചെന്ന് തിരു ലിഖിതം വിവരിക്കുന്നു: "മോശ ജോഷ്വായെ വിളിച്ച്, പുരോഹിത നായ ഏലിയാസറിന്റെയും സമൂഹത്തിന്റെയും മുമ്പാകെ നിർത്തി അവന്റെ മേൽ കൈവച്ച് അവനെ പിൻഗാമിയായി നിയമിച്ചു" (സംഖ്യ 27,22). "ആത്മാവ് കുടികൊള്ളുന്നവന്റെ മേൽ മോശ തന്റെ കൈകൾ വച്ചു" (27,18). കാലം മാറിയപ്പോൾ ഇതിനൊക്കെ മാറ്റം വന്നതായി നാം കാണുന്നു. ഇന്നത്തെ ലോകത്തിന്റെ പോക്കിൽ പരസ്യപ്പെടുത്ത ലിനും ആഘോഷത്തിനും ഫ്ളക്സുകൾക്കും മനുഷ്യരുടെ അമിത മായ അംഗീകാരത്തിനും പ്രശസ്തിക്കും ആഡംബരങ്ങൾക്കും പല യിടങ്ങളിലും അമിതപ്രാധാന്യം കൊടുത്തു കാണുന്നുണ്ടല്ലോ. ദൈവം

തെരഞ്ഞെടുത്തവരുടെയും ദൈവാത്മാവുള്ളവരുടെയും പ്രവർത്തന ങ്ങൾ പിൽക്കാല ശുശ്രൂഷയിൽ തീർച്ചയായും പ്രത്യക്ഷപ്പെടുക തന്നെ ചെയ്യും.

മോശ കർത്താവിന്റെ ഉറപ്പ് ജോഷ്വായ്ക്ക് നൽകി: "കർത്താവാണ് നിന്റെ മുമ്പിൽ പോകുന്നത്. അവിടുന്ന് നിന്നോടുകൂടെ ഉണ്ടായിരി ക്കും. അവിടുന്ന് നിന്നെ ഭഗ്നാശയനാക്കുകയോ, പരിത്യജിക്കുകയോ ഇല്ല. ഭയപ്പെടുകയോ, സംഭ്രമിക്കുകയോ വേണ്ട"(ആവ.31,8). മോശ കൈവച്ചതിനാൽ ജോഷ്വാ ജ്ഞാനത്തിന്റെ ആത്മാവിനാൽ പൂരിത നായിരുന്നു. ഇസ്രായേൽക്കാർ അവനെ അനുസരിച്ച് മുന്നേറി" (ആവ.34,5.9). മോശ മോവാബ് ദേശത്തു വച്ചു മരിച്ചു. "മോശയുടെ മരണം" എന്നു പറഞ്ഞാൽ, വാച്യാർഥത്തിലുള്ള നിയമത്തിന്റെ അന്ത്യ മെന്നർഥം. ബലികളുടെയും പഴയനിയമാനുഷ്ഠാനങ്ങളുടെയും അന്ത്യം എന്നർഥം.

മോശ മരിച്ചപ്പോൾ ജോഷ്വാ (ഈശോ ബർനൂൻ) ചുമതലയേറ്റു. "വിശ്വസിക്കുന്നവർക്ക് നീതീകരണത്തിന് ക്രിസ്തു നിയമത്തിന്റെ പൂർത്തീകരണമാണ്" (റോമ.10,4). "എല്ലാവരും മേഘത്തിലും കടലിലും സ്നാനമേറ്റു" (1കൊറി. 10,2) എന്നു പറഞ്ഞതുപോലെ, എല്ലാവരും ജലത്താലും പരിശുദ്ധാത്മാവിനാലും സ്നാനമേറ്റു" എന്ന് യേശു വിനെപ്പറ്റി പറയാം (യോഹ.1,33). ഈശോ ബർനൂനാണ് ജനത്തെ യോർദാൻ കടത്തിയത്. ഒരു തരത്തിൽ അത് സ്നാനമായിരുന്നു (ജോഷ്വാ 3,15-16;4,10-11). അവൻ നാട് പിടിച്ചെടുത്ത് പങ്കിട്ടുകൊടുത്തു. എന്നാൽ ഈജിപ്തിൽ നിന്നു പുറപ്പെട്ടവർക്കല്ല, രണ്ടാം തലമുറ യ്ക്കാണ്. ഈശോ ബർ നൂന്റെ കാലത്ത് നാട്ടിൽ സ്വസ്തത ഉണ്ടായി (ജോഷ്വാ,11,23). ഇത് ജോഷ്വായുടെ കാലത്ത് ഉണ്ടായിരുന്നില്ല. പിന്നെയോ, കർത്താവായ യേശുവിന്റെ കാലത്താണ് സംഭവിച്ചത്.

എന്റെ നാട്ടിൽ എങ്ങനെ യുദ്ധങ്ങൾ ഇല്ലാതാകും? എന്റെ നേതാ വായ യേശുവിനുവേണ്ടി ഞാൻ വിശ്വസ്തതാപൂർവം പോരാടിയാൽ അതു നടക്കും. ഞാൻ എന്റെ കർത്താവായ യേശുവിനെ അനുസരി ച്ചാൽ, എന്റെ ജഡം എന്റെ ആത്മാവിനെതിരെ ഉയരുകയില്ല. പലവിധ ദുരാശകളാൽ ഞാൻ കീഴടക്കപ്പെടുകയില്ല. യേശുനാഥൻ നമ്മിൽ ഭരണം നടത്താനും നമ്മുടെ നാട്ടിൽ പോരാട്ടങ്ങൾ അവസാനിക്കാനും ജഡികദുരാശകൾ നമ്മെ കടന്നാക്രമിക്കാതിരിക്കാനും നമുക്ക് പ്രാർഥി ക്കാം. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവ ത്തിന്റെ സംരക്ഷണയിൽ, ആത്മാവും ശരീരവും സമാധാനത്തിൽ കഴി യാൻ ഇടയാകും.

# 15

## യഹൂദരുടെ ബലികളും ഉത്സവങ്ങളും (സംഖ്യ 28,1-29.39)

ലേവ്യപുസ്തകത്തിലും സംഖ്യാപുസ്തകത്തിലും യഹൂദബലികളെയും ഉത്സവങ്ങളെയും ആഘോഷങ്ങളെയും പറ്റി പറയുന്നു. ലേവ്യരുടെയും പുരോഹിതരുടെയും താൽപര്യങ്ങളാണ് ഇവയുടെ വിവരണത്തിന് അടിസ്ഥാനം. അവിടെ പ്രതിപാദിക്കുന്നവ, ജറുസലേം തകർക്കപ്പെട്ടശേഷം നടന്നിട്ടില്ല. പുരോഹിതരോ ദേവാലയമോ, ബലിയോ ഇല്ലാതെ അന്നുമുതൽ ഇന്നുവരെ, ഈ ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നവ അക്ഷരാർഥത്തിൽ പാലിക്കാൻ കഴിവില്ലാതെ ഇസ്രായേൽക്കാർ കഴിഞ്ഞുകൂടുന്നു. ഈ പശ്ചാത്തലത്തിൽ ഇവയ്ക്ക് ആന്തരികാർഥം നൽകാൻ യഹൂദറബിമാരും വി.ശുദ്ധ പൗലോസ് ശ്ലീഹായും ആദ്യകാല ക്രിസ്തീയ എഴുത്തുകാരും ശ്രമിച്ചു. അക്കൂട്ടത്തിൽ മഹാനായ ഒരിജൻ നൽകിയ വ്യാഖ്യാനമാണ് താഴെ ചേർക്കുന്നത്.

പൗലോസ് ശ്ലീഹായുടെ ചുവടു പിടിച്ച്, വരാനിരുന്ന നന്മകളുടെ പ്രതിരൂപമായി പഴയനിയമാനുഷ്ഠാനങ്ങളെ ഒരിജൻ ചിത്രീകരിക്കുന്നു. ശാരീരിക നിയമങ്ങളോടു മാത്രം ബന്ധപ്പെട്ടവ ആയിരുന്നു പഴയനിയമത്തിലെ ഉത്സവങ്ങൾ. അവയിലൂടെ ദൈവം ആഗ്രഹിച്ചത് എന്താണെന്ന് ഇസ്രായേൽക്കാർ ഗ്രഹിച്ചില്ല. ''ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല... ദഹനബലികളിലും പാപപരിഹാരബലികളിലും അവിടുന്ന് സംപ്രീതനായില്ല... നിയമപ്രകാരം അർപ്പിക്കപ്പെട്ടിരുന്ന ബലികളും കാഴ്ചകളും ദഹനബലികളും പാപപരിഹാരബലികളും അവിടുന്ന് ആഗ്രഹിക്കുകയോ ഇഷ്ടപ്പെടുകയോ ചെയ്തില്ല...” ദൈവഹിതം നിറവേറ്റുക എന്നതാണ് സർവപ്രധാനമായ സംഗതി. അതിനായി “തന്റെ ശരീരമാകുന്ന വിരിയിലൂടെ യേശു നമുക്കായി നവീനവും സജീവവുമായ പാത തുറന്നു തന്നിരിക്കുന്നു” (എബ്രാ.10,20).

www.malankaralibrary.com

യേശുക്രിസ്തുവിലൂടെ എപ്രകാരം ഈ ഉത്സവങ്ങൾ പുതിയ ഇസ്രായേൽ അനുഷ്ഠിക്കുന്നു എന്നു നോക്കാം. നമ്മുടെ കർത്താവ് എന്നേക്കുമുള്ള തന്റെ ഏകബലിയിലൂടെ പഴയതു നീക്കി ഒരു പുതിയ ഉടമ്പടി സ്ഥാപിച്ചു. അങ്ങനെ പഴയതിന് പൂർത്തീകരണം വരുത്തി. പുതിയത് വന്നപ്പോൾ പഴയ ബലികളും ഉത്സവങ്ങളും നിന്നുപോയതുകൊണ്ടുതന്നെ ഇത് യാഥാർഥ്യമായി. ഇനിയും പുതിയ ദൈവാലയം നിർമിച്ച്, അവിടെ കാളകളെയും ആടുകളെയും വെട്ടി രക്തം തളിക്കേണ്ട ആവശ്യമില്ല. മാവു കുഴച്ച് അപ്പം ചുടുകയും വേണ്ട. പഴയ പൗരോഹിത്യത്തിന് പ്രസക്തിയില്ലാതായി.

പഴയതിന്റെ സ്ഥാനത്ത് പുതിയ പൗരോഹിത്യവും ലോകം മുഴുവൻ ആരാധനാലയങ്ങളും ആരാധകരും അനുഷ്ഠാനവിധികളും ഉണ്ടായി. നമ്മുടെ ആരാധനയിലും അർപ്പണത്തിലുമെല്ലാം, ദൈവം നമുക്ക് നൽകിയവ ദൈവത്തിന് സമർപ്പിക്കയാണു ചെയ്യുന്നത്. നമ്മുടേതല്ല നാം അർപ്പിക്കുന്നത്. നമ്മളെത്തന്നെ അർപ്പിക്കുന്നതിന്റെ പ്രതീകമായി, നാം അനുഭവിക്കുന്ന ദൈവികനന്മകൾ ദൈവതിരുമുമ്പാകെ കാഴ്ചയായി നാം സമർപ്പിക്കുന്നു. പഴയതിൽ നിന്ന് വിമോചിതരായി സ്വർഗീയ സംഗതികൾ ദർശിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. അവിടുന്ന് അദൃശ്യയാഥാർഥ്യത്തിലേക്കും നിത്യസംഗതികളിലേക്കും നമ്മുടെ ശ്രദ്ധ തിരിച്ചു. ഭൂമിയിൽ ശ്രേഷ്ഠമെന്ന് കരുതിയവയൊക്കെ അവിടുന്ന് തള്ളിക്കളഞ്ഞിട്ട്, ആത്മാവിലും സത്യത്തിലുമുള്ള ദൈവാരാധനയിലേക്ക് നമ്മെ ആനയിച്ചു. അതുകൊണ്ടാണ്, "ഭൂമിയിലുള്ള വസ്തുക്കളിലല്ല, ഉന്നതത്തിൽ ഉള്ളവയിൽ, ദൈവത്തിന്റെ വലത്തുഭാഗത്ത് ക്രിസ്തു ഉപവിഷ്ഠനായിരിക്കുന്ന ഉന്നതത്തിൽ ഉള്ളവയിൽ, ശ്രദ്ധിക്കാൻ" ദിവ്യശ്ലീഹാ ഉപദേശിക്കുന്നത് (കൊളോ. 3,1-2). മോശയിലൂടെ നൽകപ്പെട്ടത് ആത്മീയ നിയമമാണ് (റോമ. 7,14).

കർത്താവിന്റെ മുമ്പിൽ പരിമളം പരത്തുന്ന *അനുദിന ദഹനബലിയെപ്പറ്റി* പറയുന്നു (സംഖ്യ 28,6). എപ്പോഴാണ് സ്വർഗം - ദൈവവും മാലാകമാരും - സന്തോഷിക്കുന്നത്? ഉത്സവം ആഘോഷിക്കുന്നത്? "പാപി അനുതപിക്കുമ്പോൾ, സ്വർഗം സന്തോഷിക്കുന്നു" (ലൂ.15,7). അതായത്, മനുഷ്യരക്ഷയാണ് സ്വർഗീയ സന്തോഷത്തിന്റെ ഹേതു. അശുദ്ധൻ സംശുദ്ധതയിലേക്ക് തിരിയുമ്പോൾ, നീതിയില്ലാത്തവൻ നീതിമാനാകുമ്പോൾ, അഭക്തൻ ഭക്തനാകുമ്പോൾ, നുണയൻ സത്യവാനാകുമ്പോൾ, മോഷ്ടാവ് സത്യസന്ധനാകുമ്പോൾ, സ്വർഗം സന്തോ

 www.malankaralibrary.com

ഷിക്കും, മാലാകമാർ ആഹ്ലാദിക്കും. സ്വർഗത്തിൽ ഓരോ അവസരവും അയാളെ പ്രതി പെരുന്നാളായിരിക്കും. നമ്മുടെ പൗരത്വം സ്വർഗത്തിലാകയാൽ (ഫിലി.3,20), ഇവിടെ നാം നന്മയിലേക്ക് വരുമ്പോൾ, അവിടെ സന്തോഷമുണ്ടാകും.

എന്നാൽ നമ്മുടെ ദുഷ്കൃത്യങ്ങൾ സ്വർഗത്തിൽ ദുഃഖം ഉളവാക്കുന്നു. മാനുഷിക പാപങ്ങൾ, കൊലപാതകങ്ങൾ, വ്യഭിചാരങ്ങൾ, ഭ്രൂണഹത്യകൾ, ചതി, വഞ്ചന, കാപട്യം, നുണ തുടങ്ങിയവ സ്വർഗത്തെ നടുക്കുന്നു (ഉൽപ.6,6). യഹൂദർ പ്രവാചകരെ കല്ലെറിഞ്ഞുകൊന്നു (മത്താ.23,37). പ്രവാചകരെ ധിക്കരിച്ചാൽ, നാമും അവരെ കല്ലെറിഞ്ഞു കൊല്ലുകയായിരിക്കും ചെയ്യുക. മൃതനായ വ്യക്തിയുടെ സ്വരം പോലെ നാം അവരുടെ സ്വരം പരിഗണിച്ചാൽ, കർത്താവ് യഹൂദരോട് പറഞ്ഞതുപോലെ നമ്മോടും പറയും. അത് സ്വർഗത്തിന് ദുഃഖഹേതുവാകും.

പാപരഹിതാവസ്ഥയിൽ യഹൂദരുടെ പെരുന്നാളുകൾ ദൈവത്തിന്റെ പെരുന്നാളുകളാണ്. എന്നാൽ കളങ്കിത പശ്ചാത്തലത്തിലുള്ളവ മനുഷ്യരുടെ മാത്രം പെരുന്നാളുകളും ഉത്സവങ്ങളുമാണ്. "എന്റെ പെരുന്നാളുകളിൽ എന്റെ ദാനങ്ങൾ നിങ്ങൾ എനിക്കർപ്പിക്കാൻ പറയുക"എന്ന് മരുഭൂമിയിൽ വച്ച് മോശയോട് പുറഞ്ഞത് (സംഖ്യ 28,2), ഇസ്രായേൽ പാപരഹിതാവസ്ഥയിൽ കഴിഞ്ഞപ്പോഴാണ്. എന്നാൽ "നിങ്ങളുടെ അമാവാസികളും ഉത്സവങ്ങളും ഞാൻ വെറുക്കുന്നു. നിങ്ങളുടെ അനീതി നിറഞ്ഞ ഉത്സവങ്ങൾ എനിക്കു ഭാരമായിരിക്കുന്നു. അവ എനിക്ക് ദുസ്സഹമായി തീർന്നിരിക്കുന്നു" എന്ന് ഏശായായിലൂടെ ദൈവം അരുളിച്ചെയ്തത് പാപപങ്കില പശ്ചാത്തലത്തിലുള്ള പെരുന്നാളുകളെ പറ്റിയാണ് (1,14). ഒന്നാമത്തേത് ദൈവത്തിന്റേതും മനുഷ്യരുടേതുമാണ്. രണ്ടാമത്തേത് പാപികളുടേത് മാത്രമാണ് എന്നു ചുരുക്കം.

അപ്പോൾ, ദൈവത്തിന് എങ്ങനെ സുരഭിലകാഴ്ച അർപ്പിക്കാമെന്ന് പരിശോധിക്കാം. സ്വർഗം സന്തോഷിക്കാനും പെരുന്നാൾ ആഘോഷിക്കാനും ഇടയാക്കുന്ന ഭൗമികപെരുന്നാൾ എപ്രകാരമുള്ളതായിരിക്കണം? അതിനു ഞാൻ എന്താണ് ചെയ്യേണ്ടത്? സംഖ്യാപുസ്തകത്തിലെ അനുഷ്ഠാനങ്ങൾ പരിശോധിച്ച് ഇതെങ്ങനെ പ്രായോഗികമാക്കാമെന്ന് ആരായാം.

ഒന്നാമത്, *അനുദിനമുള്ള ദഹനബലി* (സംഖ്യ 28,6). എല്ലാ ദിവസവും രാവിലെയും വൈകിട്ടും അർപ്പിക്കേണ്ട ബലിയെ പറ്റിയാണ് പരാമർശം. അത് ഇടതടവില്ലാതെ അർപ്പിക്കേണ്ടതാണ്. വിശുദ്ധനും പരിപൂർണനുമായിരിക്കാൻ ആഗ്രഹിക്കുന്ന വ്യക്തി നിരന്തരമായി പെരുന്നാൾ ആഘോഷിക്കണം. ഇടയ്ക്കിടെ ചെയ്താൽ പോരാ, പിന്നെയോ രാവിലെ മുതൽ വൈകിട്ടുവരെ ദൈവസ്തുതിയിലും സത്കർമങ്ങളിലും മുഴുകിയിരിക്കണം. നാം ഇടവിടാതെ പ്രാർഥിക്കുമ്പോൾ (1തെസ്സ.5,17) പ്രഭാതധൂപാർപ്പണം പോലെ അതുയരും, നാം കൈകൾ ഉയർത്തുന്നത് ദൈവത്തിനുള്ള സായാഹ്നബലി പോലെയാകും (സങ്കീ. 141,2). അതുകൊണ്ട്, അനുസ്യൂതമായ ദൈവസംസർഗവും ദൈവോന്മുഖ ജീവിതവുമാണ് അനുദിന ദഹനബലി കൊണ്ട് അർഥമാക്കുന്നത്. ആ ദൈവികബന്ധത്തിൽ വിള്ളൽ വീഴുന്നില്ല. ഒരു നിമിഷം പോലും ആത്മാവ് ദൈവത്തിൽ നിന്ന് അകന്നിരിക്കുന്നില്ല. ദൈവത്തോടുള്ള സംഭാഷണത്തിൽ നിന്ന് വിട്ടുനിൽക്കുന്നുമില്ല. എന്നാൽ പാപികളുടെ പെരുന്നാളുകൾ കരച്ചിലിലും വിലാപത്തിലും അവസാനിക്കുന്നു. അവ കർത്താവിന്റെ ഉത്സവങ്ങളായിരിക്കയില്ല. പാപം ചെയ്യുന്ന ദിവസം അനുദിന ദഹനബലി അർപ്പിക്കാൻ സാധ്യമല്ല. എന്നാൽ പാപത്തിൽ നിന്നൊഴിഞ്ഞ് നീതി പ്രവർത്തിക്കുന്നവൻ അർപ്പിക്കുന്ന ബലി ദൈവത്തെ സന്തുഷ്ടനാക്കുന്നു.

രണ്ടാമത്, *സാബതാചരണമാണ്.* "ദൈവജനത്തിനു ലഭിക്കാനിരുന്ന സാബതിനെ പറ്റിയാണ്"(എബ്രാ.4,9) മോശ പഠിപ്പിച്ചത്. മനുഷ്യൻ സാബതിനു വേണ്ടിയല്ല, സാബത് മനുഷ്യനു വേണ്ടിയാണ്. ദൈവത്തെ ആരാധിക്കുകയും ലൗകിക കാര്യങ്ങളിൽ നിന്ന് വിട്ടുനിന്ന് ആത്മീയകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുകയും ചെയ്യണമെന്ന് ഇത് പഠിപ്പിക്കുന്നു. നന്മ ചെയ്യുന്നതിനോ, പൗരോഹിത്യകർമങ്ങൾ അനുഷ്ഠിക്കുന്നതിനോ ഇത് വിലക്ക് ഏർപ്പെടുത്തുന്നില്ല. പള്ളിയിൽ ഒന്നിച്ചുകൂടി ആരാധനയിൽ സംബന്ധിക്കുകയും സ്വർഗീയ കാര്യങ്ങൾ ധ്യാനിക്കുകയും വായനയിലും പ്രസംഗത്തിലും ശ്രദ്ധിക്കുകയും അദൃശ്യമായവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുമ്പോൾ, നാം സാബതാചരിക്കുകയാണ്. സഭാരംഭം മുതൽ പുതിയ ഇസ്രായേൽ ഞായറാഴ്ചയാണ് കർതൃദിനമായി (സാബതായി) ആചരിക്കുന്നത്.

മൂന്നാമത്തെ ഉത്സവം *അമാവാസിയിലെ* ഉത്സവമാണ്.(സംഖ്യ 28,11). അത് അക്ഷരാർഥത്തിൽ എടുക്കേണ്ടതില്ല. ചന്ദ്രനുമായി ബന്ധ

പ്പെടുത്തിയ ഒരുത്സവമാണിത്. മതപരമായി അതിൽ വലിയ കഴമ്പ് കാണുന്നില്ല. "ഉത്സവങ്ങളുടെയും അമാവാസികളുടെയും സാബതിന്റെയും ആചരണത്തിൽ ആരും നിങ്ങളെ കുറ്റപ്പെടുത്താതിരിക്കട്ടെ. ഇവയെല്ലാം വരാനിരുന്നവന്റെ വെറും പ്രതിച്ഛായകൾ മാത്രം. യാഥാർഥ്യമാട്ടെ ക്രിസ്തുവും" (കൊളോ. 2,16-17) എന്നതാണല്ലോ വി. പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നത്. കറുത്തവാവ് കഴിഞ്ഞ് ചന്ദ്രൻ കാണപ്പെടുന്ന ആദ്യദിവസമാണ് അമാവാസി. ചന്ദ്രൻ പുതുതായി കാണപ്പെടുന്നു. അന്ന് സൂര്യനോട് ഏറ്റവും അടുക്കുന്നു. ക്രിസ്തു നീതിസൂര്യനാണ്. സഭ ചന്ദ്രനും. സഭയുടെ പ്രകാശം ക്രിസ്തുവിൽ നിന്നാണ്.സഭ പൂർണമായി ക്രിസ്തുവിനോട് ചേർന്നിരിക്കുന്നു (1 കൊറി. 6,17). അപ്പോൾ സഭ അനുഷ്ഠിക്കുന്നവ അമാവാസിയാണ്. "പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ്, ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുമ്പോൾ (എഫെ.4,24), സഭ നവീകരിക്കപ്പെടുകയും ഈ ഉത്സവം ആഘോഷിക്കുകയും ചെയ്യുന്നു.

അടുത്ത ആഘോഷം *പെസഹാ* ആഘോഷമാണ്. പെസഹായ്ക്ക് ആടിനെ കൊന്നാണ് ആഘോഷിക്കുന്നത്. എന്നാൽ നാം "ലോക പാപം നീക്കുന്ന ദൈവകുഞ്ഞാടിനെയാണ് "ഭക്ഷിക്കുന്നത് (യോഹ.1,29). നമ്മുടെ പെസഹായാകുന്ന ക്രിസ്തു ബലിയർപ്പിക്കപ്പെട്ടിരിക്കുന്നു എന്നു നാം പറയുന്നു (1 കൊറി.5,7). ജഡികമായ രീതിയിൽ ഇസ്രായേൽക്കാർ ആടിന്റെ മാംസം ഭക്ഷിക്കുന്നു. എന്നാൽ നാം വചനമാം ദൈവത്തിന്റെ മാംസം ഭക്ഷിക്കുന്നു. നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കയില്ല." എന്ന് അവിടുന്നുതന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലോ (യോഹ.6,53). ഇത് നിഗൂഢത നിറഞ്ഞ വാക്കുകളാണ്. വചനമാം ദൈവത്തിന്റെ മാംസമാണ് നാം ഭക്ഷിക്കുന്നത്. ത്രിത്വത്തിലുള്ള വിശ്വാസം നിറഞ്ഞ വാക്കുകൾ നാം സ്വീകരിക്കുമ്പോൾ, വരാനിരിക്കുന്ന യുഗത്തിന്റെ, ആത്മീയ യുഗത്തിന്റെ, നിഗൂഢതകൾ അവതരിപ്പിച്ച്, അക്ഷരത്തിന്റെ മറ നീക്കപ്പെടുമ്പോൾ, ഭൗമികമായവ വിട്ട് സ്വർഗീയമായവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, നാം വചനത്തിന്റെ മാംസം ഭക്ഷിക്കുകയാണ് ചെയ്യുന്നത്. ഇവ ശുദ്ധമനസ്സാക്ഷിയോടും പൂർണമായ അറിവോടും സ്വീകരിക്കുന്നവൻ പെസഹാപ്പെരുന്നാൾ അനുഷ്ഠിക്കുകയും സ്വർഗത്തെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു.

ഇതോടു ചേർന്നുപോകുന്നതാണ്, *പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ.* "ദുഷ്ടതയുടെ പുളിപ്പ്"ആത്മാവിൽ നിന്ന് നീക്കുന്നതിനെപ്പറ്റിയാണ് ഈ നിർദേശം. അല്ലാതെ അൽപ്പം പുളിപ്പ് ചേർത്തു എന്നു പറഞ്ഞ് ദൈവം ആത്മാവിനെ തിരസ്കരിക്കുകയില്ല. "ആത്മാർഥതയും സത്യസന്ധതയുമാകുന്ന" പുളിപ്പില്ലാത്ത അപ്പമാണ് ഉദ്ദേശിക്കുന്നത് (1 കൊറി. 5,8). ദുഷ്ടതയുടെയും ക്രോധത്തിന്റെയും തിന്മയുടെയും പുളിപ്പ് അകറ്റാനാണ് ദൈവം നിർദേശം നൽകിയത്. ഇവ ആത്മാവിൽ ഉണ്ടാകരുതെന്ന് ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ ആത്മാവിൽ നിന്ന് ഇത്തരം പുളിപ്പ് നീക്കിയില്ലെങ്കിൽ, നാം പുറന്തള്ളപ്പെടും. ദൈവത്തോടൊപ്പം ഈ പെരുന്നാൾ ആഘോഷിക്കുന്നെങ്കിൽ, തിന്മയുടെ പുളിപ്പ് അൽപ്പംപോലും നമ്മിലുണ്ടാകാൻ പാടില്ല. അൽപ്പമായത് വളർന്ന് മറ്റു പാപങ്ങളെ ജനിപ്പിക്കുകയും ഹൃദയം തിന്മകൊണ്ട് നിറയ്ക്കുകയും ചെയ്യും (1 കൊറി.5,6;ഗലാ.5,9).

ആറാമത്തെ ഉത്സവം *നവധാന്യബലി* എന്നറിയപ്പെടുന്നു. ആദ്യഫലങ്ങളുടെ അർപ്പണമാണിത് (സംഖ്യ 28,26). വിത്തുവിതച്ച് കൃഷിചെയ്ത് ഫലമെടുക്കുമ്പോൾ, ഈ ഉത്സവം ആഘോഷിക്കുന്നു. ഈ ഉത്സവം ആഘോഷിക്കണമെന്നുണ്ടെങ്കിൽ, എവിടെ വിതയ്ക്കുന്നു, എങ്ങനെ വിതയ്ക്കുന്നു എന്നു ശ്രദ്ധിക്കണം. എങ്കിലേ ദൈവം സന്തുഷ്ടനാകുന്ന ഉത്സവം ആഘോഷിക്കാൻ പറ്റിയ ഫലമെടുപ്പ് സാധ്യമാകൂ. "ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽ നിന്ന് നിത്യജീവൻ കൊയ്തെടുക്കും"(ഗലാ.6,8) എന്ന് വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നത് ശ്രദ്ധിച്ചാലേ ഇത് നടക്കൂ. ഈ രീതിയിൽ വിതയ്ക്കുകയും കൊയ്യുകയും ചെയ്താൽ, നിശ്ചയമായും ആദ്യഫലങ്ങളുടെ ഉത്സവം ദൈവോചിതമായി കൊണ്ടാടും. അനുദിനം ഹൃദയത്തെയും ആന്തരിക മനുഷ്യനെയും നവീകരിക്കുകയും മുള്ളുകളുടെ ഇടയിൽ വിതയ്ക്കാതിരിക്കുകയും ചെയ്താൽ, നൂറുമേനി വിളവെടുക്കാം (ജറ.4,3; മത്താ.13,8). അതുകൊണ്ട്, ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിന്റെ ഫലങ്ങൾ കൊയ്തെടുക്കും. ആ ഫലങ്ങളെപ്പറ്റി ഗലാത്യലേഖനം സംസാരിക്കുന്നു (6,8;5,21-22).

ഏഴാമത്തെ ഉത്സവം *ആഴ്ചകളുടെ പെരുന്നാളാണ്.* ഏഴാം ദിവസം സാബതായിരിക്കുന്നതുപോലെ, ഏഴാം മാസം മാസങ്ങളുടെ സാബതാണ് (സംഖ്യ 29,1). സാബതുകളുടെ സാബത് എന്ന് ഇത് അറിയപ്പെടുന്നു. ആ മാസം ഒന്നാം തീയതി കാഹളധ്വനിയുടെ ഓർമ പുതു

ക്കുന്നു. പ്രവാചകസ്വരവും സുവിശേഷവും ശ്ലൈഹിക കൃതികളും സ്വന്തമാക്കിയവനല്ലാതെ ആർക്കാണ് ഈ കാഹളം മുഴക്കാൻ കഴിയുക? ഇപ്രകാരം പ്രവർത്തിക്കുകയും രാപകൽ ദൈവനിയമം ധ്യാനിക്കുകയും ചെയ്യുന്നവനാണ് ഇപ്രകാരം ചെയ്യുന്നവൻ.

മറ്റൊരു പെരുന്നാളാണ് ഏഴാംമാസം പത്താംതീയതിയുള്ള ഉപവാസത്തോടുകൂടിയുള്ള *പാപപരിഹാരബലി* (സംഖ്യ 29,7). ഉപവാസത്തിന്റെ ദണ്ഡനദിവസം പെരുന്നാൾ എന്ന് വിളിക്കപ്പെട്ടിരിക്കുന്നു. നിന്നിൽ ദൈവം സംപ്രീതനാകാൻ, ആത്മാവിനെ വിനീതമാക്കി, ഉപവാസം അനുഷ്ഠിക്കണം. ഹൃദയത്തിന്റെ സ്വാഭാവിക ചാച്ചിലുകൾ അനുസരിച്ച് വ്യാപരിക്കാതെയും ദുരാശകൾക്കും ദുർമോഹങ്ങൾക്കും ദുർവികാരങ്ങൾക്കും കീഴ്പ്പെടാതെയും, കഴിയുന്നിടത്തോളം വിനീതമായി വ്യാപരിക്കണം. ശാരീരികാഭിലാഷങ്ങൾ ലക്ഷ്യം വച്ചു ചെയ്യുന്നവയല്ല ദൈവത്തിന്റെ പെരുന്നാളുകൾ. അതിൽ അഴിഞ്ഞാട്ടങ്ങളും ആഡംബരങ്ങളും പാടില്ല. മറിച്ച്, ഉപവാസവും ദണ്ഡനമസ്കാരവും ആത്മാവിനെ വിനീതമാക്കലുമാണ് ആവശ്യം (പുറ.12,8). കാരണം, തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും (ലൂ.14,11).

അവസാനമായി *കൂടാരപ്പെരുന്നാൾ.* കൂടാരങ്ങളിൽ പാർക്കുന്നവരെപ്പോലെ ദൈവം നിങ്ങളെ കാണുമ്പോൾ, ധരയിൽ കേന്ദ്രീകൃതമല്ലാത്ത, ലൗകികമായവയിൽ മനസ്സ് മുഴുകിപ്പോകാതെ, ഈ ജീവിതത്തിന്റെ നിഴലിനെ നിന്റെ സമ്പാദ്യമായി കരുതാതെ, സ്വർഗീയഭവനം ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന തീർഥകരെപ്പോലെ വ്യാപരിച്ചാൽ, നിന്നെപ്രതി ദൈവം സന്തോഷിക്കും (കൊളോ.3,1–2;സങ്കീ.39,12). നമ്മുടെ പൂർവപിതാക്കന്മാരെല്ലാം കൂടാരവാസികളായിരുന്നു (എബ്രാ.11,9). നീ ധരയിൽ തീർഥകനും അന്യനും പരദേശിയുമായി തീർന്നാൽ, ലൗകികവ്യഗ്രതകൾ കൂടാതെ കഴിഞ്ഞാൽ, ഇവിടെ നിന്നു കടന്നുപോകാൻ തിടുക്കം കൂട്ടിയാൽ, ഭാവിസംഗതികൾ കൈവശമാക്കാൻ മുന്നോട്ട് ഓടിയാൽ, ദൈവം നിന്നിൽ സന്തുഷ്ടനായി നിന്നോടൊത്ത് കൂടാരപ്പെരുന്നാൾ ആഘോഷിക്കും.

# 16
## മിദിയാന്യരുടെ വധം

ഇസ്രായേൽക്കാർക്ക് ഇടർച്ചയ്ക്ക് കാരണക്കാരായ മിദിയാന്യരെ നിശ്ശേഷം നശിപ്പിക്കാൻ കർത്താവ് മോശയോടു കൽപ്പിച്ചു. ബാലാമിന്റെ ഉപദേശപ്രകാരം മിദിയാന്യസ്ത്രീകൾ ഇസ്രായേൽ പുരുഷന്മാരെ വഴിപിഴപ്പിച്ചു. പാപം ചെയ്തവർക്ക് ശിക്ഷ നൽകി; ഇടർച്ചയ്ക്ക് ഹേതുവായവരെ നിശ്ശേഷം നശിപ്പിക്കാനായിരുന്നു കൽപ്പന. പാപപ്രവൃത്തിയേക്കാൾ പാപത്തിന് അവസരം കൊടുക്കുന്നത് ഇവിടെ ഗൗരവമേറിയതായി കാണിക്കുന്നു. നമ്മുടെ കർത്താവും ഇതുതന്നെ പറഞ്ഞിട്ടുണ്ട് (മത്താ. 26,24).

ഇസ്രായേൽക്കാർ സ്വന്ത ഇഷ്ടമനുസരിച്ച് മിദിയാന്യരോട് യുദ്ധത്തിനു പോയപ്പോൾ പരാജിതരായി. എന്നാൽ കർതൃകൽപ്പനപ്രകാരം കുറച്ചാളുകൾ മാത്രമേ യുദ്ധത്തിനു പോയുള്ളു എങ്കിലും അവർ മിദിയാന്യരെ പാടേ പരാജയപ്പെടുത്തി. വലിയൊരു സൈന്യത്തേക്കാൾ ശക്തിയേറിയതാണ് പ്രാർഥിക്കുന്നവന്റെ ബലം. മിദിയാന്യ രാജാക്കന്മാരായ ഏവി, രേക്വെം, സൂർ, ഹൂർ, റേബാ എന്നിവരെയും ബാലാമിനെയും എല്ലാ പുരുഷന്മാരെയും പുരുഷനെ അറിഞ്ഞ സ്ത്രീകളെയും ഇസ്രായേലക്കാർ വധിക്കയും അവരുടെ ദേശം കൈവശപ്പെടുത്തുകയും അവിടെ താമസിക്കുകയും ചെയ്തു.

കുറേ രാജാക്കന്മാരുടെ പേരുകൾ രേഖപ്പെടുത്തിയിട്ട് എന്തു കാര്യം? അപ്പോൾ ഇവയ്ക്കൊക്കെ ആന്തരികാർഥമുണ്ടെന്നു നാം ഗ്രഹിക്കണം. ഏവി എന്നാൽ *മൃഗീയൻ* എന്നു വിവർത്തനം ചെയ്യാം. നിന്നിലുള്ള മൃഗീയതയെ പൂർണമായി നിഗ്രഹിക്കാതെ നിനക്കെങ്ങനെ ദൈവത്തെ പ്രസാദിപ്പിക്കാനാകും? (2തിമോ. 2,4). കോപത്തിന്റെയും

 www.malankaralibrary.com

ക്രോധത്തിന്റെയും വിദ്വേഷത്തിന്റെയും കാടത്തം അഥവാ മൃഗീയത്വം വെട്ടിനീക്കി ശാന്തത കൈവരിക്കാതെ, ശാന്തശീലർക്കുള്ള സൗഭാഗ്യം എങ്ങനെ സ്വന്തമാക്കാനാകും? വെറും ചരിത്രരചനയല്ലിവിടെ. കാരണം, ആരെങ്കിലും തന്റെ മകന് മൃഗീയൻ എന്നു പേരിടുമോ? ആത്മാവിന്റെ അവസ്ഥയാണ് തിരുലിഖിതം സൂചിപ്പിക്കുന്നത്. നാം ഇത്തരം തിന്മകൾക്കെതിരെ പോരാടണമെന്നും അവ നമ്മുടെ ഉള്ളിലുണ്ടെങ്കിൽ പൂർണമായി പുറത്തു ചാടിക്കണമെന്നും നമ്മുടെ ശരീരമാകുന്ന രാജ്യത്തിൽ നിന്ന് പലായനം ചെയ്യിക്കണമെന്നും നമ്മെ കാണിക്കാൻ തിരുലിഖിതം ആഗ്രഹിക്കുന്നു.

രേബൈം എന്നതിനർഥം *കഥയില്ലാത്തവൻ* എന്നാണ്. ദൈവദാസന്മാർ കീഴടക്കേണ്ട നിരവധി മിഥ്യകൾ അഥവാ കഥയില്ലായ്മകൾ ഈ ലോകത്തിലുണ്ട്. കാരണം, മായ, സർവതും മായ എന്നാണല്ലോ ചൊല്ല് (സഭാ. 1,2). ദൈവത്തിനുവേണ്ടി, ദൈവകൽപ്പനയ്ക്കു വേണ്ടി, ദൈവമഹത്വത്തിനു വേണ്ടി അല്ലാതുള്ള വാക്കുകളെല്ലാം കഥയില്ലാത്തതാണ്. ഇപ്പോൾ ഈ ലോകത്തിൽ മിക്ക മനുഷ്യരും പറയുന്നത് അധികവും കഥയില്ലാത്ത കാര്യങ്ങളാണ്.

മറ്റൊരു രാജാവിന്റെ പേര് ഹൂർ എന്നാണ്. *ചൊറിച്ചിൽ* എന്നാണ് പദാർഥം. ഓരോ മനുഷ്യനും തന്നിലുള്ള ജഡികദുരാശകളെ പൂർണമായി നിഷ്ക്കാസനം ചെയ്യണമെന്നാണ് ഇതിനർഥം. അല്ലാതെ കുറേ ഭൗമിക രാജാക്കന്മാരെ പരാജയപ്പെടുത്തി നിഗ്രഹിച്ചു എന്നല്ല.

അഞ്ചു രാജാക്കന്മാരെ പറ്റിയാണ് പറയുന്നത്. മനുഷ്യരുടെ ഉള്ളിൽ ഭരണം നടത്തുന്ന തിന്മകൾ പഞ്ചേന്ദ്രിയങ്ങളെ ആശ്രയിച്ചുള്ളവയത്രേ. അവ ഇടർച്ചയ്ക്ക് ഹേതുവാകാനും പാടില്ല (മത്താ.5,29-30; മർക്കോ.9,42-47). കണ്ണും കാലും കൈയും ഇടർച്ചയ്ക്ക് ഹേതുവാകുന്നെങ്കിൽ, ചുഴന്നെടുത്തും വെട്ടിയെടുത്തും എറിഞ്ഞുകളയാനുള്ള കർതൃകൽപ്പനയുടെ അർഥമെന്ത്? ജഡികചിന്തകളും ജഡികദുരാശകളും വച്ചുപുലർത്തുന്ന മനസ്സ് വെട്ടിനീക്കാനാണ് കർത്താവ് ഉപദേശിക്കുന്നത്. തിന്മയുടെ ഇരിപ്പിടം അവിടെയാണല്ലോ. നമ്മുടെ നയനം ശരിയായവ കാണാൻ അവയെ ചുഴന്നെടുത്ത് എറിയണം. അതുപോലെ നമ്മുടെ കാതുകളും രുചിയും കൈകളും കാലുകളും ശരിയായവ കേൾക്കാനും ദൈവവചനം രുചിക്കാനും ജീവന്റെ വചനത്തെ സ്പർശിക്കാനും നാം നമ്മുടെ മനസ്സിനെ സംശുദ്ധമാക്കി, വിപരീതമായവയെ വെട്ടിയെറിഞ്ഞു കളയണമെന്നു സാരം.

യുദ്ധത്തിനു പോയവർക്കും കാത്തിരുന്നവർക്കും പ്രതിഫലം കിട്ടി. ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിച്ച് ഓരോരുത്തർക്കും താന്താങ്ങളുടെ ജീവിതാവസ്ഥയ്ക്ക് അനുസൃതമായി പ്രതിഫലം ലഭിക്കുന്നു. എല്ലാ കൊള്ളവസ്തുക്കളും കൊണ്ടുവന്ന് ശുദ്ധീകരിക്കുന്നു. "ദൈവത്തെപ്പറ്റിയുള്ള അറിവിനെതിരായ വാദമുഖങ്ങളെയും ഔദ്ധത്യപൂർണമായ എല്ലാ പ്രതിബന്ധങ്ങളെയും ഞങ്ങൾ തകർക്കുകയും ക്രിസ്തുവിനെ അനുകരിക്കേണ്ടതിന് എല്ലാ ചിന്താഗതികളെയും കീഴ്പ്പെടുത്തുകയും ചെയ്യുന്നു (2 കൊറി. 10,5). ക്രിസ്തുവിനോടുള്ള വിധേയത്വത്തിന് വൈവിധ്യങ്ങളായ ചിന്താഗതികളെ കൊണ്ടുവരുന്നതിനെ "കൊള്ളവസ്തുക്കൾ കൊണ്ടുവന്നു" എന്നു പറയുന്നു. അതിനു കഴിവുള്ള കുറച്ചു പേർക്കു മാത്രമേ അത് സാധിക്കുകയുള്ളൂ.

നാം ഈ ലോകത്തിൽ പോരാട്ടത്തിലാണ്. ജഡികദുരാശകളാകുന്ന തിന്മകൾക്കെതിരെയോ, ദുഷ്ടാരൂപികൾക്കെതിരെയോ യുദ്ധം ചെയ്ത് കീഴ്പ്പെടുത്തേണ്ടിയിരിക്കുന്നു. അവരൊക്കെയാണ് മിദിയാന്യർ. അതായത്, സത്യത്തിനെതിരെ പോരടിക്കുന്നവർ.

 www.malankaralibrary.com

# 17
# ഇസ്രായേൽക്കാരുടെ താവളങ്ങൾ

ഇസ്രായേൽക്കാർ ഈജിപ്തിൽ നിന്ന് കനാൻ നാട്ടിലേക്ക് ചെയ്ത യാത്രയ്ക്കിടയിൽ പാളയമടിച്ച സ്ഥലങ്ങൾ ക്രമമായി കുറിച്ച വയ്ക്കാൻ കർത്താവു കൽപ്പിച്ചു. ആ സ്ഥലങ്ങളുടെ ഭൂമിശാസ്ത്രം അറിയാനാണോ ഇപ്രകാരം ചെയ്യാൻ കൽപ്പിച്ചത്? മറ്റു വല്ല ലക്ഷ്യവുമുണ്ടായിരുന്നോ? ഇതും ദൈവവചനമാണ്. പരിശുദ്ധാത്മ നിവേശനത്താൽ എഴുതപ്പെട്ടവ അർഥശൂന്യവും പ്രയോജനരഹിതവും കഥയില്ലാത്തതുമാണെന്ന് കരുതാനാവില്ല. ഇതിൽ എന്തെങ്കിലും നിഗൂഢാർഥം മറഞ്ഞിരിക്കുന്നുണ്ടാകും. അത് കണ്ടെത്താൻ പരിശുദ്ധാത്മാവിനോട് അപേക്ഷിക്കുകയാണ് നമുക്ക് കരണീയം.

മോശയുടെ ഗ്രന്ഥത്തിന് ഉടനീളം ആന്തരികാർഥം ഉള്ളതിനാൽ, ഇവിടെയും നാം ആന്തരികാർഥം പ്രതീക്ഷിക്കണം. നാം നമ്മുടെ പേഗൻജീവിതം ഉപേക്ഷിച്ച് ദൈവിക നിയമത്തിലേക്ക് എത്തുന്ന വിവിധ ഘട്ടങ്ങൾ ഇത് സൂചിപ്പിക്കുന്നു. അതായത്, ഓരോ മനുഷ്യാത്മാവിന്റെയും ആത്മീയ വളർച്ചയെ കുറിക്കുന്നതായി മനസ്സിലാക്കാം. ഈ ലോകത്തിന്റെ തെറ്റിലും അജ്ഞാനാന്ധകാരത്തിലും ആണ്ടിരുന്ന് പിശാചിന്റെ അടിമത്തത്തിലും ദാസ്യത്തിലും കഴിഞ്ഞപ്പോൾ, ദൈവം തന്റെ ഏകജാതനാം വചനത്തെ നമ്മുടെ പക്കലേക്കയച്ചു. അവിടുന്ന് നമ്മെ അജ്ഞാനാന്ധകാരത്തിൽ നിന്ന് വിടുവിച്ച് ദൈവിക നിയമത്തിന്റെ പ്രകാശത്തിൽ എത്തിച്ചു.

ഇസ്രായേൽക്കാർ 42 സ്ഥലങ്ങളിൽ പാളയമടിച്ചു. നമ്മുടെ രക്ഷകൻ ഈ ലോകത്തിലേക്ക് കടന്നുവന്നത് 42 തലമുറകളിലൂടെയാണ് (മത്താ.1,17). അവിടുന്ന് ഈ ലോകമാകുന്ന ഈജിപ്തിലേക്ക് ഇറങ്ങി

വന്നത് 42 പടികളിലൂടെയാണ്. ഇസ്രായേൽക്കാർ ഈജിപ്തിൽ നിന്ന് രക്ഷപെട്ട് കനാൻ നാട്ടിലെത്തിയത് 42 ഇടങ്ങളിലൂടെയാണ്. ഓരോ മനുഷ്യാത്മാവും ഈ ലോകമാകുന്ന ഈജിപ്തിൽനിന്ന് 42 പടികൾ കയറിയാണ് ദൈവരാജ്യത്തിൽ എത്തുന്നത്. ആത്മീയ പുരോഗതിയിലെ ചവിട്ടുപടികളായി ഇവയെ പരിഗണിക്കാമെന്ന് മഹാനായ ഒരിജൻ പറയുന്നു. ഈ പടികൾ കയറുന്നവർ ഈ പടികളിലൂടെ ഇറങ്ങിയവന്റെ കൂടെയാണ് കയറേണ്ടത്. അപ്പോൾ അവൻ ഇറങ്ങി വന്നിടത്തേക്ക് അവനോടൊപ്പം കയറിപ്പോകാൻ എളുപ്പമായിരിക്കും (എഫേ. 4,8–10).

ക്രിസ്തുനാഥൻ കന്യകയിൽ നിന്ന് പരിശുദ്ധാത്മാവിനാൽ ഭൂജാതനായി. അവൻ ജഡമെടുത്തു മനുഷ്യനായി എന്ന് വിശ്വസിക്കുന്നതാണ് ഒന്നാമത്തെ ഘട്ടം. വിഗ്രഹാരാധന വിട്ട്, ദുഷ്ടപിശാചുക്കളുടെ ആരാധന ഉപേക്ഷിച്ച് ക്രിസ്തുവിനെ കർത്താവും ദൈവവുമായി ആരാധിക്കുകയും ഏറ്റുപറയുകയും ചെയ്യുമ്പോൾ, നാം ഈജിപ്തിൽ നിന്ന് പുറപ്പെടുകയായി. വിശ്വാസത്തിന്റെയും സുകൃതങ്ങളുടെയും പടികൾ ഒന്നൊന്നായി കയറി നാം സ്വർഗരാജ്യത്തിലെത്തും. ഇസ്രായേൽ കർത്താവിന്റെ ശക്തമായ സംരക്ഷണത്തിൽ പുറപ്പെട്ടതുപോലെ നാമും ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് "ചിതലുകളുടെ ഇരമ്പൽ" എന്നർഥമുള്ള റംസേസിൽ നിന്ന് ക്രിസ്തുവിന്റെ പിന്നാലെ യാത്ര ചെയ്യുന്നു.

മനുഷ്യാത്മാവ് പരിപൂർണതയിൽ എത്തുന്നതിനു മുമ്പ് ഈ ലോകമാകുന്ന മരുഭൂമിയിലൂടെ തീർഥകരെ പോലെയും പരദേശികളെ പോലെയും യാത്ര ചെയ്യുന്നു. ഇവിടെ വച്ച് കർതൃകൽപ്പനകളിൽ പരിശീലനം ലഭിക്കുന്നു. പരീക്ഷണങ്ങളിലൂടെ വിശ്വാസം പരീക്ഷിക്കപ്പെടുന്നു. ഒന്ന് വിജയിച്ചു കഴിയുമ്പോൾ മറ്റൊന്ന് വരുന്നു. ഒരു ഘട്ടത്തിൽ നിന്ന് മറ്റൊന്നിലേക്ക് കടക്കുന്നു. അങ്ങനെ സുകൃതത്തിൽ ഒന്നൊന്നായി വളരുന്നു. പരിപൂർണതയിൽ എത്തിക്കഴിയുമ്പോൾ, ദൈവത്തിന്റെ നദി കടന്ന് വാഗ്ദത്തനാടായ സ്വർഗസൗഭാഗ്യത്തിൽ എത്തിച്ചേരുന്നു.

ഇസ്രായേൽക്കാർ താവളമടിച്ച സ്ഥലങ്ങളുടെ എബ്രായ നാമങ്ങളുടെ അർഥം വിവരിച്ചാണ് ഒരിജന്റെ ആലങ്കാരികവ്യാഖ്യാനം പുരോഗമിക്കുന്നത്. വെറും സ്ഥലവിവരണം ഇന്നത്തെ വായനക്കാരന് ആത്മീയ

പോഷണത്തിന് ഒന്നും നൽകുന്നില്ല. അതുകൊണ്ട് ഇത്തരം വ്യാഖ്യാനം സ്വീകാര്യമായി തോന്നുന്നു.

ഇസ്രായേൽക്കാർ റംസേസിൽ നിന്ന് സുക്കോത്തിൽ താവളമടിച്ചു. *കൂടാരം* എന്ന് പദാർഥം. ഇവിടെ തങ്ങാതെ ഉടനെ പുറപ്പെടണം. ഇത് പരദേശവാസമാണെന്ന് സുക്കോത് കാട്ടുന്നു. പിന്നീട് ഏത്താമിൽ എത്തി. അവിടെ വച്ച് *അടയാളം* ലഭിച്ചു. പകൽ മേഘത്തൂണും രാത്രി അഗ്നിത്തൂണും . മൂന്നാം ദിവസമാണ് അവർക്ക് അടയാളം ലഭിക്കുന്നത്. ഇത് സ്നാനരഹസ്യം ചൂണ്ടിക്കാട്ടുന്നു. മൂന്നാം ദിവസത്തിന്റെ രഹസ്യത്തിലേക്ക് കടക്കുന്നവരെ ദൈവം നയിക്കുകയും വഴികാട്ടുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ഏത്താമിൽനിന്ന് ബേൽസെഫോന് എതിരെയുള്ള എപൗളെയുസിനും മഗ്ദലിനും മധ്യേകൂടി യാത്ര തുടർന്ന് മഗ്ദലിനു മുമ്പിൽ ഈറോതിൽ (പിഹഹിറോതിൽ) പാളയമടിച്ചു. *ഈറോത്* എന്നാൽ ഗ്രാമം എന്നർഥം. ബേൽസെഫോൻ എന്നാൽ ഗോപുരത്തിന്റെ കയറ്റം. മഗ്ദൽ എന്നാൽ ഗോപുരം. എപൗളെയുസ് എന്നാൽ ചുറ്റിക്കയറുന്ന കയറ്റം. – ദൈവം കാട്ടുന്ന പാത നിരപ്പുള്ളതും എളുപ്പമുള്ളതും അധ്വാനവും ക്ലേശവും ഇല്ലാത്തതും ആണെന്ന് ചിന്തിക്കാൻ ഇടയുണ്ട്. സുകൃതസരണി താഴോട്ടുള്ള ഇറക്കമല്ല, മേലോട്ടുള്ള കയറ്റമാണ്. ചുറ്റിത്തിരിഞ്ഞുള്ള കയറ്റമാണ്. ആയാസപ്പെട്ട് കയറാനുള്ള കയററമാണ് (മത്താ.7,14). വിശ്വാസത്തിലും കർമത്തിലും കഠിനാധ്വാനവും ബുദ്ധിമുട്ടുകളും നിറഞ്ഞിരിക്കുന്നു. ദൈവികവേല ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് നിരവധി പ്രലോഭനങ്ങളും ഇടർച്ചക്കല്ലുകളുമുണ്ട്. ജീവവഴി പ്രലോഭനതിരമാലകൾ കൂടാതെയുള്ളതല്ല (2തിമോ. 3,12).

ഇപ്പോഴും ആത്മാവ് സുകൃതസരണിയിലെ ഗോപുരാഗ്രത്തിൽ എത്തിയിട്ടില്ല. താഴെ നിന്ന് പ്രതീക്ഷയോടെ അതിനെ വീക്ഷിക്കുന്നു. അവിടെ നിന്ന് ചെങ്കടൽ കടന്ന് കയ്പുള്ള വെള്ളത്തിനരികിൽ (*മാറായിൽ*) എത്തുന്നു. പുരോഗതിയുടെ പാത അപകടപാതയാണ്. ഇവിടെവച്ച് പ്രലോഭനങ്ങളുടെയും പ്രയാസങ്ങളുടെയും കയ്പുനീരും കണ്ണുനീരും കുടിക്കാതെ നാം വാഗ്ദത്ത നാട്ടിൽ എത്തുകയില്ല. എന്നാൽ അതിനെ മധുരതരമാക്കാൻ കഴിവുള്ള തടിക്കഷണം – കർത്താവിന്റെ കുരിശ് – നമ്മോടൊത്തുണ്ട്. പഴയനിയമം വാച്യാർഥത്തിൽ മാത്രം കാണാതെ, ആത്മീയമായി വ്യാഖ്യാനിച്ചാൽ, കയ്പ് മാറിക്കിട്ടും. സുകൃതസരണിയിൽ അത് വഴികാട്ടി ആയിരിക്കും.

അതിനുശേഷം അവർ *ഏലീമിൽ* എത്തി. 12 നീരുറവകളും 70 ഈന്തപ്പനകളും അവിടെ ഉണ്ടായിരുന്നു. അവ 12 ശ്ലീഹന്മാരെയും 70 അറിയിപ്പുകാരെയും കുറിക്കുന്നു. മാറായിലെ കയ്പു മാറ്റി മധുര ജലം കുടിച്ചുകൊണ്ട് അവിടെത്തന്നെ നിൽക്കാതെ പുതിയ നിയമ ത്തിലേക്ക് കടക്കണമെന്നു സാരം. പഴയനിയമം കുരിശിന്റെ വെളിച്ച ത്തിൽ മനസ്സിലാക്കുകയും പുതിയനിയമ പ്രബോധനാനുസൃതം ജീവിതം നയിച്ച് സുകൃതത്തിൽ പുരോഗമിക്കുകയും ചെയ്യണമെന്ന് ഇത് അർഥമാക്കുന്നു. കയ്പിനുശേഷം, പ്രലോഭനങ്ങളുടെ കാഠിന്യ ത്തിൽ നിന്ന് രക്ഷപെടുമ്പോൾ, ദൈവം നൽകുന്ന സമാശ്വാസത്തെ ഇത് സൂചിപ്പിക്കുന്നു. നമ്മുടെ പ്രയാസങ്ങളുടെയും പോരാട്ടങ്ങളു ടെയും മധ്യത്തിൽ കാരുണ്യവാനായ ദൈവം സമാശ്വാസങ്ങളും കരുതി വച്ചിട്ടുണ്ട്. നമ്മൾ ക്ഷീണിച്ച് തളർന്നു പോകാതിരിക്കാനാണിത്.

അതിനുശേഷം അവർ ചെങ്കടലിനരികെ പാളയമടിച്ചു. അവർ വീണ്ടും ചെങ്കടലിലേക്ക് കടന്നില്ല. ഒരിക്കൽ കടന്നു. അതു മതിയായി. കടലിന്റെ ഓളങ്ങൾ കാണാനും ഭയരഹിതരായി ദൈവത്തിന് നന്ദി പറയാനുമാണിത്. അവിടെ നിന്ന് *സീൻ മരുഭൂമിയിൽ* പാളയമടിച്ചു. സീൻ എന്നാൽ *മുൾപ്പടർപ്പ്* എന്നും *പ്രലോഭനം* എന്നും അർഥമുണ്ട്. കർത്താവ് മോശയ്ക്ക് പ്രത്യക്ഷപ്പെട്ടത് മുൾപ്പടർപ്പിലാണ്. നല്ല വസ്തു ക്കളുടെ പ്രത്യാശ ഉദിച്ചത് അവിടെയാണ്. അതുപോലെ, ദർശനങ്ങ ളിൽ ചിലപ്പോൾ പ്രലോഭനം മറഞ്ഞിരിക്കുന്നുണ്ടാകും (2 കൊറി.11,14). അതുകൊണ്ട്, ദർശനങ്ങൾ വിവേചിച്ചറിയാൻ കഴിയണം.

ഇസ്രായേൽക്കാർ സീൻ മരുഭൂമിയിൽ നിന്ന് ദൊഫ്കായിലും (റഫേക്കാ), ഹാലൂസിലും(ആലൂഷ്) പിന്നീട് റഫീദീമിലും സീനായ് മരുഭൂമിയിലും താവളമടിച്ചു. റഫേക്കാ എന്നാൽ *ആരോഗ്യം* എന്നർഥം. ആത്മാവ് ആത്മീയ മായി സ്വർഗീയ ദർശനങ്ങൾ കാണുമ്പോൾ അത് ആരോഗ്യമുള്ളതാകുന്നു. അവിടുന്ന് എല്ലാ കുറവുകളും രോഗങ്ങളും നീക്കി സൗഖ്യം നൽകുന്നു. ആരോഗ്യത്തെ *അധ്വാനം* (ഹാലൂസ്) അനുഗമിക്കുന്നു. അധ്വാനിക്കാനായി ആത്മാവിന് ദൈവത്തിൽ നിന്ന് ആരോഗ്യം ലഭിക്കുന്നു. അധ്വാനഫലമായി *സ്തുതിപ്പ്* (റഫീദിൻ) ലഭി ക്കുന്നു. ശരിയായി പ്രവർത്തിക്കുന്ന ആത്മാവ് സ്തുതിക്ക് അർഹയാ കുന്നു. സീനായ് മലയിൽ വച്ചാണ് നിയമം നൽകപ്പെട്ടത്. ദൈവികര ഹസ്യങ്ങളും സ്വർഗീയദർശനങ്ങളും സ്വീകരിക്കാൻ യോഗ്യമായ ആത്മാവിന് ദൈവം നിയമം നൽകുന്നു.

 www.malankaralibrary.com

പിന്നീട് കിബ്രോത് ഹത്താവായിലും ഹസേറേത്തിലും റിത്മാ യിലും (ഫാറാനിലും)പാളയമടിച്ചു. *ദുരാശകളുടെ കല്ലറ* എന്ന് കിബ്രോത് ഹത്താവാ വിവർത്തനം ചെയ്യാം. ക്രിസ്തുവിനോടൊത്ത് മൃതമായതിനാൽ, ജഡികദുരാശകൾ ആത്മാവിനെതിരെ കോളിളക്കം സൃഷ്ടിക്കുന്നില്ല (റോമ. 6,2-4;7,4). ഹസേറോത് എന്നാൽ *സൗഭാഗ്യം* എന്നർഥം. ജഡികദുരാശകളെ ക്രിസ്തുവിനോടൊത്ത് സംസ്ക്കരിച്ചെങ്കിൽ, പിന്നെ ലഭിക്കുന്നത് സൗഭാഗ്യാവസ്ഥയാണ്. റിത്മാ അഥവാ ഫാറാൻ എന്നതിന്റെ അർഥം *പരിപൂർണ ദർശനം* എന്നാണ്. അതായത്, ദൈവവചനത്തിന്റെ മനുഷ്യാവതാര രഹസ്യം കൂടുതൽ ആഴത്തിലും വ്യക്തതയിലും ഗ്രഹിക്കാൻ ആത്മാവിനു സാധിക്കുന്നു.

ഈ രീതിയിൽ ഓരോ സ്ഥലത്തെയും പറ്റി വിവരിക്കുന്നു. ആത്മാവിന്റെ കരേറ്റത്തിന്റെയും പുരോഗതിയുടെയും ആത്മീയ വളർച്ചയുടെയും ഘട്ടങ്ങളായി വ്യാഖ്യാനിക്കുന്നു. അവസാനത്തെ ഒന്നുരണ്ടു സ്ഥലങ്ങളെപ്പറ്റിയുള്ളതുകൂടി വിവരിച്ച് അവസാനിപ്പിക്കാം.

ബേറിൽ നിന്ന് ഇസ്രായേല്യർ മത്താനായിലേക്ക് (അൽമോൻ) യാത്ര തുടർന്നു. (സംഖ്യ 21,18). *അവരുടെ അർപ്പിതവസ്തുക്കൾ* എന്ന് മത്താനാ വിവർത്തനം ചെയ്യാം. ബേറിൽ നിന്ന് വെള്ളം കുടിച്ച് ദാഹമകറ്റിയശേഷം ദൈവത്തിന് അർപ്പണം നടത്താൻ അവർ തയാറായി. ദൈവം മനുഷ്യകുലത്തിന് നൽകിയവ ദൈവത്തിന് അർപ്പിക്കുന്നു. ദൈവം തന്നത് തന്നെപ്പറ്റിയുള്ള അറിവാണ് (വിജ്ഞാനം, 13,1-5); റോമ.1,20-21). മനുഷ്യർ എന്താണ് അർപ്പിക്കുന്നത്? വിശ്വാസവും സ്നേഹവും. ദൈവം മനുഷ്യരിൽ നിന്ന് ആവശ്യപ്പെടുന്നത് ദൈവത്തിലുള്ള വിശ്വാസവും ദൈവത്തോടുള്ള സ്നേഹവുമാണ് (ആവ.10,12). ഇതാണ് ദൈവത്തിന് നൽകേണ്ടത്. ദൈവത്തെ അറിയുകയും അവിടുത്തെ അനുഭവിക്കുകയും ചെയ്തിട്ട്, ഈ സംഗതികൾ നാം അർപ്പിക്കുന്നു. ഇതാണ് പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിലും സ്നേഹപ്രഖ്യാപനത്തിലും നാം കാണുന്നത് (മത്താ.16; യോഹ.21).

മത്താനായിൽ നിന്ന് അവർ നഹലിയേലിൽ (ദിബ്ലാത്തയിം) എത്തി. *ദൈവത്തിൽ നിന്ന്* എന്ന അർഥം. നമ്മുടെ വിശ്വാസവും സ്നേഹവും നാം ദൈവത്തിന് അർപ്പിച്ചു കഴിയുമ്പോൾ, അവിടുന്ന് പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നമ്മുടെമേൽ വർഷിക്കുന്നു. നഹലിയേലിൽ നിന്ന് അവർ ബാമോതിൽ (അവാറിം മലയിൽ) എത്തി. *മരണത്തിന്റെ വരവ്*

എന്നർഥം. നമ്മുടെ കർത്താവിനോടൊത്ത് ജീവിക്കാനായി, നാം അവ നോടൊത്ത് മരിക്കുന്നു (2 തിമോ.2,11; 1 തെസ്സ.5,10). സ്നാനത്തിൽ നാം അവനോടൊത്ത് സംസ്ക്കരിക്കപ്പെടുന്നു (റോമ.6,4). നാം നമ്മി ലുള്ള ഭൗമികമായവയെ എല്ലാം നശിപ്പിക്കുന്നു (കൊളോ.3,5).

ബാമോതിൽ നിന്ന് മോവാബുദേശത്തെ താഴ്വരയിൽ എത്തുന്നു. *മലമുകളിൽ* എന്നു മറ്റൊരു പതിപ്പിൽ ഒരിജൻ കാണുന്നു. ഈ അവ സാനതാവളം യോർദാനടുത്ത് മോവാബിന്റെ കിഴക്കുവശത്താണ്. ദൈവത്തിന്റെ നദി കടക്കാനാണ് ഈ താവളം. ദിവ്യജ്ഞാനത്താൽ നാം നിറയുന്നതിനും പരിപൂർണമായി സംശുദ്ധമാക്കപ്പെടുന്നതിനു മാണിത്. അങ്ങനെ വാഗ്ദത്തനാട്ടിൽ പ്രവേശിക്കാൻ നാം അർഹരാ യിത്തീരും. ഇത് ആത്മാവിന്റെ വളർച്ചയുടെ അന്തിമഘട്ടത്തെ കുറി ക്കുന്നു. ബേറിലെ കിണറിൽ നിന്നു കുടിച്ചശേഷം പരിപൂർണതയുടെ കൊടുമുടിയിൽ എത്തുന്ന ആത്മാവിന്റെ പടിപടിയായുള്ള യാത്രയെ യാണ് മേൽപറഞ്ഞവ കുറിക്കുന്നത്.

ഈ രീതിയിലുള്ള വിശദീകരണം സാമാന്യജനങ്ങൾക്ക് സുപരി ചിതമല്ലാതിരിക്കാം. വെറുതെ സ്ഥലനാമങ്ങൾ നൽകാൻ മാത്രം പരി ശുദ്ധാത്മാവ് നിവേശിപ്പിക്കയില്ലല്ലോ. അതിന് ആന്തരികാർഥം ഉദ്ദേ ശിച്ചുകൊണ്ടാണ് രണ്ടാമതും ഈ താവളങ്ങളുടെ പേരുകൾ നൽകി യിരിക്കുന്നത്. ചുരുക്കത്തിൽ, മനുഷ്യാത്മാവിന്റെ പോരാട്ടത്തിന്റെയും പുരോഗതിയുടെയും ഘട്ടങ്ങളാണ് ഇതിൽ സൂചിപ്പിച്ചിരിക്കുന്നത് എന്നാണ് ഒരിജന്റെ അഭിപ്രായം. ഇഷ്ടമുണ്ടെങ്കിൽ സ്വീകരിക്കാം. അല്ലെങ്കിൽ തിരസ്ക്കരിച്ച്, വാച്യാർഥം മാത്രം അംഗീകരിക്കാം.

# ജറമിയാ പ്രവാചകൻ

ജറമിയാ പ്രവാചകൻ യൂദയായിൽ ക്രി.മു. 626 മുതൽ പ്രവചനം നടത്തി. ദൈവജനം ദൈവവുമായുള്ള ഉടമ്പടി ലംഘിച്ച്, വിഗ്രഹാരാധനയിലേക്ക് തിരിയുകയും സാമൂഹ്യനീതി വിസ്മരിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ അവരെ പശ്ചാത്താപത്തിലേക്കും അനുതാപത്തിലേക്കും ദൈവത്തിൻ പക്കലേക്കും തിരികെ കൊണ്ടുവരാൻ ദൈവം നിയോഗിച്ച വലിയൊരു പ്രവാചകനായിരുന്നു ജറമിയാ. ഭരണാധികാരിയായ രാജാവും മതനേതാക്കന്മാരായ പുരോഹിതന്മാരും പ്രബോധകരായ പ്രവാചകന്മാരും ഒന്നുപോലെ ദൈവത്തിൽ നിന്നകന്നു; ഒപ്പം ജനങ്ങളും. അപ്പോൾ ദൈവം അവരെ പരിത്യജിച്ചു. അവർക്ക് സംഭവിക്കാൻ പോകുന്ന ദുരന്തം അനുദിനം വിളിച്ചറിയിക്കാനുള്ള ദൗത്യമാണ് ദൈവം ജറമിയായ്ക്കു നൽകിയത്.

അവന് നിരന്തരം കർത്താവിന്റെ വചനം ലഭിച്ചുകൊണ്ടിരുന്നു. കർത്താവ് അയക്കുന്നിടത്തേക്ക് പോകാനും കൽപ്പിക്കുന്നവ സംസാരിക്കാനുമായിരുന്നു നിയോഗം. കർത്താവ് തന്റെ വചനം അവന്റെ നാവിൽ നിക്ഷേപിച്ചു. ആരെയും കൂസാതെ കർതൃവചനം പ്രഘോഷിക്കാനുള്ള ദൗത്യം നിർവഹിക്കാൻ ലഭിച്ച ദൈവകൽപ്പന കഠിനതരമായിരുന്നു. "ഞാൻ നിന്നോടുകൂടെയുണ്ട്" എന്ന് കർത്താവ് ഉറപ്പു നൽകിയെങ്കിലും, ജറമിയാ സഹിച്ച സഹനങ്ങളും പീഡനങ്ങളും ഹൃദയഭേദകമായിരുന്നു. പ്രവാചകന്മാരെല്ലാം കണ്ണീർകയത്തിൽ കൂടി കടന്നുപോയവരായി രുന്നു. എങ്കിലും, ഈ ജറമിയായുടെ സഹനം വിവരണാതീതമായിരുന്നു. ശാരീരികമായും മാനസികമായും ക്ലേശങ്ങളുടെ കയത്തിൽ നീന്തിത്തുടിച്ച വ്യക്തിയായിരുന്നു അദ്ദേഹം. തന്റെ ഉള്ളിലെ ദൈവവചനമാകുന്ന തീജ്വാല പ്രവാചകദൗത്യം നിർവഹിക്കാൻ അവനെ നിർബന്ധിച്ചുകൊണ്ടിരുന്നു. അതു തടയാൻ അവനു കഴിഞ്ഞില്ല.

ജീവജലത്തിന്റെ ഉറവ ഉപേക്ഷിച്ച് പൊട്ടക്കിണറുകൾ കുഴിച്ച പൊട്ടന്മാരുടെ നേർക്ക് (ജറ.2,13) ജറമിയാ ആഗ്നേയാസ്ത്രം തൊടുത്തുവിട്ടെങ്കിലും (5,14;20,9) അവരത് തട്ടിത്തെറിപ്പിച്ച്, വിഗ്രഹാരാധന തുടർന്നു. "ആ ഭൂമി പൂർണമായി ദുഷിച്ചുപോയി"(3,1). "ഞാനത് മരുഭൂമിയാക്കും"; "അതിന്മേൽ ഞാൻ എന്റെ കോപവും ക്രോധവും ചൊരിയും" എന്നു കർത്താവ് പ്രഖ്യാപിച്ചു (22,6; 7,20). എന്നിട്ടും ഓരോരുത്തരും താന്താങ്ങളുടെ വഴിക്കു പോയി, കർതൃവചനം നിരസിച്ചു (8,6.9).

നാടിനും നാട്ടാർക്കും സംഭവിക്കാൻ പോകുന്ന ഭീകരത ജറമിയാ ദർശിച്ചു. ശത്രുക്കൾ കടന്നാക്രമിക്കും.കർതൃകരം പിൻവലിച്ചതിനാൽ, നാട് വേലിയും മതിലുമില്ലാത്ത തോട്ടം പോലെയും കോട്ടയും കൊത്തളവും ഇല്ലാത്ത പട്ടണം പോലെയും ആകുന്ന കാഴ്ച അവൻ ദർശിച്ചു. ദൈവാലയവും പട്ടണങ്ങളും തകർക്കപ്പെടുന്നതും ജനങ്ങളെല്ലാം അടിമകളാക്കപ്പെടുന്നതും അവൻ ദർശിച്ചു. ഇതൊക്കെ ഹൃദയഭേദകമായ കാഴ്ചകളായിരുന്നു. അവൻ തന്റെ ജനത്തെ സ്നേഹിച്ചു. അവരുടെ ദുരന്തം ഒർത്തു കരഞ്ഞു നിലവിളിച്ചു: "ശമനമില്ലാത്ത ദുഃഖത്തിലാണ് ഞാൻ. കദനഭാരം ഹൃദയത്തെ മഥിക്കുന്നു... എന്റെ ശിരസ്സ് ഒരു കണ്ണീർതടാകവും എന്റെ കണ്ണുകൾ അശ്രുധാരയും ആയിരുന്നെങ്കിൽ!" എന്ന് അവൻ നെടുവീർപ്പിട്ട് പ്രലപിച്ചു (8,18;9,1) . അവസാനം ജറമിയാ ഇതും പറഞ്ഞു: "കർത്താവേ, നീയെന്നെ വഞ്ചിച്ചിരിക്കുന്നു; ഞാൻ വഞ്ചിതനായി... ദിവസം മുഴുവൻ ഞാൻ പരിഹാസപാത്രമായി. എല്ലാവരും എന്ന അപഹസിക്കുന്നു. വായ് തുറക്കുമ്പോഴൊക്കെ അക്രമം, നാശം എന്നാണ് ഞാൻ വിളിച്ചു പറയുന്നത്. കർത്താവിന്റെ വചനം എനിക്ക് ഇടവിടാത്ത നിന്ദനത്തിനും പരിഹാസത്തിനും ഹേതുവായിരിക്കുന്നു"; "ഞാൻ പിറന്ന ദിവസം ശപിക്കപ്പെട്ടതാകട്ടെ"(20,7-8.14)

ജറമിയായുടെ പ്രവചനത്തിന് ജനം ചെവികൊടുത്തില്ല."ഇവൻ മരണത്തിന് അർഹനാണ്" എന്ന് അവർ വിധിയെഴുതിയെങ്കിലും, അവനെ കൊന്നില്ല (26,11). എന്നാൽ കുപിതരായ അധികാരികൾ പിന്നീട് അവനെ പ്രഹരിച്ച് തടവിലിട്ടു. കാരാഗൃഹത്തിലെ ഇരുട്ടറയിൽ അവൻ വളരെ നാൾ കഴിച്ചുകൂട്ടി (37,15-16). തുടർന്ന് രാജകൽപ്പനയാൽ അവനെ കാവൽപ്പുരത്തളത്തിൽ സൂക്ഷിക്കുകയും ദിവസവും ഓരോ കഷണം അപ്പം കൊടുക്കുകയും ചെയ്തു (37,21). ദുഷ്ടക്കൂട്ടങ്ങൾ അവനെ അവിടെ നിന്നു പിടിച്ച് ചെളിനിറഞ്ഞ പൊട്ടക്കിണറ്റിൽ താഴ്ത്തി, തിന്മ ചെയ്തു( 38,6). വീണ്ടും രാജാവ് ഇടപെട്ട് കാവൽപ്പുരത്തളത്തിൽ അവനെ പാർപ്പിച്ചു. ബാബിലോൺ രാജാവായ നെബുക്കദ്നേസർ നഗരം പിടിച്ചടക്കുന്നതുവരെ അവൻ അവിടെ കഴിഞ്ഞു.

ബാബിലോൺകാർ ജറുസലേം പിടിച്ചടക്കി. അവർ കർത്താവിന്റെ

 www.malankaralibrary.com

ആലയവും രാജകൊട്ടാരവും മറ്റു മാളികകളും അഗ്നിക്കിരയാക്കി. ജറുസലേമിനു ചുറ്റുമുള്ള മതിലുകൾ ഇടിച്ചു തകർത്തു. ദൈവാലയ സാമഗ്രികൾ ബാബിലോണിലേക്കു കടത്തി (52,12ff.). അവർ ജനത്തെ അടിമകളാക്കി ബാബിലേണിലേക്ക് കൊണ്ടുപോയി, കേദാർ നദീതീരത്ത് പാർപ്പിച്ചു. ജറമിയായെ പിടിച്ചുകൊണ്ടുപോകാതെ സ്വതന്ത്രനാക്കി. ജറുസലേമിലെ നഷ്ടശിഷ്ടങ്ങൾക്കിടയിൽ കുറേനാൾ കഴിഞ്ഞശേഷം അവൻ ഈജിപ്തിലേക്ക് നാടുകടത്തപ്പെടുകയും അവിടെവച്ച് മരിക്കുകയും ചെയ്തു.

ജറമിയാ പ്രവചിച്ചതുപോലെ സംഭവിച്ചു. എന്നാൽ ദൈവം അവരെ പൂർണമായി കൈവിടാഞ്ഞതിനാൽ, അവർക്ക് ഉയിർത്തെഴുന്നേൽപ്പ് ഉണ്ടാകുമെന്നും ജറമിയാ പ്രവചിച്ചിരുന്നു. വിപ്രവാസത്തിനുശേഷം അതു സംഭവിക്കുകയും കർതൃവചനം നിറവേറുകയും ചെയ്തു.

ജറമിയായുടെ പ്രവചനത്തിന്റെ ചരിത്രപരമായ ലഘുവിവരണമാണ് മുകളിൽ നൽകിയത്. ഇതിനൊരാന്തരികാർഥം കൂടിയുണ്ട്. പ്രവചനത്തിന്റെ നിരവധി ഭാഗങ്ങൾ അന്ത്യോന്മുഖവും ക്രിസ്തോന്മുഖവുമാണ്. അതായത്, കാലപൂർണതയിൽ ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടേണ്ടവ പ്രവാചകൻ വരച്ചുകാട്ടുകയായിരുന്നു. ജറമിയാ എന്ന വ്യക്തി തന്നെ ക്രിസ്തുവിന്റെ മുൻകുറി ആയിരുന്നു. പണ്ഡിതനായ ഒരിജൻ തന്റെ ജറമിയാ പ്രവചനഭാഷ്യത്തിൽ ഇപ്രകാരം വ്യാഖ്യാനിക്കാൻ ഒരു ശ്രമം നടത്തുന്നു. ജറമിയായ്ക്ക് സംഭവിച്ച പല സംഗതികളും ക്രിസ്തുവിനു സംഭവിച്ചു. ഈ പ്രവചനം അതിന്റെ പൂർണത കൈവരിക്കുന്നത് നമ്മുടെ കർത്താവായ യേശുവിലും അവിടുത്തെ സ്നേഹസന്ദേശത്തിലുമാണ്.

ജറമിയായ്ക്കുണ്ടായ തിരിച്ചടി തന്നെയാണ് കർത്താവിനും ഉണ്ടായത്. ദൈവവചനം മനുഷ്യരൂപം സ്വീകരിച്ച് ഇറങ്ങി വന്ന് മാനസ്സാന്തരത്തിന് ആഹ്വാനം ചെയ്തെങ്കിലും, യഹൂദർ മറുതലിച്ച്, അവനെ മരണശിക്ഷയ്ക്ക് വിധിച്ചു. അവർ അവനെ വിജാതിയർക്ക് ഏൽപ്പിച്ചു കൊടുത്തു. അവർ അവനെ ക്രൂശിൽ തറച്ചുകൊന്നു. ജീവിതകാലത്ത് അവനെ അവർ അവഹേളിച്ചു. സമറിയാക്കാരൻ എന്നും പിശാചുബാധിതൻ എന്നും ബുദ്ധിസ്ഥിരത നശിച്ചവൻ എന്നും പറഞ്ഞ് അവർ അവനെ അവഹേളിച്ചു (യോഹ. 8,48.52). എന്നാൽ ജറുസലേമിന്റെയും ദൈവാലയത്തിന്റെയും ജനത്തിന്റെയും തകർച്ച, അവിടുന്ന് പ്രവചിച്ചതുപോലെ സംഭവിച്ചു.നമ്മുടെ ജറമിയാ മനുഷ്യകുലത്തിനുവേണ്ടി ഇവയെല്ലാം സഹിച്ചു. എന്നാൽ ആ സഹനത്തിലൂടെ അവിടുന്ന് എന്നേക്കുമായി മഹത്വീകരിക്കപ്പെട്ടു. എല്ലാ എതിർശക്തികളെയും പരാജയപ്പെടുത്തി, മനുഷ്യത്വത്തെ പിതൃവലഭാഗത്ത് എത്തിച്ചു.

# 1
# പിഴുതെറിയാനും നട്ടുവളർത്താനും ഇടിച്ചു തകർക്കാനും പണിതുയർത്താനുമുള്ള ദൗത്യം (ജറ. 1,10)

രണ്ടു ദൗത്യങ്ങളാണ് കർത്താവ് ജറമിയായ്ക്ക് നൽകിയത്: (1) നശിപ്പിക്കാനും തകിടം മറിക്കാനുമുള്ള ദൗത്യം. (2) നട്ടുവളർത്താനും പണിതുയർത്താനുമുള്ള ദൗത്യം. അതിനായി ജനതകളുടെയും രാജ്യങ്ങളുടെയും മേൽ കർത്താവ് അവനെ അവരോധിച്ചു. കർതൃവചനം അവനു നിരന്തരം ലഭിച്ചുകൊണ്ടിരുന്നു. ജനതകളുടെ പ്രവാചകനായിട്ടാണ് നിയോഗം ലഭിച്ചത്. മാതൃഉദരത്തിൽ കർത്താവ് അവനു രൂപം നൽകുന്നതിനു മുമ്പേ കർത്താവ് അവനെ അറിഞ്ഞു. "കേവലം ബാലനായ എനിക്ക് സംസാരിക്കാൻ പാടവമില്ല" എന്ന് അവൻ പറഞ്ഞപ്പോൾ, "നിന്റെ രക്ഷയ്ക്ക് ഞാൻ കൂടെയുണ്ട്"എന്നു പറഞ്ഞ് കർത്താവ് അവനെ ബലപ്പെടുത്തി (ജറ.1,1-19).

വാച്യാർഥത്തിൽ ഈ ഭാഗം ജറമിയാ പ്രവാചകനെ കുറിക്കുന്നു. യൂദയാ രാജ്യത്തിനു വരാൻ പോകുന്ന നാശത്തെപ്പറ്റി പ്രവചിക്കാനും ജനത്തിനും ഭരണാധികാരികൾക്കും മുന്നറിയിപ്പ് നൽകാനും ദൈവം അവനെ നിയോഗിച്ചു. യൂദയായെയും ജറുസലേമിനെയും തകർത്തു തരിപ്പണമാക്കുന്ന ബാബിലോണിന്റെ പതനവും വിപ്രവാസത്തിൽ നിന്നുള്ള ദൈവജനത്തിന്റെ തിരിച്ചുവരവും അവൻ പ്രവചിച്ചു: "ബാബിലോണിന്റെ പതനത്തിൽ ഭൂമി വിറയ്ക്കും". "ബാബിലോണിൽ നിന്ന് ഓടിയകലുവിൻ, ജീവൻ രക്ഷിക്കുവിൻ." "മേദ്യരാജാക്കന്മാരെ കർത്താവ് ഇളക്കിവിട്ടിരിക്കുന്നു. ബാബിലോണിനെ നശിപ്പിക്കാൻ കർത്താവ് നിശ്ചയിച്ചിരിക്കുന്നു" എന്നു തുടങ്ങി ജറമിയാ പ്രവചിച്ചു (50,46; 51,6.11). ഈജിപ്തുകാർ, മൊവാബ്യർ, അമ്മോന്യർ, ഏദോമ്യർ, എന്നിവർക്കെതിരെയും, ഡമാസ്ക്കസിനും കേദാറിനും ഹാസോറിനും ഏലാമിനും എതിരെയും അവൻ പ്രവചിച്ചു. അവരുടെ തകർച്ച അവൻ ദർശനത്തിൽ കണ്ടു.

 www.malankaralibrary.com

വിപ്രവാസത്തിൽ നിന്നു തിരികെ വരുന്നവർ നഗരവും ദൈവാലയവും പണിയാൻ അവൻ പ്രേരിപ്പിച്ചു. പ്രവാചകന് തന്റെ പ്രവചനത്തിനു പകരം സഹിക്കേണ്ടിവന്ന പീഡനങ്ങൾ വിവരണാതീതമാണ്. അവർ അവനെ ചെളിക്കുഴിയിൽ തള്ളിയിട്ടു. അവൻ അവിടെ ദിവസം ഒരപ്പക്കഷണവും പച്ചവെള്ളവും കുടിച്ചുകഴിഞ്ഞു (ജറ. 37, 20; 38, 6; 44, 20; 45, 6). മറ്റനേകം പീഡകളും നിന്ദനങ്ങളും അവൻ സഹിച്ചു. അവയിൽ നിന്നെല്ലാം കർത്താവ് അവനെ രക്ഷിച്ചു.

ഇതിനപ്പുറത്ത് ഒരാന്തരികാർഥം ഈ ഭാഗത്തിനുണ്ട്. ഈ ഭാഗം ഉപരിയായ അർഥത്തിൽ നമ്മുടെ കർത്താവേശുമിശിഹായെ കുറിച്ചാണ്. ഈ പ്രവചനം പൂർണമായ അർഥത്തിൽ നമ്മുടെ കർത്താവിനാണ് ചേരുന്നത്. അതേപ്പറ്റി വിവരിക്കാം.

ജറുസലേമിന്റെ പാപം നിമിത്തം ജനം അടിമത്തത്തിനായി വിധിക്കപ്പെട്ടു. പ്രവാചകവചനം കേട്ട് മാനസ്സാന്തരപ്പെടാൻ അവരുടെ പക്കലേക്ക് പ്രവാചകനെ അയച്ചു. എന്നാൽ അവർ മനസ്സുതിരിച്ചില്ല. അപ്പോൾ, നെബുക്കദ്നേസറിനു വിധേയപ്പെട്ട് അടിമത്തത്തിലേക്ക് പോകാൻ അവരോട് നിർദേശിച്ചു. അവിടെ വച്ചെങ്കിലും അവർ അനുതപിക്കാൻ വേണ്ടിയായിരുന്നിത്. അടിമത്തം നീണ്ടുപോകയില്ലെന്നും വിമോചനം ലഭിക്കുമെന്നും പ്രവചിച്ച് അവർക്ക് ധൈര്യം പകരാൻ ശ്രമിച്ചു.

പാപം ചെയ്താൽ നാമും അടിമത്തത്തിലാകും. നാം സാത്താനാകുന്ന നെബുക്കദ്നേസറിന് കൈയാളിക്കപ്പെടും (1 കൊറി. 5,5). ദൈവം ആരെയെങ്കിലും കൈവിട്ടാൽ, അയാളെ സാത്താൻ അടിമയായി വയ്ക്കുന്നു. ക്രൂരരായ ഈ ആത്മീയബാബിലോണിയർ നമ്മെ കഠിനമായി പീഡിപ്പിക്കും. നിയമവും പ്രവാചകന്മാരും ശ്ലീഹന്മാരും നമ്മുടെ കർത്താവും അനുനിമിഷം അനുതാപത്തിനും മാനസ്സാന്തരത്തിനും ആഹ്വാനം ചെയ്യുന്നു. നാം അനുതപിച്ചാൽ അവിടുന്ന് മനസ്സു തിരിഞ്ഞ് ശിക്ഷ നീക്കിക്കളയും (ജറ.18,8).

മാതാവിന്റെ ഉദരത്തിൽ രൂപം നൽകുന്നതിനു മുമ്പേ, നിത്യതയിൽ തന്നെ പിതാവ് ആരംഭരഹിതനായ പുത്രനെ അറിഞ്ഞു (ജറ.1,5). “എന്റെ പിതാവ് എന്നെയും ഞാൻ എന്റെ പിതാവിനെയും അറിയുന്നു” (യോഹ. ). നിത്യതയിൽ തന്നെ അവിടുന്ന് തന്റെ വചനത്തെ വിശുദ്ധീകരിച്ച് ജനതകളുടെ പ്രവാചകനായി നിയോഗിച്ചു.

നമ്മുടെ രക്ഷകൻ തന്റെ ശിഷ്യരിലൂടെ എല്ലാ ജനതകളോടും പ്രവചിക്കുന്നു. അവിടുന്ന് മഹാപുരോഹിതൻ, രക്ഷകൻ, സൗഖ്യദാ

യകൻ തുടങ്ങി നിരവധി പേരുകളാൽ വിളിക്കപ്പെടുന്നതുപോലെ, പ്രവാചകനുമാണ്. അവൻ ഏറ്റവും വലിയ പ്രവാചകനാണ്. കർത്താവിന്റെ പ്രവാചകനാണ്. ഈ പ്രവാചകനെ പറ്റി മോശ വളരെ നേരത്തെ പ്രവചിച്ചിരുന്നു (ആവ.18,15.19; നടപടി, 3,22-23). നമ്മുടെ രക്ഷകനാണ് യഥാർഥത്തിൽ ജനതകളുടെയെല്ലാം പ്രവാചകനായി നിയമിക്കപ്പെട്ടവൻ. അവൻ ദൈവത്തിൽ നിന്ന് കൃപ സ്വീകരിച്ചു. അത് അവന്റെ അധരങ്ങളിൽ നിന്നൊഴുകി (സങ്കീ.45,2). അവൻ ശരീരത്തിൽ ആയിരുന്നപ്പോൾ മാത്രമല്ല, മഹത്വീകൃതൻ ആയിരിക്കുമ്പോഴും എല്ലാ ജനതകളോടും പ്രവചിക്കുന്നു. അതിലൂടെ എല്ലാ ജനതകളിൽ നിന്നും അവിടുന്ന് മനുഷ്യരെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു: "ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും" (യോഹ.12,32).

"ഞാൻ ബാലനാണ്; സംസാരിക്കാൻ എനിക്ക് പാടവമില്ല" (ജറ.1,6). ദൈവവചനമെന്ന നിലയിൽ പുത്രൻ സർവജ്ഞനാണ്; എന്നാൽ മനുഷ്യരുടെ ഭാഷ വളരെ താഴ്ന്ന തലത്തിൽ ഉള്ളതാകയാലും, അവൻ എല്ലാം വിട്ട് ദാസന്റെ വേഷം ധരിച്ചതിനാലും അവന് മറ്റു മനുഷ്യരെപ്പോലെ ഭാഷാജ്ഞാനം ഉണ്ടാകേണ്ടിയിരുന്നു. "ശിശു വളർന്നു, ജ്ഞാനം നിറഞ്ഞ് ശക്തനായി, ദൈവത്തിന്റെ കൃപ അവന്റെ മേൽ ഉണ്ടായിരുന്നു." "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂ. 2,40.52). സംസാരിക്കുക എന്നത് മാനുഷികമാണ്. ദൈവത്തിന്റെ അറിവും ഭാഷയും അത്യുന്നതവും താരതമ്യാതീതവും മഹനീയവുമാണ്. മനുഷ്യഭാഷ അവന് അന്യമായിരുന്നു. അവന്റെ ഭാഷ അതിനേക്കാൾ ഉന്നതമായിരുന്നു. എന്നാൽ അവനെ ബലപ്പെടുത്തി ശക്തി പകർന്നുകൊടുത്തുകൊണ്ട് കർത്താവ് പറഞ്ഞു: "ഞാൻ അയക്കുന്നിടത്തേക്ക് നീ പോകണം. ഞാൻ കൽപ്പിക്കുന്നതെന്തും സംസാരിക്കണം. നിന്റെ രക്ഷയ്ക്ക് ഞാൻ കൂടെയുണ്ട്" (ജറ.1,7-8.19). - "എന്റെ പിതാവിന്റെ സന്നിധിയിൽ കണ്ടവയെപ്പറ്റി ഞാൻ സംസാരിക്കുന്നു." "എന്റെ പിതാവിൽ നിന്നു കേട്ടതെല്ലാം ഞാൻ നിങ്ങളെ അറിയിച്ചു". "അങ്ങ് എനിക്കു നൽകിയ വചനം ഞാൻ അവർക്ക് നൽകി" (യോഹ. 8,38; 15, 15;17,8.14). - ജറമിയായ്ക്കുള്ള ഈ പ്രവചനം പൂർണമായ അർഥത്തിൽ നമ്മുടെ കർത്താവിനെ സംബന്ധിച്ചാണ്. പിതാവിൽ നിന്നു കേട്ടതും പിതാവ് കൽപ്പിച്ചതും അവൻ മനുഷ്യരെ പഠിപ്പിച്ചു. പിതാവ് തന്റെ വചനം അവന്റെ നാവിൽ നിക്ഷേപിച്ചയച്ചു.

 www.malankaralibrary.com

ജറമിയാ 1,10-ൽ പറഞ്ഞിരിക്കുന്നത് ഉന്നതമായ അർഥത്തിൽ നമ്മുടെ രക്ഷകന് ചേരുന്നതാണ്. "ജനതകളും രാജ്യങ്ങളും" എന്നത് ആലങ്കാരികാർഥത്തിൽ മനുഷ്യാത്മാക്കളിലുള്ള ദുഷിച്ച ചാച്ചിലുകളെ കുറിക്കുന്നെന്നു പറയാം. ദൈവവചനത്താൽ അവയെ പിഴുതെറിയാനുള്ള ദൗത്യം ഉന്നതാർഥത്തിൽ സ്വീകരിച്ചത് നമ്മുടെ കർത്താവാണ്. "ഇതാ, ലോകപാപം നീക്കുന്ന ദൈവകുഞ്ഞാട്"(യോഹ. 1,29.36).

സാത്താന്റെ സാമ്രാജ്യം തകർത്തതും പൈശാചികാരാധന നശിപ്പിച്ചതും നമ്മുടെ കർത്താവാണ്. പാപസാമ്രാജ്യങ്ങളെ ദൈവവചനത്താൽ തകർത്തത് അവിടുന്നു തന്നെയാണ്. വ്യഭിചാരത്തിന്റെ രാജ്യമുണ്ട്, അത്യാർത്തിയുടെ രാജ്യമുണ്ട്, കവർച്ചയുടെ രാജ്യമുണ്ട്. പലതരം പാപങ്ങളുള്ള നിരവധി രാജ്യങ്ങളുണ്ട്. പിശാചിന്റെ അധീനതയിലുള്ള സാമ്രാജ്യത്തിലെ നിരവധി രാജ്യങ്ങളാണ് ഈ പാപങ്ങൾ! പിഴുതെറിയാനും ഇടിച്ചുതകർക്കാനുമായി ഈ രാജ്യങ്ങളിലേക്ക് ദൈവവചനം കടന്നു ചെല്ലേണ്ടതുണ്ട്. "എന്റെ സ്വർഗസ്ഥനായ പിതാവ് നടാത്ത സസ്യമെല്ലാം പിഴുതെറിയപ്പെടും" (മത്താ.15,13). ആത്മാവിന്റെ ഉള്ളിലുള്ള ചില സംഗതികൾ സ്വർഗീയപിതാവ് നട്ടതല്ല. ദുർവിചാരങ്ങൾ, കൊലപാതകം, വ്യഭിചാരം, വേശ്യാവൃത്തി, മോഷണം, കള്ളസാക്ഷി, പരദൂഷണം തുടങ്ങിയവ സ്വർഗീയപിതാവ് നട്ടവയല്ല. ഇവ വിതച്ചത് ശത്രുവാണ്. ഗോതമ്പിനിടയിൽ കള വിതയ്ക്കുന്നത് പിശാചാണ് (മത്താ. 13,25.28). നാം പിശാചിന് ഇടം കൊടുത്താൽ, സ്വർഗീയപിതാവ് നടാത്തവ അവൻ വിതയ്ക്കും. അവ നിശ്ശേഷം പിഴുതെറിയപ്പെടും (എഫേ.4,27). എന്നാൽ നാം ദൈവത്തിനിടം കൊടുത്താൽ, സന്തോഷപൂർവം അവിടുന്ന് നല്ല വിത്തു വിതയ്ക്കും. അവ നല്ല നിലത്തു വീഴുന്നതിനാൽ, നൂറുമേനി ഫലം പുറപ്പെടുവിക്കും. അതിൽ സ്വർഗീയപിതാവ് സന്തോഷിക്കും. പിശാചിന്റെ ഭവനമുണ്ട്. ദൈവിക ഭവനമുണ്ട്. പിശാച് മണലിന്മേൽ ഭവനം പണിയുന്നു. എന്നാൽ ദൈവികഭവനം പാറമേലാണ് (മത്താ.7,25-26). നിങ്ങൾ ദൈവത്തിന്റെ വയലും ദൈവഭവനവുമാണ് (1കൊറി.3,9).

"പിഴുതെറിഞ്ഞാൽ മാത്രം പോരാ, അവ പൂർണമായി നശിപ്പിക്കണം. ഇടിച്ചു തകർത്താൽ മാത്രം പോരാ, തകിടം മറിക്കണം" എന്ന് ദൈവത്തിന്റെ നന്മ ആഗ്രഹിക്കുന്നു: "പതിര് കെട്ടുകളായി കെട്ടി, കെടാത്ത തീയിൽ കത്തിച്ചു കളയും" (മത്താ.3,12;13,30). തകർന്ന ഭവനത്തിന്മേൽ സാത്താൻ വീണ്ടും പണിയാതിരിക്കാൻ, അത് നിശ്ശേഷം

www.malankaralibrary.com

നശിപ്പിക്കണം. ലേവ്യപുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് ഇത് സൂചിപ്പിക്കുന്നു (14,33). തകർന്ന കല്ലുകൾ പിന്നൊന്നിനും കൊള്ളുകയില്ല.

ആ സസ്യം കത്തിച്ചുകളഞ്ഞത് അതിന്റെ വിത്തുകൾ സാത്താൻ ശേഖരിച്ച് വീണ്ടും വിതയ്ക്കാതിരിക്കാനാണ്. അവന്റെ കൈയിൽ വിത്തുകളും പാകമായ നിലങ്ങളും കിട്ടിയാൽ, അവൻ രാത്രിയിൽ വന്ന് കള വിതയ്ക്കും. പിഴുതെറിയുകയും തകർക്കുകയും ചെയ്തതുകൊണ്ട് അവസാനിക്കുന്നില്ല. തുടർന്ന്, മെച്ചപ്പെട്ടവ നടുകയും പണിയുകയും വേണം. കളകൾ വളരുന്നിടത്ത് ദൈവത്തിന് നല്ലവ നടാൻ സാധ്യമല്ല. കൊള്ളരുതാത്ത കെട്ടിടത്തിൽ ദൈവത്തിന് പണിയാൻ ആകില്ല: "നീതിയും അനീതിയും തമ്മിൽ എന്തു പങ്കാളിത്തമാണുള്ളത്? പ്രകാശത്തിന് അന്ധകാരവുമായി എന്തു കൂട്ടുകെട്ടാണുള്ളത്?

വചനത്തിന്റെ ശക്തി മനസ്സിലാക്കുക. പിഴുതെറിയുന്നതും തകർക്കുന്നതും നടുന്നതും പണിയുന്നതും വചനമാണ്. പിശാചിന്റെ നഗരങ്ങളെയും രാജ്യങ്ങളെയും സാമ്രാജ്യങ്ങളെയും ദൈവവചനം നിഷ്ക്കാസനം ചെയ്യുന്നു. അവയെ എന്നേക്കുമായി നശിപ്പിക്കുന്നു. ഈ ദൗത്യം ഭൗതിക തലത്തിലല്ല, ആത്മീയ തലത്തിലാണ് നാം മനസ്സിലാക്കേണ്ടത്: ഹൃദയത്തിൽ സ്ഥാപിച്ചിരിക്കുന്ന വിഗ്രഹങ്ങളെയും അവയുടെ ആലയങ്ങളെയും ദൈവവചനം നശിപ്പിക്കുന്നു. അതിനുള്ള ദൗത്യമാണ് മിശിഹായുടേത്, മിശിഹായുടെ സഭയുടേത്. അങ്ങനെ സജീവദൈവം നമ്മെ തന്റെ സജീവാലയങ്ങളാക്കുന്നു (2 കൊറി.6,16). "നാം പടവെട്ടുന്നത് മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാര ലോകത്തിന്റെ അധിപന്മാർക്കും, സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കും എതിരായിട്ടാണ് (എഫേ. 6,12). നമ്മുടെ കർത്താവ് നമ്മെ അന്ധകാരത്തിന്റെ ആധിപത്യത്തിൽ നിന്ന് വിമോചിപ്പിച്ചിരിക്കുന്നു" (കൊളോ.1,13). പിശാചിന്റെ സാമ്രാജ്യത്തിൽ പെട്ട ഭൗമികമായവയെല്ലാം - അസന്മാർഗികത, അശുദ്ധി, മനഃക്ഷോഭം, ദുർവിചാരങ്ങൾ, ദ്രവ്യാസക്തി തുടങ്ങിയവയെല്ലാം - നാം നശിപ്പിക്കണം (കൊളോ.3,5). അമർഷം, ക്രോധം, ദുഷ്ടത, ദൈവദൂഷണം, അശുദ്ധഭാഷണം തുടങ്ങിയവ വർജിക്കണം. ഇവയെല്ലാം പഴയ മനുഷ്യന്റെ പ്രവൃത്തികളാണ് (കൊളോ.3,8-10). ജഡത്തിന്റെ വ്യാപാരങ്ങളായ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം,

മദ്യപാനം, മദിരോത്സവം ആദിയായവയും ദൈവരാജ്യത്തിൽ നിന്ന് അകറ്റുന്ന പിശാചിന്റെ കളകളാണ്. ഈ ജഡമോഹങ്ങളെയും ജഡത്തിന്റെ വ്യാപാരങ്ങളെയും തൃപ്തിപ്പെടുത്തത്തക്കവിധം പിശാചിന് ഒരിക്കലും ഇടം കൊടുക്കരുത് (ഗലാ.5,19).

ഇവയെല്ലാം നിഷ്ക്കാസനം ചെയ്തിട്ട്, പിഴുതെറിഞ്ഞ് കത്തിച്ചിട്ട്, ഇടിച്ചുനിരത്തി തകർത്തിട്ട്, ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കണം: “സത്യംകൊണ്ട് അര കെട്ടുവിൻ...വിശ്വാസത്തിന്റെ പരിച എടുക്കുവിൻ... ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുവിൻ” (എഫേ.6,10-17). ആത്മാവിന്റെ ഫലങ്ങൾ സമൃദ്ധിയായി തഴച്ചു വളരട്ടെ: “സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം” എന്നിവയാണ് ആ ഫലങ്ങൾ. ദൈവം നടുന്ന സസ്യത്തിലെ ഫലങ്ങളാണവ. അങ്ങനെ നമ്മുടെ കർത്താവിനെ പ്രതി  ലോകം നമുക്കും നാം ലോകത്തിനും ക്രൂശിക്കപ്പെടട്ടെ (ഗലാ. 5,22-23;6,14). സാത്താന് ഒരിക്കലും ഇടം കൊടുക്കാതിരിക്കാം (എഫേ. 4,27). നമ്മുടെ അധരങ്ങളിൽ നിന്ന് തിന്മയുടെ വാക്കുകൾ പുറപ്പെടാതിരിക്കട്ടെ...സകല വിദ്വേഷവും ക്ഷോഭവും ക്രോധവും അട്ടഹാസവും ദൂഷണവും എല്ലാ തിന്മകളോടും കൂടെ ഉപേക്ഷിക്കണം. മ്ലേച്ഛതയും വ്യർഥഭാഷണവും ചാപല്യവും നമുക്ക് യോജിച്ചതല്ല (എഫേ.4,29.31;5,4). നമ്മെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ നമുക്കു സാധിക്കും. അവൻ നമ്മുടെ ദുർബലശരീരത്തെ തന്റെ മഹത്വമുള്ള ശരീരം പോലെ രൂപാന്തരപ്പെടുത്തും (ഫിലി. 3,21; 4,13).

www.malankaralibrary.com

# 2

# നിങ്ങളുടെ തരിശുഭൂമി ഉഴുതു മറിക്കുവിൻ; മുള്ളുകൾക്കിടയിൽ വിത്തു വിതയ്ക്കരുത് (ജറ. 4,3)

ദൈവജനത്തിന്റെ പാപത്തെപ്പറ്റി ജറമിയാ വിലപിക്കുന്നു. അവർക്ക് അനുതാപത്തിനുള്ള ആഹ്വാനം നൽകുന്നു. "ദൈവമല്ല മരണം സൃഷ്ടിച്ചത്, ജീവനുള്ളവരുടെ നാശം അവിടുന്ന് ആഗ്രഹിക്കുന്നുമില്ല. നിലനിൽക്കാൻ വേണ്ടിയാണ് അവിടുന്ന് സൃഷ്ടിച്ചത്" (വിജ്ഞാനം, 1,13-14). പിശാചിന്റെ അസൂയ നിമിത്തമാണ് മരണം ലോകത്തിൽ പ്രവേശിച്ചത് (വിജ്ഞാനം, 2,24). "തെരഞ്ഞെടുക്കപ്പെട്ട വിശിഷ്ട മുന്തിരിച്ചെടിയായിട്ടാണ് ദൈവം മനുഷ്യനെ നട്ടത്. എന്നാൽ അത് കയ്പുള്ള കാട്ടുമുന്തിരിയായി മാറി". ഇതെങ്ങനെ സംഭവിച്ചെന്ന് കർത്താവ് ചോദിക്കുന്നു (ജറ.2,21). ആദ്യമനുഷ്യന്റെയും എല്ലാ മനുഷ്യരുടെയും ആത്മാക്കളെ ദൈവത്തിന്റെ ച്ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിച്ചത് (ഉൽപ്പ.1,26). ഈ പ്രപഞ്ചം മുഴുവൻ ദൈവികച്ഛായയിലാണ് സൃഷ്ടിക്കപ്പെട്ടത്. അപ്പോൾ ആദ്യം ഉണ്ടായിരുന്നത് ദൈവച്ഛായയാണ്, പിന്നീടാണ് അതിൽ പുഴുക്കുത്തു വീണത്, പാപം നിമിത്തം വീഴ്ച പറ്റിയത്.

ഇസ്രായേൽ കർത്താവിന്റെ വിശുദ്ധ ജനമായിരുന്നു. അവിടുത്തെ വിളവിൽ ആദ്യഫലവുമായിരുന്നു (ജറ.2,3). എന്നാൽ അവർ കർത്താവിനെതിരെ പുറം തിരിച്ചുകളഞ്ഞു. "കർത്താവ് എവിടെ?" എന്ന് ആരും ചോദിച്ചില്ല (ജറ. 2,6.8). അവർ ചെയ്ത ഏറ്റവും വലിയ തെറ്റ് വിഗ്രഹാരാധന ആയിരുന്നു. അതിനെ വ്യഭിചാരമായി ചിത്രീകരിച്ചിരിക്കുന്നു. ചെയ്ത കുറ്റം ഏറ്റുപറയാൻ പ്രവാചകൻ ആഹ്വാനം ചെയ്യുന്നു (ജറ.2,23). അവർ കല്ലിന്റെയും മരക്കഷണത്തിന്റെയും പിന്നാലെ പോയി (2,27;3,9). ജീവജലത്തിന്റെ ഉറവ വിട്ട്, പൊട്ടക്കിണറുകൾ കുഴിച്ചു (2,13). കർത്താവിന്റെ പ്രഹരം ഏറ്റിട്ടും തിരിച്ചുവരാൻ അവർ കൂട്ടാക്കിയില്ല." അവർ കർത്താവിനെ മറന്നുകളഞ്ഞു" (2,32). ലാഘവ

 www.malankaralibrary.com

ത്തോടെ വഴിമാറി നടന്നു (2,36). അവർ നാടു ദുഷിപ്പിച്ചു."ആ ഭൂമി പൂർണമായി ദുഷിച്ചുപോയി"(3,1.2.9).

എന്നാൽ തിരിച്ചുവരാൻ, കാരുണ്യവാനും സദാ കോപിക്കാത്തവനുമായ കർത്താവ് ആഹ്വാനം ചെയ്തു (ജറ.3,12.14.22). "എന്റെ പിതാവേ" എന്ന വിളി കേൾക്കാൻ അവിടുന്ന് ആഗ്രഹിച്ചു (3,19). "എന്റെ അടുത്തേക്കു വരിക, ഇസ്രായേലിന്റെ രക്ഷ ദൈവമായ കർത്താവിൽ മാത്രം. കർത്താവിലാണ് അവരുടെ മഹത്വം" (3,23;4,2). നിങ്ങൾ തിരിച്ചുവന്നാൽ മാത്രം മതി, ഞാൻ നിങ്ങളുടെ അകൃത്യങ്ങളെല്ലാം കഴുകിക്കളയാം. " ചാക്കുടുത്ത് കരയുവിൻ, നിലവിളിക്കുവിൻ. ജറുസലേമേ, നിന്റെ ഹൃദയത്തിൽ നിന്ന് ദുഷ്ടത കഴുകിക്കളയുക. എന്നാൽ നീ രക്ഷപെടും" (4,8.14). "മക്കളേ, തിരിച്ചുവരുവിൻ. ഞാൻ മാത്രമാണ് നിങ്ങളുടെ നാഥൻ"(3,14).

ഈ ആഹ്വാനം കർത്താവ് എല്ലാ മനുഷ്യരോടും നടത്തുന്നു. ധനമോഹം, അധികാരപ്രമത്തത, ആധിപത്യപ്രവണത, വ്യർഥാഭിമാനം, കലഹപ്രിയം, ഭോജനപ്രിയം, ദുഷ്ടചിന്തകൾ, അക്രമങ്ങൾ, കള്ളസാക്ഷി പറച്ചിൽ, കവർച്ചകൾ, കൈക്കൂലി, പാവപ്പെട്ടവരെ അവഗണിക്കൽ, പരദൂഷണം തുടങ്ങി എണ്ണിയാലൊടുങ്ങാത്ത വിഗ്രഹങ്ങൾ ഇന്നു മനുഷ്യർക്കു മുമ്പിലുണ്ട്. ഇവയും തത്തുല്യമായവയും ബാലിന്റെ വിഗ്രഹങ്ങളാണ്. ഇവയെല്ലാം വിട്ടുപേക്ഷിക്കാനാണ് ആഹ്വാനം. കോപത്തിന്റെയോ, ക്രോധത്തിന്റെയോ ദുഃഖത്തിന്റെയോ, ദുരാശയുടെയോ ബാലിനെ ആരാധിക്കാതെ, നമുക്ക് ദൈവത്തിന്റേതായിരിക്കാം. നാമും പിശാചും തമ്മിൽ ബന്ധമൊന്നുമില്ല. അവന്റെ സൈന്യങ്ങൾക്ക് നമ്മിൽ കാര്യമൊന്നുമില്ല. അവൻ ഒരിക്കലും സഹായകനല്ല.

അവൻ നുണയനും നുണയുടെ പിതാവും അലറി നടക്കുന്ന സിംഹവുമാണ്. അവൻ കടിച്ചുകീറാൻ തക്കം നോക്കി പതുങ്ങിനടക്കുന്നു. നമ്മെ ഈജിപ്തിലേക്ക് കൊണ്ടുപോകാൻ അവൻ പ്രലോഭിപ്പിക്കുന്നു.ചിലർക്ക് വയറാണ് അവരുടെ ദൈവം (ഫിലി.3,19). ചിലർക്ക് പണമാണ് അവരുടെ ദൈവം. വിഗ്രഹാരാധന തന്നെയാണ് ദ്രവ്യാഗ്രഹം; അത്യാർത്തിയും അപ്രകാരം തന്നെ. നാം യാതൊന്നിനെയും ദൈവത്തിന്റെ സ്ഥാനത്ത് പ്രതിഷ്ഠിച്ച് താലോലിക്കാനും പൂജിക്കാനും പാടില്ല. "ഇതാ, ഞങ്ങൾ എന്നും നിന്റേതാണ്. നിന്റേതായിരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഞങ്ങളെ നിന്റേതായിത്തന്നെ എപ്പോഴും നിലനിർത്തണമെ. നിന്റെ സ്നേഹത്തിൽ നിന്നകന്ന് ബാലിന് സേവ ചെയ്യാൻ ഞങ്ങളെ കൈവിട്ടുകളയരുതേ" എന്നു നമുക്ക് നിരന്തരം പ്രാർഥിക്കാം.

തരിശുഭൂമി ഉഴുതുമറിക്കണം; കളകൾ നീക്കം ചെയ്യണം. എന്നിട്ടേ വിത്തു വിതയ്ക്കാവൂ എന്ന് ദൈവവചനം അനുശാസിക്കുന്നു (ജറ.4,3). ജീവിതവ്യഗ്രത, ധനാസക്തി, സുഖഭോഗതാൽപ്പര്യം തുടങ്ങി നിരവധി കളകളും മുള്ളുകളും ഹൃദയത്തിൽ ഉണ്ടായിരിക്കാം (മർക്കോ. 4,32). അവയെപ്പറ്റി ചിന്തിക്കുക. ഏതുതരം മുള്ളുകളാണ് ഉള്ളിലുള്ളതെന്ന് കണ്ടെത്തുക. ആത്മീയ കലപ്പകൊണ്ട് , ദൈവത്തിന്റെ ആയുധങ്ങൾ കൊണ്ട്,നിന്റെ നിലം ഉഴുതുമറിക്കുക. പഴയ മനുഷ്യനെ അവന്റെ സമസ്ത വ്യാപാരങ്ങളോടും കൂടെ ഉരിഞ്ഞുകളയുക. അതാണ് "ഉഴുതു മറിക്കുക" എന്നതിനർഥം. എന്നിട്ട് കളകളും മുള്ളുകളും നീങ്ങി, വെടിപ്പാക്കിയ ഭൂമിയിൽ നിയമത്തിൽ നിന്നും പ്രവാചകരിൽ നിന്നും സുവിശേഷങ്ങളിൽ നിന്നും ശ്ലീഹന്മാരിൽ നിന്നുമുള്ള വിത്തു വിതയ്ക്കുക. ദൈവം അവ മുളപ്പിച്ച് ഫലസമൃദ്ധമാക്കും. മുള്ളിനിടയിൽ വീണ വിത്തിനെപ്പറ്റി നമ്മുടെ കർത്താവ് ഉപമാമയമായി സംസാരിച്ചിട്ടുണ്ട്. അവ കിളിർത്തേക്കും, എന്നാൽ മുളച്ചുവരുമ്പോൾ മുള്ളുകൾ അവയെ ഞെരുക്കിക്കളയും. അവ ഫലം പുറപ്പെടുവിക്കയില്ല. അതുപോലെ, കലപ്പയ്ക്ക് കൈ വച്ച് ഉഴുതുമറിക്കുമ്പോൾ, പിന്തിരിഞ്ഞു നോക്കുന്നവനും തന്റെ അധ്വാനത്തിൽ നിന്ന് ഫലം ലഭിക്കയില്ല (ലൂ. 9,62). അങ്ങനെ പിന്തിരിയുന്നവന് ലോത്തിന്റെ ഭാര്യയുടെ അനുഭവം ഉണ്ടാകും.

തുടർന്നുള്ള വാക്യം "ഹൃദയത്തിന്റെ പരിച്ഛേദനത്തെപ്പറ്റിയാണ്. "കർത്താവിനായി നിങ്ങളെത്തന്നെ പരിച്ഛേദനം ചെയ്യുവിൻ. ഹൃദയ പരിച്ഛേദനം സ്വീകരിക്കുവിൻ" (ജറ. 4,4). ജഡത്തിന്റെ ഛേദനത്തിൽ പഴയ ഇസ്രായേൽ വീമ്പടിച്ചിരുന്നു. ഈ ഉപദേശം അവരോടു മാത്രമല്ല, നമ്മോടുമാണ്. അതായത്, "തരിശുഭൂമി ഉഴുതുമറിക്കുവിൻ. മുള്ളുകൾക്കിടയിൽ വിതയ്ക്കരുത്".

അഗ്രചർമം ജന്മനായുള്ളതും ആദ്യം വരുന്നതുമാണ്. പിന്നെയാണ് പരിച്ഛേദനം. ഹൃദയത്തിന്റെ പരിച്ഛേദനം എങ്ങനെയാണ്? അവിടെയുള്ള അഗ്രചർമം എന്താണ്? ജന്മനാ ലഭിച്ചത് പരിച്ഛേദനം വഴി നീക്കപ്പെടുന്നു. ഹൃദയപരിച്ഛേദനം നടത്താൻ ദിവ്യവചനം അനുശാസ്സിക്കുന്നെങ്കിൽ, ഹൃദയത്തിൽ ജന്മനായുള്ള എന്തോ ഉണ്ടായിരിക്കണം. അതിനെ ഹൃദയത്തിന്റെ അഗ്രചർമം എന്നു വിളിക്കുന്നു, അതു നീക്കണമെന്നും പറയുന്നു. "മറ്റു മനുഷ്യരെപ്പോലെ നാമും ക്രോധത്തിന്റെ മക്കളായിരുന്നു" (എഫേ.2,3). നാം ജനിച്ച ബലഹീന ശരീരം പരിഗണിക്കുമ്പോൾ, ഒരാൾ ഒരു ദിവസം മാത്രമേ ജീവിച്ചുള്ളു എങ്കിലും, മാലിന്യവിമുക്തനല്ല. നാമെല്ലാം മാലിന്യത്തോടുകൂടിയും ഹൃദയത്തി

ലുള്ള അഗ്രചർമത്തോടു കൂടിയുമാണ് ജനിച്ചത്. ആദത്തിന്റെ ആദ്യ പാപം മൂലമാണ് ഈ മാലിന്യം ജന്മനാ നമുക്ക് കിട്ടിയത്. അത് നീക്കം ചെയ്യണം.

അതുപോലെ ഹൃദയത്തിൽ ഉയരുന്ന ദുർവിചാരങ്ങളും ദുഷ്ചിന്തകളും ദുരാശകളുമെല്ലാം ഹൃദയത്തിന്റെ അഗ്രചർമമാണ്. ഇവ ഉരിഞ്ഞു കളയുന്നവൻ തന്റെ ഹൃദയത്തിന്റെ പരിച്ഛേദനം നടത്തുന്നു. തെറ്റായ ചിന്താഗതികൾ, തെറ്റായ തത്വശാസ്ത്രങ്ങൾ, പാഷണ്ഡോപദേശങ്ങൾ, വികടമായ അഭിപ്രായങ്ങൾ, എന്നിവ തള്ളിക്കളയുന്നവൻ ഹൃദയത്തിന്റെ പരിച്ഛേദനം നിർവഹിക്കുന്നു. അവൻ യഥാർഥ യഹൂദനും ജറുസലേംപൗരനും അതിന്റെ അവകാശിയുമാകുന്നു (ജറ.4,4).

ഹൃദയത്തിന്റെ പരിച്ഛേദനം നടത്താതിരുന്നാൽ, കർതൃകോപം അഗ്നിപോലെ ജ്വലിക്കും, അതു കെടുത്താൻ ആർക്കും സാധിക്കയില്ല (ജറ.4,4). തഴക്കദോഷങ്ങളാണ് ആ വിറക്. തഴക്കദോഷരഹിത ഹൃദയത്തിൽ അഗ്നി ആളിക്കത്തുകയില്ല. മറിച്ചായാൽ, നിയന്ത്രണാതീതമായി അതു കത്തിപ്പടരും. അതുകൊണ്ട്, ആരെ വിഴുങ്ങേണ്ടു എന്ന് അന്വേഷിച്ചുകൊണ്ട് അലറുന്ന സിംഹത്തെപ്പോലെ ചുറ്റിനടക്കുന്ന ശത്രുവായ പിശാചിനെ വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് സമചിത്തതോടെ എതിർക്കുവിൻ.(1പത്രോ. 5,8). ഈ ശത്രുവിൽ നിന്നു നാം ഓടിയകലണം. അവന്റെ ദുഷ്ടത നിമിത്തം അവൻ മനുഷ്യരേക്കാൾ താഴ്ന്നവനാണ്.നാമാകട്ടെ, കർത്താവിനെ, പുതിയ മനുഷ്യനെ, ധരിച്ചവരാണ്. നമ്മിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും വസിക്കുന്നു. “നിങ്ങൾ ദൈവത്തിന്റെ ആലയമാകുന്നു എന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലേ? (1 കൊറി. 3,16; 2കൊറി.6,16). നിന്റെ ധരയെ മരുഭൂമിയാക്കാൻ ശത്രു ആഗ്രഹിക്കുന്നു, നിന്റെ ധരയിൽ കളകളും മുള്ളുകളും വിതയ്ക്കാൻ അവൻ ആഗ്രഹിക്കുന്നു. കർത്താവിനോട് നിരന്തരം പ്രാർഥിക്കുകയും ദുഷ്ടനെ ദൂരെയകറ്റാൻ അപേക്ഷിക്കുകയും വേണം. സുരക്ഷിത കോട്ടയുള്ള പട്ടണത്തിൽ പ്രവേശിച്ച്, യേശുക്രിസ്തുവിൽ നിന്നെ രക്ഷിച്ച കർത്താവിനെ മഹത്വപ്പെടുത്തുക.

# 3

# പഴയ പാതകൾ തേടുക. നേരായ മാർഗം തേടി അതിൽ സഞ്ചരിക്കുക

### (ജറ.6,14)

എന്താണ് ഈ പഴയ പാതകൾ? ഈജിപ്തിൽ നിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്ന ജനത്തെ ദൈവം നടത്തിയ പാതകൾ! "നിങ്ങൾ എനിക്കു ജനവും ഞാൻ നിങ്ങൾക്ക് ദൈവവും ആയിരിക്കും" എന്ന് സീനായ് മലയിൽ വച്ചു നടത്തിയ ഉടമ്പടിയുടെ പാത (ജറ.7,23). ദൈവം ഓമനിച്ചു വളർത്തിയ സുന്ദരിയായിരുന്നു സീയോൻ പുത്രി (ജറ.6,2). ദൈവം തന്റെ സ്നേഹം വർഷിച്ച ജനമായിരുന്നു ഇസ്രായേൽ (മലാക്കി, 1,2). എന്നാൽ അവർ വഴിതെറ്റിപ്പോയി. തങ്ങളുടെ ദൈവത്തെ മറന്ന് വിഗ്രഹങ്ങളുടെ പിന്നാലെ പോയി. ന്യായവും നീതിയും അയൽക്കാരോടുള്ള കടമകളും വിസ്മരിച്ചു. ദൈവത്തെ മറന്നതുകൊണ്ട് സഹോദരങ്ങളെയും മറന്നു. "തങ്ങളുടെ ദൈവത്തിന്റെ പക്കലേക്ക് തിരികെ പോകാൻ അവരുടെ പ്രവൃത്തികൾ അവരെ അനുവദിച്ചില്ല. കാരണം, വ്യഭിചാര ദുർഭൂതം അവരിൽ കുടികൊള്ളുന്നു. അവർ കർത്താവിനെ അറിയുന്നുമില്ല" (ഹോസിയാ, 5,4). "ഇസ്രായേൽ, നീ നിന്റെ ദൈവമായ കർത്താവിങ്കലേക്ക് തിരിച്ചുവരിക, കുറ്റം ഏറ്റുപറഞ്ഞ് കർത്താവിന്റെ അടുക്കലേക്ക് തിരിച്ചുവരിക" (ഹോസിയാ, 14,1-2).

"ജറുസലേം, നീ എന്റെ താക്കീത് കേൾക്കുക... എന്റെ താക്കീതു കേൾക്കാൻ ആരാണുള്ളത്?" (ജറ.6,8.10). "അവർ എന്റെ വാക്ക് ചെവിക്കൊണ്ടില്ല. എന്റെ നിയമം അനുസരിച്ചുമില്ല" (ജറ.6,9). "നിങ്ങളുടെ മാർഗങ്ങളും പ്രവൃത്തികളും നേരേയാക്കുവിൻ". "ഞാൻ നിങ്ങളോടു കൽപ്പിക്കുന്ന മാർഗത്തിലൂടെ ചരിക്കുവിൻ" (ജറ.7,3.23). "വീണവൻ

 www.malankaralibrary.com

എഴുന്നേൽക്കുക, വഴിതെറ്റിയവൻ മടങ്ങിവരട്ടെ". എന്നാൽ ഓരോരുത്തരും അവനവന്റെ വഴിക്ക് പോകുന്നു. അവരുടെ നടപ്പ് മുന്നോട്ടല്ല, പിന്നോട്ടായിരുന്നു (ജറ.8,4.6;7,25).

ഈജിപ്തിലെ അടിമത്തത്തിൽനിന്ന് തങ്ങളെ കൂട്ടിക്കൊണ്ടുവന്ന് കനാൻ നാട്ടിൽ പാർപ്പിച്ച കർത്താവിനെ മറന്ന് ഇസ്രായേൽജനം വിഗ്രഹസേവകരായി മാറി. ദൈവാലയം മോഷ്ടാക്കളുടെ ഗുഹയായി തീർന്നു (ജറ.7,11.17). അവർ ബലിയർപ്പിക്കുന്നു, എന്നാൽ ദൈവത്തെ അനുസരിക്കാതെയും സ്നേഹിക്കാതെയും ദൈവത്തിന് തങ്ങളെത്തന്നെ സമർപ്പിക്കാതെയും അർപ്പിച്ച ബലികളിൽ ദൈവം പ്രസാദിച്ചില്ല: "ഈജിപ്തിൽ നിന്ന് നിങ്ങളുടെ പിതാക്കന്മാരെ കൊണ്ടുവന്നപ്പോൾ, ബലികളെ പറ്റിയോ ദഹനബലികളെ പറ്റിയോ ഞാൻ അവരോട് സംസാരിക്കുകയോ കൽപ്പിക്കുകയോ ചെയ്തിരുന്നില്ല (ജറ.7,22). "ഞാൻ ബലിയല്ല, കരുണയാണ് ആഗ്രഹിക്കുന്നത്" എന്ന് നമ്മുടെ കർത്താവും പഠിപ്പിക്കുന്നു (മത്താ.9,13).

ദൈവത്തെ മറന്നവർ അയൽക്കാരുടെ നേർക്ക് കഠിനഹൃദയരായി. "ജറുസലേമിൽ പുതിയ അതിക്രമങ്ങൾ നിറയുന്നു. അക്രമത്തിന്റെയും നശീകരണത്തിന്റെയും സ്വരമേ അവളിൽ നിന്ന് ഉയരുന്നുള്ളു" (ജറ.6,7). "എല്ലാവരും അന്യായ ലാഭത്തിൽ ആർത്തിപൂണ്ടിരിക്കുന്നു. പ്രവാചകനും പുരോഹിതനും ഒന്നുപോലെ കപടമായി പെരുമാറുന്നു (ജറ.6,13). അയൽക്കാരനോട് നീതി പുലർത്താതിരിക്കുക, പരദേശിയെയും അനാഥനെയും വിധവയെയും ചൂഷണം ചെയ്യുക, നിഷ്ക്കളങ്കരക്തം ചിന്തുക തുടങ്ങിയ സാമുഹ്യ തിന്മകൾ നാട്ടിൽ അരങ്ങേറി (ജറ.7,5). "വലിയവനും ചെറിയവനും ഒന്നുപോലെ അന്യായ ലാഭത്തിൽ ആർത്തിപൂണ്ടിരിക്കുന്നു.പ്രവാചകനും പുരോഹിതനും കപടമായി പെരുമാറുന്നു" (ജറ.8,10). "സത്യമല്ല, കാപട്യമാണ് ദേശത്തു ശക്തിപ്പെടുന്നത്. സത്യം അസ്തമിച്ചിരിക്കുന്നു. സഹോദരന്മാരെല്ലാം ചതിയന്മാരാണ്. അയൽക്കാരെല്ലാം ഏഷണിക്കാരും. അവർ അയൽക്കാരെ വഞ്ചിക്കുന്നു. ഒരുവനും സത്യം പറയുന്നില്ല. കള്ളം പറയാനാണ് അവരുടെ നാവിനു ശീലം. അതിക്രമത്തിൽ മുഴുകിയ അവർ അനുതപിക്കുന്നുമില്ല. മർദനത്തിനു മേൽ മർദനവും വഞ്ചനയ്ക്കു മേൽ വഞ്ചനയും കുന്നുകൂടുന്നു. അവരുടെ നാവ് മാരകമായ അസ്ത്രമാണ്. അതു വഞ്ചന പൊഴിക്കുന്നു. സൗഹാർദ

മായി സംസാരിക്കുമ്പോഴും ഹൃദയത്തിൽ കെണിയൊരുക്കുന്നു" (ജറ.7,3-8.28).

ഹോശിയായും ആമോസും മറ്റു പ്രവാചകന്മാരും സാമൂഹ്യതിന്മയ്ക്കെതിരെ ശക്തിയായി താക്കീതു നൽകി. "ബലിയല്ല, സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്. ദഹനബലിയല്ല, ദൈവജ്ഞാനമാണ് എനിക്കിഷ്ടം" എന്ന് ഹോശിയായിലൂടെ കർത്താവ് ഉദ്ബോധിപ്പിച്ചു (6,6).

"നിങ്ങളുടെ ദഹനബലികൾ എനിക്കു സ്വീകാര്യമല്ല, നിങ്ങളുടെ കാഴ്ചകൾ എനിക്കു പ്രീതികരമല്ല" (ജറ. 6,20). ദൈവത്തെ മറന്നും അയൽക്കാരെ വിസ്മരിച്ചും ജീവിക്കുന്ന ജനത്തിന്റെ മേൽ കർത്താവ് തന്റെ ക്രോധം ചൊരിയുമെന്നും ജറമിയാ പ്രവചിക്കുന്നു: "ഞാൻ അവരെ ശിക്ഷിക്കുമ്പോൾ അവർ നിലംപതിക്കും... ഞാൻ അവരുടെ മേൽ അനർഥം വരുത്തും. ഞാൻ അവരുടെ മുമ്പിൽ പ്രതിബന്ധങ്ങൾ സ്ഥാപിക്കും.അവർ തട്ടിവീഴും" (ജറ.6,15.19.21). "താൻ വെറുക്കുന്ന സന്തതിയെ കർത്താവ് ഉപേക്ഷിച്ച് പുറന്തള്ളിയിരിക്കുന്നു" (7,29). "അവരുടെ നേരേ ഞാൻ വിനാശകനെ അയക്കും. ഞാൻ അവരെ ചൂളയിൽ ഉരുക്കി ശുദ്ധീകരിക്കും. ഈ ജനത്തെ ഞാൻ കാഞ്ഞിരം തീറ്റുകയും വിഷം കുടിപ്പിക്കുകയും ചെയ്യും. വാൾ അവരെ പിന്തുടരും" (ജറ. 8,13;9,7.15).

"കർത്താവ് അയക്കാതെ പട്ടണത്തിൽ അനർഥം ഉണ്ടാകുമോ?" എന്ന് ആമോസും ചോദിക്കുന്നു (3,6). "എന്നിട്ടും നിങ്ങൾ എന്റെ അടുത്തേക്ക് മടങ്ങിവന്നില്ല" എന്ന് തുടരെത്തുടരെ കർത്താവ് ആമോസിലൂടെ അരുളിച്ചെയ്യുന്നു (4,8.11). നന്മയുണ്ടാകുവാൻ, സമൃദ്ധിയുണ്ടാകുവാൻ, അനുഗ്രഹം ഉണ്ടാകുവാൻ, ഒറ്റവഴിയേഉള്ളു: "പഴയ പാതകൾ അന്വേഷിക്കുക. നേരായ മാർഗം തേടി അതിൽ സഞ്ചരിക്കുക (ജറ. 6,14). "കർത്താവിനെ അന്വേഷിക്കുവിൻ, നിങ്ങൾ ജീവിക്കും. നന്മ അന്വേഷിക്കുവിൻ, നിങ്ങൾ ജീവിക്കും. തിന്മ വെറുക്കുവിൻ, നന്മയെ സ്നേഹിക്കുവിൻ. നീതി ജലം പോലെയും സത്യം വറ്റാത്ത നീർച്ചാലുപോലെയും ഒഴുകട്ടെ" (ആമോ.5,4-7.14-15.24).

കർത്താവിങ്കലേക്ക് തിരിഞ്ഞാൽ മാത്രം മതി. അവിടുന്ന് അവിശ്വസ്തതയുടെ മുറിവുണക്കും. "ഞാൻ അവരുടെമേൽ സ്നേഹം ചൊരിയും" (ഹോശി.14,4). "അവിടുന്ന് തന്റെ കോപം എന്നേക്കുമായി വച്ചു

 www.malankaralibrary.com

പുലർത്തുന്നില്ല. എന്തെന്നാൽ അവിടുന്ന് കാരുണ്യത്തിൽ ആനന്ദിക്കുന്നു" (മീക്കാ 7,18)."കർത്താവ് ദീർഘക്ഷമയുള്ളവനും അതിശക്തനുമാണ്" (നാഹും1,3). "ഞാൻ നിങ്ങളോടു കൂടെയുണ്ട്. ഈ സ്ഥലത്തിനു ഞാൻ ഐശ്വര്യം നൽകും. ഇന്നുമുതൽ ഞാൻ നിങ്ങളെ അനുഗ്രഹിക്കും" (ഹഗ്ഗായി, 1,14;2,4.19). സമസ്ത നന്മകളും കർത്താവിൽ നിന്നുവരുന്നു. ഭൂമിയിൽ അവിടുന്ന് ന്യായവും നീതിയും പുലർത്തുന്നു (ജറ.9,24). ഇതുതന്നെ മനുഷ്യരിൽ നിന്ന് അവിടുന്ന് ആവശ്യപ്പെടുന്നു.

അന്ന് ജറമിയായിലൂടെ താക്കീതു നൽകിയ ദൈവം ഇന്ന് നമ്മോടു സംസാരിക്കുന്നു: "നേരായ മാർഗം തേടുവിൻ". നിങ്ങൾ നിങ്ങൾക്കായി നിർമിച്ച വിഗ്രഹങ്ങൾ വിട്ടുകളയുവിൻ. സത്യദൈവത്തെ തേടുവിൻ. അയൽക്കാരെ പരിഗണിക്കുവിൻ. അഗതികളോട് കാരുണ്യം കാണിക്കുവിൻ. അന്നത്തെപ്പോലെ ഇന്നും ജനങ്ങൾ ദൈവത്തെ മറന്നു ജീവിക്കുന്നു. എവിടെയും കൈക്കൂലിയും വഞ്ചനയും കാപട്യവും കഞ്ചാവും കള്ളും അക്രമവും കുന്നുകൂടുന്നു. സത്യവും നീതിയും ധർമവും അസ്തമിച്ചിരിക്കുന്നു.

സങ്കീർത്തകനോടൊത്ത് നമുക്ക് പറയാം: കർത്താവേ, നിന്റെ പാതകൾ എന്നെ കാട്ടണമെ. നിന്റെ ഊടുവഴികളിലൂടെ എന്നെ നടത്തണമെ. നിന്റെ വലത്തുകൈ എന്നെ പിടിച്ചുനടത്തണമെ(139,10). നിന്റെ കരം എനിക്ക് താങ്ങായിരിക്കട്ടെ. നിന്റെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ്(119,173.105)

# 4

# ദൈവത്തിന്റെ ശക്തിയും ജ്ഞാനവും വിവേകവും (ജറ. 10,12)

“ദൈവം തന്റെ *ശക്തിയാൽ* ധരയെ നിർമിച്ചു. തന്റെ *ജ്ഞാന ത്താൽ* വാസയോഗ്യമായ ലോകത്തെ ക്രമീകരിച്ചു. തന്റെ *വിവേക ത്താൽ* ആകാശത്തെ വിരിച്ചു” (ജറ.10,12).

‘‘നീ മണ്ണാകുന്നു’’ എന്ന് ആദത്തെപ്പറ്റി പറഞ്ഞിരിക്കുന്നു (ഉൽപ്പ.3,19). “ധരയെ” എന്നാൽ മനുഷ്യനെ എന്നർഥം. നമ്മുടെ മണ്ണിനെ സംബന്ധിച്ച് ദൈവശക്തി നമുക്ക് ആവശ്യമാണ്. മരണത്തി ലേക്ക് നയിക്കുന്ന ജഡികാഭിലാഷങ്ങൾക്കെതിരെ പ്രവർത്തിക്കാൻ നമുക്ക് ദൈവത്തിന്റെ ശക്തി അത്യന്താപേക്ഷിതമാണ് (റോമ.8,6). ആത്മീയമായി ജീവിക്കാനും ആത്മാവിന്റെ പ്രചോദനം അനുസരിച്ച് ജീവിക്കാനും ജഡിക കാര്യങ്ങളിൽ മനസ്സു വയ്ക്കാതിരിക്കാനും അവ യിൽ മുഴുകാതിരിക്കാനും ആത്മീയ കാര്യങ്ങളിൽ മനസ്സു വയ്ക്കാനും ദൈവത്തെ പ്രസാദിപ്പിക്കാനും ജീവനിലേക്കും സമാധാനത്തിലേക്കും നയിക്കുന്ന ആത്മീയാഭിലാഷങ്ങൾ നിലനിർത്താനും ദൈവത്തിന്റെ ശത്രുവാകാതിരിക്കാനും ദൈവനിയമത്തിനു കീഴ്പ്പെടാനും ക്രിസ്തു വിന്റെ ആത്മാവിൽ വ്യാപരിക്കാനും ഈ ദൈവികശക്തി കൂടാതെ നമുക്ക് സാധ്യമല്ല. “എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല” എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു (യോഹ.15,5). ഭൗമികമായവയെ എല്ലാം നശിപ്പിക്കേണ്ടതുണ്ട്. അവയെ ദൂരെ എറി യേണ്ടതുണ്ട്. പഴയ മനുഷ്യനെ അവന്റെ ചെയ്തികളോടുകൂടെ ഉരി ഞ്ഞുകളയേണ്ടതുണ്ട്. തൽസ്ഥാനത്ത് പുതിയ മനുഷ്യനെ ധരിക്കണം

 www.malankaralibrary.com

(കൊളോ.3,5-10). ശാരീരിക പ്രവണതകൾ മനുഷ്യസഹജമാണ്. എന്നാൽ അവയെ ആത്മാവിനാൽ നിഹനിച്ചെങ്കിലേ ജീവിക്കാനാവൂ. ജഡികരായി ജീവിച്ചാൽ തീർച്ചയായും നാം മരിക്കും (റോമ.8,3).

ദൈവം തന്റെ *ശക്തിയാൽ* - തന്റെ പുത്രനിലൂടെ - നാമോരോരുത്തരെയും, ഓരോ മണ്ണിനെയും ധൂളിയെയും, സൃഷ്ടിച്ചു. നമ്മെ നില നിർത്തുന്നതും പരിപാലിക്കുന്നതും വളർത്തുന്നതും പൂർണതയിൽ എത്തിക്കുന്നതും ഈ ശക്തി തന്നെയാണ്. നാം ദൈവത്തിന്റെ സർവ ശക്തിയും നമ്മുടെ മേലുള്ള കർതൃത്വവും ഏറ്റുപറയുന്നു. നാം വസിക്കുന്ന ധര തന്നെ ദൈവശക്തിയിൽ നിലനിൽക്കുന്നു. നമ്മുടെ ശരീരമാകുന്ന ധരയും അപ്രകാരം തന്നെ. "എന്തുകൊണ്ടെന്നാൽ അവനിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, നിലനിൽക്കുന്നു" (നട.17,28). നമുക്ക് ജീവൻ നൽകാനും അത് സമൃദ്ധിയായി ഉണ്ടാകുവാനുമാണ് വചനം മാംസമായത് (യോഹ.10,10). "നിങ്ങൾ എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിലും വസിക്കും, നിങ്ങൾ വളരെ ഫലം പുറപ്പെടുവിക്കുകയും ചെയ്യും" (യോഹ.15,4).

*"വാസയോഗ്യമായ ലോകം"* ഏതാണ്? വാസയോഗ്യമായതും വാസയോഗ്യമല്ലാത്തതുമായ ലോകമുണ്ട്. ഫലഭൂയിഷ്ഠമായ ഭൂമിയും ഒന്നും വളരാത്ത മരുഭൂമിയുമുണ്ട്. ഈ "ലോകം" ആത്മാവിനെ കുറിക്കുന്നു. എപ്പോഴാണ് ആത്മാവ് വാസയോഗ്യമാകുന്നത്? അഥവാ വിജനമാകുന്നത്? ദൈവം വസിക്കുന്നിടം വാസയോഗ്യം, ദൈവമില്ലാത്തിടം മരുഭൂമി. ഞാനും എന്റെ പിതാവും അടുത്തുവന്ന് വാസമുറപ്പിക്കുന്ന ആത്മാവ് വാസയോഗ്യലോകമാണ് (യോഹ.14,23). "ഞാനോ, ഇതാ, ലോകാവസാനം വരെ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്നു പറഞ്ഞ നാഥൻ ഉള്ളിടം വാസയോഗ്യം (മത്താ.28,20). "നിങ്ങളോടുകൂടെ എന്നും വസിക്കാൻ ഞാൻ ഒരാശ്വാസപ്രദനെ അയക്കും" (യോഹ.14,15). പരിശുദ്ധാത്മാവുള്ളിടം വാസയോഗ്യം. "നിങ്ങൾ ദൈവത്തിന്റെ ആലയമാകുന്നു എന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ?" (1 കൊറി 6,19; 2 കൊറി. 6,16). നാം ത്രിയേകദൈവത്തിന്റെ ആലയമാണ്. ഈ ആലയം വാസയോഗ്യമാണ്. ഇതിന് അഭാവം ഉള്ളത് മരുഭൂമിയും. 51-ാം സങ്കീർത്തനത്തിൽ ദാവീദ് പ്രാർഥിക്കുന്നത് ഇതുതന്നെയാണ് (51,10-12): "സ്ഥിര

www.malankaralibrary.com 

തയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുക്കണമെ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ".

ദൈവം തന്റെ *ജ്ഞാനത്താലാണ്* ധരയെ വാസയോഗ്യമാക്കുന്നത്. എന്നാൽ നമ്മുടെ ആത്മാവ് ഏതെങ്കിലും കാരണത്താൽ വാസയോഗ്യമല്ലാതായി തീർന്നാൽ, അത് നേരേയാക്കാൻ നമുക്ക് ആഗ്രഹിക്കാം. നാം പാപം ചെയ്യുമ്പോൾ അത് വിജനമാകും. നാം ദുഷ്ടത പ്രവർത്തിച്ചാൽ, അത് മരുഭൂമിയാകും. തെറ്റു ചെയ്യുമ്പോൾ, അത് പാർക്കാൻ പറ്റാത്ത ഇടമാകും. അത് ക്രമീകരിക്കപ്പെടേണ്ടതുണ്ട്.

വീണവൻ മാത്രമേ എഴുന്നേൽക്കേണ്ടതുള്ളൂ. വീഴാത്തവൻ എഴുന്നേൽക്കേണ്ടതില്ലല്ലോ. അവൻ നിൽക്കുകയാണല്ലോ. പാപം മൂലം വീണവരെയെല്ലാം എഴുന്നേൽപ്പിച്ച് നേരേ നിർത്തുന്നത് തന്റെ ജ്ഞാനത്താൽ കർത്താവു തന്നെയാണ്. "കർത്താവ് വീഴുന്നവരെ താങ്ങുന്നു, നിലം പറ്റിയവരെ എഴുന്നേൽപ്പിക്കുന്നു" (സങ്കീ.145,14). ആദത്തിൽ എല്ലാവരും മരിച്ചു. അങ്ങനെ, വാസയോഗ്യഭൂമി വിജനമായി. ക്രിസ്തുനാഥൻ തന്റെ മരണത്തിലൂടെ അതിനെ നേരേയാക്കി, വാസയോഗ്യമാക്കിത്തീർത്തു (1കൊറി. 15,22).

"നിന്നെ വിജനമായ മരുഭൂമിയാക്കും" എന്ന്കർത്താവ് പഴയ ഇസ്രായേലിനോട് അരുളിച്ചെയ്യുന്നത് ഈ അർഥത്തിലാണ് (ജറ.6,8). ഞാൻ നിന്നെ വിട്ടകലുമ്പോൾ, നീ വാസയോഗ്യമല്ലാതാകും. അതുകൊണ്ട്, താക്കീതു കേട്ട് മാനസ്സാന്തരപ്പെടാൻ കർത്താവ് ഉപദേശിക്കുന്നു. "ദൈവത്തെ ഉപേക്ഷിച്ച ധര പൂർണമായി ദുഷിച്ചുപോകുന്നു" (ജറ.3,1). "ഞാൻ ധരയെ വീക്ഷിച്ചു, അത് ശൂന്യമായിരിക്കുന്നു. ഫലസമൃദ്ധമായ ദേശം മരുഭൂമി ആയിരിക്കുന്നു" (ജറ. 4,23-26). എന്നിട്ടും അവർ കേട്ടില്ല: " വീണവൻ എഴുന്നേൽക്കുകയില്ലേ?"(ജറ.8,4). -ഇത് ഓരോ മനുഷ്യാത്മാവിനോടും കർത്താവ് ചോദിക്കുന്നു. പുതിയ ഇസ്രായേലായ നാമോരോരുത്തരോടും ചോദിക്കുന്നു: "വീണവൻ എഴുന്നേൽക്കുകയില്ലേ?"- കർത്താവ് അവസരം ഒരുക്കുന്നു, അനുതാപത്തിന് ആഹ്വാനം ചെയ്യുന്നു.

"കർത്താവ് തന്റെ *വിവേകത്താൽ* ആകാശത്തെ വിരിച്ചു" (ജറ.10,12). ഇതുതന്നെ സുഭാഷിതങ്ങളിലും കാണാം: "കർത്താവ് തന്റെ

ജ്ഞാനത്താൽ ഭൂമിയെ സ്ഥാപിച്ചു, വിവേകത്താൽ ആകാശത്തെ സജ്ജമാക്കി" (3,19). ഈ വിവേകം ക്രിസ്തുനാഥനിലാണ് അന്വേഷി ക്കേണ്ടത്. അവൻ ദൈവത്തിന്റെ ജ്ഞാനവും ശക്തിയുമാണ് (1 കൊറി.1,24). അവൻ ദൈവത്തിന്റെ നീതിയും വിശുദ്ധിയും രക്ഷയു മാണ്. "ദൈവം ക്രിസ്തുവിനെ നമുക്ക് ജ്ഞാനവും നീതിയും വിശു ദ്ധീകരണവും പരിത്രാണവും ആക്കിയിരിക്കുന്നു" (1 കൊറി.1,30). "ദൈവം തന്റെ ജ്ഞാനതത്തിലും വിവേകത്തിലും നമ്മിൽ സമൃദ്ധ മായി കൃപ ചൊരിഞ്ഞിരിക്കുന്നു" (എഫേ.1,8). അതുപോലെ, ക്രിസ്തു ദൈവത്തിന്റെ വിവേകവുമാണ്. ആ സ്വർഗീയനെ ധരിക്കുന്നവൻ സ്വർഗ മാണ്. മണ്ണായിരിക്കുന്നവൻ മണ്ണിലേക്കു ചേരുന്നതുപോലെ, സ്വർഗ രാജ്യാവകാശികളായ നീതിമാന്മാരെപ്പറ്റി, "നിങ്ങൾ സ്വർഗമാണ്, നിങ്ങൾ സ്വർഗത്തിലേക്ക് തിരികെ ചേരും" എന്ന് പറയാം. നമുക്ക് ഭൗമികവും സ്വർഗീയവുമായ പ്രവൃത്തികളുണ്ട്. ധരയിൽ സമ്പത്ത് കൂട്ടിവയ്ക്കുകയും സ്വർഗത്തിൽ സമ്പത്ത് കൂട്ടിവയ്ക്കാതിരിക്കുകയും ചെയ്യുന്ന ഭൗമിക പ്രവൃത്തികൾ ചെയ്യുന്നവൻ ധരയിലേക്ക് നയിക്ക പ്പെടുന്നു. സ്വർഗീയന്റെ സാദൃശ്യം ധരിക്കുന്ന നീതി നിറഞ്ഞ കർമ ങ്ങൾ ചെയ്യുന്നവൻ സ്വർഗത്തിലേക്ക് നയിക്കപ്പെടുന്നു.

അപ്പോൾ, ജറമിയായുടെ ഈ പ്രവചനം യേശുക്രിസ്തുവിനെ പറ്റിയാണ്. പിതാവ് പ്രവർത്തിച്ചവയെല്ലാം തന്റെ പുത്രനിലൂടെയാണ് പ്രവർത്തിച്ചത്. പ്രപഞ്ചത്തിന്റെ സമസ്ത ക്രമീകരണങ്ങളും മനുഷ്യ സൃഷ്ടിയുമെല്ലാം തന്റെ വചനത്തിലൂടെ ദൈവം നിർവഹിച്ചു എന്ന് പ്രവചനശൈലിയിൽ ജറമിയാ വിവരിക്കുക ആയിരുന്നു.

# 5

# കൊലയ്ക്കുള്ള കുഞ്ഞാട് (ജറ.11,19)

“കൊലയ്ക്കു കൊണ്ടുപോകുന്ന ശാന്തനായ കുഞ്ഞാടിനെ പോലെ ആയിരുന്നു ഞാൻ” (ജറ.11,19). ഇത് സ്പഷ്ടമായി നമ്മുടെ കർത്താവിനെ പറ്റിയുള്ള പ്രവചനമായിരുന്നു. പ്രവാചകന്മാർക്കു പോലും തങ്ങൾക്കു വെളിപ്പെടുത്തി കിട്ടുന്ന പ്രവചനത്തിന്റെ അർഥം പൂർണമായി മനസ്സിലാകണമെന്നില്ല. ദൈവംമനസ്സിൽ ഉദിപ്പിച്ചത് പ്രവാചകൻ വിളിച്ചുപറയുന്നു. എന്നാൽ അതിന്റെ ആന്തരാർഥം, അന്ത്യോന്മുഖാർഥം അവൻ അറിയണമെന്നില്ല.

ജനം നമ്മുടെ കർത്താവിനെ കൊല്ലാനായി ഗൂഢാലോചന നടത്തുന്നത് അവൻ ദർശനത്തിൽ കണ്ടു: “ജീവിക്കുന്നവരുടെ നാട്ടിൽ നിന്ന് നമുക്ക് അവനെ പിഴുതെറിയാം. അവന്റെ പേര് ഇനിമേൽ ആരും ഓർമിക്കരുത്” എന്നു പറഞ്ഞാണ് അവർ ഗൂഢാലോചന നടത്തിയത്. ഇതു തന്നെ ഏശായാ പ്രവചിക്കുന്നു: “കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ അവൻ മൗനം പാലിച്ചു. മർദനത്തിനും ശിക്ഷാവിധിക്കും അധീനനായി അവൻ എടുക്കപ്പെട്ടു...അവൻ അനേകരുടെ പാപഭാരം പേറി” (53,7). നടപടി 8,32-ൽ ഈ ഭാഗം ഉദ്ധരിക്കുന്നു. ഏശായാ 52-53 കർത്താവിന്റെ പീഡാനുഭവത്തെയും കുരിശുമരണത്തെയും അതിലൂടെ ലഭിക്കുന്ന രക്ഷയെയും പ്രകീർത്തിക്കുന്നു.

വളരെ സ്പഷ്ടമായ ഒരു പ്രവചനമാണിത്. ജറമിയായും ഏശായായും ഇതു ദർശിച്ചു. അസഹനീയ വേദനയാൽ അവർ പുളഞ്ഞു. ആ പീഡനത്തിന്റെ അനന്തരഫലം, അതായത്, യഹൂദജനതയ്ക്ക് സംഭ

വിക്കാൻ പോകുന്ന ഘോരസംഗതികളും ജറമിയാ ദർശിച്ചു: " എന്റെ ഭവനം ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. എന്റെ അവകാശം കൈവെടിഞ്ഞിരിക്കുന്നു"(ജറ.12,7). "അവരെ ഞാൻ ശിക്ഷിക്കും. അവർ പട്ടിണി കിടന്നു മരിക്കും. ഞാൻ അവരുടെമേൽ തിന്മ വർഷിക്കും" (ജറ.11,22-23). കർത്താവിന്റെ വാൾ മരണം വിതയ്ക്കുന്നു (12,12). ഇതെല്ലാം കണ്ട് ജറമിയാ നെടുവീർപ്പിട്ട് നിലവിളിക്കുന്നു: "എന്റെ ശിരസ്സ് കണ്ണീർ തടാകവും കണ്ണുകൾ അശ്രുധാരയും ആയിരുന്നെങ്കിൽ" (9,1). "ശമനമില്ലാത്ത ദുഃഖത്തിലാണ് ഞാൻ. കദനഭാരം ഹൃദയത്തെ മഥിക്കുന്നു. എന്റെ ജനത്തിന്റെ മുറിവ് എന്റെ ഹൃദയത്തെ വ്രണിതമാക്കുന്നു. ഞാൻ ദുഃഖിതനാണ്. ഭീതി എന്നെ ഗ്രസിച്ചിരിക്കുന്നു" (8,21). "വേദന, അസഹ്യമായ വേദന. ഞാൻ വേദനയാൽ പുളയുന്നു. എന്റെ ഹൃദയഭിത്തികൾ തകരുന്നു. നെഞ്ചിടിക്കുന്നു. ദുരിതങ്ങൾ ആഞ്ഞടിക്കുന്നു. ദേശം വിജനമായി" (4,19-20).

"അനാത്തോത്തിലെ ജനം" എന്നത് കർത്താവിനെ സ്നേഹിക്കാത്തവരെ കുറിക്കുന്നു. അതായത്, യഹൂദർ! അവർ ക്രിസ്തുവിനെയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആലങ്കാരികമായി അനാത്തോത്ത് എന്ന് പറഞ്ഞിരിക്കുന്നു എന്നുമാത്രം. യേശുവിന്റെ ദൈവരാജ്യപ്രഘോഷണത്തെ യഹൂദർ തടസ്സപ്പെടുത്തി: "കർതൃനാമത്തിൽ നീ പ്രവചിക്കരുത്" (11,21). പ്രവചിച്ചതിനാൽ അവർ യേശുവിനെ കൊന്നു.

തദ്ഫലമായി അവർ വിശന്നു വലയും. വെറും ശാരീരിക വിശപ്പല്ല, ദൈവവചനത്തിനുള്ള വിശപ്പാണ്. കർതൃവചനം അവരെ വിട്ടുപോയി. അവർ പഠിപ്പിക്കുന്നെങ്കിൽ പോലും, അത് ദൈവവചനത്താലല്ല. അവർ വചനത്തെ തിരസ്ക്കരിച്ചു, വചനം അവരെയും തിരസ്ക്കരിച്ചു. "കർത്താവ് ജറുസലേമിൽ നിന്ന് എല്ലാ താങ്ങും തുണയും അപ്പവും വെള്ളവും എടുത്തുമാറ്റുന്നു" (ഏശാ.3,1).

"എന്റെ ഭവനം ഞാൻ ഉപേക്ഷിച്ചിരിക്കുന്നു, എന്റെ അവകാശം കൈവെടിഞ്ഞിരിക്കുന്നു" (12,7). ദൈവത്തിന്റെ സാദൃശ്യത്തിൽ ആയിരുന്നവൻ, ദൈവത്തിൽ ആയിരുന്നവൻ, പിതാവിൽ ആയിരുന്നവൻ, തന്റെ ഭവനം വിട്ട് ശൂന്യതയിലേക്ക് ഇറങ്ങിവന്നു. ദൂതരോടും സ്വർഗീയ സൈന്യങ്ങളോടുമുള്ള അവകാശം വിട്ട്, തന്റെ ശത്രുക്കൾക്ക് വചനം

തന്നെത്തന്നെ കൈയാളിച്ചു. അതായത്, ശത്രുക്കളായ യഹൂദർക്കും വിജാതിയർക്കും കൈയാളിച്ചു. അവർ അവനെ കുരിശിൽ തറച്ചു കൊന്നു. ഭൂമിയിലെ രാജാക്കന്മാർ അണിനിരന്നതും ഭരണാധികാരി കൾ കൂടിയാലോചിച്ചതും അവനെതിരെ ആയിരുന്നു (സങ്കീ.2,2). കർത്താവിന്റെ അവകാശമായ യഹൂദർ അവനെതിരെ കാട്ടിലെ സിംഹ ത്തെപ്പോലെ ചീറിയടുത്തു (12,8).

"നിന്റെ സഹോദരന്മാരും പിതൃഭവനം പോലും നിന്നോട് വഞ്ചന കാട്ടിയിരിക്കുന്നു. അവർ നിനക്കെതിരെ സംസാരിക്കുന്നു" (12,6). യൂദായും യൂദയാ നിവാസികളും, കർത്താവിന്റെ സഹോദരന്മാരും പിതൃഭവനവുമായിരുന്നു. അവർ അവനെ തള്ളിപ്പറഞ്ഞു, ശിഷ്യരെല്ലാം ഓടിയൊളിച്ചു. ശിഷ്യപ്രധാനി തള്ളിപ്പറഞ്ഞു. നാശപുത്രനായ ശിഷ്യൻ ഒറ്റിക്കൊടുത്തു. "അവനെ ക്രൂശിക്കുക എന്ന് യൂദജനം ആർത്തുവി ളിച്ചു. കള്ളനും കവർച്ചക്കാരനും വേണ്ടി അവർ വാദിച്ചു.

പുരോഹിതരും നിയമജ്ഞരും ഫരസേയരുമായ ജനനേതാക്കന്മാർ ദൈവത്തിന്റെ കൃഷിഭൂമി നശിപ്പിച്ചു: "അനേകം ഇടയന്മാർ കൂടി എന്റെ മുന്തിരത്തോട്ടം നശിപ്പിച്ചിരിക്കുന്നു. എന്റെ ഓഹരി അവർ ചവിട്ടിമെ തിച്ചു. എന്റെ അവകാശം ശൂന്യമായ മരുഭൂമിയാക്കി" ( ജറ.12,10). "ജനത്തിനുവേണ്ടി ഒരാൾ മരിക്കുന്നത് നല്ലതാണെന്ന് പ്രധാന പുരോ ഹിതനായ കയ്യാപ്പാ പ്രവചനം നടത്തി" (യോഹ.11,50;1814)). അവനെ കൊന്ന് കഥ കഴിച്ചാൽ, അവൻ നിശ്ശബ്ദനായാൽ, എല്ലാം തീരുമെന്ന് അവർ കരുതി.

അവരുടെ നാവിൽ എപ്പോഴും ദൈവമുണ്ടായിരുന്നു. ദൈവസ്നേ ഹത്തെ പ്രതിയാണ് അവർ അവനെ കൊന്നത്. മോശയുടെ നിയമ ത്തിലുള്ള തീക്ഷ്ണതയാലാണ് അവർ ഗൂഢാലോചന നടത്തിയത്. "നിയമം" അവർ വ്യാഖ്യാനിച്ചതുപോലെ അവർ ആചരിച്ചു. എന്നാൽ അവരുടെ ഹൃദയത്തിൽ ദൈവത്തിനു സ്ഥാനമില്ലായിരുന്നു (12,2). എന്നാൽ യേശുവിന്റെ നാവിലും ഹൃദയത്തിലും ഒരുപോലെ ദൈവ മുണ്ടായിരുന്നു. മോശയുടെ നിയമം ദൈവഹിതാനസൃതം യേശു മന സ്സിലാക്കി പഠിപ്പിച്ചു. അത് തെറ്റായി യഹൂദർ കരുതി. ദൈവാലയം അവർക്ക് കച്ചവടസ്ഥലമായി, മതം വെറും വ്യവസായമായി.

 www.malankaralibrary.com

കപടതയും വഞ്ചനയും നിറഞ്ഞതായിരുന്നു അവരുടെ മതവും മതകർമങ്ങളും. അവരുടെ മതകർമങ്ങളൊക്കെ ഓരോരോ വിഗ്രഹങ്ങളായിരുന്നു. വിഗ്രഹാരാധനയാൽ അവർ നാടു നശിപ്പിച്ചു. "അവർ ധാന്യം വിതച്ചു, മുള്ളു കൊയ്തു. കഠിനാധ്വാനം ചെയ്തു, ഫലമൊന്നും ഉണ്ടായില്ല" (12,13).

അറുക്കപ്പെട്ട കുഞ്ഞാട് കർതൃകരങ്ങളിൽ ഒരു മനോഹരകിരീടവും രാജകീയമകുടവും ആയിത്തീർന്നു(ഏശാ. 62,3). എല്ലാ നാമങ്ങൾക്കും ഉപരിയായ വിശിഷ്ടനാമം അവന് ലഭിച്ചു. എല്ലാ മുഴങ്കാലും അവന്റെ മുമ്പിൽ മുട്ടുകുത്തി. അവൻ എന്നേക്കും രാജാവായി വാഴുന്നു. അവൻ തന്റെ ശത്രുക്കളെ നിശ്ശേഷം നശിപ്പിക്കും. അങ്ങനെ എല്ലാറ്റിലും എല്ലാമായി രാജ്യം പിതാവായ ദൈവത്തിന് സമർപ്പിക്കും. സഹനത്തിലൂടെ അവനെ പരിപൂർണനാക്കാൻ പിതാവ് തിരുമനസ്സായതിനാൽ, അവൻ പീഡയനുഭവിക്കുകയും കൊല്ലപ്പെടുകയും ചെയ്തു. എന്നാൽ ദൈവം അവനെ കൈവിട്ടില്ല. അവൻ മർതൃകരങ്ങളിലല്ല, കർതൃകരങ്ങളിലാണ് തന്നെത്തന്നെ സമർപ്പിച്ചത് (പ്രഭാ.2,18). "പിതാവേ, നിന്റെ തൃക്കരങ്ങളിൽ ഞാൻ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് അവൻ തലചായിച്ച് മരിച്ചു. അതുകൊണ്ട് ദൈവം അവനെ ഉയർത്തി.

# 6

## വഞ്ചിക്കപ്പെട്ട ജറമിയാ (ജറ. 20,7)

വഞ്ചിക്കുകയോ വഞ്ചിക്കപ്പെടുകയോ ചെയ്യാത്തവനായ കർത്താവ് ജറമിയായെ വഞ്ചിച്ചുവോ? "കർത്താവേ, നീയെന്നെ വഞ്ചിച്ചിരിക്കുന്നു. ഞാൻ വഞ്ചിതനായി" എന്ന് ജറമിയാ പറയുമ്പോൾ എന്താണ് അർഥമാക്കുന്നത്? (ജറ.20,7).

ദൈവം വിളിച്ച് ദൗത്യം ഭരമേൽപ്പിച്ച ജറമിയായെ ജനം വെറുത്തു. ദൈവനാമത്തിൽ മേലിൽ പ്രവചിക്കരുതെന്ന് ജനവും ജനനേതാക്കന്മാരും കൽപ്പിച്ചു. എന്നാൽ ജറമിയായ്ക്ക് എങ്ങനെ പ്രവചിക്കാതിരിക്കാൻ കഴിയും? ഇസ്രായേലിന് സംഭവിക്കാൻ പോകുന്ന വിപത്ത് ദൈവം അവന് കാണിച്ചുകൊടുത്തു. അത് അറിയിക്കുക മാത്രമാണ് ജറമിയാ ചെയ്തത്. ആ വിപത്ത് അതികഠിനമാണെന്ന് ജറമിയാ കണ്ടു. അവൻ അത് അതുപോലെ ജനത്തെ അറിയിച്ചു. ജനത്തിന് അത് ഇഷ്ടപ്പെട്ടില്ല. അവർ വ്യാജപ്രവാചകന്മാരെ ഇഷ്ടപ്പെട്ടു (ജറ.5,31). "രോഗവും മുറിവും മാത്രമേ ഞാൻ കാണുന്നുള്ളു". "ജറുസലേം നാശക്കൂമ്പാരവും കുറുക്കന്റെ സങ്കേതവുമാകും". "ജനത്തെ വാൾ പിന്തുടരും" എന്നൊക്കെ, വേദന നിറഞ്ഞ വാക്കുകളാണ് ജറമിയാ ഉച്ചരിച്ചത് (ജറ.6,8; 9,11.16).

പാഷൂർ എന്ന ദൈവാലയ മേൽവിചാരിപ്പുകാരൻ ജറമിയായെ അടിച്ചിട്ട് ഒരു മുക്കാലിയിൽ കെട്ടിയിട്ടു. ഒരു ദിവസം കഴിഞ്ഞ് കെട്ടഴിച്ചു വിട്ടപ്പോഴും, ജറമിയാ മടികൂടാതെ കർതൃവചനം അവന്റെ മേൽ ഉച്ചരിച്ചു അതിനുശേഷമാണ് മേൽപറഞ്ഞ വിലാപം നടത്തിയത് (20,1-7). മറ്റൊരവസരം ദൈവാലയത്തിൽ ചെന്ന് ദൈവവചനം അറിയിച്ചപ്പോൾ, ജനവും ജനനേതാക്കന്മാരും ഒത്തുകൂടി "ഇവൻ മരണ

 www.malankaralibrary.com

ത്തിന് അർഹനാണ്" എന്നു വിധിയെഴുതി (26,11). എന്നാൽ അവസാനം അവനെ കൊല്ലാതെ വിട്ടു. പിന്നൊരവസരം ഇരിയാ എന്ന കാവൽ സേനാനായകൻ ജറമിയായെ പിടിച്ച് ജനനേതാക്കന്മനാരുടെ പക്കലെത്തിച്ചു: "കുപിതരായ അധികാരികൾ ജറമിയായെ പ്രഹരിച്ച് തടവിലിട്ടു... കാരാഗൃഹത്തിലെ ഇരുട്ടറയിൽ ജറമിയാ വളരെനാൾ കഴിച്ചുകൂട്ടി". രാജാവ് ഇടപെട്ട് അവനെ കാവൽപുരയുടെ തളത്തിൽ പാർപ്പിച്ചു (37,11-21). മറ്റൊരവസരം കുറേപ്പേർ കൂടി ജറമിയായെ ചെളി നിറഞ്ഞ പൊട്ടക്കിണറ്റിൽ കെട്ടിയിറക്കി. "ജറമിയാ ചെളിയിൽ താണു" (38,1). അപ്പോഴും രാജാവ് ഇടപെട്ട് അവനെ രക്ഷപെടുത്തി.

ഇപ്രകാരമെല്ലാം അവഹേളിക്കപ്പെട്ട് വേദന കടിച്ചമർത്തി ജറമിയാ വിലപിച്ചതാണ് നാം മുകളിൽ കണ്ടത്. "കർത്താവേ, നീയെന്നെ വഞ്ചിച്ചിരിക്കുന്നു". ഇതിനു തുല്യമായതല്ലേ കുരിശിൽ കിടന്നുകൊണ്ട് നമ്മുടെ കർത്താവ് പറഞ്ഞത്? : " ഏലീ, ഏലീ, ലമാ സബക്താനീ!". "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ടെന്നെ കൈവിട്ടു!" (മത്താ.27,,46). ഉഗ്രമായ വേദനയുടെ മധ്യത്തിൽ ജറമിയാ ഇപ്രകാരം പറഞ്ഞതിൽ ആശ്ചര്യപ്പെടാനില്ല. അവന് ദൈവത്തിൽ നിന്നല്ലാതെ എങ്ങുനിന്നും ഒരാശ്വാസവാക്കും ലഭിച്ചില്ല. അവൻ ദൈവത്തെ മുറുകെ പിടിച്ചു. ദൈവം അവനെ താങ്ങി നിർത്തി.

പ്രവാചകന്മാരെല്ലാം ദൈവനാമത്തിന്റെ പേരിൽ പരിഹാസപാത്രങ്ങളായി. അവർ നിരന്തരം അപഹസിക്കപ്പെട്ടു. കർതൃവചനം അവർക്ക് ഇടവിടാതെ നിന്ദനത്തിനും പരിഹാസത്തിനും ഹേതുവായി (20,7-8). "യേശുക്രിസ്തുവിനോട് ഐക്യപ്പെട്ട് വിശ്വാസജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരെല്ലാം പീഡിപ്പിക്കപ്പെടും" എന്ന് വി. പൗലോസ് ശ്ലീഹാ പ്രിയശിഷ്യനായ തിമോതിക്കുള്ള രണ്ടാം ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (3,12). യേശുവിന്റെ സുവിശേഷത്തെപ്രതി തനിക്കു സഹിക്കേണ്ടി വന്നവയെ പറ്റിയും വി.ശ്ലീഹാ എഴുതിയിട്ടുണ്ട്: "ഞാൻ വളരെയേറെ അധ്വാനിച്ചു. കാരാഗൃഹവാസം അനുഭവിച്ചു, എണ്ണമറ്റവിധം പ്രഹരമേറ്റു. പല തവണ മരണവക്ത്രത്തിൽ അകപ്പെട്ടു... " എന്നു തുടങ്ങി തനിക്കുണ്ടായ കഷ്ടപ്പാടുകൾ അവൻ എണ്ണിയെണ്ണി പറയുന്നു (2കൊറി.11,23-29).

അനുതപിക്കാനുള്ള ആഹ്വാനം നൽകിയാണ് കർത്താവ് പ്രവാചകനെ നിയോഗിച്ചത്. എന്നാൽ ജനം പ്രബോധനം തിരസ്ക്കരിച്ച് വിഗ്ര

ഹാരാധന തുടർന്നു. പരസ്പരം അധർമം പ്രവർത്തിച്ചു. അവർ അനാഥ രോടും വിധവകളോടും പരദേശികളോടും കരുണ കാണിച്ചില്ല. നീതി പ്രവർത്തിച്ചില്ല. അങ്ങനെ ദൈവത്തോടും സഹജീവികളോടുമുള്ള കട മകൾ വിസ്മരിച്ച് തന്നിഷ്ടമായി ജീവിച്ചു. ഉടനെ ഒന്നിനു പിറകെ ഒന്നായി പ്രവാചകൻ താക്കീതു നൽകി. വരാൻ പോകുന്ന വിനാശം അവതരിപ്പിച്ചു. അതു കേൾക്കാൻ അവർ കൂട്ടാക്കിയില്ല. അവൻ നിര ന്തരം ദൈവസ്വരം ആവർത്തിച്ചുകൊണ്ടിരുന്നു. എന്നാൽ അവർ അവനെ പരിഹസിക്കുകയും അവഹേളിക്കുകയും ചെയ്തു. ഇത് ജറ മിയായ്ക്ക് കഠിനമായ ഹൃദയവ്യഥ ഉണ്ടാക്കി. ഈ പശ്ചാത്തലത്തി ലാണ്, "കർത്താവേ നീയെന്നെ വഞ്ചിച്ചിരിക്കുന്നു" എന്ന് അവൻ പറ ഞ്ഞത്.

ജറമിയാ നമ്മുടെ കർത്താവിന്റെ മുൻകുറിയാണ്. ദൈവപുത്രൻ തന്നെ മനുഷ്യനായി അവതരിച്ച് ദൈവവചനം ഉച്ചരിച്ചെങ്കിലും, ചെവി ക്കൊള്ളാൻ ജനത്തിനു മനസ്സു വന്നില്ല. അവർ അവനെ പിശാചുബാ ധിതൻ (യോഹ.7,20), സമ്രായക്കാരൻ എന്നൊക്കെ വിളിച്ചു. "ദൈവാ ലയം ശുദ്ധീകരിക്കാൻ നിനക്ക് എന്തിധികാരം?" എന്ന് കയർത്തു ചോദിച്ചു (യോഹ.2,18). പ്രകാശത്തേക്കാൾ അന്ധകാരം ഇഷ്ടപ്പെട്ട വർ പ്രകാശം തിരസ്ക്കരിച്ചു (യോഹ.3,19). സാബതിൽ നന്മ ചെയ്ത തിൽ രോഷാകുലരായി, അവർ യേശുവിനെ ദ്വേഷിച്ചു. അവനെ വധി ക്കാൻ കൂടുതലായിപരിശ്രമിച്ചു.(യോഹ.5,16.18).ബന്ധിക്കാൻ പലവട്ടം ശ്രമിച്ചു (യോഹ.7,30;10,39). അവനെ എറിയാൻ അവർ കല്ലുകളെടുത്തു (യോഹ.10,31). ഒരു കള്ളന്റെ നേരെ എന്നവണ്ണം യഹൂദരും പടയാളി കളും യേശുവിനെ പിടിക്കാൻ ചെന്നു. അവർ അവനെ വലിച്ചിഴ യ്ക്കുകയും അടിക്കയും മുഖത്തു തുപ്പുകയും മുഷ്ടി ചുരുട്ടി കുത്തു കയും ചെയ്തു. അവർ അവനെ അവഹേളിക്കുകയും പരിഹസിക്കു കയും കൈയേറ്റം ചെയ്യുകയും പ്രഹരിക്കുകയും നിന്ദിക്കുകയും ചെയ്തു. "ഞാൻ അവനിൽ കുറ്റമൊന്നും കാണുന്നില്ല" എന്നു പറഞ്ഞ് പീലാത്തോസ് അവനെ ചമ്മട്ടികൊണ്ട് അടിപ്പിച്ച് അവർക്ക് ഏൽപ്പി ച്ചുകൊടുത്തു. അവർ അവനെ കുരിശിൽ തറച്ചുകൊന്നു.

ഇതാണ് പ്രവാചക പ്രധാനിയായ നമ്മുടെ ജറമിയായ്ക്ക് സംഭ വിച്ചത്. ഇത് പ്രവാചകന്മാരുടെ പ്രതിഫലമായി അവിടുന്ന് ചൂണ്ടി ക്കാട്ടി: "ലോകം നിങ്ങളെ ദ്വേഷിക്കുന്നെങ്കിൽ, അതിനു മുമ്പേ അത് എന്നെ ദ്വേഷിച്ചെന്ന് അറിഞ്ഞുകൊള്ളുവിൻ" (യോഹ.15,18). അവൻ

 www.malankaralibrary.com

ജറുസലേമിനെ നോക്കിക്കരഞ്ഞു. സംഭവിക്കാൻ പോകുന്നത് അവിടുന്ന് കണ്ടു: "ഇവിടെ കല്ലിന്മേൽ കല്ല് ശേഷിക്കാതെ എല്ലാം തകർക്കപ്പെടും". "നിങ്ങളുടെ ഭവനം പരിത്യക്തവും ശൂന്യവുമാകും" (മത്താ.23,38;24,2).

ജറമിയായുടെ പ്രവചനം യാഥാർഥ്യമായി. ബാബിലോണിയാക്കാർ ജറുസലേം പിടിച്ചെടുത്ത് ദൈവാലയം തകർത്തു. ജനത്തെ നാടുകടത്തി. അതുപോലെ റോമാക്കാർ 135-ൽ ജറുസലേം തകർത്തു. ദൈവാലയം അശുദ്ധമാക്കി. ജനത്തെ നാടുകടത്തി. വേദനയുടെ പാരമ്യത്തിൽ ഗദ്സമേൻ തോട്ടത്തിൽ വച്ച് നമ്മുടെ കർത്താവ് രക്തം വിയർത്തു. കുരിശിൽ കിടന്ന് നിലവിളിച്ചു. ആ ഉച്ചത്തിലുള്ള നിലവിളിയിൽ പ്രപഞ്ചം ഞെട്ടിവിറച്ചു.

ജറമിയാ വഞ്ചിതനായില്ല. കടുത്ത ഹൃദയവ്യഥയ്ക്കിടയിലും അവൻ കർത്താവിനെ മുറുകെ പിടിച്ചു: "വിരയോദ്ധാവിനെപ്പോലെ കർത്താവ് എന്റെ പക്ഷത്തുണ്ട്". "തിന്മയുടെ ദിനത്തിൽ നീയാണെന്റെ സങ്കേതം"(17,17; 20,11)."കർത്താവേ, എല്ലാം അങ്ങേയ്ക്കറിയാമല്ലോ. എന്നെ അനുസ്മരിക്കണമെ. എന്നെ സന്ദർശിക്കണമെ...ഞാൻ അവമാനിതനാകുന്നത് അങ്ങേയേക്കു വേണ്ടിയാണെന്ന് ഗ്രഹിക്കണമെ. അങ്ങയുടെ കരം എന്റെമേൽ ഉണ്ടായിരുന്നു" (ജറ.15,15.17).

നമ്മുടെ ജറമിയായും തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചു. "പിതാവേ, നിന്റെ തൃക്കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" എന്ന് യേശു ഉച്ചസ്വരത്തിൽ നിലവിളിച്ചു പറഞ്ഞുകൊണ്ട് തലചായിച്ചു മരിച്ചു (ലൂ.23,46). അവിടുന്ന് വിജയശ്രീലാളിതനായി മഹത്വത്തോടെ ഉയിർത്തെഴുന്നേറ്റു.



# 7

# കർത്താവിന്റെ ഗർജനം (ജറ. 25,30)

"കർത്താവ് ഉന്നതത്തിൽ നിന്നു ഗർജിക്കുന്നു; വിശുദ്ധ സ്ഥലത്തുനിന്ന് അവിടുത്തെ സ്വരം മുഴങ്ങുന്നു. തന്റെ അജഗണത്തിനെതിരെ അവിടുന്ന് ഉച്ചത്തിൽ ഗർജിക്കുന്നു. മുന്തിരിച്ചക്ക് ചവിട്ടുന്നവരുടെ അട്ടഹാസം പോലെ, സകല ഭൂവാസികൾക്കുമെതിരെ അവിടുത്തെ ശബ്ദം ഉയരുന്നു. അവിടുത്തെ ശബ്ദം ഭൂമിയുടെ അതിർത്തികൾ വരെ മുഴങ്ങി കേൾക്കാം..." (ജറ.25,30-38).

എന്താണ് ഈ ഗർജനത്തിന്റെ അർഥം? ഒന്നാമത് ഇസ്രായേലിന് എതിരെയാണ് ഈ ഗർജനം. സ്വന്തജനമായ ഇസ്രായേൽ വിഗ്രഹാരാധനയിലേക്ക് തിരിഞ്ഞപ്പോൾ, സാമുഹ്യതിന്മകൾ വർധിച്ചു പെരുകിയപ്പോൾ, ദൈവം താക്കീതു നൽകുന്നതാണ്. അനുതപിക്കാതിരുന്നാൽ, തെറ്റു തിരുത്താതിരുന്നാൽ, വരാൻ പോകുന്ന ഘോരവിപത്തിനെ പറ്റിയാണ് ഗർജനം. രണ്ടാമത്, അനുതാപരഹിതമായ സർവജനത്തിനുമെതിരായിട്ടാണ് ഈ ഗർജനം. മൂന്നാമത്, നമ്മുടെ ജറമിയായുടെ കുരിശിലെ ഉച്ചത്തിലുള്ള നിലവിളിയെ സൂചിപ്പിക്കുന്നു. ജറമിയായുടെ ശ്ബ്ദം ഭൂമിയുടെ അതിർത്തി വരെ മുഴങ്ങിയില്ല. എന്നാൽ നമ്മുടെ കർത്താവിന്റെ ഗംഭീരനാദം ഭൂമിയുടെ അതിർത്തികൾ വരെയെത്തി. തന്റെ ഗർജനം നിവർത്തിയാക്കാൻ കർത്താവ് ജാഗ്രതാപൂർവം കാത്തിരിക്കുന്നു (ജറ.1,12).

താഴെപ്പറയുന്നവിധം പ്രവാചകൻ കർതൃസന്ദേശം ജനത്തെ അനുസ്മരിപ്പിച്ചു: "കർത്താവിന്റെ വചനം ശ്രവിക്കുവിൻ" എന്നതായിരുന്നു അടിസ്ഥാനപരമായ ഗർജനം (ജറ.2,4). ദുഷ്ടതയും അവിശ്വസ്തതയും വിട്ടുപേക്ഷിക്കാൻ ആഹ്വാനം ചെയ്യുന്നു. "ദൈവത്തെ ഉപേക്ഷിക്കുന്നത് എത്ര കയ്പു നിറഞ്ഞതാണെന്ന് അനുഭവിക്കേണ്ടിവരും" എന്ന്

 www.malankaralibrary.com

അവരെ ഓർമിപ്പിച്ചു (ജറ.2,19). ''ചെയ്ത കുറ്റം സമ്മതിക്കുക" (ജറ.2,23). "ഈ തലമുറ കർത്താവിന്റെ വാക്കു കേൾക്കട്ടെ" (ജറ.2,31). "നീ ലാഘവത്തോടെ വഴിമാറി നടക്കുന്നു" (2,35). "തിരിച്ചു വരിക, ഞാൻ നിന്നോട് കോപിക്കയില്ല. ഞാൻ കാരുണ്യവാനാണ്. ഞാൻ എന്നേക്കും കോപിക്കയില്ല. നീ കുറ്റങ്ങൾ ഏറ്റുപറഞ്ഞാൽ മതി... തിരിച്ചുവരുവിൻ. ഞാനാണ് നിങ്ങളുടെ നാഥൻ" (ജറ.3,12-14). "മക്കളേ, തിരിച്ചുവരുവിൻ, ഞാൻ നിങ്ങളുടെ അവിശ്വസ്തത പരിഹരിക്കാം. ഇസ്രായേലിന്റെ രക്ഷ ദൈവമായ കർത്താവിൽ മാത്രം" (ജറ.3,22-23). "തിരിച്ചുവരാൻ ആഗ്രഹിക്കുന്നെങ്കിൽ, എന്റെ അടുത്തേക്കു വരിക. ഹൃദയപരിച്ഛേദനം സ്വീകരിക്കുവിൻ" (ജറ.4,1.4;9,26).

" അഭയം തേടി ഓടുവിൻ. മടിച്ചുനിൽക്കരുത്. തിന്മയും ഭീകര നാശവും ഞാൻ വടക്കുനിന്ന് കൊണ്ടുവരുന്നു. കുറ്റിക്കാടുകളിൽ നിന്ന് സിംഹം പുറത്തേക്കിറങ്ങിയിട്ടുണ്ട്. ജനതകളുടെ സംഹാരകൻ സ്വസങ്കേതത്തിൽ നിന്ന് പുറപ്പെട്ടിട്ടുണ്ട്. ചാക്കുടുത്തു കരയുവിൻ. നിലവിളിക്കുവിൻ. കർത്താവിന്റെ ഉഗ്രകോപം നമ്മിൽ നിന്ന് അകന്നിട്ടില്ല... ഇതാ, വാൾ ഉയരുന്നു.... ഞാൻ അയക്കുന്നത് ഭീകര കൊടുങ്കാറ്റായിരിക്കും. ഞാൻ തന്നെയാണ് അവരുടെമേൽ വിധിവാചകം ഉച്ചരിക്കുക" (ജറ.4,6-7.10.12).

"നിന്റെ ഹൃദയത്തിൽ നിന്ന് ദുഷ്ടത കഴുകിക്കളയുക. ദുഷിച്ച ചിന്തകൾ ഉപേക്ഷിക്കുക" (ജറ.4,14). "എന്റെ വചനം നിന്റെ നാവിൽ ഞാൻ അഗ്നിയാക്കും, അവരെ ഞാൻ വിറകാക്കും. അഗ്നി അവരെ വിഴുങ്ങും" (ജറ.5,14). "ഞാൻ നിന്നെ വിജനമായ മരുഭൂമിയാക്കും" (ജറ.6,8). "ഞാൻ അവരുടെ മേൽ അനർഥം വരുത്തും. ഈ ജനത്തിനു മുമ്പിൽ ഞാൻ പ്രതിബന്ധങ്ങൾ സ്ഥാപിക്കും. അവർ തട്ടിവീഴും" (ജറ.6,19.21). "ഞാൻ കരുണയില്ലാത്ത കഠിനഹൃദയരെ ഉണർത്തും... എല്ലായിടത്തും ഭീകരാവസ്ഥയാണ്'' (6,23.25). ''ഞാൻ നാട്ടിൽ കോപവും ക്രോധവും ചൊരിയും. അതു ശമിക്കാതെ കത്തിയെരിയും" (ജറ.7,20). ''ജനത്തിനു നേരേ ഞാൻ വിനാശകനെ അയക്കും" (ജറ.8,13). "ഞാൻ അവരെ ചൂളയിൽ ഉരുക്കി ശുദ്ധീകരിക്കും" (ജറ.9,7). "ഈ ജനത്തെ ഞാൻ കാഞ്ഞിരം തീറ്റുകയും വിഷം കുടിപ്പിക്കുകയും ചെയ്യും. നശിക്കുന്നതുവരെ വാൾ അവരെ പിന്തുടരും" (ജറ.9,15-16).

"കർത്താവിന്റെ ഉഗ്രകോപത്താൽ ഭൂമി നടുങ്ങുന്നു. ആ കോപം താങ്ങാൻ ജനതകൾക്കാവില്ല" (ജറ. 10,10). "ഭാണ്ഡം കെട്ടി ഓടിപ്പോകുവിൻ. ഞാൻ ജനത്തെ ദൂരെ എറിയാൻ പോകുന്നു. അവരുടെ മേൽ ഞാൻ ദുരിതം വരുത്തും. അവർ അതനുഭവിക്കും" (ജറ.10,117-8).

"ഏതെങ്കിലും ജനത എന്നെ അനുസരിക്കുന്നില്ലെങ്കിൽ, അതിനെ ഞാൻ വേരോടെ പിഴുതു നശിപ്പിക്കും" (ജറ.12,17)."ദൈവത്തിന്റെ ജനവും കീർത്തിയും അഭിമാനവും മഹത്വവുമായി അവർ നിലകൊള്ളേണ്ട തായിരുന്നു" (ജറ.13,11).

"ഞാൻ ജനത്തെ ലഹരി കൊണ്ട് നിറയ്ക്കും. ഞാൻ ഒരുവനെ എടുത്ത് മറ്റൊരുവന്റെ മേൽ അടിക്കും. ആരോടും കരുണ കാണിക്കു കയില്ല. ഒരുവനെയും വെറുതെ വിടുകയില്ല. എല്ലാവരെയും നിർദയം നശിപ്പിക്കും" (ജറ.13,14). "നിങ്ങളുടെ ദൈവമായ കർത്താവിന് മഹത്വം നൽകുവിൻ. അല്ലെങ്കിൽ നിങ്ങൾ വെളിച്ചം തേടുമ്പോൾ മരണനി ഴലും കൂരിരുട്ടുമായിരിക്കും ലഭിക്കുക. എന്നെ അനുസരിക്കാത്തവരെ ഞാൻ വേരോടെ പിഴുതുകളയും" (ജറ.13,1617). "ഞാൻ അവരെ വാളാലും പട്ടിണിയാലും പകർച്ചവ്യാധികളാലും നശിപ്പിക്കും" (ജറ.14,12). "ഇതാ ഞാൻ നിങ്ങൾക്കെതിരെ അനർഥം കരുപ്പിടിപ്പിക്കുന്നു. നിങ്ങൾക്കെതിരെ ഒരു പദ്ധതി നിനച്ചിരിക്കുന്നു" (ജറ.18,11). "ഞാൻ തന്നെ കരുത്തുറ്റ കരം നീട്ടി രോഷത്തോടെ, കോപത്തോടെ, ക്രോധ ത്തോടെ നിങ്ങളോടു യുദ്ധം ചെയ്യും. ഈ ജനത്തെ ഞാൻ പ്രഹ രിക്കും" (ജറ.21,5-6). "എന്റെ മുഖം ഈ ജനത്തിന്റെ തിന്മയ്ക്കായി തിരിച്ചിരിക്കുന്നു" (ജറ.21,10). "ഞാൻ നിന്നെ മരുഭൂമിയാക്കും, നിന ക്കെതിരെ സംഹാരകനെ ഞാൻ ഒരുക്കിയിരിക്കുന്നു" (22,6-7). "ഇതാ, കർത്താവിന്റെ കൊടുങ്കാറ്റ് ഉഗ്രമായ ചുഴലിക്കാറ്റായി ക്രോധം പുറ പ്പെട്ടിരിക്കുന്നു. ദുഷ്ടന്മാരുടെ തലയിൽ അത് ആഞ്ഞടിക്കും" (ജറ.23,19). "ഈ ദേശം നശിച്ചു ശൂന്യമാകും" (25,10).

"ക്രോധത്തിന്റെ വീഞ്ഞു നിറഞ്ഞ പാനപാത്രം എടുത്ത് ഞാൻ എല്ലാ ജനതകളെയും കുടിപ്പിക്കും. അവർ അത് കുടിച്ച് ഉന്മത്തരായി അവർക്ക് ചിത്തഭ്രമം സംഭവിക്കും" (ജറ. 25,15-16). "നിങ്ങൾ വീഞ്ഞു കുടിച്ച് മദിച്ച് ഛർദിക്കുക. ഞാൻ അയക്കുന്ന വാൾത്തലയിൽ നിങ്ങൾ വീഴും" (ജറ.25,27). "നിങ്ങൾ കുടിച്ചേ തീരൂ. നിങ്ങൾ ശിക്ഷ അനുഭവി ക്കുക തന്നെ ചെയ്യും. ഇതാ ഭൂമുഖത്തുള്ള സകല ജനതകളുടെയും മേൽ ഞാൻ വാൾ അയക്കാൻ പോകുന്നു" (ജറ.25,29). "കർത്താവ് ഉന്നതത്തിൽ നിന്നു ഗർജിക്കുന്നു. വിശുദ്ധ സ്ഥലത്തുനിന്ന് അവി ടുത്തെ ശബ്ദം മുഴങ്ങുന്നു. തന്റെ അജഗണത്തിനെതിരെ അവിടുന്ന് ഉച്ചത്തിൽ ഗർജിക്കുന്നു. മുന്തിരിച്ചക്കു ചവിട്ടുന്നവരുടെ അട്ടഹാസം പോലെ സകല ഭൂവാസികൾക്കുമെതിരെ അവിടുത്തെ ശബ്ദമുയ

 www.malankaralibrary.com

രുന്നു. അവിടുത്തെ ശബ്ദം ഭൂമിയുടെ അതിർത്തികൾ വരെ മുഴങ്ങി കേൾക്കാം. കർത്താവ് ജനതകൾക്കെതിരെ കോപിച്ചിരിക്കുന്നു. ദുഷ്ടരെ അവിടുന്ന് വാളിനിരയാക്കും (ജറ.25,30-31). അനർഥം ജനത കളിൽനിന്ന് ജനതകളിലേക്ക് വ്യാപിക്കുന്നു. ദിഗന്തങ്ങളിൽ നിന്ന് ഭീക രമായ കൊടുങ്കാറ്റ് പുറപ്പെടുന്നു" (ജറ.25,32) "ഇതാ, സിംഹം ഗുഹ വിട്ടിറങ്ങിയിരിക്കുന്നു" (ജറ.25,38).

ഇതാണ് ഗർജനം. ഇതിന് ഒറ്റക്കാരണമേയുള്ളൂ. ജനം മനസ്സുതി രിഞ്ഞ് ദൈവത്തിൻ പക്കലേക്ക് വരുന്നില്ല. അനുതപിക്കാൻ മനസ്സു കാണിക്കുന്നില്ല. അവർ അതിന്റെ ഫലം അനുഭവിച്ചു. സിംഹഗർജനം ചെവിക്കൊള്ളാതെ തിന്മയിൽ തന്നെ തുടർന്നതിനാൽ, ബാബിലോ ണിയാക്കാർ നഗരം വളഞ്ഞ് നഷ്ടക്കൂമ്പാരമാക്കി, ജനത്തെ അടിമക ളാക്കി. അവർ 70 വർഷം അടിമത്തവും വിപ്രവാസവും അനുഭവിച്ചു.

ഈ ഗർജനം തന്നെയല്ലേ സ്നാപകയോഹന്നാൻ നടത്തിയത്: "മാനസ്സാന്തരപ്പെടുവിൻ. സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു. മാനസ്സാ ന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കുവിൻ. വൃക്ഷങ്ങളുടെ വേരിന് കോടാലി വച്ചുകഴിഞ്ഞു. നല്ല ഫലം കായ്ക്കാത്ത വൃക്ഷങ്ങ ളെല്ലാം വെട്ടി തീയിലെറിയും" (മത്താ. 3,2). യോഹന്നാൻ ഒരുക്കിയ പാതയിലൂടെ നമ്മുടെ കർത്താവ് നടന്നുവന്നു: "സമയം പൂർത്തി യായി. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷ ത്തിൽ വിശ്വസിക്കുവിൻ (മർക്കോ. 1,15). "ഈ കല്ലിൽ വീഴുന്നവൻ തകർന്നുപോകും . ഇത് ആരുടെമേൽ വീഴുന്നുവോ, അവനെ അത് ധൂളിയാക്കും"(മത്താ. 21,44). "ധരയിൽ ചൊരിയപ്പെട്ട സകല നീതിമാ ന്മാരുടെയും രക്തം നിങ്ങളുടെമേൽ പതിക്കും. ഇത് ഈ തലമുറയ്ക്ക് സംഭവിക്കുക തന്നെ ചെയ്യും" (മത്താ. 23,35-36). ജറുസലേം ദൈവാ ലയത്തെ നോക്കി യേശുതമ്പുരാൻ അരുളിച്ചെയ്തു: "ഇവിടെ കല്ലി ന്മേൽ കല്ലു ശേഷിക്കാതെ എല്ലാം തകർക്കപ്പെടും" (മത്താ.24,2).

കർതൃവചനം സംഭവിക്കുക തന്നെ ചെയ്തു. കുരിശിൽ കിടന്നുള്ള അട്ടഹാസത്താൽ ഭൂമിയുടെ അടിത്തറ ഇളകി, പഞ്ചഭൂതങ്ങൾ ഇളകി യാടി. പ്രപഞ്ചം ഭീതിപൂണ്ടു. ദൈവാലയത്തിലെ തിരശ്ശീല കീറിപ്പോയി. അതിന്റെ തുടർച്ചയായി റോമാക്കാർ വന്ന് നാടും നഗരവും നശി പ്പിച്ചു. ജറമിയാ പ്രവചിച്ചവയെല്ലാം കൂടുതൽ ആഴത്തിൽ കർതൃനാളു കളിലും സംഭവിച്ചു. "കർത്താവ്'ഉന്നതത്തിൽ നിന്നു ഗർജിക്കുന്നു".

കുരിശിൽ കിടന്നുകൊണ്ട് എട്ടുപാടും പൊട്ടുമാറ് ഗർജിച്ചു. അത് അനേകരെ മാനസ്സാന്തരപ്പെടുത്തി. മാനസ്സാന്തരപ്പെടാത്ത ജനതകളെല്ലാം അനന്തരഫലം അനുഭവിക്കുന്നു.

ഇതുതന്നെ പ്രവചനമായി സങ്കീർത്തകൻ ആവർത്തിച്ചുകൊണ്ടിരിക്കുന്നു: "മനുഷ്യൻ മനസ്സുതിരിയുന്നില്ലെങ്കിൽ, അവിടുന്ന് വാളിനു മൂർച്ചകൂട്ടും. അവിടുന്ന് വില്ലു കുലച്ച് ഒരുങ്ങിയിരിക്കുന്നു. അവിടുന്ന് തന്റെ ശരങ്ങളെ തീയമ്പുകളാക്കി, മാരകായുധങ്ങൾ സജ്ജമാക്കിയിരിക്കുന്നു".

"ദുഷ്ടൻ തിന്മയെ ഗർഭം ധരിക്കുന്നു.

ഉദരത്തിൽ അധർമം വഹിക്കുന്നു.

വഞ്ചനയെ പ്രസവിക്കുന്നു (സങ്കീ.7,12-14).

"കർത്താവ് ആകാശത്തിൽ ഇടിമുഴക്കി. അത്യുന്നതന്റെ ശബ്ദം മുഴങ്ങിക്കേട്ടു. കന്മഴയും തീക്കനലും പൊഴിഞ്ഞു. അവിടുന്ന് അമ്പയച്ച് അവരെ ചിതറിച്ചു. മിന്നൽ പിണർ കൊണ്ട് അവരെ പായിച്ചു." (സങ്കീ.18,13-14). കർതൃഗർജനത്തെ പ്പറ്റി യോയേലും ആമോസും ഇപ്രകാരം തന്നെ പറയുന്നു: "കർത്താവ് സീയോനിൽ നിന്നു ഗർജിക്കുന്നു ജറുസലേമിൽ നിന്ന് അവിടുത്തെ സ്വരം മുഴങ്ങുന്നു. ആകാശവും ഭൂമിയും പ്രകമ്പനം കൊള്ളുന്നു"(യോയേൽ,3,16). "കർത്താവ് സീയോനിൽ നിന്നു ഗർജിക്കുന്നു. ജറുസലേമിൽ നിന്ന് അവിടുന്ന് അരുളിച്ചെയ്യുന്നു"(ആമോസ്,1,2).

 www.malankaralibrary.com

# 8
# സാമൂഹ്യതിന്മകളും ജറമിയായും

ഇസ്രായേൽക്കാരുടെ ഇടയിലെ സാമൂഹ്യതിന്മകൾക്കെതിരെ പ്രവാചകന്മാരെല്ലാം ശക്തിയായി പ്രതികരിച്ചു. ദൈവത്തെ തിരസ്ക്കരിച്ച ജനം ചുറ്റുമുള്ളവരെ മറന്ന് തിന്മയും അനീതിയും ദുഷ്ടതയും പ്രവർത്തിക്കാൻ തുടങ്ങി. ദൈവകോപത്തിന്റെ ഒരടിസ്ഥാനകാരണം സാമൂഹ്യതിന്മയാണ്; മറ്റതും ഒന്നാമത്തേതും ദൈവത്തിന് പുറംതിരിഞ്ഞ് നടക്കൽ എന്നതും. "നീതി പ്രവർത്തിക്കുകയും സത്യം അന്വേഷിക്കുകയും ചെയ്യുന്ന ഒരുവനെയെങ്കിലും കണ്ടുമുട്ടിയാൽ ഞാൻ ക്ഷമിക്കാം. ജനം കള്ളസത്യം ചെയ്യുന്നു" (ജറ.5,1-2). "എന്റെ ജനത്തിനിടയിൽ ദുഷ്ടന്മാർ കടന്നുകൂടി, വേടന്മാരെപ്പോലെ പതിയിരിക്കുന്നു. അവർ കെണിയൊരുക്കി മനുഷ്യരെ കുടുക്കിലാക്കുന്നു... അവരുടെ ഭവനങ്ങളിൽ വഞ്ചന നിറഞ്ഞിരിക്കുന്നു. അങ്ങനെ അവർ വമ്പന്മാരും പണക്കാരുമായി. അവർ തടിച്ചുകൊഴുത്തു. അവരുടെ ദുഷ്ടതയ്ക്ക് അതിരില്ല. അവരുടെ വിധികൾ നീതിയുക്തമല്ല. അനാഥർക്കുവേണ്ടി അവർ നിലകൊള്ളുന്നില്ല. അവർ ദരിദ്രരുടെ അവകാശം സംരക്ഷിക്കുന്നില്ല" (ജറ.5,26-28). "എല്ലാവരും അന്യായലാഭത്തിൽ ആർത്തിപൂണ്ടിരിക്കുന്നു. അവർ കപടമായി പെരുമാറുന്നു" (ജറ.6,13;8,10).

അയൽക്കാരനോട് നീതി പുലർത്താനും പരദേശിയേയും അനാഥനേയും വിധവയേയും ചൂഷണം ചെയ്യാതിരിക്കാനും നിഷ്ക്കളങ്കരക്തം ചിന്താതിരിക്കാനും ജറമിയാ ആഹ്വാനം ചെയ്യുന്നു (ജറ.7,5-6). "സത്യമല്ല, കാപട്യമാണ് നാട്ടിൽ ശക്തിപ്പെടുന്നത്. തിന്മയിൽ നിന്ന് തിന്മയിലേക്ക് അവർ നീങ്ങുന്നു. സഹോദരന്മാർ ചതിയന്മാരും അയൽക്കാർ ഏഷണിക്കാരുമാണ്. അവർ അയൽക്കാരനെ വഞ്ചിക്കുന്നു. ഒരുവനും സത്യം പറയുന്നില്ല. മർദനത്തിനു മേൽ മർദനവും വഞ്ചനയ്ക്കു മേൽ വഞ്ചനയും കുന്നുകൂടുന്നു. അവരുടെ നാവ് മാരകമായ അസ്ത്രമാണ്. അതു വഞ്ചന പൊഴിക്കുന്നു. അവർ ഹൃദയത്തിൽ

കെണിയൊരുക്കുന്നു. നാവു കൊണ്ട് മധുരമായി സംസാരിക്കുന്നു. അവർക്ക് ആത്മാർഥതയുടെ കണിക പോലുമില്ല"(ജറ.9,3-8).

"താനിടാത്ത മുട്ടയ്ക്ക് അടയിരിക്കുന്ന പക്ഷിയെപ്പോലെയാണ് അന്യായമായി സമ്പത്ത് സമ്പാദിക്കുന്നവൻ"(ജറ.17,11). "നീതിയും ന്യായവും നടത്തുക. കൊള്ളയടിക്കപ്പെട്ടവനെ അക്രമിയുടെ കൈയിൽനിന്നു രക്ഷിക്കുക. പരദേശിയോടും അനാഥനോടും വിധവയോടും തിന്മയോ, അതിക്രമമോ കാട്ടരുത്. നിരപരാധന്റെ രക്തം വീഴ്ത്തരുത്" (ജറ.22,3). "അനീതിയുടെ മുകളിൽ കൊട്ടാരം പണിയുകയും അന്യായത്തിനു മുകളിൽ മട്ടുപ്പാവ് നിർമ്മിക്കുകയും വേലക്കാരന് കൂലി കൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ ശപ്തൻ"(ജറ.22,13).

നീതിയും ന്യായവും നടത്തുന്നവർക്ക് എല്ലാം ശുഭമായിരിക്കും. ദരിദ്രർക്കും അഗതികൾക്കും ന്യായം നടത്തിക്കൊടുക്കുന്നവന് എല്ലാം നന്നായിരിക്കും. "എന്നെ അറിയുക എന്നാൽ ഇതു തന്നെയല്ലേ എന്ന് കർത്താവ് ചോദിക്കുന്നു." എന്നാൽ ജനം വഞ്ചനയിലൂടെ ലാഭമുണ്ടാക്കുന്നു. നിഷ്ക്കളങ്കരക്തം ചിന്തുന്നു.മർദനവും അക്രമവും അഴിച്ചുവിടുന്നു (ജറ.22,15-17).

ഇവയാണ് ജറമിയാ കാണുന്ന സാമുഹ്യതിന്മകൾ. ഹൃദയത്തിലും സംസാരത്തിലും പ്രവൃത്തികളിലും സർവത്ര വഞ്ചനയും കാപട്യവും നിറഞ്ഞിരിക്കുന്നു. എങ്ങനെ മറ്റുള്ളവരെ ചതിച്ച് പണക്കാരനാകാം എന്ന് ജനം ചിന്തിക്കുന്നു. പാവപ്പെട്ടവരെ പറ്റി അവർക്ക് യാതൊരു പരിഗണനയുമില്ല. ദൈവത്തെ സ്നേഹിക്കുക എന്നാൽ സഹോദരനെ സ്നേഹിക്കുക എന്നാണർഥം എന്ന് ചുരുക്കമായി ജറമിയാ പറയുന്നു. എന്നിട്ടും ജനം അസത്യത്തിൽ മുഴുകി ജീവിച്ചു. അങ്ങനെ ദൈവത്തെയും സഹജീവികളെയും മറന്നവർക്കുള്ള ശിക്ഷയെപ്പറ്റിയാണ് ജറമിയാ പ്രവചിച്ചത്.

ഈ തിന്മകൾ നമ്മുടെ കാലത്ത് പതിന്മടങ്ങ് വർധിച്ചിരിക്കുന്നു. എങ്ങും കൈക്കൂലിയും അഴിമതിയും വെട്ടിപ്പും തട്ടിപ്പും കവർച്ചയും കള്ളസാക്ഷിയും കൊള്ളയടിക്കലും പിടിച്ചുപറിക്കലും ക്വൊട്ടേഷൻ കൊലയും നടമാടുന്നു. അന്നു പ്രവചിച്ച ജറമിയാ ഇന്നും പ്രസക്തനാണെന്ന് ആരും ചിന്തിക്കുന്നില്ല. തിന്മകൾ വർജിക്കാൻ ആരും കൂട്ടാക്കുന്നില്ല. മുകൾ മുതൽ താഴെ വരെ കാപട്യവും അസത്യവും നടമാടുന്ന പരിതാപകരമായ ഒരു വ്യവസ്ഥിതിയാണ് ഇന്ന് നാട്ടിലുള്ളത്. തിന്മ വിട്ടകലൂ എന്നു മാത്രമാണ് ജറമിയായ്ക്കു പറയാനുള്ളത്. കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

 www.malankaralibrary.com

# 9

# കിളിർക്കുന്ന മുള (ജറ.33,15)

"ദാവീദിന്റെ ഭവനത്തിൽ നിന്ന് നീതിമാനായ ഒരു മുളയെ ഞാൻ കിളിർപ്പിക്കും. അവൻ ദേശത്ത് നീതിയും ന്യായവും നടത്തും" (ജറ.33,15).

ജനത്തിന്റെ തകർച്ചയ്ക്കും നാശത്തിനും വിപ്രവാസത്തിനും ശേഷം ദൈവം അവർക്കു നൽകുവാൻ പോകുന്ന അനുഗ്രഹത്തെപ്പറ്റിയാണ് ഈ പ്രവചനം. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തെപ്പറ്റിയുള്ള വളരെ സ്പഷ്ടമായ പ്രവചനമാണിത്. ഇത് ബുദ്ധിക്കതീതവും മഹത്തരവും നിഗൂഢവുമായ സംഗതിയാണ് (ജറ.33,2). ഈ അധ്യായം മുഴുവൻ പ്രത്യാശയുടെ വെളിപാടാണ്. തകർന്നടിഞ്ഞ് വിജനമായ ജറുസലേമിൽ സമൃദ്ധിയും ജനവാസവും ആർപ്പുവിളിയും ആരവാരവും സന്തുഷ്ടിയും സമാധാനവും കളിയാടുന്നത് ജറമിയാ സന്തോഷപൂർവം ദർശിക്കുന്നു. ദൈവം തന്റെ ജനത്തെ പൂർണമായി വിസ്മരിച്ചിട്ടില്ല, തള്ളിക്കളഞ്ഞിട്ടില്ല. ബാബിലോണിയൻ അടിമത്തം താൽക്കാലികം മാത്രം. ദൈവം അബ്രഹാമിനോടു ചെയ്ത വാഗ്ദാനം നിറവേറ്റും. ദാവീദിന്റെ ഭവനത്തിൽ സന്തതി അറ്റുപോകയില്ല. ജറമിയായിൽ ഉടനീളം ഈ പ്രതീക്ഷാസന്ദേശം ദൃശ്യമാണ്. "ഞാൻ സകല മനുഷ്യരുടെയും ദൈവമായ കർത്താവാണ്. എനിക്ക് അസാധ്യമായി എന്തെങ്കിലുമുണ്ടോ?" (ജറ.32,18.27). "കർത്താവിന്റെ വചനം കേൾക്കുവിൻ" എന്ന ഒറ്റ ആഹ്വാനമേ കർത്താവ് നടത്തുന്നുള്ളു (ജറ.2,4). വിപ്രവാസത്തിലൂടെ അവർ അനുസരണം പഠിക്കുമെന്നും തിരിച്ചുവരുമെന്നും ദൈവം കണ്ടു. അതുകൊണ്ടാണ് അൽപ്പസമയത്തേക്ക് അവരെ അവൻ കൈവിട്ടത്. "ഞാൻ എന്നേക്കുമായി കോപിക്കയില്ല. ഞാൻ കരുണയുള്ളവനാണ്" (ജറ.3,12;5,18).

നീതിമാനായ മുളയുടെ കാലത്ത് "എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നൽകും. ജ്ഞാനത്തോടും വിവേകത്തോടും കൂടെ അവർ ജനത്തെ പരിപാലിക്കും". അപ്പോൾ പിന്നെ "കർത്താവിന്റെ സാക്ഷ്യ പേടകത്തെപ്പറ്റി ആരും ഒന്നും പറയുകയില്ല. അതിനെപ്പറ്റി ചിന്തിക്കു കയോ, അത് ആവശ്യമെന്ന് കരുതുകയോ, മറ്റൊന്ന് നിർമിക്കുകയോ ഇല്ല" (ജറ.3,16;23,4). കർത്താവിന്റെ വരവോടുകൂടി പഴയത് നീങ്ങി ഈ പ്രവചനം യാഥാർഥ്യമായി എന്നു നമുക്കറിയാം. അന്നുമുതൽ ഇന്നുവരെ യഹൂദർ സാക്ഷ്യപേടകവും ആരാധനാലയവും പൗരോ ഹിത്യവും പ്രവാചകത്വവും കൂടാതെ കഴിയുന്നു.

"എന്റെ ആട്ടിൻപറ്റത്തെ മേയിക്കുന്നതിന് ഞാൻ ഇടയന്മാരെ നിയോഗിക്കും... ഞാൻ ദാവീദിന്റെ വംശത്തിൽ നീതിയുടെ ശാഖ മുളപ്പിക്കും. അവൻ രാജാവായി വാഴുകയും ബുദ്ധിപൂർവം ഭരിക്കു കയും ചെയ്യും. അവൻ നാട്ടിൽ ന്യായവും നീതിയും നടപ്പാക്കും" (ജറ.23,4-5). "ഞാനയക്കുന്ന ദാവീദ് രാജാവിനെ ജനം സേവിക്കും" എന്ന് രക്ഷയുടെ വാഗ്ദാനം ഉറപ്പിച്ചുറപ്പിച്ച് തുടർന്ന് പറയുന്നു. "ഞാൻ നിനക്ക് വീണ്ടും ആരോഗ്യം തരും. നിന്റെ മുറിവുകൾ സുഖപ്പെടുത്തും" (ജറ.30,17). തുടർന്ന് ഇസ്രായേലിന് ഉണ്ടാകുന്ന അനുഗ്രഹങ്ങൾ വിവ രിക്കുന്നു (ജറ.30,18-21).

"എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ്. നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും. ഇസ്രായേലേ, നിന്നെ ഞാൻ വീണ്ടും പണിതുയർത്തും... ജനതകളുടെ തലവനെ കുറിച്ച് ആഹ്ലാദാരവം മുഴ ക്കുവിൻ. ഞാൻ ഇസ്രായേലിന് പിതാവാണ്. എഫ്രായിം എന്റെ ആദ്യ ജാതനും... ഞാൻ പുരോഹിതന്മാരെ സമൃദ്ധികൊണ്ട് സന്തുഷ്ടരാ ക്കും. എന്റെ അനുഗ്രഹങ്ങൾ കൊണ്ട് എന്റെ ജനം സംതൃപ്തരാകും. നിന്റെ ഭാവി പ്രത്യാശാഭരിതമാണ്. എഫ്രായിം എന്റെ വത്സലപുത്ര നല്ലേ? എന്റെ ഓമനക്കുട്ടൻ. എന്റെ ഹൃദയം അവനുവേണ്ടി തുടിക്കുന്നു. എനിക്ക് അവനോട് നിസ്സീമമായ കരുണ തോന്നുന്നു"(ജറ.31,3ff.).

ഒരു പുതിയ ഉടമ്പടിയെപ്പറ്റിയും ജറമിയാ പ്രവചിക്കുന്നു: "ഞാൻ ഒരു പുതിയ ഉടമ്പടി ചെയ്യാൻ വരുന്നു" (ജറ.31,31). പഴയതിന്റെ സ്ഥാനത്ത് പുതിയത് സ്ഥാപിക്കുന്നതിനെ പറ്റിയാണ് പരാമർശം. അത് നമ്മുടെ കർത്താവ് സ്ഥാപിച്ചു. എബ്രായലേഖനം ഇതേപ്പറ്റി പറയുന്നു: "ആദ്യത്തെ ഉടമ്പടി കുറ്റമറ്റതായിരുന്നെങ്കിൽ, രണ്ടാമതൊന്നിന് അവ സരം ഉണ്ടാകുമായിരുന്നില്ല...പുതിയ ഒരുടമ്പടിയെപ്പറ്റി പറയുന്നതു കൊണ്ട് ആദ്യത്തേതിനെ അവൻ കാലഹരണപ്പെടുത്തിയിരിക്കുന്നു

 www.malankaralibrary.com

(ജറ.8,7-13). ജറമിയാ 31,31 മുതലുള്ള ഭാഗം എബ്രായ ലേഖനകർത്താവ് ഉദ്ധരിക്കുന്നു.

പുതിയ ഉടമ്പടിയുടെ കാലത്ത് - യേശുവിന്റെ കാലത്ത് - ഉണ്ടാകുന്ന നന്മകളെപ്പറ്റി ജറമിയാ തുടർന്ന് വിവരിക്കുന്നു: "ഞാൻ അവരുമായി ശാശ്വതമായ ഒരുടമ്പടി ഉണ്ടാക്കും. അവർക്ക് നന്മ ചെയ്യുന്നതിൽ നിന്ന് ഞാൻ പിന്തിരിയുകയില്ല" (ജറ.32,40). ഇസ്രായേലിന്റെ സിംഹാസനത്തിൽ ഇരിക്കാൻ ദാവീദിന്റെ ഒരു സന്തതി എന്നുമുണ്ടായിരിക്കും...എന്റെ ദാസനായ ദാവീദിന്റെ സന്തതികളെയും എന്നെ ശുശ്രൂഷിക്കുന്ന ലേവ്യപുരോഹിതന്മാരെയും ഞാൻ വർധിപ്പിക്കും...അവൻ നിത്യമായി ഭരിക്കും" (ജറ.33,17ff.). തന്റെ തിരുസഭയിലൂടെ ദാവീദുവംശജനായ നമ്മുടെ കർത്താവ് ഭരിക്കുന്ന ദൈവരാജ്യത്തെ പറ്റിയാണ് ഈ പ്രവചനം ജറമിയായുടെ പ്രവചനത്തിലെ മിക്ക ഭാഗങ്ങളും അന്ത്യോന്മുഖമായി മനസ്സിലാക്കാൻ സാധിക്കും. അങ്ങനെയാണ് മനസ്സിലാക്കേണ്ടത്. അപ്പോൾ മാത്രമേ ഇന്നുള്ള മനുഷ്യർക്കും എക്കാലത്തുമുള്ള മനുഷ്യർക്കും അതിന്റെ പൊരുൾ സുഗ്രാഹ്യമാകൂ, അർഥസംപുഷ്ടമാകൂ. അതായത്, ക്രിസ്തോന്മുഖമായി ഗ്രഹിക്കണമെന്നു സാരം.

ജറമിയായുടെ വേദനകൾ കർത്താവിന്റെ പീഡാസഹനങ്ങളെ കുറിക്കുന്നു. ജറുസലേമിന്റെ ഉയിർത്തെഴുന്നേൽപ്പ് കർതൃരക്ഷമൂലം മനുഷ്യകുലത്തിനു ലഭിക്കുന്ന നന്മയെ സൂചിപ്പിക്കുന്നു. സകല മനുഷ്യർക്കും വേണ്ടിയുള്ള സന്ദേശമാണ് ജറമിയാ നൽകുന്നത്. മനുഷ്യർ തിന്മ വിട്ടകന്ന് നന്മ ചെയ്യണം. ഏതെങ്കിലുംതരത്തിലുള്ള വിഗ്രഹാരാധനയിൽ നിന്ന് പിന്തിരിയണം. ദൈവത്തെ ദൈവമായും പിതാവായും രക്ഷകനായും പരിപാലകനായും അംഗീകരിക്കണം. ദൈവമക്കളെ ദൈവമക്കളായി കാണണം. നീതിയും ന്യായവും നടത്തണം. അത് കാട്ടിത്തരാനാണ് ദാവീദിൽ നിന്ന് ഒരു മുള പൊട്ടിവിടർന്നത്.

# 10

## റാമായിൽ നിന്നുള്ള സ്വരം (ജറ.31,15)

"ഇതാ, റാമായിൽ നിന്ന് ഒരു സ്വരം! വിലാപത്തിന്റെയും ഹൃദയം തകർന്ന രോദനത്തിന്റെയും സ്വരം! റാഹേൽ തന്റെ മക്കളെ ചൊല്ലി വിലപിക്കുന്നു. അവളുടെ മക്കളിലാരും അവശേഷിക്കാത്തതിനാൽ, അവൾക്ക് ആശ്വാസം കൊള്ളാൻ കഴിയുന്നില്ല"(ജറ.31,15). ഇത് വിശുദ്ധ മത്തായി ശ്ലീഹാ ഉദ്ധരിച്ച്, നമ്മുടെ കർത്താവിന്റെ കാലത്ത് യാഥാർഥ്യ മായി എന്ന് രേഖപ്പെടുത്തുന്നു (2,17-18). ക്രൂരനും ഭയചകിതനുമായ ഹേറോദേസ്, ശിശുവായ യേശുവിനെ ഇല്ലായ്മ ചെയ്യാൻ വേണ്ടി, ബേത്‌ലഹേമിലും പരിസരത്തും, രണ്ടുവയസ്സിനു താഴെയുള്ള ആൺകു ഞ്ഞുങ്ങളെയെല്ലാം കൊന്നൊടുക്കിയ സംഭവത്തിലേക്കാണ് ജറമിയാ പ്രവാചകൻ വിരൽ ചൂണ്ടുന്നതെന്ന് വിശുദ്ധ മത്തായി ശ്ലീഹാ സാക്ഷി ക്കുന്നു.

അതിനും അപ്പുറത്ത്, കാലാകാലങ്ങളിൽ ക്രൂരന്മാരായ കാട്ടാള ന്മാർ കുഞ്ഞുങ്ങളോടു കാണിക്കുന്ന കൊടുംക്രൂരതകളും അറുകൊല കളും, ഉദരത്തിൽ വച്ചുതന്നെ കൊല്ലപ്പെടുന്ന കുഞ്ഞുങ്ങളുടെ ദീന രോദനങ്ങളും ദർശിച്ച പ്രവാചകനാണ് ഈ വാക്കുകൾ ഉച്ചരിക്കു ന്നത്. ഉദരത്തിൽ ഉരുവാകുന്ന എത്രയെത്ര കുരുന്നുകളെയാണ് ക്രൂര മായ ഭ്രൂണഹത്യയിലൂടെ കാപാലികന്മാർ അറത്തുമുറിച്ച് പുറത്തെടു ക്കുന്നത്. ദൈവം കൊടുക്കുന്ന ജീവനെ വിവിധ രീതികളിൽ കൊല ചെയ്ത്, ഗർഭപാത്രം ശവപ്പറമ്പാക്കുന്ന താടകമാരും ഡോക്ടർമാർ എന്ന വിളിക്കപ്പെടുന്ന കശ്മലന്മാരും കാട്ടുന്ന പൈശാചിക പ്രവൃ ത്തികൾ കണ്ട് നമ്മുടെയെല്ലാം അമ്മയായ റാഹേൽ ഇപ്പോഴും നില വിളിക്കുന്നു.

 www.malankaralibrary.com

റാഹേലിന്റേത് അവസാനിക്കാത്ത നിലവിളിയാണ്. അവളെ ആശ്വസിപ്പിക്കാൻ ആർക്കും സാധിക്കയില്ല.വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും ഒന്നുപോലെ നിയമനിർമാണം നടത്തി, ഈ അറുകൊല പ്രോത്സാഹിപ്പിക്കുന്നു. ഓരോ നിമിഷവും എത്രയെത്ര കുരുന്നുകളെയാണ് മനുഷ്യർ കൊന്നൊടുക്കുന്നത്! മനുഷ്യന് വിലയില്ലാത്ത കാലം! എന്നാൽ ദൈവതിരുമുമ്പാകെ ഓരോ മനുഷ്യവ്യക്തിക്കും വിലയുണ്ട്. ഉദരത്തിലെ ശിശുവും മനുഷ്യക്കുഞ്ഞാണ്.

ഈ നാട്ടിൽ പന്നിക്ക് വിലയുണ്ട്, പട്ടിക്ക് വിലയുണ്ട്. മനുഷ്യനു മാത്രം വിലയില്ല. മനുഷ്യനു വേണ്ടി പറയാൻ ആരുമില്ല. കർഷകന്റെ അധ്വാനഫലം സമൂലം നശിപ്പിച്ച്, നാട്ടിൽ കയറി സ്വൈരമായി വിഹരിക്കുകയും ഭയാനകമാംവിധം പെറ്റുപെരുകുകയും  മനുഷ്യനെ കടന്നാക്രമിക്കുകയും ചെയ്യുന്ന പന്നിയെ കൊന്നാൽ, “വനപാലകന്മാർ” എന്ന് പേരു വിളിക്കപ്പെടുന്ന, മനുഷ്യത്വം മരവിച്ച, മനോനില തെറ്റിയവർ മനുഷ്യരോട് കാണിക്കുന്ന ക്രൂരത വിവരണാതീതമാണ്. അവരുടെ കൈയിൽ കിട്ടുന്നവർ പിന്നെ എഴുന്നേറ്റു നടക്കാൻ ആവാത്ത വിധമാണ് അവരോടുള്ള പെരുമാറ്റം.

പേ പിടിച്ച് നാടുനീളെ നടന്ന് മനുഷ്യരെ കടിക്കുന്ന പേപ്പട്ടിയെ കൊന്നാൽ, ഉടൻ ഡൽഹിയിൽ നിന്ന് വിളി വരും! മനുഷ്യത്വം നശിച്ച കുറേ പ്രകൃതിസ്നേഹികൾ!  കേന്ദ്രത്തിലുണ്ട് ഒരു സർക്കാർ, കേരളത്തിലുണ്ട് ഒരു സർക്കാർ, പിന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമുണ്ട്. ഇവർക്കൊന്നും മനുഷ്യന്റെ കാര്യത്തിൽ മാത്രം താൽപര്യമില്ല. എത്ര ഭ്രൂണഹത്യ നടന്നാലും അതൊന്നും അവർ കാണാറില്ല, അറിയാറില്ല, പ്രതികരിക്കാറില്ല. അതുപോലെ കുട്ടികളോടു കാട്ടുന്ന ക്രൂരത ഇക്കാലത്ത് വളരെ വർധിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികളെ സ്കൂളിൽനിന്ന് കൂട്ടത്തോടെ തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കുകയും കൂരമായ മർദിക്കുകയും കൊലപ്പെടുത്തുകയും  ചെയ്യുന്ന പുതിയ ദുർഭൂതമായ ഐ.എസ്. ആഫ്രിക്കൻ രാജ്യങ്ങളിലും പശ്ചിമേഷ്യയിലും സടകുടഞ്ഞെഴുന്നേറ്റിരിക്കയാണ്. ഭീകരതയാണ് ഇവരുടെ മുഖമുദ്ര. ഇതെല്ലാം കണ്ട് റാഹേൽ ഇപ്പോഴും നിലവിളിക്കുന്നു.

എന്തിനും ഏതിനും പ്രതികരിക്കുന്നവരായ ബുദ്ധിജീവികൾ എന്ന് അറിയപ്പെടാൻ ആഗ്രഹിക്കുന്നവരാരും ഇതിന് പ്രതികരിക്കുന്നില്ല. പാർട്ടി നേതാക്കന്മാരോ, മതനേതാക്കന്മാരോ ഇതിനൊന്നും എതിരായി പ്രതികരിച്ചു കാണുന്നില്ല. സാംസ്ക്കാരിക നായകന്മാർ എന്നറിയപ്പെടുന്നവരുടെയും പ്രതികരണം കാണാറില്ല. മനുഷ്യരെയെല്ലാം മനുഷ്യരായും തുല്യരായും ദൈവമക്കളായും കാണാൻ കഴിയാത്തതിന്റെ അനന്തരഫലമാണിത്.

ഓരോ മനുഷ്യനെയും പറ്റി - ഓരോ ശിശുവിനെയും പറ്റി - നമ്മുടെ കർത്താവിനു പറയാനുള്ളത് ഇതാണ്: “എഫ്രായിം എന്റെ വത്സലപുത്രനല്ലേ! എന്റെ ഓമനക്കുട്ടൻ! എന്റെ ഹൃദയം അവനുവേണ്ടി തുടിക്കുന്നു. എനിക്ക് അവനോട് നിസ്സീമമായ കരുണ തോന്നുന്നു” (ജറ.31,20). ഓരോ മനുഷ്യനെയും ദൈവം ഓമനക്കുട്ടൻ എന്നും വത്സ ലപുത്രൻ എന്നും വിളിക്കുന്നു. ദൈവം മാത്രമാണ് അപ്രകാരം വിളി ക്കുന്നത്.

ജറമിയാ ദാർശനികനായിരുന്നു. അവൻ ലോകാവസാനം വരെ യുള്ളവ ദർശനത്തിൽ കണ്ടുകൊണ്ടിരുന്നു. ചില സംഗതികൾ കാണു മ്പോൾ അവൻ ഭയന്നു വിറയ്ക്കുന്നു, ചിലത് കാണുമ്പോൾ അവൻ ദൈവത്തോട് പരിഭവം പറയുന്നു. ഭോഷനെപ്പോലെ കാണുന്നതെല്ലാം വിളിച്ചു പറയുന്നു. കേൾക്കുന്നവർ അവനെ പിടിച്ച് അടിക്കയും നിന്ദി ക്കയും ചെയ്യുന്നു. ജറമിയായിൽ ഉടനീളം ഭാവിസംഗതികളുടെ പ്രവ ചനം കാണാം. ക്രമീകൃതമായി ലേഖനം എഴുതുന്നതുപോലെയല്ല ദർശനം. അവൻ കാണുന്നു, പിന്നെയും കാണുന്നു. അവൻ മറച്ചുവ യ്കാതെ വിളിച്ചുപറയുന്നു.

അവന്റെ മുമ്പിലുള്ളത് ഇസ്രായേലിന്റെ പാപവും ദൈവകോപവും തകർച്ചയും ബാബിലോണിയാക്കാരുടെ കടന്നാക്രമണവും വിപ്രവാ സവുമാണ്. അതിനിടയിലെല്ലാം രക്ഷയും തിരിച്ചുവരവും ദൈവപരി പാലനയും ഒക്കെ അവൻ കാണുന്നു. എന്നാൽ അവൻ ലക്ഷ്യം വയ്ക്കു ന്നതിന് അപ്പുറത്ത് ഗ്രന്ഥകർത്താവായ പരിശുദ്ധാത്മാവിന് ലക്ഷ്യ മുണ്ട്. അത് ഒന്നാമത് ക്രിസ്തുവിലും പിന്നെ ദൈവരാജ്യത്തിലും യുഗാന്ത്യത്തിലും ചെന്നു നിൽക്കുന്നു. അവൻ കണ്ടതിന്റെ ആഴമായ അന്ത്യോന്മുഖമായ അർഥം അവന് ഗ്രഹിക്കാൻ കഴിഞ്ഞില്ലെന്നുവരാം. അതുകൊണ്ട് പ്രവചനത്തിന് അർഥമില്ലെന്നു വരുന്നില്ല.

എമ്മാവോസിലേക്ക് പോയ ശിഷ്യന്മാർക്ക്, മോശ മുതൽ എല്ലാ പ്രവാചകന്മാരും തന്നെപ്പറ്റി പറഞ്ഞിരിക്കുന്നവ നമ്മുടെ കർത്താവ് വിവരിച്ചപ്പോൾ, ജറമിയായെയും പരാമർശിച്ചുകാണും. ഈ വിവരണം കൂടാതെ ജറമിയാ ഇന്ന് പ്രസക്തനല്ല. എന്നാൽ എന്നും പ്രസക്ത മായ ദൈവവചനമാണ് പരിശുദ്ധാത്മാവ് ജറമിയായിലൂടെ പ്രഘോ ഷിച്ചത്. “കരച്ചിൽ നിർത്തി കണ്ണീർ തുടയ്ക്കൂ.നിന്റെ യാതനകൾക്ക് പ്രതിഫലം ലഭിക്കും. നിന്റെ ഭാവി പ്രത്യാശാഭരിതമാണ്” എന്ന് ദൈവം വാഗ്ദാനം ചെയ്യുന്നു. “എന്നെ തിരികെ കൊണ്ടുവരണമെ. മടങ്ങിവ രാൻ എനിക്ക് ശക്തി നൽകണമെ”എന്ന് ഈജിപ്തിൽ വച്ച് ഇസ്രാ യേൽ കന്യക കരഞ്ഞപ്പോൾ, (ജറ.31,18), കർത്താവ് പറഞ്ഞു:“ഇസ്രാ

 www.malankaralibrary.com

യേൽ കന്യകേ, തിരികെ വരൂ. നിന്റെ നഗരത്തിലേക്ക് ഓടിയെത്തൂ. നീ എത്രനാൾ അലഞ്ഞുതിരിയും" . ഈജിപ്തിലേക്ക് ശിശുവിനെയും കൊണ്ട് ഓടിപ്പോയവളോട് കർത്താവ് അരുളിച്ചെയ്യുന്നു (ജറ.31,21). ഇത് വിശുദ്ധ മത്തായി ശ്ലീഹാ ഉദ്ധരിക്കുന്നു :"ഇസ്രായേൽ ദേശത്തേക്ക് മടങ്ങുക. ഈജിപ്തിൽ നിന്ന് ഞാൻ എന്റെ പുത്രനെ വിളിച്ചു എന്ന പ്രവചന പൂർത്തീകരണമായി മത്തായി ഇത് കണക്കാക്കുന്നു (മത്താ.2,15.20).

മറിയം ശിശുവായ യേശുവിനെ പരിപാലിക്കുന്നതും ജറമിയാ കണ്ടു:" കർത്താവ് ധരയിൽ നവസൃഷ്ടി നടത്തിയിരിക്കുന്നു. പുരുഷനെ സ്ത്രീ പരിപാലിക്കുന്നു (31,22). "തന്റെ ഭർത്താവിനെ വീണ്ടും കണ്ടെത്താൻ സ്ത്രീ ഇറങ്ങിത്തിരിച്ചിരിക്കുന്നു"എന്നും പാഠഭേദം.

അത്ഭുതകരമായ പ്രവചനങ്ങളാണ് ജറമിയായിലൂടെ പുറത്തുവന്നിരിക്കുന്നത്. ഓരോ വാക്യത്തിലും വൈവിധ്യമാർന്ന അർഥസമുച്ചയം ഉള്ളടക്കം ചെയ്തിരിക്കുന്നു. വ്യാഖ്യാനിച്ചാൽ തീരാത്തതുപോലെയുള്ള ദർശനമായിരുന്നു അവന്റേത്. പിഴുതെറിയാനും ഇടിച്ചു തകർക്കാനും നശിപ്പിക്കാനും തകിടം മറിക്കാനും മാത്രമല്ല, പണിതുയർത്താനും നട്ടുവളർത്താനും ഉതകുന്നവയെല്ലാം അവൻ ദർശിക്കുന്നു (ജറ.1,10;31,28).

എങ്കിലും റാഹേലിന്റെ വിലാപം അവസാനിക്കുന്നില്ല. നിന്റെ ഹൃദയത്തിൽ കൂടി ഒരു വാൾ കടക്കും എന്ന പ്രവചനത്തിലേക്കാണ് ജറമിയാ വന്നു നിൽക്കുന്നത്. ശിശുക്കൾക്കു നേരെയുള്ള അതിക്രമങ്ങൾക്ക്,ശിശുവിനെയും കൊണ്ട് ഈജിപ്തിലേക്ക് ഓടിപ്പോയ അമ്മ, ഇന്നത്തെ കഠോര കർമങ്ങൾ കണ്ട് മാറത്തടിച്ച് കരയുന്നു. അവളെ ആര് ആശ്വസിപ്പിക്കും!

അപ്പോൾ ജറമിയാ കടന്നു വന്ന് പറയുന്നു: "നീതിപൂർവം ഞാൻ നിന്നെ ശാസിക്കും. ശിക്ഷിക്കാതെ വിടുകയില്ല"(ജറ.30,11).



# 11

## വർധിച്ചുപെരുകുവിൻ (ജറ. 29,6)

"വിവാഹം കഴിച്ച് സന്താനങ്ങൾക്ക് ജന്മം നൽകുവിൻ. നിങ്ങളുടെ പുത്രീപുത്രന്മാരെയും വിവാഹം കഴിപ്പിക്കുവിൻ. അവർക്കും മക്കളുണ്ടാകട്ടെ. നിങ്ങൾ പെരുകണം. നിങ്ങളുടെ സംഖ്യ കുറഞ്ഞുപോകരുത്" (29,6). "ഞാൻ ഇസ്രായേൽ ഭവനത്തിനും യൂദാ ഭവനത്തിനും സന്താനപുഷ്ടി ഉണ്ടാക്കുന്ന കാലം വരുന്നു... ഞാൻ അവരെ പണിതുയർത്താനും നട്ടുവളർത്താനും ശ്രദ്ധിക്കും" (31,27-28).

തങ്ങൾ കുത്തിത്തുളച്ചവനിലേക്ക് ഇസ്രായേൽ നോക്കുമ്പോൾ അവർക്കു ലഭിക്കുന്ന നന്മയെപ്പറ്റി ഇത് സൂചിപ്പിക്കുന്നു എന്നു പറയാം. എന്നാൽ ആഴമായ അർഥത്തിൽ പുതിയ ഇസ്രായേലായ സഭയോടാണ് ഈ പ്രബോധനം. ദൈവത്തെ അറിയുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ജനം വർധിച്ചു പെരുകണം എന്നു ദൈവം ആഗ്രഹിക്കുന്നു. ആ അനുഗ്രഹമാണ് ദൈവം ആദാമിനു നൽകിയത്: "സന്താനപുഷ്ടി ഉള്ളവരായി വർധിച്ചു പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" (ഉൽപ്പ.1,28). "മാതാപിതാക്കളെ വിട്ട് പുരുഷൻ ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമായിത്തീരും" (ഉൽപ്പ. 2,24).

ഹൃദയകാഠിന്യം നിറഞ്ഞ ഇസ്രായേൽക്കാർക്കു വേണ്ടി മോശ "മോചനപത്രം" എന്ന രീതി അനുവദിച്ചു. ഭാര്യയിൽ സംശയം തോന്നുന്നവന്, അവൾക്ക് ഉപേക്ഷച്ചീട്ട് നൽകി പറഞ്ഞുവിടാൻ മോശ അനുവദിച്ചു (ആവ.24,1). സംശയരൂപേണ നമ്മുടെ കർത്താവിന്റെ പക്കൽ വന്ന് ഇതേപ്പറ്റി ചേദ്യം ചോദിച്ച ഫരിസേയനോട് കർത്താവ് പറഞ്ഞു: "സ്രഷ്ടാവ് ആദിമുതൽ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു

 www.malankaralibrary.com

എന്നും ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോട് ചേർന്നിരിക്കും. അവർ ഇരുവരും ഏകശരീരമായി ത്തീരും എന്ന് അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടെന്ന് നിങ്ങൾ വായിച്ചി ട്ടില്ല? തന്മൂലം പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരി ക്കും. ആകയാൽ ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താ തിരിക്കട്ടെ... നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമാണ് ഭാര്യയെ ഉപേ ക്ഷിക്കാൻ മോശ അനുവദിച്ചത്. ആദിമുതലേ അങ്ങനെ ആയിരുന്നില്ല" (മത്താ. 19,4-6).

"ദൈവം തന്റെ ച്ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. സ്ത്രീയും പുരു ഷനുമായി അവരെ സൃഷ്ടിച്ചു". "ദൈവം അവരെ അനുഗ്രഹിക്കു കയും മനുഷ്യൻ എന്നു വിളിക്കുകയും ചെയ്തു" (ഉൽപ്പ.5,2). പുരുഷ ന്മാർക്ക് ഒന്നിച്ചു താമസിക്കാം, അതുപോലെ സ്ത്രീകൾക്കും. എന്നാൽ അത്തരം ഒന്നിച്ചു താമസിക്കലിനെ വിവാഹം എന്നു വിളിക്കാൻ പാടില്ല. രണ്ടുപുരുഷന്മാർ അഥവാ രണ്ടു സ്ത്രീകൾ ഒന്നിച്ചു താമസി ക്കുന്നതിൽ തെറ്റില്ല. എന്നാൽ ആ ബന്ധത്തെ വിവാഹം എന്നു വിളി ക്കാൻ ദൈവകൽപ്പന അനുവദിക്കുന്നില്ല. അവിടെ സഹവാസം ഉണ്ടെ ന്നുള്ളതല്ലാതെ "സന്താനങ്ങളെ ജനിപ്പിച്ച് വർധിച്ചു പെരുകുക" എന്ന ദൈവകൽപ്പന യാഥാർഥ്യമാകുന്നില്ല. ലോകരാഷ്ട്രങ്ങൾ പലതും അത്തരം താമസത്തെ വിവാഹത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നത് തെറ്റാണ്. അതുപോലെ തന്നെയാണ് ഉദരഫലത്തെ വധിക്കുന്ന മഹാ പാതകവും! ദൈവം യോജിപ്പിച്ച ബന്ധത്തെ വേർപെടുത്തി കുഞ്ഞു ങ്ങളെ അനാഥരാക്കുന്നതും ഗർഹണീയമാണ്. ബന്ധം വേർപെടുത്തി മറ്റൊരാളുടെ കൂടെ താമസിക്കുന്നതും വ്യഭിചാരമായി നമ്മുടെ കർത്താവ് പഠിപ്പിക്കുന്നു.

ദൈവത്തെ മുൻനിർത്തി ജീവിക്കുന്നവർ ദൈവകൽപ്പനയെ മാനി ക്കും. എന്നാൽ ജറമിയായുടെ കാലത്തെപ്പോലെ ഇന്നത്തെ ജനം ദൈവത്തിന് പുറം തിരിഞ്ഞിരിക്കുന്നു. "കർത്താവിന്റെ വചനം കേൾക്കുവിൻ" എന്ന് ഇന്നും ജറമിയാ നമ്മെ ഉപദേശിക്കുന്നു (2,4). മ്ലേച്ഛമായവയെ പിൻചെന്ന് മനുഷ്യർ മ്ലേച്ഛരായി തീരുന്നു. കർത്താവ് എവിടെയെന്ന് ആരും തിരക്കുന്നില്ല. അതുകൊണ്ട് ജനത്തെ കർത്താവ് കുറ്റം വിധിക്കും. ജീവജലത്തിന്റെ ഉറവ ഉപേക്ഷിച്ച് മർത്യഗണം പൊട്ട ക്കിണറുകൾ കുഴിക്കയാണ് ചെയ്യുന്നത്. ഈ ദുഷ്ടതയ്ക്ക് ശിക്ഷയു

ണ്ടാകും. ഈ അവിശ്വസ്തത തന്നെ അവരെ കുറ്റം വിധിക്കും. ജനം ദൈവത്തെ മറന്നിരിക്കുന്നു (ജറ. 2). പെരുകി നിറയാനുള്ള കൽപ്പന നിറവേറ്റുവിൻ (ജറ.3,16). ജനം ദൈവത്തെ വഞ്ചിച്ചു. ദൈവത്തോട് നന്ദികേടു കാട്ടി. അവരിൽ ദൈവവചനമില്ല. അവർ ദൈവത്തെ പരിത്യജിച്ചു. കർതൃവചനം ഇന്നത്തെ ജനത്തിന് നിന്ദാവിഷയമാണ്. കർതൃവചനം കേൾക്കാതിരിക്കാൻ അവർ ചെവി അടച്ചിരിക്കുന്നു. ഈ ജനം മുന്നോട്ട് നടക്കാതെ പിന്നോട്ടാണ് നടക്കുന്നത്. എല്ലാവരും ഹൃദയം കഠിനമാക്കി വ്യാപരിക്കുന്നു.

ഒരുവശത്ത് പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന മർത്യകുലം, മറുവശത്ത് ദൈവത്തെ മറന്നുള്ള ജീവിതം. മരുഭൂമിയിലൂടെ നാൽപ്പതുവർഷം അലഞ്ഞുനടന്ന ഇസ്രായേൽ മക്കളെപ്പോലെയാണ് ഇന്നത്തെ മനുഷ്യരും. ദൈവം കൂടെ ഉണ്ടായിരുന്നിട്ടും അവർ ദൈവത്തെ മറന്ന് കാളക്കുട്ടിയെ ആരാധിച്ചു. ഈജിപ്തിലേക്ക് തിരിച്ചുപോകാൻ പരിശ്രമിച്ചു. കഠിനഹൃദയരായി ഭാര്യമാരെ ഇറക്കിവിട്ടു. ജറമിയാ അവർക്കെതിരെ പ്രവചിച്ചവ ഇന്നും സംഭവിച്ചുകൊണ്ടിരിക്കയാണ്. “കാറ്റു വിതച്ച് കൊടുങ്കാറ്റു കൊയ്യുകയാണ് ”ഇന്നത്തെ ജനം. മാനസ്സാന്തരപ്പെട്ടില്ലെങ്കിൽ ജറമിയാ വീണ്ടും ഗർജിക്കും. ആ ഗർജനത്തിൽ അടിമത്തം വന്നുകൂടും. അവിടെ കിടന്ന് ജനം കണ്ണുതുറന്ന് നിലവിളിക്കും. അപ്പോൾ കർത്താവ് പറയും, “വർധിച്ചു പെരുകുവിൻ. സഹായത്തിന് ഞാനുണ്ട്”.

 www.malankaralibrary.com

# 12
# ദൈവത്തിന്റെ കാരുണ്യം

ജറമിയാ പ്രവാചകൻ നാശവും തകർച്ചയും മാത്രം വിളിച്ചു പറയുന്ന ആളാണെന്നാണ് ചിലർ കരുതുന്നത്. എന്നാൽ പ്രസ്തുത ചിന്ത പൂർണമായി ശരിയല്ല. ജനത്തിനു സംഭവിക്കാൻ പോകുന്ന ഘോരവിപത്തിനിടയിലും ദൈവത്തിന്റെ കാരുണ്യം പ്രവാചകൻ അനുസ്മരിക്കുന്നു. ദൈവത്തിൽ നിന്നുള്ള തിരുവചനം അവരെ കേൾപ്പിക്കുന്നു.

ദൈവത്തിന്റെ ഗർജനത്തേക്കാൾ തീവ്രതരമാണ് ദൈവത്തിന്റെ കരുണയെന്ന് ജറമിയാ വ്യക്തമാക്കുന്നു. ദൈവകോപം പോലും ദൈവത്തിന്റെ കരുണയുടെ അനന്തരഫലമാണ്. ദൈവം മനുഷ്യരെ അളവറ്റ് സ്നേഹിക്കുന്നതിനാൽ, മനഷ്യരുടെ വഴിതെറ്റലിൽ ദുഃഖിതനായിട്ടാണ് ദൈവം കോപിക്കുന്നത് (ഏശാ.63,10). "തിരിച്ചുവരിക" എന്ന ഒറ്റ സംഗതിയേ ദൈവം മനുഷ്യരിൽ നിന്ന് ആവശ്യപ്പെടുന്നുള്ളു. അതായത്, "മാനസ്സാന്തരപ്പെടുക, സഹജീവികളോട് കരുണയുള്ളവർ ആയിരിക്കുക". ഇതു തന്നെയാണ് എല്ലാ പ്രവാചകന്മാരുടെയും ഒരു പ്രധാന പ്രതിപാദ്യവിഷയം.

"അവിശ്വസ്തയായ ഇസ്രായേലേ, തിരിച്ചുവരിക. ഞാൻ നിന്നോട് കോപിക്കയില്ല. ഞാൻ കാരുണ്യവാനാണ്. ഞാൻ എന്നേക്കും കോപിക്കയില്ല"(ജറ.3,12). "അവിശ്വസ്തരായ മക്കളേ, തിരിച്ചുവരുവിൻ. ഞാൻ മാത്രമാണ് നിങ്ങളുടെ കർത്താവ്" (3,14). "എന്റെ പിതാവേ, എന്നു നീ എന്നെ വിളിക്കുമെന്നും എന്റെ മാർഗം നീ ഉപേക്ഷിക്കയില്ലെന്നും ഞാൻ പ്രതീക്ഷിച്ചു...അവിശ്വസ്തരായ മക്കളെ, തിരിച്ചുവരുവിൻ. ഞാൻ നിങ്ങളുടെ അവിശ്വസ്തത പരിഹരിക്കാം" (3,19.22). "തിരിച്ചുവരാൻ ആഗ്രഹിക്കുന്നെങ്കിൽ, എന്റെ അടുത്തേക്കു വരിക. എന്റെ സന്നിധി

യിൽനിന്ന് മ്ലേച്ഛത നീക്കിക്കളയുക... ഹൃദയപരിച്ഛേദനം സ്വീകരിക്കുക" (4,1-2.4). "ഹൃദയത്തിൽ നിന്ന് ദുഷ്ടത കഴുകിക്കളയുക. എന്നാൽ നീ രക്ഷപെടും" (4,14). "ദുർദിനത്തിൽ പോലും ഞാൻ നിന്നെ പൂർണ മായി നശിപ്പിക്കുകയില്ല" (5,18). "സുന്ദരിയായ സീയോൻ പുത്രിയെ ഞാൻ ഓമനിച്ചുവളർത്തി... നീ പഴയ പാതകൾ തേടുക. നേരായ മാർഗം തേടി അതിൽ സഞ്ചരിക്കുക" (6,2.16). "നിങ്ങളുടെ മാർഗ ങ്ങളും പ്രവൃത്തികളും നേരേയാക്കുവിൻ...ഈ സ്ഥലത്തു വസിക്കാൻ ഞാൻ നിങ്ങളെ അനുവദിക്കാം" (7,3.7). "എന്റെ വാക്ക് അനുസരിക്കു വിൻ. ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനവുമായി രിക്കും. ഞാൻ നിങ്ങളോടു കൽപ്പിക്കുന്ന മാർഗത്തിലൂടെ ചരിക്കു വിൻ. നിങ്ങൾക്ക് എല്ലാം ശുഭമായിരിക്കും" (7,23;30,22). "ഞാൻ ധര യിൽ കരുണയും ന്യായവും നീതിയും പുലർത്തുന്ന കർത്താവാണ് "(9,24). "ഇതാ, ഞാൻ ദാവീദിന്റെ വംശത്തിൽ നീതിയുടെ ശാഖ മുള പ്പിക്കുന്ന ദിവസം വരുന്നു... അവന്റെ നാളുകളിൽ യൂദാ രക്ഷിക്കപ്പെ ടും. ഇസ്രായേൽ സുരക്ഷിതമായിരിക്കും" (23,5-6).

"നിങ്ങളെ കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണ്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി" (29,11). "നിങ്ങൾ എന്നെ കണ്ടെത്താൻ ഞാൻ ഇടയാക്കും. ഞാൻ നിങ്ങളുടെ ഐശ്വര്യം പുനഃ സ്ഥാപിക്കും" (29,14). "എന്റെ ജനമായ ഇസ്രായേലിന്റെയും യൂദായു ടെയും സുസ്ഥിതി പുനഃസ്ഥാപിക്കാനുള്ള ദിവസം വരുന്നു" (30,3). "നിന്നെ രക്ഷിക്കാൻ നിന്നോടു കൂടെ ഞാനുണ്ട് " (30,11). "ഞാൻ നിനക്ക് വീണ്ടും ആരോഗ്യം നൽകും. നിന്റെ മുറിവുകൾ സുഖപ്പെടു ത്തും... യാക്കോബിന്റെ വാസസ്ഥലങ്ങളോട് ഞാൻ കാരുണ്യം പ്രക ടിപ്പിക്കും" (30,17.18). "എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ്, നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും. കന്യകയായ ഇസ്രായേലേ, ഞാൻ നിന്നെ വീണ്ടും പണിതുയർത്തും" (31,3-4). "നിന്റെ ഭാവി പ്രത്യാ ശാഭരിതമാണ്... എഫ്രായിം എന്റെ വത്സലപുത്രനല്ലേ; എന്റെ ഓമന ക്കുട്ടൻ. അവനു വിരോധമായി പെരുമാറുമ്പോഴെല്ലാം അവന്റെ സ്മരണ എന്നിലുദിക്കുന്നു. എന്റെ ഹൃദയം അവനുവേണ്ടി തുടിക്കുന്നു. എനിക്ക് അവനോട് നിസ്സീമമായ കരുണ തോന്നുന്നു" (31,16.20). "ക്ഷീണി തരെ ഞാൻ ശക്തിപ്പെടുത്തും. ദുഖിതരെ ഞാൻ ആശ്വസിപ്പിക്കും. ഞാൻ അവർക്ക് സന്താനപുഷ്ടി ഉണ്ടാക്കുന്ന കാലം വരുന്നു" (31,25.27).

 www.malankaralibrary.com

“കർത്താവേ, അങ്ങ് ആയിരം തലമുറകളോട് കാരുണ്യം കാണിക്കുന്നു” (32,18). “എന്നെ വിളിക്കുക, ഞാൻ മറുപടി നൽകും” (33,3). “ഞാൻ യൂദായ്ക്കും ഇസ്രായേലിനും സമാധാനവും ഭദ്രതയും സമൃദ്ധമായി കൊടുക്കും. ഞാൻ ഐശ്വര്യം തിരിച്ചുതരും. പൂർവസ്ഥിതിയിൽ പണി തുയർത്തും. എല്ലാ പാപങ്ങളിൽ നിന്നും അവരെ ശുദ്ധീകരിക്കും. അകൃത്യങ്ങളെല്ലാം ക്ഷമിക്കും. ഈ നഗരം എനിക്ക് സന്തോഷത്തിനും സ്തുതിക്കും മഹത്വത്തിനും കാരണമാകും. ഞാൻ ദേശത്തിന്റെ ഐശ്വര്യം പുനഃസ്ഥാപിക്കും” (33,6-11).

നാം ജീവിക്കുന്ന ഇക്കാലത്ത് കൊടിയ തിന്മകൾ കുന്നുകൂടുകയാണ്. ആയുധക്കടത്ത്, ചാവേർ ആക്രമണം, ഭയാനകമായ ഭ്രൂണഹത്യ, വിവാഹം എന്ന പേരിൽ നടമാടുന്ന വിക്രിയകൾ, സമ്പത്തിനു വേണ്ടിയുള്ള പരക്കം പാച്ചിലും ക്രൂരതകളും, ദൈവത്തെ വിസ്മരിച്ചുകൊണ്ടുള്ള ജീവിതരീതികൾ, ദൈവാലയങ്ങൾ വിൽക്കുന്നതും കച്ചവടസ്ഥലങ്ങളും കേളീരംഗങ്ങളുമാക്കി മാറ്റുന്നതും, മനുഷ്യരക്ഷയ്ക്കായി മന്നിലവതരിച്ച ദൈവപുത്രനെ പറ്റി ഉരിയാടാൻ അനുവാദമില്ലാത്ത സാഹചര്യങ്ങൾ, കാപട്യവും വഞ്ചനയും, മനുഷ്യക്കടത്ത്, സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമങ്ങൾ, ഭീകരസംഘങ്ങളുടെ മനുഷ്യത്വരഹിതമായ പെരുമാറ്റം, സാമ്പത്തികനേട്ടങ്ങൾക്കായി സാമാന്യമര്യാദയും മാനുഷിക മൂല്യങ്ങളും ചവിട്ടിമെതിക്കൽ, പല ലോകരാഷ്ട്രങ്ങളുടെയും മനുഷ്യത്വരഹിത നിയമനിർമാണങ്ങൾ ആദിയായവ ദൈവകോപം ക്ഷണിച്ചുവരുത്തുന്ന ഗൗരവമേറിയ തിന്മകളാണ്.


ഇതു നിമിത്തമാണ്, “ഞാൻ ജനത്തെ ലഹരികൊണ്ടുനിറയ്ക്കും. ഒരുവനെ എടുത്ത് മറ്റൊരുവന്റെ മേൽ അടിക്കും. ആരോടും കരുണ കാണിക്കയില്ല. ഒരാളെയും വെറുതെ വിടുകയില്ല. എല്ലാവരെയും നിർദയം നശിപ്പിക്കും” എന്ന് കർത്താവ് അരുളിച്ചെയ്യുന്നത് (ജറ.13,13-14). ഭീകരസംഘങ്ങൾ ആരോടും കരുണ കാട്ടുന്നില്ല. തങ്ങളുടെ കൂടെ നിൽക്കുന്നവരെപ്പോലും, തങ്ങൾക്ക് ഇഷ്ടമില്ലാത്തപ്പോൾ അവർ ഇല്ലാതാക്കുന്നു. മനുഷ്യത്വത്തെ ഒട്ടും മാനിക്കാത്ത മതഭ്രാന്തന്മാർ! വികസിത രാജ്യങ്ങൾ സാമ്പത്തികനേട്ടങ്ങൾക്കായി രാഷ്ട്രങ്ങളിൽ ഇടപെട്ട് ശിഥിലീകരണത്തിന് വഴിതുറക്കുന്നു. അതാണ് അറബിവസന്തം എന്നറിയപ്പെടുന്ന ജനമുന്നേറ്റത്തിൽ കാണുക. സ്വേച്ഛാധിപതികളുടെ കൈകളിൽനിന്ന് ഭരണം തട്ടിക്കളഞ്ഞിട്ട്, തൽസ്ഥാനത്ത് അധികാരശൂന്യത സൃഷ്ടിക്കുകയും ഭീകരവാദഗ്രൂപ്പുകളെ വളർത്തി തമ്മിൽ

www.malankaralibrary.com 

തല്ലി തലകീറിക്കുകയുമാണ് ചെയ്യുക. ഇതിന്റെ ഒരടിസ്ഥാനകാരണം ദ്രവ്യാഗ്രഹമാണ്. ആയുധ വിൽപ്പന, എണ്ണയുടെ നിയന്ത്രണം, ചില രാജ്യങ്ങളുടെ സുരക്ഷിതത്വം തുടങ്ങി നിരവധി ഘടകങ്ങൾ ഏറ്റുമുട്ട ലുകൾക്ക് പിന്നിലുണ്ട്. നീതിരഹിതമായ ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി, ഒട്ടും നീതിയില്ലാത്ത നീചന്മാരുടെ സംഘങ്ങൾ, ഈ വസന്തം ആവസിച്ച നാടുകളിലെല്ലാം അരാജകത്വവും മനുഷ്യത്വരാ ഹിത്യവും വിതറി.

ദൈവത്തെ മറന്നുള്ള മനുഷ്യന്റെ കുതിപ്പ്! മനുഷ്യത്വത്തെ ബഹു മാനിക്കാത്ത രാഷ്ട്രനിർമിതി എന്നിവയാണ് പുരോഗതിക്കിടയ്ക്കും ഇത്തരം തകിടം മറിച്ചിലിന് ഹേതു. തികച്ചും ക്രിസ്തീയാടിത്തറയുള്ള യൂറോപ്പിൽ ദൈവത്തെ മറന്ന് തൊഴിലിനും സുസ്ഥിതിക്കും വേണ്ടി സാധാരണ ജനങ്ങളും ജനനേതാക്കന്മാരും പരക്കം പായുന്നു. ഈ സാഹചര്യത്തിൽ ജറമിയാ പ്രത്യക്ഷപ്പെടുന്നു: "ഞാൻ ഒരുവനെ എടുത്ത് മറ്റൊരുവനെ അടിക്കും". ഇവിടെയാണ് ദൈവത്തിന്റെ ഗർജനം ഉയരുക!

എങ്കിലും ഈ പശ്ചാത്തലത്തിലും ദൈവം തന്റെ കരുണ പിൻവ ലിക്കുന്നില്ല. ലോകത്തെ ആത്മീയമായി നയിക്കാനും ദൈവത്തിന്റെ കരുണഅനുഭവവേദ്യമാക്കി കൊടുക്കാനും ദൈവം ഫ്രാൻസിസ് മാർപാ പ്പായെ വിദൂരദേശത്തു നിന്ന് വിളിച്ചുവരുത്തി ലോകത്തിനു മുമ്പിൽ നിർത്തി. "ദൈവം സ്നേഹമാണ്, ദൈവം കരുണയാണ്" എന്നതാണ് അദ്ദേഹത്തിന്റെ എല്ലാ പ്രസംഗങ്ങളുടെയും ചുരുക്കം. കരുണ നിറഞ്ഞ ദൈവത്തിലേക്ക് തിരിയാനും സഹജീവികളോടും പ്രകൃതിയോടു തന്നെയും കരുണ കാട്ടാനും അദ്ദേഹം നിരന്തരം ആഹ്വാനം ചെയ്യുന്നു. ദൈവത്തിന്റെ കരുണയുടെ വക്താവാണദ്ദേഹം. "തിരിച്ചുവരിക" എന്ന ആഹ്വാനമാണ് അദ്ദേഹം നടത്തുന്നത്.



# ഒരിജന്റെ വീക്ഷണങ്ങൾ

പ്രശസ്തനായ ഒരിജന്റെ (+253) സംഖ്യ, ജറമിയാ ഹോമിലികളെ ആധാരമാക്കിയുള്ള കുറേ ലേഖനങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത്. തിരുലിഖിതത്തിലെ എല്ലാ ഗ്രന്ഥങ്ങളും ദൈവനിവേശിതങ്ങളാണ്. അവ എല്ലാക്കാലത്തും പ്രസക്തമാണ്. എന്നാൽ അവ മനുഷ്യന്റെ വാക്കുകളുമാണ്. അവയിൽ മാനുഷികശൈലികളും മാനുഷിക പരിമിതികളുമുണ്ട്. വാച്യാർത്ഥത്തിൽ എടുത്താൽ ദൈവത്തിനു ചേരാത്ത പല പ്രസ്താവനകളും പഴയനിയമത്തിലുണ്ട്. ഇന്ന് പലതും അപ്രസക്തവും ഇന്നത്തെ മനുഷ്യന് പ്രയോജനരഹിതവുമാണ്. അവയുടെ ആന്തരികാർത്ഥത്തിലേക്ക് കടക്കണമെന്നു സാരം. യഹൂദ റബിമാർ തന്നെയും അത്തരം പ്രസ്താവനകൾക്ക് വ്യംഗ്യാർത്ഥം നൽകാൻ ശ്രമിച്ചിരുന്നു. അവരുടെ ചുവടു പിടിച്ചാണ് ഒരിജൻ പഴയനിയമത്തിലെ പല ഭാഗങ്ങൾക്കും ആന്തരികാർത്ഥം നൽകാൻ പരിശ്രമിച്ചിട്ടുള്ളത്. പഴയനിയമം എങ്ങനെ മനസ്സിലാക്കണമെന്ന് ഇതിലൂടെ ഒരിജൻ ചൂണ്ടിക്കാട്ടുന്നു. വി. പൗലോസ് ശ്ലീഹായുടെ മാതൃക അനുകരിച്ചുകൊണ്ടാണ് ഒരിജന്റെ ഈ വ്യാഖ്യാനശൈലി (റോമ.15,4; 1 കൊറി. 10,1-11; എബ്രാ. 8,5; 10,1; കൊളോ. 2,16-17; ഗലാ. 4,21-31; 1 കൊറി.9,9). അതിന് ഒരിജൻ ടിപ്പോളജിയും അല്ലെഗറിയും ഉപയോഗിക്കുന്നു. ഇന്നത്തെ മനുഷ്യന് അർത്ഥസമ്പുഷ്ടമാകത്തക്ക രീതിയിലും ആത്മീയാഭിവൃദ്ധി ഉണ്ടാകത്തക്ക രീതിയിലുമാണ് വ്യാഖ്യാനം. സംഖ്യ, ജറമിയാ ഗ്രന്ഥങ്ങളിലെ ചില വിഷയങ്ങൾ എടുത്ത് മാതൃകയായി ലേഖനരൂപത്തിൽ ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നു.

O I R S I
PUBLICATIONS
Vadavathoor
P.B. No. 10,
Kottayam